

# അൽഹഖ്


പുസ്തകം 20 | ലക്കം 2 | ഫെബ്രുവരി 2012 | തബ്ലീഗ് 1391 | റ.അവ്വൽ- റ.ആഖിർ- 1433

## ഒരു മഹത്പ്രവചനവും നിറപുലർച്ചയും

**ഹദ്റത് മിർസാ മസ്റൂർ അഹ്മദ്, ഖലീഫത്തുൽ മസീഹ് V**

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: എന്റെ ആദ്യ മകന്റെ പേര് മഹ്മൂദ് എന്നാണ്. അവൻ ജനിക്കുന്നതിനു മുമ്പേ അവന്റെ ജനനത്തെക്കുറിച്ച് ദിവ്യദർശനത്തിലൂടെ അല്ലാഹു എന്നെ അറിയിച്ചു. പള്ളിയുടെ ചുമരിൽ അവന്റെ പേര് എഴുതിയിരിക്കുന്നത് ഞാൻ കണ്ടു; മഹ്മൂദ്. ഞാൻ ഈ വിവരം ജനങ്ങളെ അറിയിക്കുന്നതിന്നുവേണ്ടി പച്ച നിറത്തിലുള്ള കടലാസിൽ ഒരു വിജ്ഞാപനം പ്രസിദ്ധീകരിച്ചു. 1888 ഡിസംബർ ഒന്നിനായിരുന്നു ഇത്. അതിന്റെ കൂടുതൽ വിശദീകരണം ഇങ്ങനെയായിരുന്നു. ഖാദിയാനിലെ ആര്യസമാജക്കാർ ഹദ്റത്ത് മസീഹ് മൗഊദ് (അ) നോട് ഒരു അടയാളം കാണിക്കാൻ ആവശ്യപ്പെട്ടു. 1886 ജനുവരിയിൽ അടയാളം ലഭിക്കുന്നതിനായി ഏകനായി ദു:ആ ചെയ്യാൻ ഉദ്ദേശിച്ചു. അപ്പോൾ ഈ വാക്കുകളിൽ ഇൽഹാം ഉണ്ടായിരുന്നു.

അടയാളം വെളിപ്പെടുത്തുന്നത് നിവർത്തിക്കൽ ഹോശിയാർപൂരിലായിരിക്കും. ഈ ഇൽഹാമിന്റെ അടിസ്ഥാനത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) ഹോശിയാർപൂരിലേക്ക് പോയി. അവിടെ താപോയജ്ഞം തുടങ്ങി. താപോയജ്ഞത്തിനിടയിൽ മഹാനായ ഒരു പുത്രനെക്കുറിച്ച് അല്ലാഹു അദ്ദേഹത്തിന് സുവാർത്ത അറിയിച്ചു. 1886 ഫെബ്രുവരി 20-ന് വിജ്ഞാപനം മുഖേന ഈ വിവരം അറിയിച്ചു. ഈ പ്രവചനത്തിൽ ഏതൊരു വാഗ്ദത്തസുതനെക്കുറിച്ചാണോ അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ അറിയിച്ചത് അതിനെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ 1886 ഏപ്രിൽ 8-ന് വിജ്ഞാപനം ചെയ്തു കൊണ്ട് പറഞ്ഞു. എനിക്ക് അടുത്ത് തന്നെ ഒരു ആൺകുട്ടി ഉണ്ടാകാൻ പോകുന്നു. അത് ഒരു ഗർഭകാലയളവിനെ മറികടന്ന് പോകാൻ ഇടയില്ല. ഇതിൽ നിന്ന് ഇപ്പോൾ ഉണ്ടാകാൻ പോകുകയോ അല്ലെങ്കിൽ ഗർഭത്തിൽ ആയിരിക്കുകയോ ആണെന്നത് പ്രകടമാണ്. പക്ഷെ, ഇപ്പോൾ ഉണ്ടാകുമോ അല്ലെങ്കിൽ 9 വർഷത്തിനുള്ളിൽ ജനിക്കുമോ എന്ന് വ്യക്തമാക്കപ്പെട്ടിട്ടില്ല.



ബശീർ അവ്വൽ സുവാർത്തയനുസരിച്ച് ജനിച്ചു. ഒരു ആൺകുട്ടി അടുത്ത് തന്നെ ഉണ്ടാകാൻ പോകുന്നു എന്നതിന്റെ അടിസ്ഥാനത്തിൽ 1887 ആഗസ്റ്റ് 7-ൽ ജനിച്ചു. 1886 ഫെബ്രുവരി 20നു രേഖപ്പെടുത്തപ്പെട്ട പ്രവചനത്തിൽ പറഞ്ഞ പരിശുദ്ധനായ സൗന്ദര്യവാനായ ആൺകുട്ടി നിന്റെ അതിഥിയായി വരുന്നു എന്ന പ്രവചനത്തെ ബശീർ അവ്വൽ പൂർത്തീകരിച്ചു. ഇതിൽ എതിരാളികൾ ബഹളം വെച്ചു. എന്നാൽ അല്ലാഹു അറിയിച്ചിരുന്നത് വാഗ്ദത്ത പുത്രൻ ഒമ്പത് വർഷത്തിനുള്ളിൽ ജനിക്കുമെന്നായിരുന്നു. ഈ ഇൽഹാം അനുസരിച്ച് ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് സാഹിബ് 1889 ജനുവരി 12-ന് ജനിച്ചു. ദൈവിക സുവാർത്തയനുസരിച്ച് വളർന്നു വന്നു. 1944 ജനുവരി മാസത്തിൽ മഹത്തായ ഒരു സ്വപ്നം മുഖേന ഖലീഫത്തുൽ മസീഹ് സാനി(റ)യ്ക്ക് അല്ലാഹു അദ്ദേഹമാണ് വാഗ്ദത്ത സുതനെന്ന് വെളിപ്പെടുത്തി കൊടുത്തു. അവിടുത്തെ ഖിലാഫത്ത് കാലവും അദ്ദേഹത്തിന്റെ ഖുർആനിക ജ്ഞാനവും ദീനീസേവനവും മനുഷ്യകുലത്തിനു വേണ്ടിയുള്ള സേവനവും അവിടുന്നുതന്നെയാണ് വാഗ്ദത്ത സുതൻ എന്നതിന്ന് വ്യക്തമായ തെളിവാണ്.

**ഖുത്വ്ബ 18/5/2003**

*വിവ: മൗലവി മുഹമ്മദ് ഇസ്മാഈൽ.*


5 തബ്ലീഗ് ഓർക്കേണ്ട കാര്യങ്ങൾ

13 മുസ്ലിഹ് മൗഊദ് ആകുവിൻ!

18 ദീർഘായുഷ്മാൻ

11 മുസ്ലിഹ് മൗഊദ്: വിജ്ഞാന കേദാരം

15 ഖബറിലെ ചോദ്യോത്തരം

20 ഇസ്ലാമും സ്ത്രീകളും

# എന്നോടൊപ്പംനടക്കുവിൻ
## ഹ: മുസ്‌ലിഹ് മൗഊദ്(റ)


ഞാൻ ഈ സന്ദർഭത്തിൽ, അല്ലാഹു ഹദ്റത് മസീഹ് മൗഊദ്(അ) നോട് മുസ്‌ലിഹ് മൗഊദിനെ കുറിച്ച് ചെയ്തിട്ടുള്ള വാഗ്ദാനം പൂർത്തീകരിച്ചുവെന്ന സന്തോഷവാർത്ത അറിയിക്കുന്നതോടൊപ്പം നിങ്ങൾക്കുമേലുള്ള ഉത്തരവാദിത്വങ്ങളിലേക്കും ശ്രദ്ധ തിരിക്കാൻ ആഗ്രഹിക്കുന്നു. നിങ്ങളെല്ലാം എന്റെ വിളംബരത്തെ സാക്ഷ്യപ്പെടുത്തുന്നവരാണ്. നിങ്ങളുടെ ആദ്യത്തെ കടമ നിങ്ങൾക്കുള്ളിൽ പരിവർത്തനം ഉണ്ടാക്കുകയാണ്. നിങ്ങളുടെ അവസാനതുള്ളി രക്തവും സത്യദീനിന്റെയും അഹ്മദിയ്യത്തിന്റെയും വിജയത്തിന്നും അഭ്യുന്നതിക്കും വേണ്ടി ഒഴുക്കാൻ തയ്യാറാകുവിൻ. അല്ലാഹു ഈ പ്രവചനം പൂർത്തിയാക്കിയതിൽ നിങ്ങൾക്ക് തീർച്ചയായും സന്തോഷിക്കാവുന്നതാണ്. കാരണം ഹദ്റത് മസീഹ് മൗഊദ്(അ) എഴുതിയിരിക്കുന്നു: നിങ്ങൾ സന്തോഷിക്കുവിൻ, സന്തോഷം കൊണ്ട് തുള്ളിച്ചാടുവിൻ, ഇതിന് ശേഷം പ്രകാശം വരുന്നതാണ്.'

ഞാൻ നിങ്ങളെ സന്തോഷിക്കുന്നതിൽ നിന്ന് തടയുന്നില്ല. നിങ്ങൾ തുള്ളിച്ചാടുന്നതും വിലക്കുന്നില്ല. നിങ്ങൾ തീർച്ചയായും സന്തോഷിക്കുകയും, തുള്ളിച്ചാടുകയും ചെയ്തുകൊള്ളുക. എന്നാൽ നിങ്ങളുടെ സന്തോഷവും, ആഹ്ലാദവും കാരണം നിങ്ങൾക്കുമേലുള്ള ഉത്തരവാദിത്വങ്ങൾ മറക്കരുതെന്നാണ് എനിക്ക് പറയാനുള്ളത്. എനിക്ക് അല്ലാഹു ദർശനത്തിൽ കാണിച്ചുതന്നത്, ഞാൻ അതിശീഘ്രം ഓടുന്നതായും, ഭൂമി എന്റെ കാൽക്കീഴിൽ ചുരുട്ടപ്പെടുന്നതായുമാണ്. അതുപോലെതന്നെ അല്ലാഹു ഇൽഹാമിലൂടെ എന്നെക്കുറിച്ച് അറിയിച്ചത് ഞാൻ വേഗം വേഗം വളരുമെന്നാണ്. അതുകൊണ്ട് ഞാൻ അതിവേഗത്തിലും ശീഘ്രഗതിയിലും എന്റെ പാദങ്ങൾ പുരോഗതിയുടെ മൈതാനത്ത് മുന്നോട്ട് നീക്കണമെന്നാണ് എനിക്ക് വിധിച്ചിട്ടുള്ളത്. പക്ഷേ അതോടൊപ്പം നിങ്ങൾക്ക് മേലുള്ള കടമ, സ്വകാൽപാദങ്ങളെ വേഗമാക്കുക എന്നതാണ്. അലസത ഒഴിവാക്കുവിൻ, എന്റെ പാദത്തോടൊപ്പം പാദം വെക്കുന്നവരും അതിവേഗം പുരോഗതിയുടെ രംഗത്ത് കുതിക്കുന്നവരും, സൗഭാഗ്യവാൻമാർ! അലസതയും അലംഭാവവും കാണിച്ച് പാദങ്ങൾക്ക് വേഗത കാണിക്കാത്തവരും മുന്നോട്ട് കുതിക്കുന്നതിനു പകരം മുനാഫിഖീംകളെ പോലെ പാദങ്ങൾ പിന്നോട്ടെടുക്കുന്നവർക്കും മേൽ അല്ലാഹു തന്നെ കരുണ ചെയ്യട്ടെ. നിങ്ങൾ പുരോഗതി നേടാൻ ആഗ്രഹിക്കുന്നുവെങ്കിൽ, തങ്ങളുടെ ഉത്തരവാദിത്വങ്ങൾ മനസിലാക്കി, പാദാനുപദം, തോളോടുതോൾ ചേർന്ന് എന്റെ കൂടെ മുന്നോട്ട് ഗമിക്കുവിൻ.

അങ്ങിനെ നമുക്ക് കുഫ്റിന്റെ ഹൃദയത്തിൽ മുഹമ്മദ് റസൂലുല്ലാഹ് (സ)ന്റെ പതാക നാട്ടാം. അസത്യത്തെ എന്നെന്നേക്കുമായി ഈ ലോകത്തുനിന്ന് വിപാടനം ചെയ്യാം. ഇൻശാ അല്ലാഹ് അങ്ങിനെ തന്നെ സംഭവിക്കും. ആകാശഭൂമികൾ മാറിമറിഞ്ഞു പോയെന്ന് വരാം. പക്ഷേ അല്ലാഹുവിന്റെ വാക്കുകൾക്ക് മാറ്റം സംഭവിക്കുകയില്ല.

*(മുസ്‌ലിഹ് മൗഊദ് താനാണെന്ന പ്രഖ്യാപനത്തിൽ നിന്ന്. 1945)*





Masjid Noor



Khasare

### മസ്ജിദ് നൂർ
ഇവിടെ വെച്ചാണ് ഹദ്റത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് സാഹിബ്(റ)നെ ഖലീഫത്തുൽ മസീഹ് ആയി തിരഞ്ഞെടുത്തത്.

### ഖസറെ ഖിലാഫത്ത്
വിഭജനത്തിന് മുമ്പ് ഹദ്റത് മുസ്‌ലിഹ് മൗഊദ് (റ) ന്റെ ഓഫീസായിരുന്നു. പിന്നീട് ലൈബ്രറിയാക്കി.



# മുസ്‌ലിഹ് മൗഊദ് - 52 അടയാളങ്ങൾ

1. അവൻ ശക്തി പ്രഭാവത്തിന്റെ അടയാളമായിരിക്കും
2. അവൻ അനുഗ്രഹത്തിന്റെ അടയാളമായിരിക്കും
3. അവൻ സാമീപ്യത്തിന്റെ അടയാളമായിരിക്കും
4. അവൻ കാരുണ്യത്തിന്റെ അടയാളമായിരിക്കും
5. അവൻ ഔദാര്യത്തിന്റെ അടയാളമായിരിക്കും
6. അവൻ പ്രതാപവാനായിരിക്കും
7. അവൻ അന്തസാർന്നവനായിരിക്കും
8. രാജാധിപനായിരിക്കും
9. മസീഹീ ആത്മാവുള്ളവനായിരിക്കും
10. റൂഹുൽ ഹഖിന്റെ അനുഗ്രഹം കൊണ്ട് ഒരുപാട് പേർക്ക് രോഗശാന്തിനൽകും
11. ദൈവത്തിന്റെ വചനം ആയിരിക്കും
12. അല്ലാഹുവിന്റെ അനുഗ്രഹവും, ആത്മാഭിമാനവും അവനെ പരിശുദ്ധ വചനം കൊണ്ടയച്ചതാണ്.
13. അവൻ അതി ബുദ്ധിമാനായിരിക്കും
14. അവൻ ഏറെ കാര്യജ്ഞനായിരിക്കും.
15. അവൻ ഹൃദയാത്മനാ സഹിഷ്ണുതയുള്ളവനായിരിക്കും.
16. അവൻ ഭൗതിക ജ്ഞാനങ്ങളാൽ നിർഭരനായിരിക്കും.
17. അവൻ ആത്മീയ ജ്ഞാനങ്ങളാലും നിർഭരനായിരിക്കും.
18. അവൻ മൂന്നിനെ നാലാക്കുന്നവനായിരിക്കും.
19. അവൻ തിങ്കളാഴ്ചയുമായി പ്രത്യേക ബന്ധമുണ്ടായിരിക്കും.
20. അവൻ വാൽസല്യ പുത്രനായിരിക്കും.
21. മഹാ ഭാഗ്യവാനായുള്ളവൻ
22. മള്ഹറുൽ അവ്വൽ
23. മള്ഹറുൽ ആഖിർ
24. മള്ഹറുൽ ഹഖ് (സത്യത്തിന്റെ വെളിപ്പെടൽ)
25. മള്ഹറുൽ ഉലാ (ഔന്നിത്യത്തിന്റെ വെളിപ്പെടൽ)
26. അവൻ ആകാശത്ത് നിന്ന് അല്ലാഹു ഇറങ്ങിയപോലെ എന്നതിന്റെ പ്രതീകമായിരിക്കും.
27. അവന്റെ ആഗമനം അനുഗൃഹീതമായിരിക്കും.
28. അവന്റെ ആഗമനം ദൈവിക പ്രതാപത്തിന് കാരണമാകും.
29. അവൻ പ്രകാശമായിരിക്കും.
30. അവൻ ദൈവിക അഭീഷ്ടമാകുന്ന പരിമളം കൊണ്ട് പരിലിപ്തനായിരിക്കും.
31. ദൈവം അവനിൽ തന്റെ ആത്മാവ് ഇടുന്നതാണ്.
32. ദൈവത്തിന്റെ തണൽ അവന്റെ തലക്കുമീതെ ഉണ്ടാകുന്നതാണ്.
33. അവൻ വേഗം വേഗം വളരും
34. അവൻ ബന്ധനസ്ഥരുടെ മോചനത്തിന് കാരണമാകും.
35. അവൻ ഭൂമിയുടെ അറ്റങ്ങളോളം കീർത്തി പ്രാപിക്കും.
36. സമൂഹങ്ങൾ അവനിൽ നിന്ന് അനുഗ്രഹം തേടും.
37. അവൻ വാനലോകത്ത് തന്റെ ആത്മസ്ഥാനത്തേക്ക് കരേറ്റപ്പെടും.
38. വൈകിവരുന്നവൻ
39. ദൂരെനിന്ന് വരുന്നവൻ
40. അവൻ പ്രവാചകന്മാരുടെ അന്തസ് ആയിരിക്കും.
41. അവന്റെ ഭൗതിക അനുഗ്രങ്ങൾ ഭൂമിയിൽ മുഴുവൻ വ്യാപിക്കും.
42. അവന്റെ ആത്മീയ അനുഗ്രഹങ്ങൾ ഭൂമിയിൽ മുഴുവൻ വ്യാപിക്കും.
43. യൂസുഫിനെപ്പോലെ അവന്റെ മൂത്ത സഹോദരൻ എതിർപ്പ് പ്രകടിപ്പിക്കും.
44. അവൻ 'ബശീറുദ്ദൗല' ആയിരിക്കും.
45. അവൻ 'ശാദിഖാൻ' ആയിരിക്കും.
46. അവൻ 'ആലമെ കബാബ്' ആയിരിക്കും.
47. അവൻ സൗന്ദര്യത്തിലും ഔദാര്യത്തിലും ഹദ്റത് മസീഹ് മൗഊദി(അ)ന്റെ സദൃശ്യൻ ആയിരിക്കും.
48. അവൻ 'കലിമത്തുൽ അസീസ്' ആയിരിക്കും.
49. അവൻ 'കലിമത്തുല്ലാഹ് ഖാൻ'ആയിരിക്കും.
50. അവൻ 'നാസിറുദ്ദീൻ'ആയിരിക്കും.
51. അവൻ 'ഫാത്തിഹുദ്ദീൻ'ആയിരിക്കും.
52. അവൻ 'ബശീർ രണ്ടാമൻ' ആയിരിക്കും.

*(അൽമൗഊദ്)*

## എന്റെ നാമം ലോകത്ത് നിലനിൽക്കും

### ഹദ്റത് മുസ്‌ലിഹ് മൗഊദ്(റ)



ഞാൻ അല്ലാഹുവിന്റെ അനുഗ്രഹങ്ങളിൽ പ്രതീക്ഷ അർപ്പിച്ചുകൊണ്ട് പറയുന്നു എന്റെ പേര് എന്നെന്നും ലോകത്ത് നിലനിൽകുന്നതാണ്. ഞാൻ മരിച്ചാലും എന്റെ പേര് ഒരിക്കലും മായ്ക്കപ്പെടുന്നതല്ല. ഇത് ദൈവ വിധിയാകുന്നു. അത് വാനലോകത്ത് തീരുമാനമായതാണ്. അവൻ എന്റെ നാമവും എന്റെ കർമങ്ങളും ലോകത്ത് നിലനിർത്തുക തന്നെ ചെയ്യും.

*(അവ: റൂഹ് പർവർ ഖിതാബ് 28-12-1961)*

# ഇസ്‌ലാമിന് സേവനം ചെയ്യാൻ സന്നദ്ധരാകുവിൻ



## ഖാദിംകളോട്

ഹദ്റത് മുസ്‌ലിഹ് മൗഊദ്(റ)


ഓർക്കുക, നിങ്ങൾ റൊട്ടി വാങ്ങിച്ചില്ലെങ്കിലും പ്രശ്നമില്ല എന്നാൽ ജമാഅത്തീ ഗ്രന്ഥങ്ങൾ വാങ്ങി വായി ക്കുക എന്നത് സുപ്രധാനമായ കാര്യമാണ്. ഈ ഗ്രന്ഥങ്ങൾ വായിച്ച് ജീവി തത്തിൽ സ്വയം പ്രയോജനമെടുക്കുകയും വരും തലമുറക്ക് പ്രയോജന പ്പെടുത്തുകയും ചെയ്യുക.

നമ്മുടെ യുവാക്കൾ പ്രത്യേകിച്ച് ജൽസക്ക് വന്നിട്ടുള്ള കുട്ടികൾക്കെല്ലാം തന്നെ അവർ പ്രായത്തിൽ കുട്ടികളാണെങ്കിലും ബുദ്ധിയിലും, വിശ്വാസത്തിലും വലിയവരായികൊണ്ട് ഇവിടെ നിന്ന് തിരിച്ച് പോകാനുള്ള തൗഫീക്ക് അല്ലാഹു നൽകുമാറാകട്ടെ. അങ്ങിനെ അവർ മുഖേന പുതിയൊരു ഇബ്റാഹീമി പരമ്പരക്ക് തുടക്കമാവട്ടെ. നിങ്ങളിൽ നിന്ന് ഓരോ കുട്ടിയും എനിക്ക് ഇബ്റാഹിം (അ) ആകണം, അലി(റ) ആവണം, യഹ്‌യ(അ)യാവണം എന്ന് ഹൃദയത്തിൽ ദൃഢപ്രതിജ്ഞ എടുക്കുകയാണെങ്കിൽ അപ്രകാരം ആയിത്തീരുന്നതാണ്. നിങ്ങളിൽ ഓരോ കുട്ടിക്കും ഇബ്റാഹീമി മാതൃകയുടെ പ്രതിരൂപമാവാൻ സാധിക്കുന്നതാണ്. ഇപ്പോൾ അവർക്ക് പ്രായം പത്ത് വയസ്സിനോട് അടുത്തായിരിക്കാം. എന്തുകൊണ്ടെന്നാൽ ഇബ്റാഹീം(അ)ന്റെ ദീനിന് അടിത്തറ പാകിയതും, ഇബ്റാഹീമി ബർക്കത്തുകൾക്ക് അടിത്തറ പാകിയതും എല്ലാം പത്ത് വയസ്സിലായിരുന്നു. ഇക്കാര്യങ്ങൾ കേട്ടതിന് ശേഷം അല്ലാഹു നിങ്ങൾക്കും ഇബ്റാഹീമീ വിശ്വാസം പ്രധാനം ചെയ്യുമാറാകട്ടെ.


ഇബ്റാഹീം(അ)ന്റെ സന്താന പരമ്പരയിൽ അദ്ദേഹത്തിന്റെ ഒരു മകനിൽ നിന്ന് 12 പേർ ഇമാമീങ്ങളായിരുന്നു. അതുപോലെ ഹസ്റത്ത് അലി(റ)വിൽ നിന്നും 12 ഇമാമീങ്ങൾ ഉണ്ടായി. എന്നാൽ ചില ആത്മാർത്ഥരായ ആളുകൾ വഫാത്താകുമ്പോൾ അവരുടെ പുത്രൻമാർ പോലും നശിച്ചുപോകുന്നു. ചിലരുടെ പൗത്രൻ നശിക്കുന്നു. ഇതെത്ര ഖേദകരമായിട്ടുള്ള കാര്യമാണ്. എന്നാൽ അലി(റ)വിൽ എത്തരത്തിലുള്ള ഇബ്റാഹീമീ വിശ്വാസമായിരുന്നു. ഇബ്റാഹീം (അ)ന് ഉണ്ടായിരുന്ന വിശ്വാസം എത്രത്തോളമായിരുന്നുവെന്നാൽ തുടർച്ചയായി 12 തലമുറവരെ, അവർക്ക് തങ്ങളുടെ ഉത്തരവാദിത്തത്തെക്കുറിച്ച് അതായത് തങ്ങൾ ദീനിന് സേവനം ചെയ്യേണ്ടവരാണെന്ന ചിന്ത ഉണ്ടായിക്കൊണ്ടിരുന്നു. നിങ്ങളുടെ മക്കളും ഇത്തരത്തിൽ ദൃഢനിശ്ചയം ചെയ്യുകയാണെങ്കിൽ പിന്നെ ഒരു തരത്തിലുള്ള ആശങ്കയുമില്ല. വൃദ്ധൻമാർ എന്തായാലും മരിക്കുന്നതാണ്. അല്ലാഹു ആദം(അ)ന്റെ കാലഘട്ടം മുതൽ ഇന്ന് വരെ എല്ലാ മനുഷ്യർക്കും മരണം വിധിച്ചിട്ടുണ്ട്. ഈ കുട്ടികൾ വൃദ്ധരാവുമ്പോൾ ദീനിന്റെ കാര്യം എന്താകും എന്ന ഒരു തരത്തിലുള്ള ആശങ്കയും അവശേഷിക്കുകയില്ല. പത്ത് വയസ്സുള്ള ഈ കുട്ടികൾ പർവ്വതങ്ങളെപോലെ ശക്തരായിതീരുന്നതാണ്. അഥവാ ദുനിയാവ് ഇവരോട് ഏറ്റുമിട്ടിയാൽ ദുനിയാവിന്റെ തല തുണ്ടം തുണ്ടമായി ചിന്നി ചിതറുന്നതാണ്. എന്നാൽ ഇവർ തങ്ങളുടെ സ്ഥാനത്ത് നിന്ന് അല്പം പോലും പിറകോട്ടുമാറാതെ അഹ്മദിയ്യത്തിനെ ലോകത്തിന്റെ കോണുകളോളം എത്തിച്ച് കൊണ്ടിരിക്കുന്നതാണ്. ഈ പ്രവൃത്തിയെല്ലാം ദുആ മുഖേനയാണ് സാധിക്കുക. കാരണം നമ്മുടെ ഹൃദയം പോലും നമ്മുടെ അധീനതയിലല്ല. എന്നാൽ നമ്മുടെ ഹൃദയവും, നമ്മുടെ സന്താനങ്ങളുടെയും, അവരുടെ സന്താനങ്ങളുടെ ഹൃദയവുമെല്ലാം അല്ലാഹുവിന്റെ അധീനതയിലാണ്. പത്ത് പന്ത്രണ്ട് തലമുറകൾ എന്ന് പറയുമ്പോൾ തന്നെ നമുക്ക് ലജ്ജതോന്നുന്നു. കാരണം 12 വരെ എത്തുക എന്നതും നമ്മുടെ കഴിവിൽപ്പെട്ടതല്ല എന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. ഈ തിരമാലകൾ നമ്മുടെ ചിന്തയിലൂടെ കടന്ന് പോവുകയാണെങ്കിൽ 12 തലമുറ വരെ എത്തുമോ, ഇല്ലയോ എന്ന് നമുക്ക് അറിയില്ല. എന്നാൽ 12000 തലമുറ വരെ എത്തിക്കാനുള്ള ശക്തി അല്ലാഹുവിനുണ്ട്. അതുകൊണ്ട് വരൂ. നമുക്ക് അല്ലാഹുവിനോട് ദുആ ചെയ്യാം അല്ലാഹു നമ്മുടെ സന്താനങ്ങൾക്ക് ആയിരക്കണക്കിന് തലമുറകൾ വരെ ദീനിന്റെ ഭാരം ചുമക്കുവാനുള്ള തൗഫീക്ക് നൽകുമാറാകട്ടെ. എപ്പോഴും തന്നെ അവരിൽ അല്ലാഹുവുമായിട്ട് നേരിട്ട് ബന്ധമുള്ള, അവന്റെ ദീനിനെ പ്രബോധിക്കുന്ന പരിപൂർണ്ണരായ ആളുകൾ ഉണ്ടായികൊണ്ടിരിക്കട്ടെ. അങ്ങിനെ ഇസ്‌ലാമിന്റെയും അഹ്മദിയ്യത്തിന്റെയും സന്ദേശം ലോകത്ത് വ്യാപിക്കട്ടെ. നാം അല്ലാഹുവിന്റെ സന്നിധിയിൽ നമ്മുടെ വാഗ്ദാനങ്ങളെ പൂർത്തീകരിക്കുന്നവരായി തീരട്ടെ. നമ്മുടെ സ്വന്തം കഴിവുകൊണ്ടോ ശക്തികൊണ്ടോ അല്ല മറിച്ച് അല്ലാഹുവിന്റെ അനുഗ്രഹമൊന്നു കൊണ്ടുമാത്രം എന്തുകൊണ്ടെന്നാൽ അതിനുള്ള ശക്തി നമുക്കില്ല. നമ്മുടെ സന്താനങ്ങൾക്ക് ആർക്കെങ്കിലും ദീനിന് സേവനം ചെയ്യാൻ തൗഫീക്ക് ലഭിച്ചിട്ടുണ്ടെങ്കിൽ അത് നമ്മൾ കാരണത്താലല്ല, അല്ലാഹു കാരണമാണ്. നമുക്ക് അതിനുള്ള കഴിവില്ല. അഥവാ ഉണ്ടായിരുന്നെങ്കിൽ മുഴുവൻ സന്താനങ്ങൾക്കും നല്ല ശിക്ഷണം നൽകാൻ നമുക്ക് എന്തുകൊണ്ട് സാധിക്കുന്നില്ല.

*അവ: മശ്അലെ റാഹ് VI -1,പേജ് : 741,742*
*വിവ: സി. മുബശ്ശിർ അഹ്മദ്. കൊച്ചി*


### ഹദ്റത് മുസ്‌ലിഹ് മൗഊദ്(റ)നെ പഠിപ്പിച്ച ഉസ്താദുമാരിൽ പ്രമുഖർ.




ഹദ്റത് മൗലാനാ സയ്യിദ് മുഹമ്മദ് സർവർ ഷാ സാഹിബ്(റ)



ഹദ്റത് ശേഖ് യഅ്ഖൂബ് അലി സാഹിബ് ഇർഫാനി (റ)



ഹദ്റത് മൗലാനാ ശേർ അലി സാഹിബ്(റ)



ഹദ്റത് മുഫ്തി മുഹമ്മദ് സ്വാദിഖ് സാഹിബ്(റ)



ഹദ്റത് മാസ്റ്റർ അബ്ദുർ റഹ്മാൻ സാഹിബ്(റ) (മെഹർസിംഗ്)



ഹദ്റത് മൗലാനാ ഹകീം നൂറുദ്ദീൻ സാഹിബ് ഭേരവി (റ)


തഫ്സീർ



ادْعُ إِلَىٰ سَبِيلِ رَبِّكَ بِالْحِكْمَةِ وَالْمَوْعِظَةِ الْحَسَنَةِ وَجَادِلْهُم بِالَّتِي هِيَ أَحْسَنُ
إِنَّ رَبَّكَ هُوَ أَعْلَمُ بِمَن ضَلَّ عَن سَبِيلِهِ وَهُوَ أَعْلَمُ بِالْمُهْتَدِينَ 16:126

തത്ത്വജ്ഞാനവും സദുപദേശവും കൊണ്ട് നിന്റെ നാഥന്റെ മാർഗത്തിലേക്ക് നീ (ജനങ്ങളെ) ക്ഷണിക്കുക. ഏറ്റവും ഉത്കൃഷ്ടമായ രീതിയിൽ അവരോട് സംവാദം നടത്തുകയും ചെയ്യുക. തന്റെ മാർഗത്തിൽ നിന്ന് വ്യതിചലിച്ചുപോകുന്നവനെ സംബന്ധിച്ച് അല്ലാഹു നന്നായി അറിയുന്നവനാണ്. നേർമാർഗം പ്രാപിച്ചവരേയും അവൻ നന്നായി അറിയുന്നു.

ഹ.ഖലീഫത്തുൽ മസീഹ് സാനി(റ)



# തബ്ലീഗ് - ഓർക്കേണ്ട കാര്യങ്ങൾ

**അൽഹിക്മ:** എന്നതിന് അൽ അദ്ൽ(നീതി), അൽ ഇൽമ് (ജ്ഞാനം), അൽ ഹിൽമ് (സഹിഷ്ണത), അന്നുബുവ്വ: പ്രവാചകത്വം, ജഹാലത്തിൽ നിന്ന് തടയുന്നത്, സത്യത്തിനനുഗുണമായി ചെയ്യപ്പെടുന്ന സംസാരം എന്നെല്ലാം അർഥങ്ങളുണ്ട്.

## തെളിവ് ശക്തമായിരിക്കണം

ഏറ്റവും ആദ്യം പറഞ്ഞത് ഹിക്മത്തോടുകൂടി ക്ഷണിക്കണമെന്നാണ്. ഹിക്മത്തിന് പല അർഥങ്ങളുമുണ്ട്. എല്ലാ അർഥങ്ങളും ഇവിടെ സാർഥകമാണ്. ഹിക്മത്തോടുകൂടി വിളിക്കണം. അതായത് വൈജ്ഞാനിക കാര്യങ്ങൾ പറയുക. മുൻകാല പ്രവാചകന്മാരുടെ ഗ്രന്ഥങ്ങളിലെ വിഷയങ്ങളെ അടിസ്ഥാനമാക്കി വിശദീകരിച്ചുകൊടുക്കുക. പക്ഷേ ഖേദകരമെന്ന് പറയട്ടെ, മുസ്ലിം വ്യാഖ്യാതാക്കൾ ഈ കൽപനയിലേക്ക് ശ്രദ്ധിച്ചതേ ഇല്ല. ജനങ്ങളിൽ നിന്ന് കേട്ടുകേൾവിയുടെ അടിസ്ഥാനത്തിൽ ബൈബിളിനെക്കുറിച്ച് തങ്ങളുടെ ഗ്രന്ഥങ്ങളിൽ എഴുതിവെച്ചിരിക്കുന്ന ഉദ്ധരണികൾ കാരണം ഇന്നും യഹൂദികൾക്കും ക്രിസ്ത്യാനികൾക്കും ഇസ്ലാമിനെ ആക്രമിക്കാൻ അവസരം ലഭിക്കുന്നു. രണ്ടാമതായി നിർദ്ദേശിച്ചത് ഉറച്ച സംഗതികൾ പറയാനാണ്. ഒരു കാര്യവും ദുർബലമായിരിക്കരുത്. ചില ആളുകൾ, സഹായക തെളിവുകളെ യഥാർഥ തെളിവായി സമർപ്പിക്കാറുണ്ട്. എതിരാളികളാകട്ടെ അതിൽ പിടിച്ച് തൂങ്ങുന്നു. അതുകൊണ്ട് തന്നെ അല്ലാഹു പറയുന്നു, ഏറ്റവും ആദ്യം ഓരോ തെളിവിനേയും നന്നായി മനസിലാക്കുകയും ഉറപ്പുള്ളതും വ്യക്തവുമായ തെളിവ് സമർപ്പിക്കുകയും ചെയ്യേണ്ടതാണ്.

## നീതിപൂർവം

അദ്ൽ എന്നതിന്റെ അടിസ്ഥാനത്തിൽ നൽകുന്ന നിർദ്ദേസം, തങ്ങൾക്ക് മേൽ വന്നുഭവിക്കാവുന്ന ഒരു ആക്ഷേപവും ഉണ്ടായിരിക്കരുതെന്നാണ്. കാരണം, ഒന്നാമത്തെ സംഗതി എതിരാളി സന്ദർഭം മുതലെടുത്ത് സംസാരങ്ങളിൽ അത് ഉദ്ധരിക്കുകയും തൽഫലമായി നമുക്ക് ലജ്ജിക്കേണ്ടിവരുന്നതുമാണ്.

## സഹിഷ്ണുത

ഹിക്മത്തിന്റെ ഒരർഥം സഹിഷ്ണത എന്നാണ്. അതായത് സഹിഷ്ണുതയോടെയും ബുദ്ധിപരമായും പ്രവർത്തിക്കേണ്ടതാണ്. കാരണം വളരെ പരുഷമായും ആവേശത്തോടെയും സംസാരിക്കുന്നവർക്ക് മറ്റുള്ളവർക്ക് മനസിലാക്കിക്കൊടുക്കാൻ സാധ്യമല്ല.

## നുബുവ്വത്ത്

നുബുവ്വത്ത് എന്ന അർഥത്തിന്റെ വെളിച്ചത്തിലുള്ള വിവക്ഷ, ദൈവ വചനങ്ങളുടെ സഹായത്താൽ ജനങ്ങളെ ദീനിലേക്ക് ക്ഷണിക്കുക എന്നാണ്. വിശുദ്ധ ഖുർആൻ സമർപ്പിക്കുന്ന തെളിവുകൾ നൽകുക. സ്വന്തമായി കഥകൾ മെനഞ്ഞ് എടുക്കരുത്. നമ്മുടെ ആയുധം വിശുദ്ധ ഖുർആൻ തന്നെയാണ്. അതേക്കുറിച്ച് അല്ലാഹു പറയുന്നു. വജാഹിദ് ഹുംബിഹീ എന്നാണ്. അതായത് ഖുർആനാകുന്ന ഖഡ്ഗവുമായി ലോകത്ത് ജിഹാദിന് പുറപ്പെടുക.

## ജഹാലത്തിനെ അകറ്റുക

ജഹാലത്തിനെ തടയുക എന്ന അർഥമനുസരിച്ച് നൽകുന്ന ഉപദേശം, മറ്റുള്ളവർക്ക് മനസിലാകുന്ന രീതിയിൽ സംസാരിക്കണമെന്നാണ്. അതിലൂടെ തെറ്റിദ്ധാരണകൾ നീങ്ങണം. അതായത്, ജഹാലത്തിനെ അകറ്റാൻ വിധത്തിൽ സംസാരിക്കുക. സംബോധിതന്റെ ബുദ്ധിക്കനുസരിച്ച് വേണം അവതരിപ്പിക്കാൻ. അതുകൊണ്ട് തന്നെ ഹദീസിൽ പറയുന്നു: **അമറനാ റസൂലുല്ലാഹി(സ), അൻ തുകല്ലിമന്നാസ അലാ ഖദ്രി ഉഖൂലിഹിം** (ദയ്ലമി) അതായത് ജനങ്ങളോട് അവരുടെ ബുദ്ധിക്ക് അനുസരിച്ച് സംസാരിക്കാൻ നബി(സ) ഞങ്ങളോട് കൽപിക്കുകയുണ്ടായി.

ചില ആളുകൾ പ്രസംഗിക്കുമ്പോൾ വലിയ വലിയ പദങ്ങളും, സാങ്കേതിക വിവക്ഷകളും പറഞ്ഞ് തങ്ങളുടെ വലുപ്പത്തരം കാണിക്കാൻ ശ്രമിക്കുന്നു. ഇത്തരം പ്രസംഗങ്ങൾ കൊണ്ട് വിവരദോഷികൾക്കിടയിൽ വലുതാവാമെങ്കിലും ആരും പ്രയോജനമെടുക്കുകയില്ല.

## സത്യസന്ധമായ സംസാരം

സത്യസന്ധമായ സംസാരത്തിനും ഹിക്മത്ത് എന്ന് പറയാറുണ്ട്. അതായത്, സംസാരങ്ങൾ സത്യസന്ധവും യാഥാർഥ്യവുമായിരിക്കണം. ചില ആളുകൾ, തങ്ങൾ സത്യദീനിലേക്ക് വിളിക്കുകയാണെന്നും പറഞ്ഞ് ചില തെറ്റായ സംഗതികളും ചേർത്ത് പറയുന്നു. ഇത് ശരിയല്ലെന്നാണ് അല്ലാഹു പറയുന്നത്. എതിരാളിയോട് എന്തുപറയുകയാണെങ്കിലും അത് സത്യത്തിൽ അധിഷ്ഠിതമായിരിക്കണം. മറ്റുള്ളവർക്ക് സന്മാർഗം കാണിച്ചുകൊടുത്ത് സ്വയം ദുർമാർഗത്തിലാവരുത്.

അല്ലാഹു പറയുന്നു: **ലായളുർറുക്കും മൻ ളല്ല ഇദഹ്തദയ്തും** നിങ്ങൾ സന്മാർഗത്തിൽ നിലകൊള്ളുന്നവരാണെങ്കിൽ മറ്റുള്ളവർ ദുർമാർഗത്തിലാകുമോ എന്ന് വ്യാകുലതപ്പെടേണ്ടതില്ല. അതായത്, തെറ്റായ സംഗതികൾ വിവരിച്ചിട്ടെങ്കിലും മറ്റുള്ളവർക്ക് സന്മാർഗം കൊടുക്കാമെന്ന് കരുതരുത്.

നിങ്ങളുടെയും മറ്റുള്ളവരുടെയും ഹിദായത്ത് പരസ്പരം ഏറ്റുമുട്ടുമ്പോൾ നിങ്ങൾ നിങ്ങളുടെ സന്മാർഗത്തെ പറ്റിയാണ് ചിന്തിക്കേണ്ടത്. മറ്റുള്ളവരുടെ സന്മാർഗം അല്ലാഹുവിനെ ഏൽപ്പിക്കുക.

## സമയവും സന്ദർഭവും

ഹിക്മത്തിന്റെ മറ്റൊരർഥം സമയവും സന്ദർഭവുമനുസരിച്ച് സംസാരിക്കുക എന്നാണ്. അതായത് തബ്ലീഗിൽ സന്ദർഭത്തിനനുസരിച്ച് സംസാരിക്കേണ്ടതാണ്.

ചില തെളിവുകൾ വെച്ചാൽ എതിരാളി ചൂടാവുകയും നിങ്ങളുടെ സംസാരം ശ്രദ്ധിക്കുകയില്ലെന്നും കണ്ടാൽ ഒരു കാര്യവുമില്ലാതെ അയാളെ ശുണ്ഠി കയറ്റുന്നത് ശരിയല്ല. അയാൾ സമാധാനപൂർവം കേൾക്കുമെന്ന് കരുതുന്ന മറ്റ് തെളിവുകൾ സമർപ്പിക്കാവുന്നതാണ്. അതായത് സംസാരത്തിന് മുമ്പേ, സംബോധിതന്റെ സ്വഭാവത്തെ മനസിലാക്കേണ്ടതാണ്. ഒരു കാര്യവുമില്ലാതെ അയാളെ ചൂടാക്കിയത് കൊണ്ട് ഒരു പ്രയോജനവുമില്ല.

ചെറിയ ഒരു പദത്തിൽ തബ്ലീഗിന്റെ എല്ലാ രഹസ്യങ്ങളും വിശദീകരിച്ചിരിക്കുന്നു. ഇതനുസരിച്ച് പ്രവർത്തിച്ചാൽ ഒരിക്കലും തന്റെ ലക്ഷ്യത്തിൽ പരാജയപ്പെടുന്നതല്ല.

## സദുപദേശം

**മൗഇളത്തുൽ ഹസ്ന** എന്നതിന്റെ വിവക്ഷ ഹൃദയങ്ങളെ മയപ്പെടുത്തുകയും അതിൽ ആഴത്തിൽ പ്രഭാവം ചെലുത്തുകയും ചെയ്യുന്ന സംസാരമെന്നാണ്.

അതായത് വെറും വരണ്ട തെളിവുകൾ മാത്രം സമർപ്പിച്ചാൽ പോരാ. മറിച്ച് വൈകാരികമായും സംസാരിക്കേണ്ടതാണ്. ഹിക്മത്തിനോടൊപ്പം സദുപദേശം ഉൾപ്പെടുത്തേണ്ടതാണ്. ഹസ്ന: എന്ന പദം പ്രയോഗിച്ചുകൊണ്ട് നിരർഥകമായ രീതിയിൽ വികാരം കൊള്ളരുതെന്നും ഉപദേശിച്ചിരിക്കുന്നു. ഇന്ന് ജാഹിലിംകളായ പണ്ഡിതന്മാർ നല്ല മനുഷ്യന്മാർക്കെതിരെ ഇങ്ങിനെയാണ് ജനങ്ങളെ ഇളക്കിവിടാറുള്ളത്.

## ഏറ്റവും നല്ല സംവാദം

**ജാദിൽഹും ബില്ലത്തീഹിയ അഹ്സൻ** എന്ന് പറഞ്ഞുകൊണ്ട്, അവരോട് എതിരിടേണ്ടിവന്നാൽ വിവിധ തെളിവുകളിൽ ഏറ്റവും ഉന്നതവും, ഉറച്ചതുമായ തെളിവിനെ അടിസ്ഥാനപ്പെടുത്തി കേന്ദ്രീകരിച്ചും അവതരിപ്പിക്കാനാണ് നിർദ്ദേശിച്ചിരിക്കുന്നത്. മറ്റ് തെളിവുകളെ അതിന്റെ കീഴിൽവെക്കുക.

കാരണം ഉപതെളിവുകൾക്ക് എന്തെങ്കിലും ദൗർബല്യം ഉണ്ടെങ്കിൽ തന്നെ യഥാർഥ തെളിവിനെ അത് ബാധിക്കുന്നതല്ല. എന്നാൽ അടിസ്ഥാനപരമായി ഉന്നയിക്കുന്ന തെളിവ് ദുർബലപ്പെട്ടാൽ ഉപതെളിവുകൾ യാതൊരു പ്രയോജനവും ചെയ്യുന്നതല്ല.

## സന്ദേശമെത്തിക്കുക

**ഇന്ന റബ്ബക്ക ഹുവ അഅ്ലമു ബിമൻ ളല്ല അൻ സബീലിഹീ വഹുവ അഅ്ലമു ബിൽ മുഹ്തദീൻ.**

അതായത് തബ്ലീഗ് ചെയ്തുകൊണ്ടിരിക്കുക. ജനങ്ങൾ അംഗീകരിക്കുന്നില്ലെങ്കിൽ, തങ്ങൾക്ക് തബ്ലീഗ് ചെയ്യാൻ തന്നെ അറിയില്ല എന്ന് കരുതി നിരാശപ്പെടരുത്. കാരണം നിങ്ങളുടെ തബ്ലീഗിൽ യാതൊരു ന്യൂനതയും ഇല്ലാതിരിക്കുകയും സംബോധിതന്റെ ഏതെങ്കിലും തിന്മകാരണം അല്ലാഹു അയാളുടെ സന്മാർഗത്തിന് ഹൃദയ കവാടങ്ങൾ തുറക്കാത്തതുമാകാൻ സാധ്യതയുണ്ട്. ചുരുക്കത്തിൽ തബ്ലീഗിൽ മുഴുകേണ്ടതാണ്. ഫലം തരേണ്ടതും, പ്രഭാവം ഉണ്ടാക്കേണ്ടതും അല്ലാഹുവിന്റെ ജോലിയാണ്.

(തഫ്സീർ കബീർ, ഭാഗം: 4, പേജ്: 271-273
ആശയാനുവാദം : എച്ച്. ശംസുദ്ദീൻ കാവശേരി)




# ഹിപ്നോട്ടിസ്റ്റ് ഭയന്നോടി

ഹദ്റത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് സാഹിബ് നിവേദനം ചെയ്യുന്നു: ഒരിക്കൽ ഗുജറാത്തിൽ നിന്ന് ഒരു ഹിന്ദുമതാനുയായി ഖാദിയാനിൽ ഒരു കല്യാണ സംഘത്തോടൊപ്പം വരുകയുണ്ടായി. അയാൾ ഹിപ്നോട്ടിസത്തിൽ നിപുണനായിരുന്നു. ഖാദിയാനിൽ എത്തിയ സ്ഥിതിക്ക് മിർസാ സാഹിബിനെ ഹിപ്നോട്ടൈസ് ചെയ്ത് എന്തെങ്കിലും അനുചിതമായ പ്രവർത്തി ചെയ്യിപ്പിക്കാമെന്ന് അയാൾ സുഹൃത്തുക്കളോട് പറഞ്ഞിരുന്നു.



അങ്ങിനെ മസ്ജിദിൽ എത്തി അയാൾ ഹുസൂറിന് മേൽ തന്റെ പ്രത്യേക ശ്രദ്ധ പതിപ്പിക്കാൻ തുടങ്ങി. കുറച്ചു സമയത്തിനകം അയാൾ വിറകൊള്ളുകയുണ്ടായി. എങ്കിലും സ്വയം നിയന്ത്രിച്ച് വീണ്ടും തന്റെ ശ്രമം തുടർന്നു. പക്ഷേ അപ്പോഴും അയാൾ വിറക്കുകയും, പക്ഷേ സ്വയം നിയന്ത്രിച്ച് മൂന്നാം തവണയും തന്റെ ശ്രമത്തിൽ ഏർപ്പെട്ടു. പക്ഷേ അൽപസമയത്തിനകം അയാൾ നിലവിളിച്ചുകൊണ്ട് ചെരിപ്പുപോലും ധരിക്കാതെ പുറത്തേക്കോടുകയുണ്ടായി.

അയാളുടെ സുഹൃത്തുക്കളും മറ്റും അയാളെ പിടിച്ച് നിയന്ത്രണവിധേയനാക്കി. ശരിയായ ബോധം വന്നപ്പോൾ അയാൾ തന്റെ ഉദ്ദേശ്യം വിവരിച്ചുകൊണ്ട് പറഞ്ഞു, ഞാൻ മിർസാ സാഹിബിൽ ഹിപ്നോട്ടിസം ചെയ്ത് എന്തെങ്കിലും അനുചിത കർമ്മം ചെയ്യിപ്പിക്കാമെന്നാണ് കരുതിയത്. പക്ഷേ ആദ്യപ്രാവശ്യം ഞാൻ മിർസാ സാഹിബിന്റെ പാർശ്വഭാഗത്ത് ഒരു സിംഹത്തെ കാണുകയുണ്ടായി, അത് എന്റെ തോന്നലാണെന്നു കരുതി ഞാൻ വീണ്ടും ശ്രമം തുടർന്നപ്പോൾ വീണ്ടും സിംഹത്തെ കണ്ടു. അതും എന്റെ ഊഹമാമെന്ന് ധരിച്ച് വീണ്ടും ശ്രമിച്ചപ്പോൾ ആ സിംഹം എന്റെ മേൽ ചാടിവീണ് ആക്രമണം നടത്തുകയായിരുന്നു. അപ്പോഴാണ് ഞാൻ എല്ലാ നിയന്ത്രണവും വിട്ട് പുറത്തേക്ക് ഓടിയത്. ഹുസൂർ(റ) പറയുന്നു. പിന്നീട് അയാൾ ഹ. മസീഹ് മൗഊദ്(അ)ന്റെ അനുഭാവിയായി മാറുകയും മരണം വരേ കത്തിടപാടും നടത്തിയിരുന്നു.

# ഔറംഗസേബ്



ഹദ്റത് ഖലീഫത്തുൽ മസീഹ് സാനി(റ) നിവേദനം ചെയ്യുന്നു. ഇൽഹാമോടുകൂടി ദീനിന്റെ പുനരുജ്ജീവനം നടത്തുന്നയാൾ ആത്മീയ മുജദ്ദിദ് ആണ്. ഇസ്‌ലാമിനും മുസ്‌ലിംകൾക്കും വേണ്ടി എന്തെങ്കിലും പ്രവർത്തിക്കുന്ന ആളും മുജദ്ദിദ് തന്നെ. അവർ ആത്മീയ മുജദ്ദിദ് ആയിരിക്കണമെന്നില്ല. ഞാൻ മുൻപും പലതവണ പറഞ്ഞിട്ടുണ്ട്, ഹദ്റത് മസീഹ് മൗഊദ് (അ) ഒരിക്കൽ പറയുകയുണ്ടായി. ഔറംഗസേബ് (റഹ്) യും മുജദ്ദിദ് ആയിരുന്നു. യഥാർഥത്തിൽ ഔറംഗസേബിന് ഇൽഹാമിന്റെ വാദമില്ലായിരുന്നു.

(തഫ്സീർ കബീർ ഭാഗം : 7, പേജ് : 199)

# നിസാമുദ്ദീൻ

ഹ. ഉമ്മുൽ മുഅ്മിനീൻ സയ്യിദ നുസ്റത് ജഹാൻ ബേഗം സാഹിബ നിവേദനം ചെയ്യുന്നു:

ഞാൻ മിർസാ മഹ്മൂദിനെ ഗർഭിണിയായിരിക്കെ ഹ. മസീഹ് മൗഊദ്(അ)ന്റെ ബദ്ധവൈരിയും കുടുംബക്കാരുമായിരുന്ന മിർസാ നിസാമുദ്ദീനെ വിവാഹം കഴിക്കുന്നതായി സ്വപ്നം കണ്ടു.

ഇതേ തുടർന്ന് ഞാൻ ഏറെ ദുഃഖിതയായി കരഞ്ഞുകൊണ്ടിരുന്നു. അങ്ങിനെ അവസാനം ഇതേക്കുറിച്ച് ഹ. മസീഹ് മൗഊദ്(അ)ന് അറിവ് കിട്ടിയപ്പോൾ പറഞ്ഞു:

"നീ വെറുതെ വിഷമിക്കുകയാണ് ചെയ്തത്. ഇത് അനുഗൃഹീത സ്വപ്നമാണ്."

ജമാഅത്തിലെ ഇന്നു കാണുന്ന മുഴുവൻ നിസാമും സംവിധാനവും ആരംഭിച്ചത് ഹ. ഖലീഫത്തുൽ മസീഹ് രണ്ടാമനായിരുന്നു.



# അനൽ മസീഹുൽ മൗഊദു മസീലുഹു വ ഖലീഫത്തുഹു

1945 - ൽ ആണ് ഹദ്റത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് സാഹിബ്(റ) താനാണ് മുസ്‌ലിഹ് മൗഊദ് എന്ന് വാദിച്ചത്. ഇതു സംബന്ധമായി ഹുസൂറി(റ)നുണ്ടായ ജാഗ്രതാ ദർശനത്തിൽ (കശ്ഫിൽ) ഹുസൂർ പറയുന്നു: **അനൽ മസീഹുൽ മൗഊദു മസീലുഹു വ ഖലീഫത്തു ഹു** അതായത് ഞാൻ മസീഹ് മൗഊദ് ആകുന്നു. അദ്ദേഹത്തിന്റെ സദൃശ്യനും ഖലീഫയും.

ഡൽഹി, ഹോശിയാർപൂർ, ലുധിയാന, ലാഹോർ, ഖാദിയാൻ തുടങ്ങിയ സ്ഥലങ്ങളിൽ ഇത് സംബന്ധമായി സമ്മേളനങ്ങൾ സംഘടിപ്പിച്ചു.

(അൽ മൗഊദ്, അൻവാറുൽ ഉലൂം, 17)

# വെല്ലുവിളി



വിശുദ്ധഖുർആന്റെ ദിവ്യജ്ഞാനങ്ങൾ എഴുതുന്ന കാര്യത്തിൽ ഞാനുമായി മത്സരിക്കാൻ ഞാൻ ലോകത്തെ മുഴുവനും വെല്ലുവിളിച്ചതാണ്. ഞാൻ ഒരു ദൈവനിയോഗിതൻ (മാമൂർ) ഒന്നുമല്ല. എങ്കിലും ആരും മുന്നോട്ടുവരാൻ തയ്യാറായില്ല. (തബ്ലീഗെ ഹഖ്)

വിശുദ്ധ ഖുർആനിലെ നൂറുക്കണക്കിന് അല്ല ആയിരക്കണക്കിന് വിഷയങ്ങൾ അല്ലാഹു തന്റെ അനുഗ്രഹവും, ഇൽഹാമും, ദർശനവും മുഖേന എനിക്ക് മനസിലാക്കി തന്നിരിക്കുന്നു. (തഫ്സീർ കബീർ ഭാഗം: 6, പേജ് : 483)




# യതസവ്വജു വ യൂലദു ലഹൂ

***അദ്ദേഹം വിവാഹം കഴിക്കും. അതിൽ അദ്ദേഹത്തിന് മക്കളുണ്ടാകും***

*(മിശ്കാത്ത്, കിത്താബുൽ ഫിതൻ, ബാബു നുസൂലു ഈസാ)*



റസൂൽ കരീം (സ)ഉം മുസ്‌ലിഹ് മൗഊദിനെകുറിച്ച് അറിയിപ്പ് നൽകുന്നുണ്ട്. തിരുമേനി(സ) പറഞ്ഞു: യതസവ്വജു വ യൂലദു ലഹൂ മസീഹ് മൗഊദ് വിവാഹം കഴിക്കും, അദ്ദേഹത്തിന് മക്കളുണ്ടാകും, മസീഹ് മൗഊദിന്റെ ഭവനത്തിലും സാധാരണക്കാരുടെ വീട്ടിൽ ഉണ്ടാകുന്നതുപോലുള്ള മക്കൾ ഉണ്ടാകുമെന്ന് ഇതിന് അർഥം കൊടുക്കാൻ സാധ്യമല്ല. കാരണം അതിന് ഈയൊരർഥം മാത്രമാണെങ്കിൽ, മക്കളുണ്ടാകുമെന്ന ഹദ്റത് മസീഹ് മൗഊദ് (അ) ന്റെ പ്രവചനത്തെക്കുറിച്ച് അനഹ്മദികൾ പറയുന്ന അതേ ആരോപണം തന്നെയാണ് ഉദിക്കുന്നത്. മക്കളുണ്ടാകുമെന്നത് വലിയ കാര്യമാണോ?. ലോകത്ത് ഓരോരുത്തരുടെയും വീട്ടിൽ മക്കളുണ്ടാകുന്നുണ്ട് എന്നൊക്കെ! ഒരു മകനുണ്ടാകുമെന്നു മാത്രം പ്രവചിച്ചാൽ അതിന് വലിയ പ്രധാന്യമൊന്നുമില്ലെന്ന് നമുക്കും അറിയാം. നബി(സ) പറഞ്ഞത് മസീഹ് മൗഊദിന്റെ ഭവനത്തിൽ മക്കളുണ്ടാകുമെന്നാണ്. അദ്ദേഹത്തിന്റെ ഭവനത്തിൽ സാധാരണ ഗതിയിലുള്ള മക്കളുണ്ടാകുമെന്നാണെങ്കിൽ നബി(സ) പ്രത്യേകമായ രീതിയിൽ അതേകുറിച്ച് അറിയിപ്പ് തരേണ്ടിയിരുന്നില്ല. എന്നാൽ നബി(സ) തന്ന അറിയിപ്പ് മനസിലാക്കിത്തരുന്നത്, മസീഹ് മൗഊദിന്റെ ഭവനത്തിൽ പ്രത്യേകപ്പെടുത്തപ്പെട്ട മക്കളുണ്ടാകുമെന്നാണ്. അത് ഹദ്റത് മസീഹ് മൗഊദ്(അ)നെ അല്ലാഹു അറിയിച്ചതുപോലെ തന്നെയുള്ള സമ്പൂർണതകളും ഗുണഗണങ്ങളും ഉള്ളവരായിരിക്കുമെന്നുമാണ്.

വീണ്ടും നബി (സ) പറയുന്നു : ലൗ കാനൽ ഈമാനു ഇൻദസ്സുറയ്യാ ലനാലഹു റിജാലുൻ മിൻ ഹാഉലാഇ.

ബുഖാരി കിത്താബുത്തഫ്സീറിലും ഈ ഹദീസ് വന്നിട്ടുണ്ട്. അവിടെയുള്ള വാചകം ലൗ കാനൽ ഈമാനു ഇൻദ സ്സുറയ്യാ ലനാലഹു റിജാലുൻ ഔ റജുലുൻ മിൻ ഹാഉലാഇ എന്നാണ്. അതായത് ഈമാൻ കാർത്തിക നക്ഷത്രത്തോളം ഉയർന്നു പോയാലും ഫാരിസി വംശജരിൽ നിന്നുള്ള കുറച്ച് ആളുകൾ അതിനെ ഭൂമിയിലേക്ക് തിരിച്ചുകൊണ്ടുവരുന്നതാണ്.

ചുരുക്കത്തിൽ മസീഹ് മൗഊദ്(അ)നെപറ്റി മാത്രമല്ല നബി(സ) പ്രവചിച്ചിട്ടുള്ളത്. മറിച്ച് ഹദ്റത് മസീഹ് മൗഊദ്(അ) നേയും അദ്ദേഹത്തിന്റെ കുടുംബത്തിലെ ചില ആളുകളേയും കുറിച്ചു കൂടിയാണ് പ്രവചിച്ചിട്ടുള്ളത്. തുടർന്ന് പറയുന്നത്, ഫാർസി വംശജരായ അവരെല്ലാം ഒന്നു ചേർന്ന് കാർത്തിക നക്ഷത്രത്തിൽ നിന്ന് ഈമാൻ തിരിച്ചുകൊണ്ടുവരുമെന്നാണ്.

ചുരുക്കത്തിൽ മുസ്‌ലിഹ് മൗഊദിന്റെ കാലഘട്ടം മസീഹ് മൗഊദിന്റെ കാലഘട്ടത്തിൽതന്നെ വെളിപ്പെടേണ്ടിയിരിക്കുന്നു. നബി(സ)ന്റെ ഹദീസിൽ നിന്ന് വ്യക്തമാകുന്നതും ഇതുതന്നെയാണ്.

(അൽ മൗഊദ്, അൻവാറുൽ ഉലൂം ഭാ: 17)

- എസ്.ഡി

## മുസ്‌ലിഹ് മൗഊദ് ദിനം

1886 ഫെബ്രുവരി 20 ന് ഹദ്റത് മസീഹ് മൗഊദ്(അ) തനിക്ക് സുലക്ഷണയുക്തനായ ഒരു വാഗ്ദത്ത പുത്രനുണ്ടാവുന്നതാണെന്ന ദൈവിക സുവാർത്ത പ്രസിദ്ധീകരിക്കുകയുണ്ടായി.

ഈ പ്രവചനത്തെ അനുസ്മരിച്ചുകൊണ്ട് ഫെബ്രുവരി 20ന് ലോകമെങ്ങും മുസ്‌ലിഹ് മൗഊദ് ദിനമായി ആചരിക്കുന്നു.

ഹദ്റത് മസീഹ് മൗഊദ്(അ) പറയുന്നു:

**ഖദ് അഘ്ബറ റസൂലുല്ലാഹി(സ) അന്നൽ മസീഹിൽ മൗഊദ യതസവ്വജൂ വ യൂലദു ലഹൂ ഫഫീ ഹാദാ ഇശാറത്തുൻ ഇലാ അന്നല്ലാഹ യുഅ്ത്വീഹി വലദൻ സ്വാലിഹൻ യ്യുശാബിഹു അബാഹു വലാ യഅ്ബാഹു വയകൂനുമിൻ ഇബാദില്ലാഹിൽ മുക്റമീൻ**

ഹ. റസൂൽ തിരുമേനി(സ) അല്ലാഹുവിൽ നിന്നുള്ള അറിയിപ്പ് അനുസരിച്ച് പറയുന്നു: വാഗ്ദത്ത മസീഹ് വിവാഹം കഴിക്കുകയും മക്കളുണ്ടാവുകയും ചെയ്യും. ഇതിലുള്ള സൂചന, അല്ലാഹു അദ്ദേഹത്തിന്, നൽകുന്ന പരിശുദ്ധ സുതൻ, തന്റെ പിതാവിന് അനുഗുണനായിരിക്കും. എതിരാളിയായിരിക്കുന്നതല്ല. അവൻ അല്ലാഹുവിന്റെ ബഹുമാനിതരായ അടിയാറുകളിൽ പെട്ടവനായിരിക്കും. (ആയിനേ കമാലാത്തെ ഇസ്‌ലാം പേജ് : 578)

അൽഹഖ്
വാർത്താപത്രിക
2012 ഫെബ്രുവരി
പുസ്തകം 20 ലക്കം 2

## ഹദ്റത് മുസ്ലിഹ് മൗഊദ്(റ)
# അത്ഭുത പ്രതിഭാധനൻ

ജനനത്തിന് മുമ്പും ജീവിതകാലത്തുടനീളവും മരണശേഷവും സജീവ ചർച്ചകൾക്ക് നിമിത്തമായവർ ചരിത്രത്തിൽ തന്നെ അത്യപൂർവ്വം ചില വ്യക്തിത്വങ്ങൾ മാത്രമേ ഉള്ളൂ. അത്തരം അനുഗൃഹീത മഹാത്മാക്കളിൽ ഒരാളാണ് ഹദ്റത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ).

ഹദ്റത് മസീഹ് മൗഊദ്(അ) ഹോശിയാർപൂരിൽ 1886 ആരംഭത്തിൽ 40 ദിവസം തപോയജ്ഞത്തിൽ നിമഗ്നനായി കഴിച്ചുകൂട്ടി. അതിന്റെ അവസാനത്തിൽ ലഭിച്ച സുവാർത്തകളിൽ വളരെ പ്രധാനപ്പെട്ട ഒരു അടയാളമായിരുന്നുവാഗ്ദത്ത സുതനെക്കുറിച്ചുള്ള പ്രവചനം. അമ്പത്തിരണ്ട് അടയാളങ്ങളും 7 ഉദ്ദേശ്യ ലക്ഷ്യങ്ങളുമാണ് ഈ വാഗ്ദത്ത പരിഷ്കർത്താവിനെക്കുറിച്ച് അല്ലാഹു അറിയിച്ചിരുന്നത്.

അനന്യമായ നേതൃപാടവം പ്രഭാഷണ ചാതുരിയും, രചനാ വൈഭവവും ക്രാന്ത ദർശിത്വവും ഒക്കെ എതിരാളികൾ പോലും ശ്ലാഘിക്കാൻ നിർബന്ധിതരായി.

സംഘടനാ രംഗത്ത് ഖലീഫ സാനി വരുത്തിയ മാറ്റങ്ങൾ ജമാഅത്തിന്റെ പുരോഗതിയിൽ നിർണായകമായ ഒരു ഘട്ടമായിരുന്നു. അതോടൊപ്പം ശിക്ഷണരംഗത്ത് ഹുസൂറിന്റെ പ്രഭാഷണങ്ങളും ലേഖനങ്ങളും അഹ്മദികളുടെ വിചാര വികാരങ്ങളിൽ അനിതര സാധാരണമായ വിപ്ലവമാണ് സൃഷ്ടിച്ചത്. ഇസ്ലാമിന്റെ നഷ്ടപ്പെട്ടുപോയ ചിന്താധാരക്ക് അനുസൃതമായും കാലത്തിന്റെ കാലൊച്ചകൾക്ക് കാതുകൊടുത്തും എല്ലാത്തിനും ഉപരിയായി ദൈവദത്തമായി ലഭ്യമായ ഉൾക്കാഴ്ച്ചകൊണ്ട് വിശുദ്ധ ഖുർആൻ വ്യാഖ്യാന രംഗത്ത് അത്ഭുതാവഹമായ ജ്ഞാനനിർഝരിയാണ് ഹദ്റത് മുസ്ലിഹ് മൗഊദ്(റ) തുടർന്നത്. ലോകവ്യാപകമായി ഇസ്ലാമിക പ്രചാരണ പ്രവർത്തനങ്ങൾക്ക് മിഷണറി നെറ്റ് വർക്ക് സ്ഥാപിച്ചുകൊണ്ട് ശിർക്കിന്റെ കോട്ടകൊത്തളങ്ങളിലും, നാസ്തികത്വത്തിന്റെ തറവാട്ടിലും ത്രിത്വത്തിന്റെ അധികാര കേന്ദ്രങ്ങളിലുമെല്ലാം അദ്ദേഹം ഇസ്ലാമിന്റെ, സമാധാനത്തിന്റെ വൈജയന്തി ഉയർത്തി.

കാലാതീതമായ വിജ്ഞാന സാഗരം ലോകത്തിന് സമ്മാനിച്ചുകൊണ്ട് അദ്ദേഹം പറയുന്നു:

അല്ലാഹു ഞാൻ മുഖേന വിശദമായി വെളിപ്പെടുത്താത്ത ഏത് ഇസ്ലാമിക വിഷയമാണുള്ളത്? നുബുവ്വത്ത്, കുഫ്ർ, ഖിലാഫത്ത്, തഖ്ദീർ, ഖുർആനിക വിജ്ഞാനങ്ങളുടെ വ്യക്തത, ഇസ്ലാമിക സാമ്പത്തിക ക്രമം, ഇസ്ലാമിക രാഷ്ട്രമീമാംസ, ഇസ്ലാമിക സാമൂഹിക വ്യവസ്ഥിതി തുടങ്ങിയ വിഷയങ്ങളിൽ കഴിഞ്ഞ 1300 വർഷമായി വിശദമായ ഒരു പ്രബന്ധവും ഇല്ലായിരുന്നു. അല്ലാഹു എനിക്ക് ഈ സേവനത്തിന് സൗഭാഗ്യം നൽകിയിരിക്കുന്നു. അല്ലാഹു ഞാൻ മുഖേന തന്നെയാണ് ഈ വിഷയങ്ങളിൽ വിശുദ്ധ ഖുർആന്റെ ജ്ഞാനങ്ങൾ വെളിപ്പെടുത്തിയത്. അത് ഇന്ന് മിത്രങ്ങളും ശത്രുക്കളും ഒരുപോലെ പകർത്തിയെഴുതുന്നു...... ആര് ദീനീ ഖിദ്മത്തിന് തയ്യാറെടുക്കുമ്പോഴും അവർക്ക് എന്റെ ഗ്രന്ഥങ്ങൾ വായിക്കുകയും അതിൽ നിന്ന് പ്രയോജനമെടുകേണ്ടിയും വരും. (ഖിലാഫത്തെ റാശിദ)

അതേ

**ഇക് സമാനാ ആയേഗാ കെ കഹേങ്കേ തമാം ലോഗ്**
**മില്ലത്ത് കെ ഇസ് ഫിദായി പെ റഹ്മത്ത് ഖുദാകരേ,**
**ഒരു കാലംവരും അന്ന് ജനങ്ങൾ പറയും ദീനിന്റെ ഈ ത്യാഗസന്നദ്ധനുമേൽ അല്ലാഹുവേ നീ കരുണ ചൊരിയേണമേ. (കലാമെ മഹ്മൂദ്)**

## യുഗനാദം
### ഹദ്റത് അഹ്മദ്(അ)



# മുസ്ലിഹ് മൗഊദ് മഹ്മൂദ് തന്നെ

ബശീർ എന്ന് പേരുള്ള എന്റെ മകനെ അല്ലാഹു ചെറുപ്രായത്തിൽതന്നെ വഫാത്ത് നൽകി. അപ്പോൾ അല്ലാഹു ഇൽഹാം മുഖേനഎന്നോട് പറഞ്ഞു: നാം, ഔദാര്യമെന്ന നിലക്ക് അവനെ നിന്റെടുത്തേക്ക് തന്നെ അയക്കുന്നതാണ്. അതു പോലെ തന്നെ കുട്ടിയുടെ മാതാവ്, ബശീർ വന്നതായും, സ്നേഹപൂർവ്വം താങ്കളുടെ അടു ത്ത് എത്തുമെന്നും വേഗം പോകുന്നതല്ല എന്ന് പറഞ്ഞതായും സ്വപ്നം കണ്ടിരുന്നു. ഈ ഇൽഹാമിനും സ്വപ്നദർശനത്തിനും ശേഷം രണ്ടാമത്തെ മകനെ അല്ലാഹു എനിക്ക് തന്നു. ഇത് തന്നെയാണ് (വാഗ്ദാനം ചെയ്യപ്പെട്ട) ബശീർ എന്ന് എനിക്ക് ബോധ്യമായി. അല്ലാഹു അവന്റെ വാഗ്ദാനത്തിൽ സത്യസന്ധനാണ്. അങ്ങിനെ ഞാൻ ഈ കുട്ടിയുടെ പേര് ബശീർ എന്ന് തന്നെ വെച്ചു. എനിക്ക് അവന്റെ ശരീരത്തിൽ ബശീർ ഒന്നാമന്റെ രൂപം കാണപ്പെടുന്നു.

(സിർറുൽ ഖിലാഫ)

അഞ്ചാമതായി ഞാൻ എന്റെ പുത്രൻ മഹ്മൂദിന്റെ ജനനത്തെക്കുറിച്ച് അവൻ ജനിക്കുമെന്നും അവന്റെ പേര് മഹ്മൂദ് എന്നായിരിക്കുമെന്നുമാണ് പ്രവചനം ചെയ്തിരുന്നത്. ഈ പ്രവചനത്തെക്കുറിച്ച് പച്ചനിറത്തിലുള്ള ഏടുകൾ, വിളംബരമെന്ന നിലക്ക് പ്രസിദ്ധീകരിച്ചിരുന്നു. അതിപ്പോഴും ഉണ്ട്. ആയിരക്കണക്കിന് വിതരണം ചെയ്തിരുന്നു. അങ്ങിനെ ആ പുത്രൻ പ്രവചനത്തിന്റെ കാലയളവിൽ ജനിച്ചിരിക്കുന്നു. ഇപ്പോൾ 9 വയസ്സ് ആയിരിക്കുന്നു

(സിറാജെ മുനീർ)

മൂത്ത മകൻ മഹ്മൂദിന്റെ ജനനത്തെ കുറിച്ച് പച്ച ലഘുലേഖയിൽ മഹ്മൂദ് എന്ന പേരോടുകൂടി വ്യക്തമായ പ്രവചനമുണ്ട്.

(അഞ്ചാമെ ആഥിം, അനുബന്ധം)

എന്റെ മൂത്ത പുത്രനായ മഹ്മൂദിന്റെ ജനനത്തെ കുറിച്ച് 1888 ജൂലൈ 10 ലേ വിളംബരത്തിലും 1888 ഡിസംബർ 1 പച്ച ലഘുലേഖയിലും പ്രവചനമുണ്ട്. പച്ച ലഘുലേഖയിൽ ഈ ജനിക്കാൻ പോകുന്ന മകന്റെ പേര് മഹ്മൂദ് എന്നായിരിക്കണമെന്നും എഴുതിയിട്ടുണ്ട്. ഈ വിളംബരം മഹ്മൂദിന്റെ ജനനത്തിന് മുമ്പേ ലക്ഷക്കണക്കിന് ആളുകൾക്കിടയിൽ വിളംബരം ചെയ്തിരുന്നു. ഈ പ്രവചനം നോട്ടീസ് മുഖേന പൂർണമായും പ്രസിദ്ധമായപ്പോൾ അല്ലാഹുവിന്റെ കാരുണ്യവും അനുഗ്രഹവും മുഖേന 1889 ജനുവരി 12, ഹിജ്റ 1306 ജമാദിയൽ അവ്വൽ 9 മഹ്മൂദ് ഭൂജാതനായി

(തിരിയാഖുൽ ഖുലൂബ്)

എന്റെ പച്ച ലഘുലേഖയിൽ ഏഴാമത്തെ പേജിൽ മറ്റൊരു പുത്രനെകുറിച്ചുകൂടി വാർത്ത ഉണ്ട്, അതായത് രണ്ടാമത്തെ ബശീറിനെ നൽകുന്നതാണ്. അവന്റെ വേറൊരു പേര് മഹ്മൂദ് എന്നാണ്. അവൻ ഇതുവരെ അതായത് 1888 സെപ്തംബർ 1 വരേയും ജനിച്ചിട്ടില്ല. പക്ഷേ അല്ലാഹുവിന്റെ വാഗ്ദാനപ്രകാരം നിശ്ചിത കാലാവധിക്കകം തന്നെ ജനിക്കുന്നതാണ്. ആകാശ ഭൂമികൾ മാറിപ്പോയെന്ന് വരാം, പക്ഷേ അവന്റെ വാഗ്ദത്തം മാറാൻ സാധ്യമല്ല. ഇതായിരുന്നു പച്ച ലഘുലേഖയിലെ 7-ാം പേജിൽ ഉണ്ടായിരുന്നത്. അതനുസരിച്ച് 1889 ജനുവരിയിൽ ആ പുത്രൻ ജനിച്ചിരിക്കുന്നു. അവന്റെ പേര് മഹ്മൂദ് എന്നാണ് വെച്ചിരിക്കുന്നത്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇപ്പോഴും ജീവിച്ചിരിക്കുന്നു. 17 വയസ്സ് ആയിട്ടുണ്ട്.

(ഹഖീഖത്തുൽ വഹ്യ്)




സീറത്തുന്നബി(സ)
– ഹ. മിർസാ ബശീർ അഹ്മദ് MA (റ)

# കഅ്ബയുടെ പുനർനിർമാണം

കഅ്ബാ മന്ദിരത്തിന് കേടുപാടുകൾ സംഭവിച്ചിരുന്നു. അതുകൊണ്ട് തന്നെ അത് പൊളിച്ച് പുതിക്കിപ്പണിയാൻ ഖുറയ്ശികൾ ആഗ്രഹിച്ചിരുന്നു. പക്ഷേ പൊളിക്കാൻ ആരും ധൈര്യപ്പെട്ടില്ല. ദൈവികഭവനമായതിനാൽ എന്തെങ്കിലും ആപത്ത് സംഭവിക്കുമോ എന്നവർ ഭയന്നു.

അവസാനം ഖുറയ്ശികളുടെ നേതാവും കെട്ടുപണിക്കാരനുമായ വലീദ്ബിനു മുഗീറ ഈ പണികൾ ചെയ്യാൻ മുന്നോട്ട് വന്നു. ജനങ്ങളാകട്ടെ, രാത്രിമുഴുവനും വലീദിന് എന്തെങ്കിലും ആപത്ത് വരുന്നുണ്ടോ എന്ന് നോക്കിക്കൊണ്ടിരുന്നു. ഒന്നും സംഭവിക്കുന്നില്ലെന്ന് കണ്ടപ്പോൾ എല്ലാവരും ഈ ജോലിയുടെ ഭാഗഭാക്കായി.

പഴയ കെട്ടിടം പൊളിച്ച് പൊളിച്ച് ഇബ്റാഹീമിന്റെ അസ്ഥിവാരത്തിലെത്തിയപ്പോൾ പണി നിർത്തി. അതിന് മുകളിൽ പുതിയ കെട്ടിടംപണി ആരംഭിച്ചു. യാദൃശ്ചികമെന്ന് പറയട്ടെ ആ സമയത്ത് അവിടെ




ഒരു കപ്പൽ തകർന്നിരുന്നു. അതിന്റെ മരം മുഴുവൻ ഖുറയ്ശികൾ വാങ്ങുകയുണ്ടായി. പക്ഷേ അതിന്റെ മരങ്ങൾ, മുഴുവൻ മേൽകൂരക്കും മതിയാകുമായിരുന്നില്ല. അതുകൊണ്ട് തന്നെ ഹ. ഇബ്റാഹീംനബി (അ) തയ്യാറാക്കിയ മുഴുവൻ അസ്ഥിവാരത്തിലും കഅ്ബ പുനഃനിർമിക്കാനും കഴിഞ്ഞില്ല. ആ ഭാഗത്ത് ഏഴ് മുഴത്തോളം സ്ഥലം കുറവാക്കേണ്ടിവന്നു. മറ്റു ചില മാറ്റങ്ങൾകൂടി ഖുറയ്ശികൾ വരുത്തിയിരുന്നു. ഹജ്റെ അസ്വദിന്റെ സ്ഥാനമെത്തിയപ്പോൾ ഖുറയ്ശി ഗോത്രങ്ങൾക്കുള്ളിൽ ആരാണ് അത് വെയ്ക്കുക എന്നതു സംബന്ധിച്ച് രൂക്ഷമായ തർക്കം ഉടലെടുത്തു. ഓരോ ഗോത്രവും ആ ബഹുമതി തങ്ങൾക്ക് കിട്ടുമെന്ന ആഗ്രഹത്തിലായിരുന്നു. പരസ്പരം പോരടിക്കാനും മരിക്കാനും വരെ അവർ തയ്യാറായി. ചിലർ ജാഹിലിയ്യാ സമ്പ്രദായമനുസരിച്ച് രക്തം നിറച്ച പാത്രത്തിൽ വിരലുകൾ മുക്കി പ്രസ്തുത ബഹുമതിക്കുവേണ്ടി മരിക്കാനും തയ്യാറാണെന്നും മറ്റാർക്കും അത് വിട്ടുകൊടുക്കുകയില്ലെന്നും ശപഥം ചെയ്തു. ഇത്തരത്തിലുള്ള തർക്കങ്ങൾ കാരണം നിർമാണപ്രവർത്തനങ്ങൾ മുടങ്ങുകയുണ്ടായി. രാവിലെ ഏറ്റവും ആദ്യം ഹറമിന്റെ ഉള്ളിൽ പ്രവേശിക്കുന്ന ആൾ ഇക്കാര്യത്തിൽ തീരുമാനമെടുക്കട്ടെ എന്ന് അബൂ ഉമയ്യബ്നു മുഗീറ അഭിപ്രായപ്പെട്ടു.

ദൈവിക തീരുമാനങ്ങൾ എന്നു പറയട്ടെ, ജനങ്ങൾ അവിടെ ആദ്യം കണ്ടത് ഹദ്റത് മുഹമ്മദ് മുസ്തഫാ(സ)നെയായിരുന്നു.

തിരുനബിയെ കണ്ടപ്പോൾ ആർത്തുവിളിച്ചു അമീൻ, അമീൻ അവർ പറഞ്ഞു : ഞങ്ങൾ ഇദ്ദേഹത്തിന്റെ തീരുമാനത്തെ അംഗീകരിക്കുന്നതാണ്.

തിരുനബി എടുത്ത തീരുമാനം എല്ലാ ഖുറയ്ശികളേയും ആശ്ചര്യഭരിതരാക്കി. തിരുനബി(സ) തന്റെ പുതപ്പ് വിരിച്ച് അതിൽ ഹജ്റെ അസ്വദ് വെക്കുകയും, എല്ലാ ഖുറയ്ശി നേതാക്കളോടും പുതപ്പിന്റെ ഓരോ അറ്റം പിടിച്ച് കല്ല് വെക്കേണ്ട സ്ഥലം വരെ എത്തിക്കാനും നിർദേശിച്ചു. എല്ലാവരും അത് ഒന്നിച്ച് പിടിച്ചു. ആർക്കും പരാതി ഉണ്ടായില്ല.

വാസ്തവത്തിൽ പരസ്പരം മല്ലടിച്ചുകൊണ്ടിരുന്നവർ ഈ പരിശുദ്ധ വ്യക്തിത്വം മുഖേന ഒന്നിക്കുമെന്ന ചിത്രമാണ് അല്ലാഹു നൽകിയത്.

ഹജ്റെ അസ്വദ് നിശ്ചിത സ്ഥലത്ത് എത്തിച്ചപ്പോൾ നബി(സ)തന്റെ പരിശുദ്ധ കരങ്ങൾകൊണ്ട് ഹജ്റെ അസ്വദ് എടുത്ത് അത് വെക്കേണ്ട സ്ഥലത്ത് വെക്കുകയുണ്ടായി.

തിരുനബി(സ) നുബുവ്വത്തിന്റെ മൂലക്കല്ല് ആയി വെളിപ്പെടുന്നതാണെന്ന സംഗതി കൂടി വ്യക്തമാവുകയായിരുന്നു.

സാധാരണ നബിചരിത്രകാരന്മാർ എഴുതിയിരുന്നത് നബി(സ)ന്റെ 35 വയസ് പ്രായത്തിലായിരുന്നു ഇത് ഉണ്ടായതെന്നാണ്. എന്നാൽ അക്കാലത്തിലെ സാഹചര്യങ്ങളേയും പുതിയ കെട്ടിടത്തിന്റെ സാധനങ്ങൾ സംഘടിപ്പിക്കുന്നതിനും പഴയ കെട്ടിടം പൊളിക്കുന്നതിനും ഒരു നീണ്ട സമയം ആവശ്യമായിരുന്നു. അതുകൊണ്ട് തന്നെ തിരുനബിയുടെ ആദ്യകാലത്തായിരുന്നു പണികൾ തുടങ്ങിയതെന്നാണ്. പുതിയ നിർമാണത്തിനുള്ള സാധനസാമഗ്രികൾ, കല്ലും മരവും മറ്റും സാവധാനത്തിലാണ് സംഘടിപ്പിച്ചുതുടങ്ങിയത്.

ഒരു ശരിയായ നിവേദനത്തിൽ കാണപ്പെടുന്നത്, തിരുനബി(സ) കഅ്ബ പുനർ നിർമാണ പ്രവർത്തനങ്ങൾക്ക് കല്ലുകൾ കൊണ്ടുവരികയായിരുന്നു.

നബിയുടെ പിതൃവ്യൻ പറഞ്ഞു, മോനേ, നിന്റെ തുണി എടുത്ത് തോളിൽവെച്ച് അതിനുമുകളിൽ കല്ല് ഏറ്റിക്കൊണ്ടുവന്നാൽ തോളിൽ മുറിവുണ്ടാവുന്നതല്ല .

നബി(സ) പിതൃവ്യന്റെ വാക്കുകൾ അനുസരിച്ചപ്പോൾ നഗ്നത വെളിപ്പെടുന്ന അവസ്ഥയിലായി. നബി(സ) നാണം കൊണ്ട് നിലത്ത് വീഴുകയും അനിയന്ത്രിതമായി, 'എന്റെ തുണി, എന്റെ തുണി' എന്ന് വിളിച്ച് പറയാനും തുടങ്ങി. തുടർന്ന് നബി (സ) തുണി ശരിയായി ധരിക്കുകയുണ്ടായി.

ഈ സംഭവം ആദ്യകാലങ്ങളിലേതായിരിക്കാനെ തരമുള്ളു. പല ചരിത്രകാരന്മാരും ഈ സംഭവം വളരെ ചെറുപ്പത്തിലേതാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

ഹജ്റെ അസ്വദിനെക്കുറിച്ച്, ഹകം ആയി തീരുമാനമെടുക്കുന്ന സംഭവം പിന്നീടുള്ളതായിരിക്കും. കാരണം ആ സമയത്ത് എല്ലാവരും അമീൻ അമീൻ എന്ന് വിളിച്ചിരുന്നു. അമീൻ എന്ന് ആളുകൾ വിളിച്ചുതുടങ്ങിയത് നബി(സ) വിവിധ കാര്യങ്ങളിൽ ഇടപെട്ട് നബി(സ)ന്റെ വിശ്വസ്തതയും ധാർമികതയും മനസിലായതിനെ തുടർന്നായിരുന്നു.

*(സീറത്ത് ഖാത്തമുന്നബിയ്യീൻ)*
*സമ്പാ : എ.എസ്*

# പ്രാർത്ഥിക്കാൻ തയ്യാറുണ്ടോ?



അല്ലാഹുവിനെ സത്യം ചെയ്തുകൊണ്ട് ഞങ്ങൾ പറയാം, ഞങ്ങൾ റസൂൽ തിരുമേനി (സ)ന് മേൽ പൂർണമായി വിശ്വസിക്കാത്തവരും തിരുനബിയെ ഖാത്തമുന്നബിയ്യീൻ എന്ന് മനസിലാക്കാത്തവരുമാണെങ്കിൽ ഞങ്ങൾ വിശുദ്ധഖുർആനെ മുഴുലോകത്തേക്കുമുള്ള സന്മാർഗദായകമായ അവസാന ശരീഅത്താണെന്ന് വിശ്വസിക്കാത്തവരാണെങ്കിൽ ഞങ്ങൾക്കും ഞങ്ങളുടെ ഭാര്യാമക്കൾക്കും മേൽ അല്ലാഹുവിന്റെ ശിക്ഷ ഇറങ്ങുമാറാകട്ടെ. ഇതേപോലെ അവരും അല്ലാഹുവിന്റെ പേരിൽ ശപഥം ചെയ്യട്ടെ. അഹ്മദി, നബി(സ)ൽ വിശ്വാസമില്ലാത്തവരും ഹൃദയാത്മനാ ഖാത്തമുന്നബിയ്യീൻ എന്ന് മനസിലാക്കാത്തവരും, തിരുനബിയുടെ ശ്രേഷ്ഠതയും മഹത്വവും അംഗീകരിക്കാത്തവരുമാണെന്ന് ഞങ്ങൾ ഉറപ്പായും വിശ്വസിക്കുന്നു. നാഥാ, ഞങ്ങളുടെ ഈ വിശ്വാസം തെറ്റാണെങ്കിൽ ഞങ്ങൾക്കും ഞങ്ങളുടെ ഭാര്യാമക്കൾക്കും മേൽ ശിക്ഷ ഇറക്കേണമേ! (അൽഫദ്ൽ 3.9.1935)

# ഹദ്റത്ത് സഅദ് (റ) ഇബ്നു വഖാസ്

**പിതാവ് മാലിക് ഇബ്നു വഹീബ്. മാതാവ് ഹംന. രണ്ട് പേരും ഖുറൈശികളാണ്. സഅദ് (റ) നബി തിരുമേനി (സ) യുടെ ബന്ധത്തിൽ പെട്ട അമ്മാവനുമായിരുന്നു. അബൂ ഇസ്ഹാഖ് എന്ന പേരിലാണ് അറിയപ്പെടുന്നത്.**

## ബൈഅത്ത്

പതിനേഴാമത്തെ വയസ്സിലാണ് ഇസ്ലാം മതം സ്വീകരിച്ചത്. ദൈവിക പദ്ധതിയുടെ പരിണിത ഫലമാണ് അദ്ദേഹത്തിന്റെ ബൈഅത്ത്. അന്ധകാരാവൃതമായ രാത്രിയിൽ പ്രകാശപൂരിതമായ ഒരു ചന്ദ്രനെ പിന്തുടരുന്നതായി അദ്ദേഹം കാണുകയുണ്ടായി.

നബി തിരുമേനി (സ) യോടൊപ്പം ആരംഭഘട്ടത്തിലും ശഅ്ബ് അബീത്വാലിബിലും വളരെയധികം പീഢനങ്ങളും പ്രയാസങ്ങളും സഹിക്കേണ്ടി വന്നിട്ടുണ്ട്. അപ്പോഴെല്ലാം തന്നെ അങ്ങേയറ്റം സഹനം പ്രകടിപ്പിച്ചിരുന്നു.

## ഹിജ്റത്ത്

നബി തിരുമേനി(സ) യുടെ ഹിജ്റത്തിനു ശേഷം സഅദ് (റ) മദീനയിലേക്ക് ഹിജ്റത്ത് ചെയ്യുകയുണ്ടായി.

## സേവനങ്ങൾ

മദീനയിൽ എത്തിയ ഉടൻ തന്നെ സേവനസന്നദ്ധനായി. നബി തിരുമേനി (സ) യ്ക്ക് തുടക്കത്തിൽ അസ്വസ്ഥത കാരണം സ്വസ്ഥമായി ഉറങ്ങാൻ കഴിഞ്ഞിരുന്നില്ല. ഒരിക്കൽ തിരുമേനി (സ) പറഞ്ഞു, ഇന്ന് അല്ലാഹുവിന്റെ ഏതെങ്കിലും ദാസൻ കാവൽ നിന്നെങ്കിൽ നന്നായേനേ. അന്നേരം തന്നെ ആയുധങ്ങളുമായി കാവൽ നിൽക്കാൻ സന്നദ്ധനായി വന്ന സഅദ് (റ) നെ കാണുകയുണ്ടായി. തൽഫലമായി തിരുമേനി (സ) സ്വസ്ഥമായി ഉറങ്ങി.

മദീനയുടെ പ്രാന്തപ്രദേശങ്ങളിൽ സംഘങ്ങളെ അയക്കേണ്ട സാഹചര്യം വന്നപ്പോൾ നബി (സ) ആദ്യം ഹദ്റത്ത് ഹംസ (റ) ന്റെ നേതൃത്വത്തിലും പിന്നീട് ഉബൈദ (റ) ന്റെ നേതൃത്വത്തിലും സംഘങ്ങളെ അയച്ചപ്പോൾ രണ്ടിലും ഭാഗവാക്കാകാനുള്ള ഭാഗ്യം സഅദ് (റ) ന് ലഭിച്ചു. മാത്രമല്ല, ഒരിക്കൽ ശത്രുക്കൾ ശരവർഷം നടത്തിയപ്പോൾ മറുപടിയായി അമ്പെയ്യാനുള്ള അവസരം അദ്ദേഹത്തിന് ലഭിക്കുകയുണ്ടായി. അല്ലാഹുവിന്റെ മാർഗത്തിൽ ആദ്യമായി അമ്പെയ്ത അറബി താനാണെന്ന് അദ്ദേഹം പറയാറുണ്ടായിരുന്നു. ബദ്റ് യുദ്ധത്തിനു മുമ്പ് ഖുറൈശികളുടെ കച്ചവട സംഘത്തെ തടയുന്നതിനായി നബി (സ) സഅദ് (റ)ന്റെ നേതൃത്വത്തിൽ 20 പേരെ അയക്കുകയുണ്ടായി.

## ബദ്റ് യുദ്ധം

ബദ്റ് യുദ്ധത്തിൽ ഖുറൈശി നേതാവായ സഅദിബ്നുൽആസ് അദ്ദേഹത്തിന്റെ കൈകളാലാണ് വധിക്കപ്പെട്ടത്. ബദ്റ് യുദ്ധത്തിൽ പങ്കെടുത്തപ്പോൾ ധരിച്ചിരുന്ന ജുബ്ബയിൽതന്നെ തന്നെ കഫൻ ചെയ്യണമെന്ന് മരണസമയത്ത് അദ്ദേഹം പറഞ്ഞിരുന്നു.

## ഉഹദ് യുദ്ധം

ഉഹദ് യുദ്ധത്തിൽ നബിതിരുമേനി (സ) യുടെ മുന്നിലും പിന്നിലും ഇടതും വലതും യുദ്ധം ചെയ്യാനുള്ള ഭാഗ്യം ലഭിക്കുകയുണ്ടായി. നബി (സ) യെ ഉഹദ് യുദ്ധാവസരത്തിൽ മുറിവേൽപ്പിച്ച തന്റെ സഹോദരനായ ഉത്ബയെ അങ്ങേയറ്റം വെറുത്തിരുന്നു. യുദ്ധവേളയിൽ മുസ്ലിംകൾ ചിതറിയോടുകയും ശത്രുക്കൾ നബി (സ) തിരുമേനിയെ വളഞ്ഞ് അക്രമിക്കാനും തുടങ്ങിയപ്പോൾ നബി (സ) തന്റെ ആവനാഴിയിൽ നിന്ന് അമ്പെടുത്ത് സഅദിനു നല്കിക്കൊണ്ട് അമ്പെയ്യാൻ പറയുകയുണ്ടായി. പിന്നീട് അദ്ദേഹം മക്കാവിജയത്തിലും ഹുനൈൻ, തബൂക്ക് യുദ്ധങ്ങളിലും നബി (സ) യോടൊപ്പം ഉണ്ടായിരുന്നു.

## ദീർഘായുഷ്മാൻ

മക്കാവിജയസമയത്ത് സഅദ്(റ) കഠിനമായി രോഗബാധിതനായി. സമ്പന്നനായിരുന്ന അദ്ദേഹം തന്റെ മുഴുവൻ സ്വത്തും അല്ലാഹുവിന്റെ മാർഗത്തിൽ വഖ്ഫ് ചെയ്യുവാനായി തിരുമേനി (സ) യുടെ അനുമതി ആരാഞ്ഞു. ഇത് അധികമാണെന്ന് പറഞ്ഞുകൊണ്ട് തിരുമേനി (സ)അനുമതി നൽകിയില്ല. പകുതി സ്വത്ത് വഖ്ഫ് ചെയ്യാനുള്ള അനുമതിയും നൽകിയില്ല. അവസാനം മൂന്നിലൊന്ന് വസിയ്യത്ത് ചെയ്യുന്നതിനുള്ള അനുമതി തിരുമേനി (സ) നൽകുകയുണ്ടായി. തന്നെ സന്ദർശിക്കാനെത്തിയ തിരുമേനി (സ) യോട് അല്ലാഹുവിന് വേണ്ടി ഉപേക്ഷിച്ച ഭൂമിയിൽ തന്നെ അടക്കപ്പെടേണ്ടി വരുമോ, തന്റെ ഹിജ്റത്ത് പാഴായിപ്പോകുമോ എന്ന് വ്യാകുലപ്പെട്ട സഅദിനുവേണ്ടി നബി (സ) ദുആ ചെയ്യുകയും അല്ലാഹു ആ ദുആ സ്വീകരിക്കുകയും ചെയ്തു. തൽഫലമായി അദ്ദേഹത്തിന് ദീർഘായുസ്സ് ലഭിക്കുകയും ഇസ്ലാമിന് വേണ്ടി വളരെയധികം സേവനം ചെയ്യാനും അതിമഹത്തായ ഇസ്ലാമിക വിജയങ്ങളിൽ നായകത്വം വഹിക്കുന്നതിനുള്ള അവസരം ലഭിക്കുകയും ചെയ്തു. ഇറാന്റേയും ഇറാഖിന്റേയും വിജയങ്ങളിൽ സുപ്രധാന പങ്ക് വഹിച്ചു.

## ഇറാന്റെ വിജയശിൽപി

ഉമർ (റ) ന്റെ കാലത്ത് ഇറാനികളുമായി യുദ്ധം ചെയ്തുകൊണ്ട് അവരുടെ അധികഭാഗവും പിടിച്ചടക്കി. ഖാദസിയ്യ മൈതാനത്ത് വെച്ച് ഇറാനികളുമായി ചരിത്രപ്രസിദ്ധമായ യുദ്ധത്തിൽ പടനായകനായ റുസ്തമിനേയും അയാളുടെ ആനപ്പടയേയും നേരിട്ടു കൊണ്ട് അസാധാരണ യുദ്ധപാടവം പ്രദർശിപ്പിച്ചു. റുസ്തം അതിൽ വധിക്കപ്പെടുകയും ചെയ്തു.


ഖാദസിയ്യ യുദ്ധത്തിനു ശേഷം സഅദ് (റ) മുഴുവൻ ഇറാഖും പിടിച്ചടക്കാൻ തീരുമാനിച്ചു. ഖാദസിയ്യ യുദ്ധവിജയത്തിനു ശേഷം ഇറാനികൾ അദ്ദേഹത്തെ വളരെയധികം ഭയപ്പെടുകയും ഏത് മാർഗത്തിലൂടെയാണോ അദ്ദേഹം കടന്നുപോകുന്നത് ആപ്രദേശത്തുള്ള വലിയവലിയ നേതാക്കൻമാർ സ്വയം മുന്നോട്ട് വന്ന് സമാധാന ഉടമ്പടി ചെയ്യുമായിരുന്നു. ഒരൊറ്റ ആക്രമണത്തിലൂടെ ബാബുൽ കീഴടക്കി. എല്ലായിടത്തും പരാജയപ്പെട്ട ഇറാനികൾ ദജല നദിക്കക്കരെ അഭയം പ്രാപിക്കുകയും അവിടേക്കുള്ള പാലം പൊളിച്ച് നീക്കുകയും ചെയ്തു. എന്നാൽ അസാമാന്യ ധൈര്യത്തോടുകൂടി തന്റെ കുതിരയുമായി നദിയിലേക്ക് ചാടിയ അദ്ദേഹത്തെ കണ്ട് മറ്റു സൈനികരും കുതിരയോടൊപ്പം നദിയിലേക്ക് കുതിച്ചു. ഇത് കണ്ട ഇറാനികൾ ഭയപ്പെടുകയും ചെറിയ ചെറുത്തുനിൽപിന് ശേഷം കീഴടങ്ങുകയും ചെയ്തു. അങ്ങിനെ മുസ്ലിംകൾ മദാഇനും പിടിച്ചടക്കി. ഇറാഖിൽ അധികാരം സ്ഥാപിക്കുന്നതിനുള്ള അവസാന കണ്ണിയായിരുന്നു ഈ യുദ്ധം. വീണ്ടും മുന്നോട്ട് കുതിച്ചുകൊണ്ടിരുന്ന സഅദിനെ ഉമർ(റ) തടയുകയും വിജയിച്ച സ്ഥലങ്ങളിൽ വ്യവസ്ഥിതിക്രമങ്ങൾ സ്ഥാപിക്കാനായി കല്പന നൽകുകയും ചെയ്തു. അദ്ദേഹം അത് ഭംഗിയായി നിറവേറ്റി.

പിന്നീട് ഉമർ (റ) ന്റെ നിർദ്ദേശപ്രകാരം അതിർത്തി പ്രദേശത്ത് കൂഫാ എന്ന പട്ടണം സ്ഥാപിച്ചു. അതിന്റെ ഗവർണ്ണറായി അദ്ദേഹത്തെ തന്നെ നിയമിക്കുകയും ചെയ്തു. പിന്നീട് അദ്ദേഹം മദീനയിൽ തിരിച്ചെത്തുകയും ചെയ്തു.

11

# മുസ്‌ലിഹ് മൗഊദ്: വിജ്ഞാന കേദാരം

**ഖലീഫത്തുൽ മസീഹ് III**



*അവൻ ആത്മീയവും ഭൗതികവുമായ വിജ്ഞാനങ്ങളാൽ നിറക്കപ്പെടും(ഇൽഹാം) എന്നതു സംബന്ധമായി ഞാൻ ഒരു പാട് സംഗതികൾ സ്വരൂപിച്ചിട്ടുണ്ടായിരുന്നു. പക്ഷേ ഈ സമയത്ത് ഈ ആവശ്യത്തിലേക്ക് തയ്യാറാക്കിയരൂപം മാത്രമേ അവതരിപ്പിക്കാൻ കഴിയുകയുള്ളു. അതിങ്ങനെയാണ്.*

**1. തഫ്സീർ** - ഈ രംഗത്ത് ഹസൂറിന്റെ ഒരു ഗ്രന്ഥം തഫ്സീർ കബീർ ആണ്........ ഇതു മാത്രമല്ല വിശുദ്ധഖുർആനെപറ്റി നിരവധി ഗ്രന്ഥങ്ങളും എഴുതിയിട്ടുണ്ട്. എന്റെ വീക്ഷണത്തിൽ ഹുസൂർ(റ) വിശുദ്ധ ഖുർആന്റെ തഫ്സീർ സംബന്ധമായി എണ്ണായിരമോ, പതിനായിരമോ പേജുകൾ എഴുതിയിട്ടുണ്ട്. തഫ്സീർ കബീറിന്റെ II ഭാഗങ്ങളും, പിന്നീട് ഇത് 10 ഭാഗമായി പ്രസിദ്ധീകരിച്ചു

**2 വൈജ്ഞാനികം** - വൈജ്ഞാനിക വിഷയങ്ങളെ പ്രതിപാദിച്ചു കൊണ്ട് 10 ഗ്രന്ഥങ്ങളും, പ്രസിദ്ധീകരണങ്ങളും.

**3. ആത്മീയം** - ഇസ്ലാമിക സംസ്കാരം, ഇസ്ലാമിക വിശ്വാസങ്ങൾ, തുടങ്ങിയവയുമായി ബന്ധപ്പെട്ട് 21 ഗ്രന്ഥങ്ങളും പ്രസിദ്ധീകരണങ്ങളും.

**4. ജീവചരിത്രം** - ഈ ശാഖയിൽ 13 ഗ്രന്ഥങ്ങളും പ്രസിദ്ധീകരണങ്ങളും.

**5. ചരിത്രം** - 4 ഗ്രന്ഥങ്ങളും പ്രസിദ്ധീകരണങ്ങളും.

**6. ഫിഖ്ഹ്** - 3 ഗ്രന്ഥങ്ങളും പ്രസിദ്ധീകരണങ്ങളും.

**7. രാഷ്ട്രീയം** - ഇന്ത്യാ വിഭജനത്തിന് മുമ്പ് 25 പുസ്തകങ്ങളും പ്രസിദ്ധീകരണങ്ങളും.

**8. രാഷ്ട്രീയം** - പാക്കിസ്ഥാൻ രൂപീകരണത്തിന് ശേഷം 9 പുസ് തകങ്ങളും പ്രസിദ്ധീകരണങ്ങളും.

**9. കശ്മീർ രാഷ്ട്രീയം** - 15 ഗ്രന്ഥങ്ങളും പ്രസിദ്ധീകരണങ്ങളും.

**10. അഹ്മദിയ്യാ പ്രസ്ഥാനം** - ജമാഅത്തിന്റെ പ്രത്യേക വിഷയങ്ങളും ആഹ്വാനങ്ങളും സംബന്ധമായി 99 ഗ്രന്ഥങ്ങളും പ്രസിദ്ധീകരണങ്ങളും.

**ഈ പുസ്തകങ്ങളുടെയും പ്രസിദ്ധീകരണങ്ങളുടേയും എണ്ണം 225 ആണ്.** (പ്രഭാഷണം ജൽസാ സാലാനാ - 21-12-1965)

---

ഹദ്റത്ത് ഉമർ (റ) ഖിലാഫത്ത് കമ്മിറ്റിക്ക് രൂപം നൽകിയപ്പോൾ സഅദ് (റ) അതിൽ അംഗമായിരുന്നു. ഹദ്റത്ത് ഉസ്മാൻ (റ) ന്റെ കാലത്ത് അദ്ദേഹത്തെ വീണ്ടും കൂഫയുടെ ഗവർണ്ണറായി നിയമിച്ചു. മൂന്നു വർഷത്തിനു ശേഷം അദ്ദേഹം തിരിച്ച് വന്നുകൊണ്ട് ഏകാന്തവാസം സ്വീകരിച്ചു. ഹദ്റത്ത് അലി (റ) ന് ബൈഅത്ത് ചെയ്തെങ്കിലും ഭരണകാര്യങ്ങളിൽ നിന്ന് വിട്ടു നിന്നു. അക്കാലത്തു നടന്ന കലഹങ്ങളിലും യുദ്ധങ്ങളിലുമൊന്നും പങ്കെടുത്തില്ല. ആരെങ്കിലും ചോദിച്ചാൽ നബി (സ) തനിക്കു ശേഷം ഒരു ഫിത്ന പൊട്ടിപ്പുറപ്പെടുമെന്നും അന്ന് ഇരിക്കുന്നവൻ നിൽക്കുന്നവനേക്കാളും നിൽക്കുന്നവൻ നടക്കുന്നവനേക്കാളും ഉത്തമരായിരിക്കുമെന്നും പറഞ്ഞിരുന്നു എന്ന് മറുപടി പറയുമായിരന്നു. അധികാരം ഒരിക്കലും ആഗ്രഹിച്ചിരുന്നില്ല. കലാപകാലത്ത് വീട്ടിൽ കഴിഞ്ഞുകൂടിയിരുന്ന അദ്ദേഹം, ഉമ്മത്ത് ഒരു ഇമാമിനു പിന്നിൽ ഒരുമിച്ചുകൂടുമ്പോൾ വിവരം അറിയിച്ചാൽ മതി എന്നും പറഞ്ഞിരുന്നു.

സഅദിന്റെ പ്രദേശവാസിയായ അംറിബ്നു മഅദിയോട് ഉമർ (റ) അദ്ദേഹത്തെ സംബന്ധിച്ച് അഭിപ്രായം ചോദിച്ചപ്പോൾ മറുപടി നൽകി, സഅദ് തന്റെ കൂടാരത്തിൽ വിനയാന്വിതനായിരുന്നു. വസ്ത്രധാരണത്തിൽ അറബിയും, തന്റെ തൊലിയിൽ സിംഹവുമായിരുന്നു. തന്റെ പ്രശ്നങ്ങളിൽ നീതിമാനും സമാസമം വീതിക്കുന്ന വ്യക്തിയുമായിരുന്നു. സൈന്യത്തിൽ അകലത്തിലിരിക്കുകയും കാരുണ്യവതിയായ മാതാവിനെ പോലെ ഞങ്ങളുടെ മേൽ അനുകമ്പ കാണിക്കുകയും ചെയ്യുമായിരുന്നു. ഞങ്ങളുടെ അവകാശങ്ങൾ ഉറുമ്പിനെ പോലെ (ശ്രമപ്പെട്ട്) ഞങ്ങളിലേക്കെത്തിക്കുമായിരുന്നു.

ഇസ്ലാമിന് അധികാരങ്ങൾ ലഭിച്ച കാലഘട്ടത്തിൽ അല്ലാഹു ഈ ആത്മാർത്ഥ ദീനീസേവകന് അകമഴിഞ്ഞ് അനുഗ്രഹങ്ങൾ നൽകിയിരുന്നു. വിവിധ സന്ദർഭങ്ങളിലായി 9 വിവാഹം കഴിക്കുകയുണ്ടായി. 17 പുത്രന്മാരും 17 പുത്രിമാരും ഉണ്ടായിരുന്നു. വസ്ത്രധാരണത്തിലും ഭക്ഷണത്തിലുമുള്ള ലാളിത്വത്തിൽ യാതൊരു വ്യത്യാസവും വന്നിരുന്നില്ല. ഒരിക്കലും അഹങ്കരിച്ചില്ല പടനായകന്റേയും ഗവർണ്ണറുടേയും പദവികളിൽ നിന്ന് വിരമിച്ചശേഷം ആടുകളെ മേയ്ക്കുന്നതിൽ അമാന്തം കാണിച്ചിരുന്നില്ല.

## ദുആ സ്വീകാര്യത

അല്ലാഹുവേ, സഅദ് ദുആ ചെയ്യുമ്പോൾ അത് സ്വീകരിക്കേണമേ എന്ന് നബി (സ) ദുആ ചെയ്യുകയും അല്ലാഹു അത് സ്വീകരിക്കുകയും ചെയ്തിരുന്നു. ഒരിക്കൽ ഹദ്റത്ത് അലി (റ) നേയും ഹദ്റത്ത് ത്വൽഹ (റ) നേയും ഹദ്റത്ത് സുബൈർ (റ) നേയും അസഭ്യം പറഞ്ഞു നടന്ന ഒരാളെ അതിൽ നിന്ന് വിലക്കിയപ്പോൾ പ്രവാചനെപോലെ എന്നെ ഭയപ്പെടുത്തുകയാണോ എന്ന് മറുപടി പറഞ്ഞയാൾക്ക് ശിക്ഷ നൽകുന്നതിന്നായി ദുആ ചെയ്ത ഉടൻ തന്നെ ഒരു ഭ്രാന്തനായ ഒട്ടകം എവിടെ നിന്നോ ഓടി വന്ന് അയാളെ ചവിട്ടിമെതിക്കുകയുണ്ടായി.

## വഫാത്ത്

ഹിജ്റി 55-ാം വർഷം മദീനയിൽ നിന്നും 10 മൈൽ അകലെയുള്ള അഖീഖ് എന്ന സ്ഥലത്തു വെച്ച് 70-ാം വയസ്സിൽ അദ്ദേഹം വഫാത്തായി. ജനാസ മദീനയിലേക്ക് കൊണ്ടുവന്നു. പരിശുദ്ധ നബിപത്നിമാരുടെ ആഗ്രഹപ്രകാരം ജനാസ മസ്ജിദ് നബവിയിൽ എത്തിക്കുകയും മർവാനിബ്നു ഹകം ജനാസ നമസ്കാരത്തിന് നേതൃത്വം വഹിക്കുകയും ചെയ്തു. നബിപത്നിമാരും ജനാസയിൽ പങ്കെടുത്തു. ജന്നത്തുൽ ബഖീഇൽ ഖബറടക്കപ്പെട്ടു.

## സ്ഥാനവും സ്വഭാവമഹിമയും

റസൂൽ തിരുമേനി (സ) സ്വർഗത്തിന്റെ സുവാർത്ത അറിയിച്ച പത്ത് സഹാബാക്കളിൽ അദ്ദേഹവും ഉൾപ്പെട്ടിരുന്നു. അപാരമായ അറിവിന്റെ ഉടമയായിരുന്നു അദ്ദേഹം. സഅദിൽ നിന്ന് തിരുമേനി (സ)യുടെ ഏതെങ്കിലും ഹദീഥ് കേൾക്കുകയാണെങ്കിൽ അതിനെ കുറിച്ച് മറ്റാരോടും അന്വേഷിക്കേണ്ടതില്ലെന്ന് ഹദ്റത്ത് ഉമർ (റ) പറയുമായിരുന്നു.

ഉന്നതമായ സ്വഭാവമഹിമയ്ക്കുടമയായിരുന്നു അദ്ദേഹം. ദൈവഭയത്തിന്റെയും ആരാധനയുടേയും നിലവാരം എത്രത്തോളമായിരുന്നുവെന്നാൽ രാത്രിയുടെ അന്ത്യയാമങ്ങളിൽ മസ്ജിദ് നബവിയിൽ വന്ന് നമസ്കരിക്കുമായിരുന്നു. തീക്ഷണമായ കാഴ്ചശക്തിയുടെ ഉടമയായിരുന്നു അദ്ദേഹം. അങ്ങേയറ്റം നിർഭയനും ധൈര്യശാലിയുമായിരുന്നു. സത്യത്തെ വെളിപ്പെടുത്തുന്നതിൽ ഒരിക്കയും അമാന്തം കാട്ടിയിരുന്നില്ല.

*(അവ: സീറത്ത് സഹാബ , ഹാഫിസ് മുസഫർ അഹ്മദ് സാഹിബ്)*


*സമ്പാ: ടി.എം.അബ്ദുൽ മുജീബ്, തമ്മനം.*

പ്രത്യേക അഭിമുഖം 9.2.2008 അവസാനഭാഗം

സമ്പാ: കെ.വി.ഹസ്സൻകോയ

# യൂറോപ്പും പർദയും

**പ്രതിനിധി :- ഹുസൂർ ഇപ്പോൾ വിവിധ യൂറോപ്യൻ രാജ്യങ്ങളിൽ സ്ത്രീകൾ തലയിൽ സ്ക്കാഫ് ധരിക്കുന്നത് നിരുത്സാഹപ്പെടുത്തുകയും നിർത്തുകയും ചെയ്യാൻ ഒരു പ്രസ്ഥാനമുണ്ട്. ഇക്കാര്യത്തിൽ ഒരു**



**നിയമവും പ്രാബല്യത്തിൽ വരുന്നില്ലെന്ന് ഉറപ്പുവരുത്താൻ നാം എന്ത് നടപടികളാണ് കൈക്കൊള്ളേണ്ടത്.**

ഹുസൂർ :- മുസ്‌ലിംകൾ ഐക്യമുള്ളവരാണെങ്കിൽ ഇത് ഞങ്ങളുടെ വസ്ത്രധാരണത്തിന്റെയും മതത്തിന്റെയും സ്ത്രീകളുടെ അന്തസിന്റെയും ഭാഗമാണെന്ന് പറയാമായിരുന്നു. ലോകത്തെല്ലായിടത്തും സ്ത്രീകൾ ഏകോപിക്കുകയാണെങ്കിൽ സ്ക്കാഫ് ധരിക്കുന്നത് ഞങ്ങൾക്ക് കൂടുതൽ ആശ്വാസപ്രദമാണെന്ന് പറയാം. ഇത് ഞങ്ങളുടെ അന്തസ്സിനാണ് ഞങ്ങൾ അതുപേക്ഷിക്കാൻ ആഗ്രഹിക്കുന്നില്ല.

രണ്ടുവിധ മനസ്ഥിതിയുള്ള സ്ത്രീസംഘടനകൾ നിരവധിയുണ്ട്. ചിലപ്പോൾ അവർ പറയുന്നു തങ്ങൾ സ്കാഫ് ധരിക്കാൻ ആഗ്രഹിക്കുന്നില്ലെന്ന്. ചില സ്ഥലങ്ങളിൽ അവർ സ്കാഫ് ധരിക്കുന്നില്ല. ഒരു മുസ്‌ലിം പെൺകുട്ടിയെ തിരിച്ചറിയേണ്ട ഘട്ടം വരുമ്പോൾ തങ്ങൾ സ്കാഫ് ധരിക്കേണ്ടതാണെന്ന് അവർ പറയും.

ആദ്യമായി നിങ്ങൾ ഹൃദയം ശുദ്ധമാക്കണം. എല്ലാ മുസ്‌ലിം രാജ്യങ്ങളും യോജിക്കണം. ഉറച്ച നിലയിൽ പ്രഖ്യാപിക്കണം ഇത് ഞങ്ങളുടെ മതചര്യയുടെ ഭാഗമാണ്. അതില്ലാതെ ഞങ്ങൾക്ക് ജീവിക്കാൻ സാധ്യമല്ല. ലോകത്തുള്ള ഒരു മുസ്‌ലിം പെൺകുട്ടിയും അവർ എവിടെ ജീവിക്കുന്നവരായാലും പൊതുസ്ഥലങ്ങളിലേക്ക് സ്ക്കാഫില്ലാതെ പോകരുത്. ക്രിസ്ത്യാനികൾ ധരിക്കുന്ന സ്കാഫിന്റെ പേരിൽ എവിടെയും മുറവിളിയുള്ളതായി എനിക്ക് തോന്നുന്നില്ല. പക്ഷേ നമ്മൾ നമ്മുടെ മതചര്യകളിൽ ഉറച്ചു നില്ക്കുന്നില്ല. നിങ്ങൾ മുസ്‌ലിമായി ജീവിക്കാത്തേടത്തോളം വെറും സ്കാഫ് ധരിച്ചതുകൊണ്ടുമാത്രം ഒന്നുമാവില്ല. വളരെയധികം എതിർപ്പുകളുണ്ടായിട്ടും അവർ വളരെ ദൃഢവിശ്വാസം കൈക്കൊണ്ട് സ്കാഫ് ഉപേക്ഷിക്കില്ല. അങ്ങനെയും നിരവധി അഹ്മദി പെൺകുട്ടികളെ ഞാൻ കണ്ടിട്ടുണ്ട്. പെൺകുട്ടികളിൽ ഒരാളെ അതു കാരണം ജോലിയിൽനിന്ന് നീക്കി. അവളെ പിരിച്ചുവിട്ടതല്ല. മേലുദ്യോഗസ്ഥൻ നോട്ടീസ് നൽകി. ഓഫീസിലായിരിക്കുമ്പോൾ തലയിൽ സ്കാഫ് ധരിച്ചാൽ പിരിച്ചുവിടുമെന്ന്. സ്കാഫ് ഉപേക്ഷിക്കില്ലെന്ന് അവൾ പറഞ്ഞു. ഒരുമാസം ഇട നല്കി. അവൾ അല്ലാഹുവിനോട് ദുആ ചെയ്തു. വളരെ ഭക്തയായ ഒരു പെൺ കുട്ടിയായിരുന്നു. അവർ പറയുന്നു, ഒരു മാസത്തിനുള്ളിൽ ആ ഉദ്യോഗസ്ഥൻ പിരിച്ചുവിടപ്പെട്ടു. നിങ്ങൾക്ക് വ്യക്തിപരമായി അല്ലാഹുവുമായി ബന്ധം വേണം. കൂടാതെ മുസ്‌ലിം രാജ്യങ്ങൾ ഒന്നിക്കണം. മുസ്‌ലിം സ്ത്രീക ൾക്കെതിരിൽ ഇത്തര നടപടികൾ കൈക്കൊള്ളുകയാണെങ്കിൽ അത്തരം പാശ്ചാത്യ രാജ്യങ്ങൾക്ക് എണ്ണ നല്കില്ലെന്ന് അവർ ഭീഷണിപ്പെടുത്തണം. പക്ഷേ, അത്തരം നടപടി കൈക്കൊള്ളാൻ ചങ്കൂറ്റമുള്ള ആരുണ്ട്?



**പ്രതിനിധി :- എന്ത് വിനോദമാണ് ഹുസൂർ ഇഷ്ടപ്പെടുന്നത് ?**

ഹുസൂർ : - ഞാൻ കഴിഞ്ഞ തവണ പറഞ്ഞു കഴിഞ്ഞു എന്ന് തോന്നുന്നു. ഞാൻ പല കളിയിലും ഏർപ്പെടാറുണ്ട്. പക്ഷേ അവയിലൊന്നിലും ഞാൻ മികവു കാണിച്ചിരുന്നില്ല. ഞാൻ ക്രിക്കറ്റ് കളിച്ചിട്ടുണ്ട്. ബാഡ്മിന്റനും പക്ഷേ ഞാൻ അതിൽ മുഴുകാറില്ല. നിരവധി ആളുകളെ നിങ്ങൾ കണ്ടിട്ടുണ്ടാവും. അവർ രാവിലെ മുതൽ വൈകുന്നേരം വരെ ക്രിക്കറ്റ് കണ്ടുകൊണ്ടിരിക്കും. പക്ഷേ ഞാനങ്ങനെ ചെയ്യാറില്ല. ഞാൻ ക്രിക്കറ്റ് ഇഷ്ടപ്പെടുന്നു.

**പ്രതിനിധി :- ഇംഗ്ലണ്ടും പാക്കിസ്താനും തമ്മിൽ മത്സരിക്കുകയാണെങ്കിൽ ഹുസൂർ ആരെയാണ് അനുകൂലിക്കുക എന്ന് ഞങ്ങൾക്ക് ചോദിക്കാമോ? ഇംഗ്ലണ്ടും പാക്കിസ്താനും തമ്മിൽ കളിക്കുമ്പോൾ യുവാക്കൾ സ്ഥിരമായി ചോദിക്കുന്ന ഒരു ചോദ്യമാണ്. ആരെയാണ് നിങ്ങൾ അനുകൂലിക്കുന്നതെന്ന് സ്കൂളിൽ അവരോട് ചോദിക്കപ്പെടുന്നു.**

ഹുസൂർ : - അവർ പറയണം, അവർ ഇംഗ്ലീഷ് പൗരന്മാരാണെങ്കിൽ അവർ ഇംഗ്ലണ്ടിനെ



അനുകൂലിക്കണം. സിംബാബ്‌വേക്കാരനാണെങ്കിൽ അവരെ അനുകൂലിക്കണം. യു.കെ. നാഷണാലിറ്റിയാണുള്ളതെങ്കിൽ യു.കെ.യെ അനുകൂലിക്കണം.

**പ്രതിനിധി :- ഹുസൂർ അങ്ങേക്ക് രണ്ടു പൗരത്വമുണ്ടെങ്കിലോ?**

ഹുസൂർ : - എവിടെയാണ് നിങ്ങൾക്ക് കൂടുതൽ പ്രയോജനം കിട്ടുന്നത് എന്ന് നിങ്ങൾ തീരുമാനിക്കണം.

**പ്രതിനിധി :- ഹുസൂർ എന്താണ് അങ്ങേക്ക് ഇഷ്ടപ്പെട്ട ഭക്ഷണം ?**

ഹുസൂർ : - എനിക്കിഷ്ടപ്പെട്ട ഭക്ഷണമോ? സമുദ്രോല്പ്പന്നങ്ങളാണെനിക്കിഷ്ടം. ഇന്ന് രാവിലെ ഞാൻ കടന്നുപോകുമ്പോൾ ടി.വി തുറന്നുവെച്ചിരുന്നു. ആരോ ഒരാൾ ഒരു സ്ത്രീയോട് അവർക്കെന്ത് ഭക്ഷണമാണിഷ്ടമെന്ന് ചോദിച്ചപ്പോൾ അവർ പറഞ്ഞതും അതുതന്നെയാണ്, പ്രത്യേകിച്ചും വലിയ കടൽകൊഞ്ച്. പക്ഷേ,എനിക്കതിഷ്ടമല്ല. വളരെയധികം വേണ്ട. നല്ലവണ്ണം പാകം ചെയ്തു തയ്യാറാക്കിയതാണെനിക്കിഷ്ടം. കോഴിയുടെ നെഞ്ചുഭാഗം എനിക്കിഷ്ടമല്ല. കാലിന്റെ മാംസമാണെനിക്കിഷ്ടം.

**പ്രതിനിധി:- ഹുസൂർ നമ്മൾ കഴിച്ച കബാബ് ഓർക്കുന്നുണ്ടാവും.**

13

# മുസ്‌ലിഹ് മൗഊദ് ആകുവിൻ!

**ഹ.ഖലീഫത്തുൽ മസീഹ് IV (റഹ്)**



ഇന്ന് ലോകത്തിന്റെ ഓരോ മുക്കും മൂലയും മുസ്‌ലിഹ് മൗഊദിനെആവശ്യപ്പെടുകയാണ്. കോടിക്കണക്കിന് ജനങ്ങളുണ്ട്. അതിൽ എല്ലാ അഹ്മദികളും മുസ്‌ലിഹ് മൗഊദിന്റെ ഗുണഗണങ്ങൾ സ്വായത്തമാക്കിയാലും ലോകത്തിന്റെ ആവശ്യത്തിന് വേണ്ടതിലും അധികം മുസ്‌ലിഹ് മൗഊദ്മാരായിരിക്കുന്നുണ്ടെന്ന് പറയാൻ സാധ്യമല്ല. കാരണം പരിഷ്കരണത്തിന് ഒരു പരിധിയും ഇല്ല.

ഈ ലോകത്തിന്റെ പരിഷ്കരണത്തിന് മുസ്‌ലിഹ് മൗഊദിന്റെ ഗുണഗണങ്ങളാൽ വിഭൂഷിതരായ ഒരുപാട് അഹ്മദികളെ ആവശ്യമുണ്ട്. അവർ മുസ്‌ലിഹ് മൗഊദിന് നൽകപ്പെട്ട ആയുധങ്ങൾ ഏറ്റിയവരുമായിരിക്കണം.... ഞാൻ, നിങ്ങളോട്, നിങ്ങളിലെ വലിയവരും ചെറിയവരും, സ്ത്രീകളും മുസ്‌ലിഹ് മൗഊദ് ആകണമെന്ന് പറയുമ്പോൾ, നിങ്ങളെല്ലാം വലിയ സ്ഥാനം കാംക്ഷിക്കുന്നവരാകണമെന്നല്ല താൽപര്യം. മറിച്ച്, ഇന്ന് മനുഷ്യന്റെ നവജീവിതത്തിന് അനുപേക്ഷണീയമായ ഗുണങ്ങൾ അല്ലാഹുവിനോട് യാചിക്കണമെന്നാണ്. ... ഈ ഗുണങ്ങൾ സ്വായത്തമാക്കാതെ .... ലോകത്തിന്റെ പരിഷ്കരണം സാധ്യമല്ല. ഏതു വരെ തങ്ങളുടെ അസ്തിത്വത്തിൽ ഇസ്‌ലാം വിജയിക്കുകയും, ഇസ്‌ലാമിന്റെ സൗന്ദര്യം വെളിപ്പെടുകയും ചെയ്യുന്നില്ലയോ അതുവരെ ലോകത്ത് ഇസ്‌ലാമിനേയും അഹ്മദിയ്യത്തിനേയും വിജയിപ്പിക്കാൻ സാധ്യമല്ല. ഈ നിലക്ക് നിങ്ങൾ മുസ്‌ലിഹ് മൗഊദ് ആകാൻ പരിശ്രമിക്കുവിൻ!

(പ്രഭാഷണം 23-2-1986, മുസ്‌ലിഹ് മൗഊദ് പ്രവചനശതാബ്ദി സമ്മേളനം, ലണ്ടൻ)

---

ഹുസൂർ : - അങ്ങനെയുള്ള സംഭവങ്ങൾ എനിക്ക് അത്ര പെട്ടെന്ന് ഓർക്കാൻ കഴിയുന്നില്ല. ഞാൻ ഓർക്കുന്ന ഒരു കാര്യം പറയാം. ഒരിക്കൽ ഞങ്ങളുടെ കുടുംബവും ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഉം(റഹ്) നാദിയ ഗലിയിൽ ഒരുമിച്ചു താമസിക്കുകയായിരുന്നു. ഹദ്റത്ത് സാഹിബും ഞാനും എല്ലാ ദിവസവും നടക്കാൻ പോവാറുണ്ടായിരുന്നു. ഞങ്ങൾ വളരെ ദൂരം നടന്ന് മലകയറാറുണ്ടായിരുന്നു. അത് ഞങ്ങ ൾക്ക് വളരെ ആസ്വാദ്യകരമായിരുന്നു. നർമ്മരസമുള്ള നിമിഷങ്ങളുമുണ്ടായിരുന്നു. പക്ഷേ, അതിപ്പോൾ എനിക്ക് ഓർക്കാൻ സാധിക്കുന്നില്ല.



ഒരിക്കൽ ഞാൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഇ(റഹ്)ന്റെ കൂടെ ഓഫീസിൽ ഇരിക്കുകയായിരുന്നു. അപ്പോൾ അദ്ദേഹം പറഞ്ഞ വിവരണം ഞാൻ നല്കാം. എന്റെ പിതാമഹൻ ഹദ്റത്ത് മിർസാ ശരീഫ് അഹ്മദ്(റ) വളരെ നർമ്മവും ഫലിതവുമുള്ള കവിതകൾ എഴുതാറുണ്ടായിരുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ) ജൽസ സാലാനക്ക് ശേഷം ചിലപ്പോൾ നായാട്ടിനു പോവാറുണ്ടായിരുന്നു. ഒരിക്കൽ അദ്ദേഹം നീലക്കാളയെ വേട്ടയാടാൻപോയി. പുല്ലു വളരെ ഉയരത്തിൽ വളർന്നിട്ടുണ്ടായിരുന്നു. ഞങ്ങളുടെ കൂടെയുണ്ടായിരുന്നു മുതിർന്ന ഒരാൾ (നായാട്ടു സംഘത്തിലെ ഒരംഗം) അല്പം ദൂരെ എന്തോ ഒന്ന് നീങ്ങുന്നതായികണ്ടപ്പോൾ നീലക്കാളയായിരിക്കുമെന്ന് കരുതി അദ്ദേഹം ഉടനെ വെടിവെച്ചു. കുറച്ചു നിമിഷങ്ങൾക്കുശേഷം ആ സ്ഥലത്തുനിന്നും ഒരു കഴുതയുടെ ശബ്ദം കേട്ടു. പിന്നെ ഒരു മനുഷ്യൻ വന്നു വളരെ ദ്വേഷ്യപ്പെട്ടുകൊണ്ടും അസ്വസ്ഥനായും പറഞ്ഞു. എന്താളുകളാണ് ഇവിടെ നായാട്ടിന് വന്നിരിക്കുന്നത്? ഒരു നീലക്കാളയേയും കഴുതയേയും തിരിച്ചറിയാൻ സാധിക്കാത്തവരാണോ? അവരെന്റെ കഴുതയെ കൊല്ലാൻ ശ്രമിച്ചു. അതോടൊപ്പം എന്നേയും ലക്ഷ്യംവെച്ചു. അതൊരു കൈ ത്തോക്കായിരുന്നു. അല്ലാഹുവിന് നന്ദി. അവർ സുരക്ഷിതരായിരുന്നു. ഇതേക്കുറിച്ച് ഹദ്റത്ത് മിർസാ ശരീഫ് അഹ്മദ്(റ) ഒരു കവിതയെഴുതി(ഉർദുവിൽ)



കാലമെത്ര മാറിയിരിക്കുന്നു, ചിലർക്കിതുപോലുമറിയില്ല. കഴുതയും കാളയും തമ്മിലെന്താണന്തരം? നായാടാൻ അവർ വീടുവിട്ടു. നീലക്കാളയെ കൊല്ലാനും മാനിനെ വേട്ടയാടാനും അവർക്ക് സാധിച്ചില്ല. അവരെന്റെ ചെവിക്കിടിച്ചു. എന്നോടുമാത്രം അവർ ശത്രുത പുലർത്തി.

അദ്ദേഹം ഈ വരികൾ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ) നല്കി. ഞാൻ ഇങ്ങനെ എഴുതിയിരിക്കുന്നു. അതുമായി ബന്ധപ്പെട്ട ആ വ്യക്തിയോട് ചോദിക്കുക എന്നു പറഞ്ഞു. ഞാൻ ഈ കവിത ചൊല്ലിയപ്പോൾ അദ്ദേഹം വളരെ കോപിഷ്ഠനായി. താൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനിയോട്(റ) പരാതി ബോധിപ്പിക്കുമെന്നു പറഞ്ഞു.

അങ്ങനെ നർമ്മ പ്രധാനമായ അവസരങ്ങൾ നിരവധിയുണ്ടായിരുന്നു. ഇത് എഴുതുന്നതിന് മുമ്പ് വീണ്ടും എന്നോട് ചോദിക്കുക.

**പ്രതിനിധി :-** അതെ, ഹുസൂർ

ഹുസൂർ: ഞാൻ തനിച്ചായിരിക്കുമ്പോൾ ഞാൻ ഓർമ്മിക്കുകയും എഴുതുകയും ചെയ്യാം.

**പ്രതിനിധി :- അതെ, ഹുസൂർ, ഞങ്ങൾ വിനയപൂർവ്വം അപേക്ഷിക്കുന്നു. അങ്ങ് അവ ഓർമ്മിക്കുമ്പോൾ അങ്ങ് ഞങ്ങളുമായി പങ്കിടുക.**


ഹുസൂർ : - അതെ, ഞാൻ ഓർമ്മിക്കുകയാണെങ്കിൽ അത് ഞാൻ നിങ്ങൾക്ക് നല്കാം.

**ഉടൻ പ്രതീക്ഷിക്കുക**

**ZINDA LOG**

പുണ്യാത്മാക്കൾ

# ഹദ്റത്ത് മൗലാനാ സയ്യിദ് മുഹമ്മദ് സർവർ ശാഹ് സാഹിബ്(റ)



**ജനനം :** 1873 സെപ്തംബർ 10
**വഫാത്ത് :** 1947 ജൂൺ 3

## ദീനീ വിദ്യാഭ്യാസം

ആദ്യകാല ദീനീ പഠനം, സുപ്രസിദ്ധ മുസ്‌ലിം പാഠശാലയായ ദേവ്ബന്ദിൽ നിന്നാണ് കരസ്ഥമാക്കിയത്. മൗലാനാ സാഹിബിനെക്കുറിച്ച് അദ്ദേഹത്തിന്റെ അധ്യാപകനായിരുന്ന മൗലവി മഹ്മൂദ് ഹസൻ സാഹിബ് പറയുന്നു: എന്റെ അധ്യാപന ജീവിതത്തിനിടയിൽ മൂന്ന് അനുപമരായ വിദ്യാർഥികൾ ഉണ്ടായിട്ടുണ്ട്. അതിൽ സർവർശാഹ് സാഹിബ്, ഒരിക്കലും തെറ്റിലേക്ക് ചിന്തിക്കുകപോലും ചെയ്യാത്ത ആളായിരുന്നു. അദ്ദേഹം എന്ത് പുതിയ കാര്യം പറഞ്ഞാലും അത് യുക്തിസഹമായിരുന്നു.

ഇതുകേട്ടപ്പോൾ മൗലാനാ സാഹിബ് തന്റെ നാവിൽ പിടിച്ചുകൊണ്ട് പറഞ്ഞു, താങ്കളുടെ സർട്ടിഫിക്കറ്റ് ഞാൻ തിരിച്ചു നൽകുകയാണ്. അല്ലാഹു എനിക്ക് തന്ന ഈ സനദ് നിലനിൽക്കാൻ താങ്കൾ പ്രാർഥിച്ചാൽ മതി.

## ബയ്അത്ത്

ഹദ്റത് മസീഹ് മൗഊദ്(അ)നെ കുറിച്ച് അറിഞ്ഞ ഉടനെ ബയ്അത്ത് ചെയ്യാൻ താൽപര്യം കാണിച്ചു. പക്ഷേ ചില അഹ്മദി സുഹൃത്തുക്കൾ ഉടനെ ബയ്അത്ത് ചെയ്യേണ്ടെന്നും ജനങ്ങൾക്കിടയിൽ എതിർപ്പ് രൂക്ഷമാവുമെന്നും തബ്ലീഗിന് അവസരം കിട്ടില്ലെന്നും പറയുകയുണ്ടായി. അല്ലെങ്കിൽ ബയ്അത്ത് വെളിപ്പെടുത്തേണ്ടെന്ന് ഉപദേശിച്ചു.

ഉടനെ തന്നെ ഹദ്റത് മസീഹ് മൗഊദ്(അ)ന് കത്തയച്ചുകൊണ്ട് ഉപദേശം തേടുകയുണ്ടായി. അതിൽ ജോലി രാജിവെക്കുകയാണെന്നും എഴുതിയിരുന്നു. സാധാരണത്തേതുപോലെ ളുഹർ നമസ്കാരം കഴിഞ്ഞ് ഹനഫീ സമ്പ്രദായപ്രകാരം ഇരുന്ന് ദുഃആ ചെയ്യുകയായിരുന്നു. അതിനിടയിൽ ഒരാൾ ഹദ്റത് മസീഹ് മൗഊദ്(അ)ന്റെ മറുപടി എത്തിച്ചുകൊടുക്കുകയുണ്ടായി.

## ഹുസൂർ(അ)ന്റെ കത്ത്

ഹുസൂർ(അ) കത്തിൽ ഇങ്ങനെ എഴുതിയിരുന്നു, ചില അഹ്മദീ സുഹൃത്തുകൾ താങ്കൾക്ക് നൽകിയ ഉപദേശം ശരിയല്ല. അല്ലാഹുവിൽ ഭരമേൽപിച്ചുകൊണ്ട് ഉടനെ ബയ്അത്ത് ചെയ്യുക. ഇക്കാര്യത്തിൽ മറ്റുള്ളവരുടെ അഭിപ്രായത്തിന് കാര്യമില്ല. താങ്കൾക്ക് മേൽ ചില ഉത്തരവാദിത്വങ്ങളുണ്ട്. ഉടനെ ബയ്അത്ത് വിളംബരം ചെയ്യുക. രാജിവെയ്ക്കേണ്ട. അവർ താങ്കളെ ജോലിയിൽ നിന്ന് മാറ്റിയാൽ അല്ലാഹു എന്തെങ്കിലും ഏർപ്പാട് ചെയ്തുതരുന്നതാണ്.

## ബയ്അത്ത് വിളംബരം

മൗലവി സാഹിബ് കത്തിന്റെ ആദ്യത്തെ വരി ബയ്അത്ത് വിളംബരപ്പെടുത്തുക എന്ന ഭാഗം വായിച്ചതേയുള്ളൂ. അടുത്ത ഭാഗം വായിക്കും മുമ്പേ എഴുന്നേറ്റ് നിന്ന് പ്രഖ്യാപിച്ചു, ഞാൻ കാലത്തിന്റെ ഇമാമിന് ബയ്അത്ത് ചെയ്തിരിക്കുന്നു. ഇന്ന് മുതൽ ഞാൻ അഹ്മദിയാണ്. തന്റെ ബയ്അത്ത് സ്വീകരിച്ചുകൊണ്ട് എനിക്ക് കത്ത് വന്നിരിക്കുന്നു. എന്റെ പിന്നിൽ നിങ്ങൾ അനുഷ്ഠിച്ച നമസ്കാരങ്ങളിൽ ഇപ്പോഴത്തെ നമസ്കാരമാണ് കൂടുതൽ സ്വീകാര്യയോഗ്യമായത്. വെറുപ്പ് കാരണം വീണ്ടും നമസ്കരിക്കണമെന്ന് തോന്നുന്നവർക്ക് വീണ്ടും നമസ്കരിക്കാവുന്നതാണ്.

## ആദ്യകാല സേവനങ്ങൾ

ബയ്അത്ത് വിളംബരത്തെത്തുടർന്ന് അതിർപ്പുകൾ ശക്തമായി. തുടർന്ന് 1901-ൽ ഹദ്റത് മസീഹ് മൗഊദ്(അ)ന്റെ നിർദേശപ്രകാരം ഹിജ്റത്ത് ചെയ്ത് ഖാദിയാനിൽ സ്ഥിരതാമസമാക്കി. ഹുസൂർ(അ) അദ്ദേഹത്തെ തഅ്ലീമുൽ ഇസ്‌ലാം സ്കൂളിലെ അധ്യാപകനാക്കി. കൂടാതെ ബഹിശ്തി മഖ്ബറയുടെ ആക്ടിംഗ് നാഇബ് നാസിമായും സേവനം ചെയ്തിട്ടുണ്ട്. തഅ്ലീമുൽ ഇസ്‌ലാം, തഫ്സീറുൽ ഖുർആൻ എന്നീ പ്രസിദ്ധീകരണങ്ങളുടെ എഡിറ്ററായിരുന്നു.

## അഹ്മദിയ്യാ സിംഹം

മുദ്ദ് എന്ന സ്ഥലത്ത് മൗലവി സനാഉല്ലാഹ് അമൃത്സറിയുമായി വിജയകരമായ രീതിയിൽ സംവാദം നടത്തുകയുണ്ടായി. ഇതേതുടർന്നാണ് ഹദ്റത് മസീഹ് മൗഊദ്(അ) ഇഅ്ജാസെ അഹ്മദി എന്ന ഗ്രന്ഥം രചിച്ചത്. ഈ ഗ്രന്ഥത്തിൽ സിംഹം എന്ന് വിശേഷിപ്പിച്ചിട്ടുണ്ട്.

## ഒന്നാം ഖിലാഫത്ത് കാലം

അധ്യാപകനും പ്രൊഫസറും ഒക്കെയായി സേവനമനുഷ്ഠിക്കാൻ അവസരം ലഭിച്ചിട്ടുണ്ട്. കൂടാതെ ഇമാമുസ്സ്വലാത്തായും, ഖത്തീബായും ഹുസൂർ(റ) നിശ്ചയിക്കാറുണ്ടായിരുന്നു. മദ്റസ അഹ്മദിയ്യാ കോഴ്സ് തയ്യാറാകുന്ന കമ്മിറ്റി അംഗമായും പ്രവർത്തിച്ചിട്ടുണ്ട്.

## ഹദ്റത് മുസ്‌ലിഹ് മൗഊദ്(റ)

ഹദ്റത് ഖലീഫത്തുൽ മസീഹ് സാനി(റ)ന്റെ അധ്യാപകനായിരുന്നു. ഒരിക്കൽ അദ്ദേഹം, മുസ്‌ലിഹ് മൗഊദ്(റ)ന്റെ ചെറുപ്പകാലത്ത് ചോദിച്ചു: മോനേ, ഉപ്പാക്ക് ലഭിച്ചുകൊണ്ടിരിക്കുന്നതുപോലെ മോനും എന്തെങ്കിലും സൽസ്വപ്നങ്ങളും ഇൽഹാമുകളും ഉണ്ടാകാറുണ്ടോ? മുസ്‌ലിഹ് മൗഊദ്(റ) പറഞ്ഞു: ഉവ്വ്, ഞാൻ കൂടെ കൂടെ കാണുന്ന ഒരു സ്വപ്നം ഒരു വലിയ സൈന്യത്തെ നയിക്കുന്നതാണ്. അതിന്റെ അർഥവ്യാപ്തി മനസിലാക്കിയ മൗലാനാ സാഹിബ്, ഹ. മുസ്‌ലിഹ് മൗഊദ്(റ)നോട് പറഞ്ഞു, മോൻ വലിയ ആളാകുമ്പോൾ, ഈ വൃദ്ധനേയും ഓർക്കണം.

## സേവനങ്ങൾ

രണ്ടാം ഖിലാഫത്ത് കാലത്ത് ഈ പണ്ഡിതവരേണ്യന് വളരെ പ്രധാനപ്പെട്ട വകുപ്പുകളും കൈകാര്യം ചെയ്യാൻ അവസരം ലഭിച്ചിട്ടുണ്ട്.

മെമ്പർ മജ്‌ലിസ് മുഅതമിദീൻ(ബഹിശ്തിമഖ്ബറ), ഓഫീസർ മദ്റസ അഹ്മദിയ്യാ, പ്രധാന പ്രൊഫസർ, സെക്രട്ടറി ബഹിശ്തിമഖ്ബറ, ജനറൽ സെക്രട്ടറി, നാസിർ തഅ്ലീം തർബിയ്യത്ത്, സെക്രട്ടറി ജൽസാസാലാന സംഘാടക സമിതി, നാസിം ജൽസ, ഓഫീസർ ബയ്തുൽമാൽ, ശൂറാ മെമ്പർ, 1924ലെ സംവിധായക കമ്മിറ്റി അംഗം, കേന്ദ്ര മസ്ജിദ് കമ്മിറ്റി ഓഫീസർ, മുഫ്തി സിൽസില, പ്രിൻസിപ്പൽ ജാമിഅ അഹ്മദിയ്യ, പ്രിൻസിപ്പൽ ജമാഅത്തുൽ വാഖിഫീൻ, തുടങ്ങിയ നിരവധി സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്.

## രചനകൾ

- അൽ ഖൗലുൽ മഹ്മൂദ് ഫീ ശാനിൽ മഹ്മൂദ്
- ഖിലാഫത്തെ ഹഖ
- കശ്ഫുൽ ഇഖ്തിലാഫ്
- അൽ ഫാറൂഖ്
- തഫ്സീർ സർവരി
- വിശുദ്ധ ഖുർആൻ (അർഥം)

## മക്കൾ

- സയ്യിദ് മുഹമ്മദ് നാസിർ ശാഹ് സാഹിബ് (സ്കൂൾ ടീച്ചർ)
- സയ്യിദ് മുബാറക് അഹ്മദ് സാഹ് സാഹിബ് സർവർ (റബ്വയിൽ ഇൻസ്പെക്ടർ വസായ ആയിരുന്നു)

## വഫാത്ത്

1947 ജൂൺ 3ന് വഫാത്തായി. ബഹിശ്തി മഖ്ബറയിലാണ് ഖബറടക്കിയത്. വഫാത്തിന്റെ മൂന്നാം ദിവസം ജൂൺ 6ന് ഹദ്റത് മുസ്‌ലിഹ് മൗഊദ് (റ) മൗലാനാ സാഹിബിന്റെ സേവനങ്ങൾ അനുസ്മരിച്ചുകൊണ്ട് ഖുത്ബ നിർവഹിക്കുകയുണ്ടായി.

വാഗ്ദത്ത മസീഹിന്റെ കത്തുകൾ

സമ്പാ: ഇബ്നു.എസ്.ഹമീദ്

# മഹ്മൂദ് - മുസ്‌ലിഹ് മൗഊദ്

بسم الله الرحمن الرحيم

نحمده ونصلي علي رسوله الكريم

ബ ഖിദ്മത്ത് അഖ്വീം മഖ്ദൂം വ മുകർറം മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബ് സല്ലമഹുല്ലാഹുതആലാ - السلام عليكم ورحمة الله وبركاته

താങ്കളയച്ച കത്ത് കൈപ്പറ്റി. താങ്കളുടെ ഓരോ വാക്കും വിശ്വാസദൃഢീകരണത്തിന്റെ സംസാരിക്കുന്ന തെളിവാണ്. അല്ലാഹു അവന്റെ ദാസന്മാരെ പരീക്ഷിക്കാതെ വിട്ടുകളയാറില്ല എന്നതും, പരീക്ഷണത്തിന് മുമ്പുള്ള വിശ്വാസത്തെ സ്വീകരിക്കാറില്ല എന്നതും അല്ലാഹുവിന്റെ പണ്ടുമുതലേയുള്ള നടപടിയാണ്.

ബശീർ അവ്വലിന്റെ മരണത്തിൽ ഒരു അതിമഹത്തായ യുക്തി ഇല്ലായിരുന്നുവെങ്കിൽ ബശീർ ഏറെ ദ്രവിച്ച അവസ്ഥയായിരുന്നെങ്കിൽ പോലും റഹീമും കരീമുമായ അല്ലാഹു ജീവിപ്പിച്ചിരുത്തുമായിരുന്നു.

ചിലർ എനിക്കെഴുതിയത്, തങ്ങളുടെ മക്കളെല്ലാം മരിച്ചിട്ടായാലും ബശീർ ജീവിച്ചിരിക്കുകയാണെങ്കിൽ തങ്ങൾക്കതിൽ സങ്കടമില്ലെന്നാണ്.......... അവന്റെ മരണം കൊണ്ടുണ്ടായ ദു:ഖത്തിൽ അല്ലാഹുവിനെ മുൻനിർത്തി പങ്കുചേർന്ന മുഅ്മിനിംകൾക്കും, സ്ഥൈര്യവാൻമാർക്കും അവൻ ഒരു ദൈവിക സുവിശേഷകനായിരുന്നു. പ്രതാപവാനായ അല്ലാഹു കാരുണ്യവർഷവും, ആത്മീയ അനുഗ്രഹങ്ങളും നൽകുന്നത് പല മാർഗങ്ങളിലൂടെയുമാണ്. ആയതിനാൽ ബശീറിന്റെ മരണം മുഅ്മിനീംകൾക്ക് അനുഗ്രഹം നൽകാനുള്ള വഴികളിൽ ഏറെ ഉചിതമായ മാർഗമായിരുന്നു.

ഈ വിനീതനെ വിശ്വസിക്കുന്നവരായാലും വിശ്വസിക്കാത്തവരായാലും എന്നെ മുൽഹം (ഇൽഹാം കിട്ടുന്ന ആളെന്ന്) മനസിലാകുന്നവരാണെങ്കിലും അല്ലെങ്കിലും ബശീറിന്റെ മരണത്തിൽ അല്ലാഹുവിനെ മുൻനിർത്തി മാത്രം അവർക്ക് വേദനയുണ്ടായിട്ടുണ്ടെങ്കിൽ, ബശീർ അവർക്കൊക്കെ മുന്നൊരുക്കുകാരനും, ശിപാർശക്കാരനും ആയിരിക്കും.

1886 ഫെബ്രുവരി 20 ലെ പ്രവചനത്തിൽ പ്രത്യക്ഷത്തിൽ ആ പുത്രനെകുറിച്ചുള്ള പ്രവചനമാണെന്ന് കരുതിയിരുന്നെങ്കിലും വാസ്തവത്തിൽ അത് 2 ആൺകുട്ടികളെ കുറിച്ചുള്ള പ്രവചനമായിരുന്നു. ഈ വിളംബരത്തിലെ ആദ്യവാചകത്തിലെ, - **സുന്ദരനായ പരിശുദ്ധ സുതൻ നിന്റെ വിരുന്നുകാരൻ വരുന്നു. അവന്റെ പേര് ഇമ്മാനുവേൽ എന്നും– ബശീർ എന്നും ആണ്. അവന്ന് പാവനമായ ആത്മാവ് നൽകപ്പെട്ടിരിക്കുന്നു. അവൻ അശുദ്ധികളിൽ നിന്നെല്ലാം പരിശുദ്ധനായിരിക്കും. അവൻ ദൈവത്തിന്റെ പ്രഭ (നൂറുല്ലാഹ്) ആയിരിക്കും. ആകാശത്ത് നിന്ന് വരുന്നവൻ അനുഗൃഹീതൻ** ഈ എല്ലാവരികളിലും ഈ മരിച്ച പുത്രനെ കുറിച്ചാണുള്ളത്. വിരുന്നുകാരൻ എന്ന പദം അവനെക്കുറിച്ചുള്ളതാണ്. അത് അവന്റെ ഏതാനും ദിവസത്തെ ജീവിതത്തിലേക്കാണ് സൂചിപ്പിക്കുന്നത്. കാരണം വിരുന്നുകാരൻ ഏതാനും ദിവസത്തിനുശേഷം പോകുന്നവനും കാണക്കാണെ അപ്രത്യക്ഷനാകുന്നവനുമാണ്. തുടർന്നുള്ള വാചകങ്ങൾ മുസ്‌ലിഹ് മൗഊദിനെകുറിച്ചുള്ളതാണ്. അവസാനം വരെയും അവനെകുറിച്ചുള്ള സ്തുതിയുമാണ്.....

മരിച്ച പുത്രന് വരാനുള്ള പുത്രനുമായി ശക്തമായ ബന്ധമാണുള്ളത്. അവന്വേണ്ടി മുന്നൊരുക്കുകാരനുമാണ്. ......... മറ്റൊരു ഇൽഹാമിൽ രണ്ടാമത്തെ സുതന് ബശീർ എന്നും പേര് വെച്ചിട്ടുണ്ട്. അതുകൊണ്ടാണ് പറഞ്ഞത് രണ്ടാമത്തെ ബശീർ നിനക്ക് നൽകപ്പെടുമെന്ന്. ഈ ബശീറിന്റെ മറ്റൊരുപേര് മഹ്മൂദ് എന്നാണ്. അവനെകുറിച്ച് പറഞ്ഞത്, അവൻ സ്ഥൈര്യവാനും, സൗന്ദര്യത്തിലും, ഔദാര്യത്തിലും നിന്റെ സദൃശ്യനുമായിരിക്കുമെന്നാണ്. യഖ്ലുളു മാ യശാഅ്. (അവൻ ഇച്ഛിക്കുന്നതുപോലെ സൃഷ്ടിക്കുന്നു) ഇതുതന്നെയാണ് യഥാർഥ അവസ്ഥ. ഇതു താങ്കൾക്ക് വേണ്ടിയാണ് എഴുതിയിട്ടുള്ളത്.

എന്റെ കാര്യം ഞാൻ അല്ലാഹുവിൽ അർപ്പിക്കുന്നു. തീർച്ചയായും അല്ലാഹു(തന്റെ എല്ലാ) ദാസരേയും നല്ലപോലെ നോക്കിക്കാണുന്നവനത്രെ (വി.ഖുർആൻ 40 : 45)

4, ഡിസംബർ 1888 വിനീതൻ

ഗുലാം അഹ്മദ്

(ബശീർ അവ്വൽ മരണപ്പെട്ടപ്പോൾ ഹദ്റത് മൗലാനാ ഹകീം നൂറുദ്ദീൻ സാഹിബ്(റ)ന് എഴുതിയ ഒരു നീണ്ട കത്തിൽ നിന്നുള്ള ചില വരികൾ)




# ഖബറിലെ ചോദ്യോത്തരം

**ഖബറിലെ ചോദ്യോത്തരം ആത്മാവുമായിട്ടാണോ, അഥവാ ശരീരത്തിൽ ആത്മാവ് വീണ്ടും സന്നിവേശിപ്പിക്കപ്പെടുമോ എന്ന സന്ദേഹത്തിന് പ്രത്യുത്തരമായി ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു.**

ഖബറിൽ മനുഷ്യരോട് ചോദ്യോത്തരമുണ്ടാകുമെന്ന കാര്യത്തിൽ ഈമാൻ കൊള്ളേണ്ടതാണ്. അതിന്റെ വിശദീകരണവും അവസ്ഥനയും അല്ലാഹുവിലേക്ക് വിടുക. ഇത് ദൈവവുമായിട്ടുള്ള ഒരു വിഷയമാണ്.

അവൻ ഇച്ഛിച്ചിരിക്കുന്നവരോട് അപ്രകാരം ചെയ്യുന്നു. പിന്നെ ഖബർ എന്ന പദം വിശാല അർത്ഥമുള്ളതാണ്. മനുഷ്യൻ മരിക്കുമ്പോൾ, മരണാനന്തരം ദൈവം അവനെ എവിടെ വെക്കുന്നുവോ അതാണ് അവന്റെ ഖബർ. സമുദ്രത്തിൽ മുങ്ങി മരിച്ചാലും കത്തിക്കരിഞ്ഞാലും ഭൂമിയിൽ വെച്ചാണെങ്കിലും ഈ ലോകത്ത് നിന്നുള്ള മനുഷ്യന്റെ വിയോഗത്തെ തുടർന്ന് അവൻ ഖബറിലായിത്തീരുന്നു. അവനോടുള്ള ചോദ്യങ്ങളും വിചാരണകളും ഏത് വിധമായിരിക്കുമെന്ന കാര്യം അല്ലാഹുവാണ് നന്നായി അറിയുന്നവൻ. മനുഷ്യൻ ആ ലോകത്തേക്ക് വേണ്ടി തയ്യാറെടുപ്പ് നടത്തുക. അതിന്റെ അവസ്ഥ അറിയുന്നതിന്റെ പിന്നാലെ പോകാതിരിക്കുക. *(ബദർ 1907 ഫെബ്രുവരി 7 )*

മരിച്ചവർ കേൾക്കുന്നത് സംബന്ധിച്ച് അഹ്മദിയ്യാ ജമാഅത്തിന്റെ വീക്ഷണമിതാണ്. മരണപ്പെട്ടവർക്ക് ഈ ലോകത്തുള്ളവരുടെ സംസാരങ്ങൾ നേരിട്ട് ശ്രവിക്കാൻ സാധിക്കുകയില്ല എന്നതാണ് നമ്മുടെ കാഴ്ചപ്പാട്. എന്നാൽ അല്ലാഹു ഉദ്ദേശിക്കുകയാണെങ്കിൽ ഇവിടെയുള്ളവരുടെ കാര്യങ്ങൾ അവരിലേക്ക് എത്തിക്കാൻ കഴിയുന്നു. ചില സന്ദർഭങ്ങളിൽ പ്രത്യേക ഉദ്ദേശ്യം മുൻനിർത്തി അപ്രകാരമെത്തിക്കുന്നതാണ്. അത് പോലെ അല്ലാഹുവിന്റെ അനുമതിയുടെയും സൗഭാഗ്യത്തിന്റെയും അടിസ്ഥാനത്തിൽ മരിച്ചവർ ഈ ലോകത്തുള്ളവർക്ക് വേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു. എന്നാൽ ഈ വക കാര്യങ്ങൾ അല്ലാഹുവിന്റെ തൃപ്തിയും ഇംഗിതവുമായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു. അതിനാൽ ഇത് സംബന്ധമായി ശരീഅത്ത് അനുവദിച്ചിട്ടുള്ളതും വ്യക്തമാക്കിയിട്ടുള്ളതുമായ മാർഗ്ഗം സ്വീകരിക്കേണ്ടതാണ്. ഉദാഹരണമായി മരിച്ചവർക്ക് വേണ്ടി പ്രാർത്ഥിക്കുക. അവർക്ക് പുണ്യം എത്തിക്കുന്നതിനായി ആചാരസമ്പ്രദായങ്ങളിൽ നിന്നും അകന്ന് കൊണ്ട് ദാനധർമ്മങ്ങൾ ചെയ്യുക. ഇപ്രകാരം അല്ലാഹു ഇച്ഛിക്കുകയാണെങ്കിൽ മരണപ്പെട്ടവർക്കും ഇത് സംബന്ധമായ വിവരം ലഭിക്കുകയും അവരും അല്ലാഹു നൽകിയ സൗഭാഗ്യമനുസരിച്ച് തങ്ങളുടെ വിട്ട് പോയവർക്ക് വേണ്ടി പ്രാർത്ഥിക്കുന്നതുമായിരിക്കും. എന്നാൽ മരിച്ചവരെ നേരിട്ട് സംബോധന ചെയ്യുകയും അവരോട് ഇക്കാര്യത്തിനായി തങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കണമെന്ന് പറയുകയും ചെയ്യുന്നത് ഒരു വിധത്തിലുള്ള ശിർക്കാകുന്നു. ഇത് ഇസ്‌ലാം ഇഷ്ടപ്പെടുന്നില്ല.

*അവ.ഫിഖ്ഹ് അഹ്മദിയ്യാ ആശയാനുവാദം: ടി.കെ.മഹ്മൂദ്,കൽക്കുളം*

## നമുക്ക് താരതമ്യം ചെയ്യാം

ആഫ്താബ്

ٱلۡخَبِيثَٰتُ لِلۡخَبِيثِينَ وَٱلۡخَبِيثُونَ لِلۡخَبِيثَٰتِۖ وَٱلطَّيِّبَٰتُ لِلطَّيِّبِينَ وَٱلطَّيِّبُونَ لِلطَّيِّبَٰتِۚ
أُوْلَٰٓئِكَ مُبَرَّءُونَ مِمَّا يَقُولُونَۖ لَهُم مَّغۡفِرَةٞ وَرِزۡقٞ كَرِيمٞ ٢٧ 24:27

# നല്ലതും കെട്ടതും

### സൗഊദി അറേബ്യ

ദുഷിച്ച സ്ത്രീകൾ ദുഷിച്ച പുരുഷന്മാർക്കും ദുഷിച്ച പുരുഷന്മാർ ദുഷിച്ച സ്ത്രീകൾക്കുമാകുന്നു. നല്ല സ്ത്രീകൾ നല്ല പുരുഷന്മാർക്കും നല്ല പുരുഷന്മാർ നല്ല സ്ത്രീകൾക്കുമാകുന്നു. ഇവർ പറഞ്ഞുണ്ടാക്കുന്ന കാര്യത്തിൽ അവർ (നല്ല വർ) നിരപരാധരാകുന്നു...*(വിശുദ്ധ ഖുർആൻ സമ്പൂർണ മലയാളപരിഭാഷ യ്യ ചെറിയ മുണ്ടം അബ്ദുൽ ഹമീദ്, കുഞ്ഞിമുഹമ്മദ് പരപ്പൂർ. പ്രസാ: മലിക് ഫഹദ് ഖുർആൻ പ്രിന്റിംഗ്പ്രസ്)*

### ജമാഅത്തെ ഇസ്‌ലാമി

കെട്ട സ്ത്രീകൾ കെട്ട പുരുഷർക്കുള്ളവരാകുന്നു. കെട്ട പുരുഷന്മാർ കെട്ട സ്ത്രീകൾക്കും. പരിശുദ്ധകളായ സ്ത്രീകൾ പരിശുദ്ധരായ പുരുഷന്മാർക്കും പരിശുദ്ധരായ പുരുഷന്മാർ പരിശുദ്ധകളായ സ്ത്രീകൾക്കുമുള്ളവരാകുന്നു. അവരുടെ സദാചാരം, ആളുകൾ പറയുന്ന ദൂഷണങ്ങളിൽ നിന്നൊക്കെയും മുക്തമാകുന്നു... *(ഖുർആൻ ഭാഷ്യം, By മൗലാനാ മൗദൂദി, ഐ.പി.എച്ച്. കോഴിക്കോട്)*

### കേരള നദ്‌വത്തുൽ മുജാഹിദീൻ

ദുഷിച്ച സ്ത്രീകൾ ദുഷിച്ച പുരുഷന്മാർക്കും ദുഷിച്ച പുരുഷന്മാർ ദുഷിച്ച സ്ത്രീകൾക്കുമാകുന്നു. ശുദ്ധകളായ സ്ത്രീകൾ ശുദ്ധരായ പുരുഷന്മാർക്കും ശുദ്ധരായ പുരുഷന്മാർ ശുദ്ധകളായ സ്ത്രീകൾക്കുമാകുന്നു. (ശുദ്ധരായ) ആ കൂട്ടർ (ദുഷ്ടന്മാരായ) ഇവർ പറഞ്ഞുവരുന്നതിൽ (ആരോപണങ്ങളിൽ) നിന്ന് ഒഴിവാക്കപ്പെട്ടവരാണ്. *(വിശുദ്ധ ഖുർആൻ വിവർത്തനം : By അമാനി മൗലവി, കെ. എൻ.എം. കോഴിക്കോട്)*

### അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത്

ചീത്തക്കാര്യങ്ങൾ ചീത്തയാളുകൾക്കുള്ളതാണ്. ചീത്തയാളുകൾ ചീത്തക്കാര്യങ്ങൾക്കുമുള്ളവരാണ്. നല്ല കാര്യങ്ങൾ നല്ലയാളുകൾക്കുള്ളതാണ്. നല്ലയാളുകൾ നല്ല കാര്യങ്ങൾക്കുമുള്ളവരാണ്. അക്കൂട്ടർ അവർ (ശത്രുക്കൾ) പറയുന്നതിൽ നിന്നും മുക്തരും നിരപരാധികളുമാണ്. അവർക്ക് പാപപ്പൊറുതിയും മാന്യമായ ആഹാരവുമുണ്ട്.

പൊതുവെ വ്യാഖ്യാതാക്കൾ ഈ ആയത്തിന് അർഥം പറയുന്നത്, ചീത്ത സ്ത്രീകളെ ചീത്ത പുരുഷന്മാരും ചീത്ത പുരുഷന്മാരെ ചീത്ത സ്ത്രീകളും അതുപോലെ നല്ല സ്ത്രീകളെ നല്ല പുരുഷന്മാരും നല്ല പുരുഷന്മാരെ നല്ല സ്ത്രീകളും മാത്രമേ വിവാഹം കഴിക്കുകയുള്ളൂ എന്നാണ്. എന്നാൽ ഇത് ശരിയല്ല, കാരണം ഒരു ദുർന്നടപ്പുകാരിയായ സ്ത്രീ തന്റെ സ്ഥിതി ഗോപ്യമാക്കിവെച്ചുകൊണ്ട് ഒരു നല്ല പുരുഷനെ വിവാഹം ചെയ്യുന്നതായാൽ അയാൾക്കെന്തുകുറ്റം? അപ്രകാരം തന്നെ നേരെ മറിച്ചും. അതിനാൽ ഇതിന്റെ ശരിയായ അർഥം, ചീത്തക്കാര്യങ്ങൾ ചീത്ത ആളുകൾക്കും ചീത്ത ആളുകൾ ചീത്തക്കാര്യങ്ങൾക്കും ചേർന്നതാണ്. അതുപോലെതന്നെ നല്ല കാര്യങ്ങൾ നല്ല ആളുകൾക്കും നല്ല ആളുകൾ നല്ല കാര്യങ്ങൾക്കും ചേർന്നതാണ് എന്നാണ്. അതായത്, സാത്വികരായി പരക്കെ അറിയപ്പെട്ട ആളുകളുടെ മേൽ ദുരാരോപണം ചെയ്യുന്നതും അതു കേട്ടാൽ വിശ്വസിക്കുന്നതും ശരിയല്ല. അത്തരം സൽപേരുള്ള ആളുകൾ സാധാരണനിലയിൽ സൽപ്രവൃത്തികൾ മാത്രമേ ചെയ്യുകയുള്ളൂ. അവർ ദുഷ്പ്രവൃത്തികളിൽ അകപ്പെടുകയില്ലെന്ന നല്ല ധാരണതന്നെയാണ് വച്ചു പുലർത്തേണ്ടത്. അതിനാൽ ഹദ്റത്ത് ആയിശ(റ)യേയും ഹ. സഫ്‌വാൻ(റ)യേയും സംബന്ധിച്ച തെറ്റുധാരണയുടെ അടിസ്ഥാനത്തിൽ ചിലർ ആരോപണം കെട്ടിച്ചമച്ചുണ്ടാക്കിയതും കേട്ടവർ അത് വിശ്വസിച്ചു പ്രചരിപ്പിച്ചതും തെറ്റായിപ്പോയെന്ന് ഈ വചനം പഠിപ്പിക്കുന്നു.



## വിജ്ഞാനവേദി

ഹ:ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ് )

### നബി(സ) ഖാത്തമുന്നബിയ്യീൻ ആയിരിക്കെ ഇമാം മഹ്ദിയെ നബിയെന്ന് അംഗീകരിക്കുന്നതിൽ എന്ത് സാംഗത്യമാണുള്ളത്?

ഈ ചോദ്യം നേരത്തേയും ചർച്ച ചെയ്യപ്പെട്ടിട്ടുണ്ട്. ആയത്ത് ഖാത്തമുന്നബിയ്യീൻ ആരുടെ ശ്രേഷ്ഠതക്ക് വേണ്ടിയാണോ അവതരിപ്പിച്ചത് ആ തിരുനബിയാണ്, തനിക്ക് ശേഷം ഒരു നബിവരുമെന്ന് പ്രവചിക്കുന്നത്. മുസ്‌ലിമിലെ ഹദീസിൽ 4 തവണ നബിയുല്ലാഹ് എന്ന് പറയുകയു ചെയ്തിട്ടുണ്ട്. നബി(സ), അദ്ദേഹത്തെ നബിയുല്ലാഹ് എന്ന് പറയുമ്പോൾ അതേ അർഥത്തിൽ വിശ്വസിക്കാതെ തരമില്ല. അത് ഖാത്തമുന്നബിയ്യീൻ ആയത്തിന് എതിരുമല്ല.

മറ്റൊന്ന് ഇമാം മഹ്ദിയെക്കുറിച്ചുള്ള നിങ്ങളുടെ വീക്ഷണഗതിയും നബി ആണെന്നുതന്നെയാണ്. അതുകൊണ്ട് തന്നെ നബി എന്ന് പറയുന്നതിൽ എന്ത് പ്രശ്നമാണുള്ളത്?

നിങ്ങളുടെ വിശ്വാസത്തെ നല്ലപോലെ മനസിലാക്കുകയും, പ്രതീക്ഷിക്കപ്പെടുന്ന ഇമാം മഹ്ദിയിൽ നബിയുടെ രണ്ട് ഗുണങ്ങൾ ഇല്ലേയെന്നും നോക്കുക. അതായത്, 1. അദ്ദേഹത്തെ അല്ലാഹു, ഇൽഹാം മുഖേനയാണ് നിയമിക്കുക. 2. അദ്ദേഹത്തിൽ വിശ്വസിക്കേണ്ടത് നിർബന്ധമാണ്.

വിശുദ്ധ ഖുർആൻ പാരായണം ചെയ്തു നോക്കുക, മനുഷ്യൻമാരിൽ നബിമാരെയല്ലാതെ ആരിലും വിശ്വസിക്കൽ അനിവാര്യമാക്കിയിട്ടില്ല.

നോക്കുക, മലക്കുകളിൽ വിശ്വസിക്കണം. ദൈവികഗ്രന്ഥങ്ങളിൽ വിശ്വസിക്കണം. മനുഷ്യന്മാരിൽ നബിമാരെവിശ്വസിക്കുന്നതും നിർബന്ധമാക്കിയിരിക്കുന്നു. നബി അല്ലാത്ത ആരിലും വിശ്വസിക്കേണ്ടത് നിർബന്ധമാക്കിയിട്ടില്ല.

ഈ രണ്ട് സവിശേഷതകളും നബിക്കുള്ളതാണ്. ഞങ്ങളുടെ വിശ്വാസം തന്നെയാണ് നിങ്ങളുടെതും. വെറും വിശ്വാസത്തിൽ വ്യത്യാസമുണ്ടാകാമെങ്കിലും, പേരിന്റെ കാര്യത്തിൽ വ്യത്യാസമുണ്ടാകുന്നതല്ല.

നിങ്ങൾ മഹ്ദി ഇമാമിനെ നബിയെന്ന് പറയുന്നില്ലെങ്കിലും അദ്ദേഹത്തെക്കുറിച്ച് വിശ്വസിക്കുന്നത്, അല്ലാഹു അദ്ദേഹത്തെ നിയോഗിക്കുമെന്നും അദ്ദേഹത്തിൽ വിശ്വസിക്കേണ്ടത് അനിവാര്യമാണെന്നുമാണ്. നുബുവ്വത്തിന്റെ ഈ വിവക്ഷയനുസരിച്ച് ഞങ്ങൾ ഹദ്റത് വാഗ്ദത്ത മസീഹ് (അ)നെ നബിയാണെന്ന് അംഗീകരിക്കുന്നു. അതായത് ദൈവിക വചനങ്ങളിൽ ഈ രണ്ട് സംഗതികളാണുള്ളത്. അത് രണ്ടും ഞങ്ങൾ അംഗീകരിക്കുന്നു.

ഈ രണ്ട് സംഗതികൾ കുഫ്ർ ആണെങ്കിൽ ഇന്നല്ലെങ്കിൽ നാളെ ഇമാം മഹ്ദി വരുമ്പോൾ അദ്ദേഹത്തെ അംഗീകരിച്ചുകൊണ്ട് നിങ്ങൾ കാഫിറാവുന്നതാണ്. അന്നും ഈ രണ്ട് സംഗതികളും ഉണ്ടായിരിക്കുന്നതാണ്. അതുകൊണ്ട് തന്നെ നമുക്ക് അഭിപ്രായ വ്യത്യാസമേ ഇല്ല. ഖാത്തമുന്നബിയ്യീനെക്കുറിച്ച് ഞങ്ങളുടെ വിശദീകരണം തന്നെയാണ് നിങ്ങൾക്കുമുള്ളത്. പക്ഷേ, ശരിയായി കാണാനും സത്യം വാക്കുകൾകൊണ്ട് പ്രഖ്യാപിക്കാനും നിങ്ങൾക്ക് ആർജവമില്ലെന്ന് മാത്രം. (മജ്‌ലിസ് ഇർഫാൻ 27.2.1983)

*സമ്പാ : അബൂസബാഹ്.*

# മജ്‌ലിസ് മുശാവറത്ത്



## ചരിത്രം

ഖിലാഫത്തിന് കീഴിൽ ഏറ്റവും വിശുദ്ധമായ സ്ഥാപനമാണ് മജ്‌ലിസ് മുശാവറത്ത്.
ശൂറ, മശ്‌വറ എന്ന് പറയുന്നത് അഭിപ്രായത്തിനാണ്.
മുശാവറ എന്നാൽ പരസ്പരം അഭിപ്രായം നൽകുക എന്നാണ് വാക്കർഥം.
ഹ. മസീഹ് മൗഊദ്(അ)1891 ൽ ജൽസാ സാലാനാ ആരംഭിച്ചു. ആ ജൽസയിൽ 75 പേരാണ് പങ്കെടുത്തത്. പ്രസ്തുത ജൽസയിൽ തന്നെയാണ് ജമാഅത്തിന്റെ ഭാവി പരിപാടികൾ സംബന്ധമായി ചർച്ചകളും നടന്നത്.
തുടർന്ന് എല്ലാ വർഷവും ജൽസയോടനുബന്ധിച്ച് കൂടിയാലോചനകൾ നടന്നിരുന്നു.
1922-ൽ ഹദ്റത് ഖലീഫത്തുൽ മസീഹ് സാനി(റ) ആദ്യമായി കൃത്യമായ രീതിയിൽ മജ്‌ലിസ് ശൂറയുടെ സംവിധാനത്തിന് ആരംഭം കുറിച്ചു.

## ഹദ്റത് ഖലീഫത്തുൽ മസീഹ് റാബിഅ് (റഅ്) പറയുന്നു:

ഇന്ന് നാം കാണുന്ന മജ്‌ലിസ് ശൂറയുടെ വ്യവസ്ഥിതി യഥാർഥത്തിൽ ഹ: മുസ്‌ലിഹ് മൗഊദ്(റ) 1922ലാണ് ആരംഭിച്ചത്.
1922-ൽ മജ്‌ലിസ് ശൂറ, ഒരു ഇൻസ്റ്റിറ്റ്യൂഷൻ എന്ന നിലക്ക് നിലവിൽവന്നു. അത്തരം ഒരു ഇൻസ്റ്റിറ്റ്യൂഷൻ അനിവാര്യമായിരുന്നുവെന്ന് പിന്നീടുള്ള സംഭവങ്ങൾ വ്യക്തമാക്കുകയും ചെയ്യുന്നു. കാരണം സാമ്പത്തിക വിഷയങ്ങൾ എത്തിച്ചേർന്നിരിക്കുന്ന അവസ്ഥകളെപറ്റി യാദൃശ്ചികമായി ആരോടെങ്കിലും അഭിപ്രായമാരാഞ്ഞാൽ മതിയാവുന്നതല്ല. മറിച്ച് ചന്ദ കൊടുത്ത മുഴുവൻ ജമാഅത്തിനേയും വിശ്വാസത്തിലെടുക്കേണ്ടതും അതേ കുറിച്ചുള്ള തീരുമാനത്തിൽ അവരുടെ അഭിപ്രായം തേടേണ്ടതും അനിവാര്യമായിരുന്നു. ഈ മജ്‌ലിസ് ശൂറ ഇന്ന് പുഷ്പിക്കുകയും കായ്ക്കുകയും ചെയ്ത് അല്ലാഹുവിന്റെ അനുഗ്രഹത്താൽ ലോകത്തുള്ള രാജ്യങ്ങളിലെല്ലാം ഇത്തരത്തിലുള്ള ശൂറ സ്ഥാപിക്കപ്പെട്ടിരിക്കുന്നു. (ഖുത്ബ 31.3.1995)
വ്യവസ്ഥാപിതമായ രീതിയിൽ ആദ്യത്തെ മജ്‌ലിസ് ശൂറ 1922 ഏപ്രിൽ 15,16 തിയ്യതികളിൽ ചേർന്നു.

## തീരുമാനം

ഹ. മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു:
ഇസ്‌ലാമീ ശരീഅത്തീ നിയമമനുസരിച്ച് ഏതെങ്കിലും കാര്യത്തിൽ തീരുമാനത്തിനുള്ള അവകാശം ഖലീഫക്ക് മാത്രമാണ്. മറ്റുള്ളവരുടെ ജോലി അഭിപ്രായം നൽകുകയാണ്. ആയതിനാൽ മജ്‌ലിസ് മുശാവറത്ത് തീരുമാനമൊന്നും എടുക്കുന്നില്ല. മറിച്ച് അഭിപ്രായമാണ് നൽകുന്നത്. തീരുമാനം ഖലീഫയാണ് എടുക്കുക. (മജ്‌ലിസ് മുശാവറത്ത് 1930)

## ചർച്ച ചെയ്യുന്ന വിഷയങ്ങൾ

ഹുസൂർ (റ) പറയുന്നു.
ഞാൻ കൂടെ കൂടെ പറഞ്ഞുകൊണ്ടിരുന്നത്, മജ്‌ലിസ് ശൂറയിൽ, ജനങ്ങളുടെ ചെലവഴിക്കലുമായി ബന്ധപ്പെട്ട സംഗതികളാണ് ചർച്ച ചെയ്യേണ്ടതെന്നാണ്. ജമാഅത്തിന് ഒരു ബാധ്യതയും ഇല്ലാത്ത കാര്യങ്ങൾ മജ്‌ലിസ് ശൂറയിൽ അവതരിപ്പിക്കുന്നത് തികച്ചും വ്യർഥമാണ്.
ഒരു അഭിപ്രായത്തിൽ എഴുതിയിരിക്കുന്നത്, നബി(സ)ന്റെയും ഹ. മസീഹ് മൗഊദ്(അ)ന്റെയും ജീവിതവും, ജമാഅത്തിനെക്കുറിച്ച് പരിചയപ്പെടുത്താൻ അനിവാര്യമായ കാര്യങ്ങൾ ഇംഗ്ലീഷിൽ പ്രത്യേകമായും മറ്റ് ഭാഷകളിൽ പൊതുവായും തർജുമ ചെയ്യണമെന്നും, ഹ. മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങൾ തർജുമ ചെയ്യണമെന്നും ഇക്കാര്യത്തിൽ, വളണ്ടിയറിയായി സഹോദരങ്ങളുടെ സേവനം സ്വീകരിക്കണമെന്നുമാണ്. എന്റെ വീക്ഷണത്തിൽ ഇത് മജ്‌ലിസ് ശൂറയിൽ വെക്കേണ്ട കാര്യം തന്നെയല്ല. ഇത് വകുപ്പ് കാര്യദർശി (നാസിർ) യുമായി മാത്രം ബന്ധപ്പെട്ട സംഗതിയാണ്. അദ്ദേഹത്തിന്റെ വീക്ഷണത്തിൽ അത് ചെയ്യേണ്ടത് അനിവാര്യമാണെങ്കിൽ ഉടൻ തന്നെ അത് പ്രവർത്തിപഥത്തിൽ കൊണ്ടുവരണം. അത് ചെയ്യുന്നതിൽ ആരാണ് അദ്ദേഹത്തെ തടയുന്നത്? ചുരുക്കത്തിൽ ഈ അഭിപ്രായം ശൂറയിൽ അവതരിപ്പിക്കുന്നത് സമയം നഷ്ടപ്പെടുത്തലാണ്.
(റിപ്പോർട്ട് മജ്‌ലിസ് മുശാവറത്ത് 1940,പേ:6)
മറ്റൊരു അഭിപ്രായം തബ്‌ലീഗ് ഡിപ്പാർട്ട്മെന്റിന് ഒരു സബ് കമ്മിറ്റി ഉണ്ടാകുന്നതിനെ കുറിച്ചായിരുന്നു.
ഹുസൂർ (റ) പറഞ്ഞു:
ഈ അഭിപ്രായത്തിന് ശൂറയുമായി ഒരു ബന്ധവുമില്ല. നാസിർ (കാര്യദർശി) സാഹിബിന് ഉപദേശം നൽകാൻ മറ്റൊരു കമ്മിറ്റി ഉണ്ടാവുകയാണെങ്കിൽ ജമാഅത്തിന് അതിൽ ഒരു ആക്ഷേപവുമില്ല.
ഇവിടെ ചർച്ച ചെയ്യുന്നത്, ജമാഅത്തിന്



ബാധ്യതയോ അല്ലെങ്കിൽ ജമാഅത്തിൽ നിന്ന് പൈസ സ്വരൂപിക്കേണ്ടതുമായ സംഗതികളെക്കുറിച്ചാണ്. മറ്റ് സംഗതികൾക്ക് ശൂറയുമായി ബന്ധമൊന്നുമില്ല. തഹജ്ജുദ് നമസ്കാരം മസ്ജിദ് മുബാറക്കിൽ അനുഷ്ഠിക്കണമെന്ന് ആരെങ്കിലും ആഗ്രഹിക്കുന്നുവെന്നിരിക്കട്ടെ. ശൂറയിൽ അവതരിപ്പിക്കണമെന്ന് പറഞ്ഞാൽ അതിന് ജമാഅത്തുമായി എന്ത് ബന്ധമാണുള്ളത്? അയാൾ നമസ്കരിക്കണമെങ്കിൽ നമസ്കരിക്കട്ടെ.
(റിപ്പോർട്ട് മജ്. മുശാവറത്ത് 1944 പേജ് :74)

*സമ്പാ : എച്ച്.എസ്*



# ദീർഘായുഷ്മാൻ


**ഹദ്റത് മുസ്‌ലിഹ് മൗഊദ്(റ)**

ദൈവത്തിന്റെ തണൽ അവന്റെ തലയ്ക്കുമുകളിൽ ഉണ്ടായിരിക്കുന്നതാണ്.അതായത് അല്ലാഹു അവന്റെ രക്ഷകനും സഹായിയുമായിരിക്കും. അവനെ ശത്രുക്കളുടെ അക്രമണങ്ങളിൽ നിന്ന് രക്ഷിക്കുന്നതുമാണ്. ഇനി, ഈ ദിവ്യ വെളിപാടിന്റെ സത്യതയ്ക്കായി അല്ലാഹു എപ്രകാരമാണ് നിരന്തരമായി എന്നെ സംരക്ഷിക്കുകയും സഹായിക്കുകയും ചെയ്തതെന്ന് നോക്കുക. മനുഷ്യകരങ്ങളാൽ ഞാൻ മരിക്കുകയില്ല എന്ന് എനിക്ക് പറയാൻ സാധിക്കത്തക്ക യാതൊരു വെളിപാടും ഇതുവരെ എനിക്കുണ്ടായിട്ടില്ല. എന്നിരുന്നാലും, ഏതുവരെ എന്റെ ജോലി അവശേഷിക്കുന്നുവോ ആർക്കും തന്നെ എന്നെ വധിക്കുവാൻ സാധ്യമല്ല എന്ന ദൃഢവിശ്വാസത്തിൽ ഞാൻ നിലകൊള്ളുന്നു. ജനങ്ങൾ എന്നെ നശിപ്പിക്കുവാൻ ആഗ്രഹിക്കുകയും എന്നാൽ അല്ലാഹു തന്റെ പ്രത്യേക കാരുണ്യത്താൽ ആ അക്രമണങ്ങളിൽ നിന്നെല്ലാം എന്നെ സംരക്ഷിക്കുകയുണ്ടായി എന്നതിന് അനേകം സംഭവങ്ങൾ എന്റെ ജീവിതത്തിൽ ഉണ്ടായിട്ടുണ്ട്.

**ഒന്നാമത്തെ സംഭവം:** കഴിഞ്ഞ ജൽസയിലെ സംഭവമാണ്. പ്രഭാഷണമദ്ധ്യേ തൊണ്ട ശരിയാക്കുന്നതിന്നായി ചുടുചായയുടെ ഒന്ന് രണ്ട് കവിൾ കുടിച്ചുകൊണ്ടിരിക്കുക എന്നത് എന്റെ ശീലമാണ്. ഞാൻ ജൽസയിൽ പ്രഭാഷണം നടത്തിക്കൊണ്ടിരിക്കുകയായിരുന്നു. അതിനിടയിൽ ജൽസാനഗറിൽ നിന്നുള്ള ഏതോ ഒരു വ്യക്തി ഒരു പാത്രം പാൽപ്പാട നീട്ടിക്കൊണ്ട് പറഞ്ഞു, ഇത് വേഗത്തിൽ ഹദ്റത്ത് സാഹിബിനെത്തിക്കുക. കാരണം പ്രഭാഷണം ചെയ്തു ചെയ്തു ക്ഷീണിച്ചിരിക്കുന്നു. അങ്ങിനെ ഒരാൾ രണ്ടാമത്തെയാൾക്ക് അയാൾ മൂന്നാമത്തെയാൾക്ക് അയാൾ നാലാമത്തെയാൾക്ക് അങ്ങിനെ കൈമാറിമാറി ആ പാത്രം എത്തിക്കുവാൻ തുടങ്ങുകയും അവസാനം അത് സ്റ്റേജിലെത്തുകയും ചെയ്തു. സ്റ്റേജിലുള്ള ഒരു വ്യക്തിക്ക് യാദൃശ്ചികമായി എന്തോ തോന്നുകയും അദ്ദേ ഹം പരിശോധനാർത്ഥം അല്പം രുചിച്ചുനോക്കുകയും ചെയ്തു. അപ്പോൾ അദ്ദേഹത്തിന്റെ നാവ് പൊള്ളിപ്പോയി. അപ്പോഴാണ് അതിൽ വിഷം കലർത്തിയിട്ടുണ്ടെന്ന് മനസ്സിലായത്. ഇനി ആ പാത്രം എന്റെ പക്കൽ എത്തുകയും ഞാനതിൽ നിന്ന് കഴിക്കുകയും ചെയ്തിരുന്നുവെങ്കിൽ മറ്റൊന്നും തന്നെ സംഭവിച്ചാലും ഇല്ലെങ്കിലും പ്രഭാഷണം എന്തായാലും നിന്നേനേ.

**രണ്ടാമത്തെ സംഭവം:** ഒരിക്കൽ ഖാദിയാനിൽ ജെ. മാത്യൂസ് എന്നു പേരുള്ള ഒരു പ്രാദേശിക ക്രിസ്ത്യാനി വരികയുണ്ടായി. എന്നെ വധിക്കുക എന്നതായിതുന്നു അയാളുടെ ലക്ഷ്യം. പരാജിതനായി ഇവിടെ നിന്നു മടങ്ങിയ അയാൾ ഭാര്യയോട് എന്തോ കാര്യത്തിൽ കലഹിക്കുകയും അയാൾ അവരെ കൊല്ലുകയും ചെയ്തു. തുടർന്ന് കോടതിൽ കേസ് നടന്നു. സെഷൻ കോടതിയിൽ അയാൽ നടത്തിയ പരാമർശം ഇപ്രകാരമായിരുന്നു, യഥാർത്ഥത്തിൽ ഞാനെന്റെ ഭാര്യയെ കൊല്ലാൻ ഉദ്ദേശിച്ചിരുന്നില്ല. മറിച്ച്, മിർസാ സാഹിബിനെ കൊല്ലാനാണ് ഞാനാഗ്രഹിച്ചിരുന്നത്. ഞാൻ ഏതോ ഒരിടത്ത് ഒരു മൗലവിയുടെ പ്രസംഗം കേൾക്കുകയുണ്ടായി. അയാ ൾ പറയുകയായിരുന്നു, ഖാദിയാനിലെ മിർസാ സാഹിബ് വളരെ മോശമായ ആളാണ്. അയാളിൾ ഇന്ന ഇന്ന തിന്മകളുണ്ട്. പ്രസംഗശേഷം ഖാദിയാനിൽ പോയി മിർസാ സാഹിബിനെ കൊല്ലുന്നതാണെന്ന് ഞാൻ തീരുമാനിച്ചു. അങ്ങിനെ തോക്കുമായി ഞാൻ ഖാദിയാനിലേക്ക് പുറപ്പെട്ടു. യാദൃശ്ചികമായി അന്ന് ജുമുആ ദിവസമായിരുന്നു. ജുമുആ ഖുതുബ സമയത്ത് ധാരാളം ആളുകൾ ഒരുമിച്ചു കൂടിയിരുന്നതിനാൽ എനിക്ക് അദ്ദേഹത്തെ ആക്രമിക്കുവാനുള്ള ധൈര്യം ഉണ്ടായില്ല. അടുത്ത ദിവസം അദ്ദേഹം പേറോചേചിയിൽ പോയിരിക്കുന്നു എന്ന് കേട്ടപ്പോൾ ഞാൻ തോക്കെടുത്ത് അദ്ദേഹത്തിനു പിന്നാലെ പേറോചേചിയിൽ എത്തി. അവിടെ വെച്ച് എളുപ്പത്തിൽ എന്റെ ലക്ഷ്യം പ്രാപിക്കാൻ കഴിയും എന്ന് ഞാൻ കണക്കുകൂട്ടി. എന്നാൽ അവിടേയും മുഴുസമയത്തും അദ്ദേഹത്തിന്റെ വാതിൽക്കൽ കാവൽക്കാർ ഇരിക്കുന്നതായി കണ്ടപ്പോൾ ഞാൻ മടങ്ങിവന്നു. വീട്ടിൽ വന്നതിനു ശേഷം എന്റെ ഭാര്യയുമായി എന്തോ കാര്യത്തിൽ വഴക്കുണ്ടാകുകയും അങ്ങിനെ ഞാനവളെ കൊല്ലുകയും ചെയ്തു. ഈ മുഴുവൻ സംഭവവും അയാൾതന്നെ കോടതിയിൽ പറഞ്ഞതാണ്. എന്നാൽ ആരെല്ലാം എന്തെല്ലാം ഉദ്ദേശ്യവുമായി നമ്മുടെ അടുക്കൽ വരുന്നു എന്നതിനെ സംബന്ധിച്ച് നമുക്ക് യാതൊരു അറിവും ഉണ്ടായിരുന്നില്ല. എന്നിരുന്നാലും എല്ലാ അവസരങ്ങളിലും അല്ലാഹു സംരക്ഷണം നൽകുകയും അക്രമിക്കുന്നതിൽ നിന്ന് അയാളെ പരാജയപ്പെടുത്തുകയും ചെയ്തു.

**മൂന്നാമത്തെ സംഭവം:** അഹ്റാറികളുടെ കലാപം നടക്കുന്ന സമയത്തുള്ളതാണ്. എന്റെ വീടായ ദാറുൽ ഹംദിൽ ഞാനുണ്ടായിരുന്ന വേളയിൽ ഒരു അഫ്ഗാനി പയ്യൻ വന്നുകൊണ്ട് ഞാൻ താങ്കളെ കാണാൻ ആഗ്രഹിക്കുന്നു എന്ന് പറയുകയുണ്ടായി. എന്റെ ചെറിയ കുട്ടി വന്ന് കൊണ്ട് ഒരു പയ്യൻ താങ്കളെ കാണാൻ ആഗ്രഹിക്കുന്നു എന്ന് പറയഞ്ഞു. ഞാൻ പുറത്തേക്ക് കടക്കാൻ തുടങ്ങിയപ്പേൾ ഒരു ബഹളം കേട്ടു. എന്ത് ബഹളമാണ് എന്ന് ചിന്തിച്ച് ഞാൻ ആശ്ചര്യപ്പെട്ടു. അങ്ങിനെ ഞാൻ അന്വേഷിച്ചപ്പോൾ മനസ്സിലായത്, ഈ പയ്യൻ വധിക്കുവാനുള്ള ഉദ്ദേശ്യവുമായാണ് വന്നത്. എന്നാൽ അബ്ദുൽ അഹദ് സാഹിബ് അവനെ പിടികൂടി. അവനിൽ നിന്ന് ഒരു കത്തിയും കണ്ടെടുത്തു. അവൻ കൊല്ലാനായിട്ടാണ് വന്നതെന്ന് താങ്കൾക്കെങ്ങിനെ മനസ്സിലായി എന്ന് അബ്ദുൾ അഹദ് സാഹിബിനോട് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു, അവൻ പഠാനായിരുന്നു. പഠാന്റെ സ്വഭാവത്തെക്കുറിച്ച് എനിക്ക് നല്ലവണ്ണം അറിയാം. സംസാരമദ്ധ്യേ അവൻ തന്റെ കാല് ഇങ്ങനെ ഇളക്കിയപ്പോൾ ഉടൻ തന്നെ അവൻ കത്തി ഒളിപ്പിച്ചു വെച്ചിട്ടുണ്ടെന്ന് എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞു. അങ്ങിനെ ഞാൻ കയ്യിട്ടപ്പേൾ കത്തി കിട്ടി. പോലീസ് കേസെടുത്തു. താൻ കൊല്ലുക എന്ന ഉദ്ദേശത്തോടുകൂടിയായിരുന്നു വന്നതെന്ന് അയാൾ ഏറ്റു പറഞ്ഞെന്നും തോന്നുന്നു.



(ഈ അവസരത്തിൽ ഹുസൂർ പറയുകയുണ്ടായി, മേജർ സയ്യദ് ഹബീബുല്ലാഹ് ശാഹ് സാഹിബ് പറയുന്നു, ഞാൻ ഓഫീസറായി ഉണ്ടായിരുന്ന ജയിലിലായിരുന്നു അയാളെ തടവിലിട്ടത്. അയാൾ പറഞ്ഞത് ഞാൻ അദ്ദേഹത്തെ കൊല്ലുവാനായി ധരംശാല വരെ പോയിരുന്നു. എന്നാൽ ഞാനതിൽ വിജയിച്ചില്ല. അവസാനം ഞാൻ ഖാദിയാനിൽ എത്തുകയും അവിടെ വെച്ച് പിടിക്കപ്പെടുകയും ചെയ്തു.)

**നാലാമത്തെ സംഭവം:** ഒരിക്കൽ ഉമ്മെത്വാഹിറിന്റെ വീടിന്റെ മതിൽ ചാടിക്കടന്ന് ഒരാൾ അകത്ത് കടക്കാൻ ശ്രമിച്ചു. ജനങ്ങൾ അയാളെ പിടികൂടി. പോലീസുകാർ നമുക്കെതിരായിരുന്ന കാരണത്താൽ ഭ്രാന്തനാണ് എന്നും പറഞ്ഞ് അയാളെ വിട്ടയച്ചു.

**അഞ്ചാമത്തെ സംഭവം:** ഇന്നലെ ഞങ്ങളുടെ വീട്ടിലുണ്ടായിരുന്ന പാലിൽ ആരോ എന്തോ കലർത്തിയെന്ന് എന്റെ ഭാര്യക്ക് സംശയം ജനിച്ചു. ആ സംശയത്താൽ ഈ പാല് ആരും ഉപയോഗിക്കരുത് എന്നു പറയുകയും ചെയ്തു. ഇതിനെ കുറിച്ച് അറിവില്ലാഞ്ഞിട്ടോ അല്ലെങ്കിൽ ഇത് വെറും തെറ്റിദ്ധാരണയാണെന്ന് കരുതിയിട്ടോ ഒരു സ്ത്രീ ആ പാല് കുടിച്ചു. തൽഫലമായി ഈ നേരം വരെ അവർ തുടർച്ചയായി ഛർദിച്ചുകൊണ്ടിരിക്കുകയാണ്. സംശയിച്ചിരുന്നത് ശരിയാണെന്ന് ഇതിൽ നിന്ന് ബോധ്യമാകുകയും ചെയ്തു.

ജനങ്ങൾ എന്നെ നശിപ്പിക്കാൻ പല ശ്രമങ്ങളും നടത്തുകയും എല്ലാ വിധത്തിലും കിണഞ്ഞു ശ്രമിച്ചിട്ടും അല്ലാഹുവിന്റെ തണൽ അവന്റെ തലയ്ക്കുമുകളിൽ ഉണ്ടാകും എന്ന അല്ലാഹുവിന്റെ വാഗ്ദാനപ്രകാരം അവൻ എപ്പോഴും എന്നെ സംരക്ഷിച്ചുകൊണ്ടിരുന്നു. എന്നിൽ അർപ്പിതമായിട്ടുള്ള ജോലി പൂർണ്ണതയിൽ എത്തുന്നതുവരെ അത് തുടർന്നുകൊണ്ടിരിക്കുന്നതാണ്.

*(അൻവാറുൽ ഉലൂം വാല്യം 17, പേജ് 595-597)*

*സമ്പാ : ഇബ്നു അശ്റഫ്*

# MIRACULOUS ESCAPE

ആരംഭകാലം തൊട്ട്തന്നെ ജമാഅത്തിന് ശത്രുക്കളിൽ നിന്നും അതിശക്തമായ എതിർപ്പ് നേരിടേണ്ടി വന്നിട്ടുണ്ട്. 1953 കാലഘട്ടത്തിലെ കലാപകാലത്തും ജമാഅത്തിന് വളരെയധികം പരീക്ഷണങ്ങളിലൂടെ കടന്നുപോകേണ്ടി വന്നിട്ടുണ്ട്. അഹ്മദിയ്യാ ജമാഅത്തിനെ നശിപ്പിക്കാൻ ശ്രമിക്കുന്നതിനോടോപ്പം തന്നെ ജമാഅത്തിന്റെ ഇമാമിനേയും ഇല്ലാതാക്കുവാനുള്ള ശ്രമങ്ങൾ നടത്തുകയുണ്ടായി.

1954 മാർച്ച് മാസാരംഭത്തിൽ അബ്ദുൽ ഹമീദ് എന്നുപേരുള്ള ഒരു യുവാവ് റബ്വയിലെത്തി.അയാൾ ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) ന്റെ സംരക്ഷകനായിരുന്ന നൂർ മുഹമ്മദിന്റെ നാട്ടുകാരനായിരുന്നു. ആ പരിചയം വെച്ചുകൊണ്ട് അയാൾ റബ്വയ്ക്കടുത്ത അഹ്മദ് നഗർ എന്ന സ്ഥലത്ത് താമസമാരംഭിച്ചു. കുറച്ച് ദിവസത്തോളം അയാൾ റബ്വയുടെ അവസ്ഥകൾ നിരീക്ഷിച്ചതിനു ശേഷം ഹുസൂറുമായി മുലാഖാത്തിന് ശ്രമിക്കുകയും ചെയ്തു. എന്നാൽ അതിൽ പരാജയപ്പെട്ടപ്പോൾ അഹ്മദിയാകണം എന്ന വ്യാജേന ഹുസൂറിനെ കാണാൻ ശ്രമിച്ചു. യഥാർത്ഥത്തിൽ അയാളുടെ ഉദ്ദേശ്യം ഹുസൂർ തിരുമനസ്സിനെ വധിക്കുക എന്നതായിരുന്നു. എന്നാൽ ഹുസൂറുമായി കൂടിക്കാഴ്ചയ്ക്കുള്ള ഒരു മാർഗ്ഗവും വിജയിക്കാതെ വന്നപ്പോൾ തന്റെ ഉദ്യമനത്തിനായി അയാൾ മറ്റൊരു മാർഗ്ഗം കണ്ടെത്തി.

മാർച്ച് 10-ാം തിയ്യതി അസ്റ് നമസ്കാര സമയത്ത് അയാൾ മസ്ജിദ് മുബാറക്കിൽ എത്തിച്ചേർന്നു. നമസ്കാരശേഷം ഹുസൂർ തിരുമനസ്സ് പുറത്തേക്ക് കടക്കുവാൻ തുടങ്ങിയപ്പോൾ അയാൾ മുന്നോട്ടാഞ്ഞുകൊണ്ട് ഹുസൂറിന്റെ ഇടതു തോളിൽ ശക്തിയായി പിടിച്ചു. ഹുസൂർ തന്റെ തോൾ ശക്തിയായി വലിച്ചപ്പോൾ അയാൾ പിന്നിൽ നിന്നും കത്തി കൊണ്ട് ശക്തിയായി ഹുസൂറിന്റെ കഴുത്തിൽ കുത്തി. കുത്തിന്റെ ശക്തിയാൽ കത്തിയുടെ മുന ഒടിയുകയും ചെയ്തു. ഹുസൂർ തിരുമനസ്സിന്റെ ജീവനാഡിയ്ക്കടുത്ത് മൂന്ന് ഇഞ്ച് വീതിയിലും രണ്ടേകാൽ ഇഞ്ച് ആഴത്തിലുമുള്ള മുറിവുണ്ടായി. ആക്രമണത്തിന്റെ ശക്തിയിൽ ഹുസൂർ വീഴാൻ തുടങ്ങിയപ്പേൾ സംരക്ഷണാർത്ഥം കൂടെയുണ്ടായിരുന്നവർ ഹുസൂറിനെ താങ്ങി. അക്രമി വീണ്ടും കുത്താനാഞ്ഞപ്പേൾ മറ്റൊരു വ്യക്തി ഇടയിൽ കയറുകയും ആ കുത്ത് അയാൾക്കേൽക്കുകയും ചെയ്തു. കുറച്ച് ആൾക്കാർ വളരെ ശ്രമപ്പെട്ട് അക്രമിയെ കീഴ്പെടുത്തുകയും പോലീസിനെ ഏൽപ്പിക്കുകയും ചെയ്തു. ഹുസൂർ തിരുമനസ്സ് മുറിവിനെ കൈകൊണ്ട് പൊത്തി. രക്തം ധാരധാരയായി ഒഴുകുന്നുണ്ടായിരുന്നു. ഹുസൂറിന്റെയും കൂടെയുള്ളവരുടേയും വസ്ത്രം രക്തത്തിൽ മുങ്ങി. അപ്പോഴും അക്രമിയെ ദ്രോഹിക്കരുതെന്ന് ഹുസൂർ പറയുന്നുണ്ടായിരുന്നു.

തസ്ബീഹും തഹ്മീദും ഉരുവിട്ടുകൊണ്ടിരുന്ന ഹുസൂറിന്റെ മുറിവുകൾ വൃത്തിയാക്കുകയും തുന്നലിടുകയും ചെയ്തു.

പ്രസ്തുത വാർത്ത കാട്ടുതീ പോലെ പടർന്നു.



കേട്ടവർ കേട്ടവർ ഖസ്റെ ഖിലാഫത്തിലേക്ക് ഓടിയെത്തി. പിന്നീട് ഡോക്ടർ റിയാസ് ഖദീർ സാബിബും അഹ്മദിഡോക്ടർമാരടങ്ങുന്ന ഒരു സംഘം ഹുസൂറിനെ നിരീക്ഷിക്കുകയും ഉള്ളിൽ ഏതോ ഞരമ്പ് പൊട്ടിയതിനാൽ രക്തമൊഴുകിക്കൊണ്ടിരിക്കുകയാണെന്നും അതിനാൽ ഉടൻ തന്നെ വീണ്ടും ഓപ്പറേഷൻ വേണ്ടിവരുമെന്നും അറിയിച്ചു. രാവിലെ വരെ കാത്തിരിക്കുന്നത് പോലും അപകടകരമായേക്കുമെന്ന കാരണത്താൽ രാത്രിതന്നെ കറണ്ടില്ലാത്ത അവസ്ഥയിൽ മണ്ണെ ണ്ണഗ്യാസ് വിളക്കിന്റെ സഹായത്താൽ ഒന്നര മണിക്കൂറോളം നീണ്ട ഓപ്പറേഷൻ നടത്തുകയുണ്ടായി. രണ്ട് രക്തക്കുഴലുകളും മസിലിന്റെ അൽപഭാഗവും മുറിഞ്ഞിരുന്നു. കത്തി മസ്തിഷ്കനാഡിയുടെ അടുത്ത് വരെ എത്തിയിരുന്നു. തുടർന്ന് ദിവസങ്ങളോളം ഹുസൂറിന് പനിയും വേദനയുമെല്ലാം അനുഭവിക്കേണ്ടി വന്നു.

യഥാർത്ഥത്തിൽ ഇത് മുൻകൂട്ടി തയ്യാറാക്കിയ ഒരു പദ്ധതിയായിരുന്നു. കോടതിയിൽ കേസ് വന്നപ്പോൾ ഡോക്ടർ റിയാസ് ഖദീർ മൊഴിമാറ്റിപ്പറയുകയും പക്ഷപാതപരമായി പെരുമാറിയ കോടതി പ്രതി കുറ്റസമ്മതം നടത്തിയെന്ന കാരണത്താൽ മാത്രം 5 വർഷ കഠിനതടവിന് ശിക്ഷിക്കുകയും ചെയ്തു.

ഈ ആക്രമണത്തിന് ശേഷം ഹുസൂറിന്റെ ആരോഗ്യം ദുർബലമായിക്കൊണ്ടിരുന്നു. ഒരിക്കൽ മഗ്രിബ് നമസ്കാരാനന്തരം വിശ്രമിച്ച് എഴുന്നേൽക്കാൻ ശ്രമിച്ചപ്പോൾ പെട്ടെന്ന് വീഴാൻ തുടങ്ങുകയും ചെയ്തു. ശരീരത്തിന്റെ ഇടതുഭാഗത്തും നാവിലും പക്ഷവാതത്തിന്റെ ലക്ഷണങ്ങൾ പ്രകടമായി. ഉടൻ തന്നെ ചികിൽസ ആരംഭിച്ചു. അതോടൊപ്പം ദുആക്കായി വിളംബരം നടത്തുകയും ചെയ്തു. അല്ലാഹുവിന്റെ അനുഗ്രഹത്താലും അഹ്മദികളുടെ അകമഴിഞ്ഞ ദുആയുടെ ഫലമാലും രോഗലക്ഷണം അപ്രത്യക്ഷമാകാൻ തുടങ്ങി. എന്നിരുന്നാലും വിദേശത്തു പോയി ചികിൽസിക്കുന്നതിന്നായി വിദഗ്ദ ഡോക്ടർമാർ ഉപദേശം നൽകി. അങ്ങിനെ തബ്ലീഗ് വിപുലമാക്കുന്നതിന്നായും തുടർചികിൽസയ്ക്കായും ഹുസൂർ (റ) ഏപ്രിൽ 29 ന് കറാച്ചിയിൽ നിന്നും യൂറോപ്പിലേക്ക് ചികിൽസാർത്ഥം യാത്ര ആരംഭിച്ചു. ആദ്യം ദമിശ്ഖിലും തുടർന്ന് സ്വിറ്റ്സർലാന്റിലും എത്തിച്ചേർന്ന ഹുസൂർ അവിടെയുള്ള വിദഗ്ദ ഡോക്ടർമാരെ സമീപിച്ചു. വിദഗ്ദമായ പരിശോദനകൾ നടത്തി. അതിൽ ഇടതുഭാഗത്ത് തലച്ചോറിന് പിൻഭാഗത്തുള്ള രക്തനാളിയിലാണ് രോഗബാധയുണ്ടായതെന്ന് മനസ്സിലായി. എന്നാൽ ഇപ്പാൾ ആരോഗ്യനില മെച്ചമാണെന്ന് ഡോക്ടർമാർ പറയുകയുണ്ടായി. ആക്രമണത്തിൽ കത്തിയുടെ മുന ഒടിഞ്ഞ് ഉള്ളിൽ തന്നെ തങ്ങുകയുണ്ടായെന്നും അത് ഇപ്പോൾ നട്ടെല്ലിനടുത്താണ് ഉള്ളതെന്നും കണ്ടെത്തുകയുണ്ടായി. കൂടുതൽ വിശ്രമത്തിന്റെ ആവശ്യമുണ്ടെന്ന ഉപദേശവും ഡോക്ടർമാർ നൽകി.

പിന്നീട് ഇറ്റലി, ആസ്ട്രിയ, ജർമനി വഴി ഹോളണ്ടിലെത്തുകയും അവിടെ ഹംബർഗ് യൂണിവേഴ്സിറ്റിയിലെ പ്രശസ്ത ന്യൂറോളജിസ്റ്റിനെ കാണിക്കുകയും ചെയ്തു. കത്തിയുടെ മുന എടുക്കേണ്ടതില്ലെന്നും അതിനുചുറ്റുമുള്ള Tissues organise ആയിക്കഴിഞ്ഞിരിക്കുന്നു എന്നവർ പറയുകയും ചെയതു. പിന്നീട് അവിടെ നിന്ന് ഇംഗ്ലണ്ടിലെത്തി. അവിടെയുള്ള പ്രശസ്ത ന്യൂറോളജിസ്റ്റിനെ കാണിച്ചപ്പോൾ ഇത് carotid artery യിലെ thrombosis കാരണമാണെന്ന് പറയുകയുണ്ടായി. വളരെയധികം വിശ്രമത്തിന്റെ ആവശ്യമുണ്ടെന്ന് അറിയിക്കുകയും ചെയ്തു. പിന്നീട് മറ്റു പല ഡോക്ടർമാരേയും കാണിക്കുകയും തൃപ്തികരമായ മറുപടി ലഭിക്കുകയും ചെയ്തു. അവസാനം ഡിസംബർ 5-ന് ഹുസൂർ തിരുമനസ്സ് (റ) തിരിച്ച് കറാച്ചിയിൽ വന്നിറങ്ങി.



**ഹുസൂറിനെ ചികിൽസിച്ച ഡോക്ടർമാർ പറഞ്ഞത്: MIRACULOUS ESCAPE (അത്ഭുതകരമായ രക്ഷപ്പെടൽ)എന്നാണ്. (റോയിട്ടർ, ദ മദ്രാസ് മെയ്ൽ)**

*സമ്പാ : എ.അബ്ദുൽ ബാരി*

വനിതാരംഗം

# ഇസ്‌ലാമും സ്ത്രീകളും

ഹ.ഖലീഫത്തുൽ മസീഹ് സാനി(റ)

## സ്ത്രീകളുടെ അനന്തരാവകാശം

ജമാഅത്ത് സ്ഥാപിച്ചിട്ട് 50 വർഷം കഴിഞ്ഞിരിക്കുന്നു. നമ്മുടെ ജമാഅത്തിലെ എല്ലാവരും പെൺകുട്ടികൾക്ക് അവകാശ സ്വത്തിൽ നിന്ന് ഓഹരി നല്കാറുണ്ടോ? നമ്മുടെ ജമാഅത്തിലെ 80% ആളുകൾ പഞ്ചാബിലെ കർഷകരാണ്. അവരുടെ പ്രതിനിധികൾ ഇപ്പോൾ ഇവിടെ ഇരിക്കുന്നുണ്ട്. അവർ തങ്ങളോടുതന്നെ തങ്ങളുടെ സഹോദരിമാർക്ക് ഓഹരി കൊടുത്തിട്ടുണ്ടോ എന്ന് ചോദിക്കുക. ഏതെങ്കിലും തരത്തിലുള്ള ഭിന്നിപ്പിന്റേയോ അല്ലെങ്കിൽ ഏതെങ്കിലും ഗവേഷണത്തിന്റെയോ ആവശ്യം വരുന്ന ഒരു കല്പനയല്ല ഇത്. എല്ലാ കക്ഷിക്കാരും ശരിയാണെന്ന് അംഗീകരിക്കുന്നതും തലമുറ തലമുറയായി എത്തിക്കപ്പെട്ടിട്ടുള്ളതുമാണത്. (മജ്‌ലിസ് മുശാവറത്ത് റിപ്പോർട്ട് 1936 പേ: 8)

ഹുദൂർ (അ) ന്റെ വഫാത്തിനുശേഷം ഞങ്ങളുടെ കുടുംബത്തിന്റെ അടിസ്ഥാനത്തിൽ ഞങ്ങൾ ആദ്യം ചെയ്ത ജോലി, സഹോദരിമാർക്ക് അവകാശസ്വത്തിന്റെ ഓഹരി നല്കുക എന്നതായിരുന്നു. മാതാവിന്റെ ഓഹരിയും മാറ്റിവെച്ചു. ആ നേരത്ത് ഒരു സർക്കാർ ഓഫീസർ വന്നിട്ട്, നിയമപരമായി നിങ്ങൾക്ക് അങ്ങനെ ചെയ്യാൻ പറ്റില്ല എന്നു പറഞ്ഞു. ഞാൻ അദ്ദേഹത്തോടു പറഞ്ഞു, അങ്ങനെ പറ്റുകയില്ലെങ്കിൽ അത്തരം സ്വത്ത് ഞങ്ങൾ ഞങ്ങളുടെ കൈയ്യിൽ വയ്ക്കാൻ തയ്യാറല്ല. അത് ശാപമായി കരുതുന്നു.(മജ്‌ലിസ് മുശാവറത്ത് റിപ്പോർട്ട് 1936, പേ 8,9)

ഞങ്ങളുടെ സ്വത്തിൽനിന്ന് ശരീഅത്ത് അനുസരിച്ച് തങ്ങളുടെ പെൺകുട്ടികൾക്ക് ഓഹരി നല്കാൻ ജമാഅത്തിലെ എല്ലാ സ്നേഹിതന്മാരേയും പ്രേരിപ്പിക്കുക എന്നത് ഇസ്‌ലാഹൊ ഇർശാദ് വകുപ്പിന്റെ നിർബന്ധ കടമയാണ്. ഞങ്ങളുടെ പെൺകുട്ടികൾക്കും ഭാര്യമാർക്കും തങ്ങളുടെ സ്വത്തുകളിൽനിന്ന് ഓഹരി നല്കാൻ ഒരിക്കൽ ഞാൻ കർഷകരെ ഉപദേശിച്ചിരുന്നു. അക്കാലത്ത് ചില സ്നേഹിതന്മാർ അതനുസരിച്ച് പ്രവർത്തിച്ചതും എനിക്കോർമയുണ്ട്. എന്നാൽ, പിന്നീട് അവർ മറന്നുപോയി അല്ലാഹുവിന്റെ സന്തോഷം ഒരു വർഷം മാത്രം മതിയെന്നും പിന്നീട് അതിന്റെ ആവശ്യമില്ലെന്നും അവർ ധരിച്ചിട്ടുണ്ടാകാം. (മജ്‌ലിസ് മുശാവറത്ത് റിപ്പോർട്ട് 1957 പേ: 45 - 47)

## ത്വലാഖ് നിരുത്സാഹപ്പെടുത്തൽ

വിവാഹം കഴിക്കുന്ന നേരത്ത് നീ ഇന്ന സ്ത്രീയെതന്നെ കെട്ടണമെന്ന് ആരും നിങ്ങളെ നിർബന്ധിക്കുകയില്ല. വിവാഹത്തിനുമുമ്പേ പെൺകുട്ടിയെ കാണാനും അവളെക്കുറിച്ച് അന്വേഷിക്കാനും ശരീഅത്ത് നിങ്ങൾക്ക് അവകാശം തന്നിരിക്കുന്നു. ചെറുക്കനെ കാണാനും അവനെക്കുറിച്ച് അന്വേഷിക്കാനും സ്ത്രീകൾക്കും ശരീഅത്ത് അവകാശം നല്കിയിരിക്കുന്നു. എന്നാൽ ബന്ധം ഉറപ്പിച്ചുകഴിഞ്ഞാൽ പരസ്പരം അത്തരം കാര്യങ്ങൾ സഹിക്കേണ്ടതായിവരും. ജമാഅത്തിലെ ചിലയാളുകൾ വലിയ സ്വയാധികാരത്തോടുകൂടി ആ ബന്ധത്തെ വിച്ഛേദിക്കാൻ തയ്യാറാകുന്നത് ഞാൻ കാണുന്നു. ഇത് നീതിയാണോ? ഇത് സ്ത്രീയെ നിന്ദിക്കുന്നതിനുതുല്യമാണ്. നിങ്ങൾ അവരോടൊപ്പം കിടക്കുകയും എന്നിട്ട് അവരുടെ അവകാശം നല്കാതിരിക്കുകയും ചെയ്യുന്നത് ലജ്ജാർഹമായ കാര്യമാണെന്ന് സൂചിപ്പിച്ചികൊണ്ട് വിശുദ്ധ ഖുർആൻ അതിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. നിങ്ങൾ നിർബന്ധിതരായി ഏതെങ്കിലും ഭാര്യയുമായുള്ള ബന്ധം വേർപ്പെടുത്താൻ ആഗ്രഹിക്കുന്നെങ്കിൽ തന്നെ നന്ദിയോടുകൂടി വേർപ്പെടുത്തുക എന്നാൽ വിശുദ്ധഖുർആൻ പറയുന്നത്. തന്റെ ഭാര്യയെ ത്വലാഖ് കൊടുക്കുന്നുവെന്നും നിശ്ചിത മഹർ അവൾക്ക് കൊടുക്കുന്നുവെന്നും ഭർത്താവ് പറയുന്ന ഏതെങ്കിലും കേസ് കാണിച്ചുതരിക. നിർബന്ധിതയായി ഭാര്യ ഖുല ചെയ്യുകയാണെങ്കിലും, ആ ഭർത്താവിൽനിന്ന് അവൾക്ക് മഹർ വാങ്ങിക്കൊടുക്കാൻ ഖാസിക്ക് അവകാശമുണ്ട്. കാരണം ഭർത്താവ് ത്വലാഖ് കൊടുക്കാൻ ആഗ്രഹിക്കുന്നു. പക്ഷേ, മഹർ കൊടുക്കാൻ സമ്മതിക്കുന്നില്ല. അതുകൊണ്ട് അവളെ ഖുല ചെയ്യാൻ നിർബന്ധിതയാക്കുകയാണ്. ഇത്തരം ഖുലയെ ത്വലാഖായിക്കരുതി ഭാര്യക്ക് അവളുടെ മഹർ കൊടുപ്പിക്കാൻ ഖാസിക്ക് അവകാശമുണ്ട്. (മജ്‌ലിസ് മുശാവറ റിപ്പോർട്ട് 1954 പേ: 72,73)

## സ്ത്രീകളുടെ പ്രഥമസ്ഥാനം

ഇക്കാലത്ത് മുസ്‌ലിംകളുടെ സ്ഥിതി ഇപ്രകാരം അധഃപതിക്കാൻ കാരണമെന്താണ്? അവർ എന്തുകൊണ്ട് നിത്യവും ദീനിനെ ഉപേക്ഷിക്കുന്നു? കാരണം അവർ കുട്ടികളായിരുന്നപ്പോൾ മാതാക്കളിൽ നിന്ന് അവർക്ക് മതപാഠങ്ങൾ ലഭിച്ചില്ല. പിന്നീട് നിരീശ്വരത്വത്തിന്റെ ശബ്ദകോലാഹലങ്ങൾ അവരുടെ കാതുകളിൽ വന്നലയ്ക്കാൻ തുടങ്ങി. (അൽഫദിൽ 1913 ജൂൺ 19 പേ: 11)

സുബ്ഹി നേരത്ത് തങ്ങളുടെ മക്കളെ ഉണർത്താൻ സമ്മതിക്കാതിരിക്കുകയും അവരുടെ ഉറക്കത്തെ നമസ്കാരത്തെക്കാൾ ശ്രേഷ്ഠകരമായി മനസ്സിലാക്കുകയും തങ്ങളുടെ കുട്ടികൾക്ക് ബുദ്ധിമുട്ടാകുമെന്ന് കരുതി നോമ്പ് പിടിപ്പിക്കുന്നതിൽനിന്ന് തടയുകയും കുട്ടികളുടെ ചെവിയിൽ വിശുദ്ധ ഖുർആന്റെ അനുഗൃഹീത ശബ്ദം ഒരിക്കലും എത്തിക്കാതിരിക്കുകയും ചെയ്യുന്ന ഉമ്മമാരുടെ മക്കൾ - ഇസ്‌ലാമിന്റെ പേരുപോലും ഒരിക്കലും നാവിൻ തുമ്പത്ത് വരാത്ത മക്കൾ ദീനിനെക്കുറിച്ച് അന്ധരായി പോകുന്നതിൽ അത്ഭുതപ്പെടാനെന്തിരിക്കുന്നു. ദീനുള്ളവൻ ആകുകയാണെങ്കിൽ അതൊരു അസാധാരണ കാര്യമായിരിക്കും. (അൽഫദ്ൽ 1913 ജൂൺ 19)

ഭാര്യമാരുടെ തെറ്റുകൾ കാണുമ്പോൾ അവളെ വടിയെടുത്ത് അടിക്കാൻ പുരുഷൻ മുതിരുന്നു. എന്നാൽ അവളെ നന്നാക്കിയെടുക്കണമെന്നുള്ള ചിന്ത ലവലേശമില്ല. വാസ്തവത്തിൽ അവളെ നന്നാക്കിയെടുക്കേണ്ട ചുമതല അവനിലാണ് അല്ലാഹു നിക്ഷിപ്തമാക്കിയിട്ടുള്ളത്. സ്ത്രീകളുടെ ഇപ്പോഴത്തെ അധഃപതനാവസ്ഥയും പുതിയ തലമുറയ്ക്ക് ദീനുമായി ബന്ധമില്ലാത്തതിനും ഉത്തരവാദി ഇവർ തന്നെയാണ്. (അൽഫദ്ൽ 1913 ജൂൺ 19)

## സ്ത്രീകളുടെ സ്ഥാനം

സ്ത്രീകൾ തങ്ങളെ ഒന്നിനും കൊള്ളാത്തവരും തരം താണവരുമായി സ്വയം മനസ്സിലാക്കിയിരിക്കുകയാണ്. യഥാർത്ഥത്തിൽ അല്ലാഹു അവരേയും മനുഷ്യരായിട്ടാണ് സൃഷ്ടിച്ചിട്ടുള്ളത്. പുരുഷന്മാർക്കെന്നപോലെ അറിവ് സമ്പാദിക്കാനുള്ള ചെവി, മനസ്സ്, നാവ്, അവർക്കും നല്കിയിരിക്കുന്നു. ഒന്നും ചെയ്യാൻ കഴിവില്ലാത്തതും അറിവും ബുദ്ധിയും കുറഞ്ഞവരുമാണെന്നാണ് അവർ സ്വയം മനസ്സിലാക്കിയിട്ടുള്ളത്. ഈ ചിന്താഗതി തെറ്റാണ്. നിങ്ങൾ നിങ്ങളുടെ മക്കളോട് ദയ കാണിക്കുക. അവരെ ഇസ്‌ലാം ദീൻ പഠിപ്പിക്കുക. കാരണം ഉമ്മയുടെ മടിത്തട്ടാണ് ആദ്യത്തെ മദ്റസ. നിങ്ങളെ അല്ലാഹുവിന്റെ ഗ്രന്ഥം പഠിപ്പിക്കാൻ നിങ്ങളുടെ ഭർത്താക്കന്മാരേയും സഹോദരന്മാരേയും മക്കളേയും നിർബന്ധിക്കുക. ഇസ്‌ലാമിന്റെ ശോചീയാവസ്ഥയിൽ ഹൃദയത്തിൽ വേദനയുണ്ടാക്കുക. നിങ്ങളുടെ ഏതെങ്കിലും കുട്ടി വിറച്ചുകിടക്കുമ്പോൾ നിങ്ങൾക്ക് സുഖമായി ഉറങ്ങാൻ കഴിയുമോ? ഇപ്രകാരം ഇസ്‌ലാം ദാഹവും വിശപ്പും കൊണ്ട് വിറയ്ക്കുകയാണ്, അതിനെ സംരക്ഷിക്കുക.

നിങ്ങൾ അല്ലാഹുവിനുവേണ്ടി നിങ്ങളുടെയുള്ളിൽ ഇസ്‌ലാമിനെ സംബന്ധിച്ച് വേദന സൃഷ്ടിക്കുക. വലിയ വലിയ പുരുഷന്മാർ അഭിമാനം കൊള്ളും വിധം നബി(സ)യുടെ കാലഘട്ടങ്ങളിൽ സ്ത്രീകൾ വ്യക്തമായ വിജയങ്ങൾ കരസ്ഥമാക്കിയിരുന്നു. ഏകദേശം പകുതി ഹദീഥുകളും വിവരിച്ചിട്ടുള്ളത് സ്ത്രീകൾ തന്നെയാണ്. അതുകൊണ്ട് നിങ്ങൾ ഒരുമ്പെടുകയാണെങ്കിൽ വലിയ വലിയ മഹത്തായ ജോലികൾ ഇന്നും ചെയ്യാൻ കഴിയും. (അൽഫദ്ൽ 1915 ജനുവരി 3 പേ: 8, കോളം : 3)

## സമാവകാശവും ചുമതലകളും

ദീനീ കാര്യങ്ങളിൽ പുരുഷന്മാരും സ്ത്രീകളും ഒരുപോലെ ചോദിക്കപ്പെടുന്നതാണ്. അതുകൊണ്ട് ദീനിന്റെ പ്രചാരണത്തിൽ രണ്ടുപേരും പങ്കെടുക്കേണ്ടത് നിർബന്ധമാണ്. രണ്ടുപേരും പങ്കെടുക്കാത്തിടത്തോളം അല്ലാഹുവിന്റെ പൂർണമായ അനുഗ്രഹം അവരിൽ ഇറങ്ങുകയില്ല.

നമ്മുടെ തബ്‌ലീഗിന്റെ വഴിയിൽ ഒരുപാട് ബുദ്ധിമുട്ടുകൾ കാണുന്നതിനെ സംബന്ധിച്ച് ഞാൻ കുറെ മാസങ്ങളായി ചിന്തിക്കുകയായിരുന്നു. നമ്മുടെ ആന്തരികവും ബാഹ്യവുമായ തബ്‌ലീഗ് വളരെ ദുർബലമാണ് ഇതിനുള്ള കാരണമെന്താണ്? ചിന്തിച്ചപ്പോൾ പാശ്ചാത്യ ജീവിതത്തിന്റെ സ്വാധീനത്താൽ സ്ത്രീകളിൽ സ്വാതന്ത്ര്യവും നിർമതത്വവും ഉണ്ടായതാണ് അതിന്റെ ഏറ്റവും വലിയ കാരണമെന്ന് എനിക്കു മനസ്സിലായി. ഇസ്‌ലാമും സ്ത്രീകൾക്ക് സ്വാതന്ത്ര്യം നല്കിയിട്ടുണ്ട്. പക്ഷേ, അവരുടെ പാശ്ചാത്യ രീതിയിലുള്ള സ്വാതന്ത്ര്യം അഹ്മദിയ്യത്ത് സ്വീകരിക്കാൻ അവർക്ക് തടസ്സമാണ്. സ്വാതന്ത്ര്യം അഹ്മദിയ്യത്ത് സ്വീകരിക്കാൻ തടസ്സമാകുമ്പോൾ അവർക്കുണ്ടാകുന്ന കുട്ടികളേയും അത് ബാധിക്കുന്നു. അവർക്കും അഹ്മദിയ്യത്ത് സ്വീകരിക്കാൻ അത് തടസ്സമായിത്തീരുന്നു. അങ്ങനെ ഭർത്താക്കന്മാരേയും അഹ്മദിയ്യത്ത് സ്വീകരിക്കുന്നതിൽ നിന്നും തടയുന്നു. കാരണം അവർ അഹ്മദിയ്യത്ത് സ്വീകരിക്കുകയാണെങ്കിൽ ഭാര്യമാരുടെ സ്വാതന്ത്ര്യത്തെ അതു ബാധിക്കും. ചുരുക്കം പറഞ്ഞാൽ സ്ത്രീകൾ നമ്മുടെ തബ്‌ലീഗിൽ തടസ്സമായിത്തീരുന്നു. അതിനു ഒരു പ്രതിവിധിയെയുള്ളൂ; അതെന്താണെന്നുവച്ചാൽ, സ്ത്രീകൾ മുബല്ലിഗുമാരാകുക. ആ സ്ത്രീകൾ തബ്‌ലീഗ് ചെയ്യുകയാണെങ്കിൽ നമ്മുടെ വഴിയിലെ തടസ്സം മാറിപ്പോകുക തന്നെ ചെയ്യും.

*(ഖുത്ബ ജുമുഅ 1948 ഒക്ടോബർ 14, അൽഫദ്ൽ 1950 ഏപ്രിൽ 26)    സമ്പാ : ഇസ്മാഈൽ മുസ്തഫ*





അബൂഅത്ത്വിയ



# ഹദ്റത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ ബാല്യകാലം





## ടിപ്പുസുൽത്താൻ

ദൈവിക കാരുണ്യത്തിന്റെ മടിത്തട്ടിൽ വളർന്നു വന്ന മുസ്‌ലിഹ് മൗഊദിന് ഇസ്‌ലാമിനോടുള്ള സ്നേഹവും പിതാവിൽ നിന്നുതന്നെയാണ് കിട്ടിയത്. ഒരിക്കൽ വീട്ടുമുറ്റത്ത് നായയെ കണ്ടപ്പോൾ കുട്ടിയായിരുന്ന മുസ്‌ലിഹ് മൗഊദ് ഉത്സാഹത്തോടെ ടിപ്പൂ, ടിപ്പൂ എന്ന് വിളിക്കാൻ തുടങ്ങി. മകന്റെ ശബ്ദം വീട്ടിനകത്ത് പ്രവർത്തനങ്ങളിൽ വ്യാപൃതനായിരുന്ന പിതാവിന്റെ ചെവിയിലുമെത്തി. വളരെ ദേഷ്യത്തോടെ പുറത്തേക്കു വന്ന് അദ്ദേഹം മകനോട് പറഞ്ഞു: മോനേ, നീയെന്താണ് വിളിക്കുന്നത് ഇംഗ്ലീഷുകാർ ഇസ്‌ലാമിനോടുള്ള വൈരം കാരണം മഹാനായ മുസ്‌ലിം ചക്രവർത്തിയുടെ പേര് നായക്കിട്ടതാണ്. നീ അങ്ങിനെ ഒരിക്കലും വിളിക്കരുത്. നിനക്ക് നാണമില്ലേ, ഇംഗ്ലീഷുകാർ തങ്ങളുടെ ശത്രുത കാരണം തങ്ങളുടെ നായകൾക്ക് സത്യസന്ധനായ ഒരു മുസ്‌ലിമിന്റെ പേര് വെച്ചതാണ്. നീയും അവരെ അനുകരിച്ച് നായയെ ടിപ്പൂ എന്ന് വിളിക്കുകയാണോ. മേലിൽ അങ്ങിനെ വിളിച്ചുപോകരുത്. ഹുസൂർ(റ) പറയുകയാണ്. അന്നെനിക്ക് 8/9 വയസ് പ്രായം കാണും. ടിപ്പുസുൽത്താനോടുള്ള സ്നേഹം എന്റെ ഹൃദയത്തിൽ ഉണ്ടായ ആദ്യ ദിവസമായിരുന്നു അത്.

## ജഹാംഗീറിന്റെ മഖ്ബറ

മറ്റൊരു സന്ദർഭത്തിൽ മുസ്‌ലിഹ് മൗഊദ്, ജഹാംഗീറിന്റെ മഖ്ബറ കാണാൻ പിതാവിനോട് ആഗ്രഹം പ്രകടിപ്പിച്ചു. മകനെ പറഞ്ഞയക്കുമ്പോൾ പിതാവ് ഉപദേശിച്ചു: മോനേ, ജഹാംഗീറിന്റെ മഖ്ബറ കാണാൻ നീ പൊയ്ക്കൊള്ളുക. പക്ഷേ അവിടെ പോയി ദു:ആ ചെയ്യരുത്. അയാൾ നമ്മുടെ സഹോദരൻ ഹദ്റത് മുജദ്ദിദ് അലിഫ് സാനിയെ അവഹേളിച്ച ആളാണ്.

## പക്ഷികൾ

ഒരിക്കൽ കുട്ടിക്കാലത്ത് ഹുസൂർ അടുക്കളയുടെ വാതിൽ അടച്ച് പക്ഷികളെ പിടിക്കുകയായിരുന്നു. ഹദ്റത് മസീഹ് മൗഊദ് (അ) ജുമുഅക്ക് ഇറങ്ങും വഴി അവിടെ എത്തി. അദ്ദേഹം പറഞ്ഞു: മോനേ, വീട്ടിലെ കിളികളെ പിടിക്കാനുള്ളതല്ല, കാരുണ്യമില്ലെങ്കിൽ ഈമാനും ഇല്ല.

(സവാനിഹ് ഫദ്‌ലെ ഉമർ)

## ഒരു തബ്‌ലീഗ് അനുഭവം

اِذْ قَالَ اللّٰهُ يٰعِيْسٰۤى اِنِّيْ مُتَوَفِّيْكَ
وَرَافِعُكَ اِلَيَّ وَمُطَهِّرُكَ مِنَ الَّذِيْنَ
كَفَرُوْا وَجَاعِلُ الَّذِيْنَ اتَّبَعُوْكَ فَوْقَ
الَّذِيْنَ كَفَرُوْۤا اِلٰى يَوْمِ الْقِيٰمَةِ



ഹദ്റത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: ചെറുപ്പത്തിൽ ഞാൻ ഡൽഹിയിൽ എന്റെ ബന്ധത്തിൽപ്പെട്ട ഒരു ഉമ്മാമയുടെ വീട്ടിൽ താമസിക്കുകയായിരുന്നു. ഹൈദരാബാദിൽ നിന്ന് അവരെ കാണാൻ അവരുടെ ഒരു സഹോദരൻ വന്നു. അദ്ദേഹം ഒരു ദിവസം എന്നോട് ചോദിച്ചു: മോനേ! നിങ്ങളും മറ്റ് മുസ് ലിംകളും തമ്മിലുള്ള വ്യത്യാസമെന്താണ്? എനിക്ക് ആ സമയത്ത് കൂടുതൽ വൈജ്ഞാനിക വിഷയങ്ങളൊന്നും അറിയില്ലായിരുന്നു. ഞാൻ പറഞ്ഞു: ഞങ്ങൾ പറയുന്നത് ഹദ്റത് ഈസാ(അ) മരിച്ചുപോയിരിക്കുന്നുവെന്നാണ്. പക്ഷേ മറ്റ് മുസ്‌ലിംകൾ അദ്ദേഹം ജീവിച്ചിരിപ്പുണ്ടെന്നാണ് പറയുന്നത്. അദ്ദേഹം ചോദിച്ചു: ഈസാ(അ) മരിച്ചുപോയെന്ന് നിങ്ങൾ എന്ത് അടിസ്ഥാനത്തിലാണ് പറയുന്നത്?

ഞാൻ വിശുദ്ധഖുർആനിലെ ആയത്ത് ഓതികൊണ്ട് പറഞ്ഞു, ഇതിൽ വ്യക്തമായും എഴുതിയിരിക്കുന്നത് അല്ലയോ ഈസാ, ഞാൻ നിന്നെ മരിപ്പിക്കും പിന്നെ എന്നിലേക്ക് ഉയർത്തും എന്നാണ്. അതായത് വഫാത്താണ് ആദ്യം, പിന്നെയാണ് റഫഅ്... ഇതുകേട്ടപ്പോൾ 70 വയസ്സുള്ള ആ വൃദ്ധൻ പറഞ്ഞു, നീ പറയുന്നത് ബുദ്ധിപരമാണ്. പിന്നെന്തിനാണ് മൗലവിമാർ എതിർപ്പ് കാണിക്കുന്നത്? (തഫ്സീർ കബീർ ഭാഗം :7, പേജ് : 284)

# എതിരാളികളുടെ പതനം

## സഫറലീഖാന്റെ അവസാനനാളുകൾ



അഹ്മദിയ്യാ ജമാഅത്തിന്റെ ബന്ധവിരോധിയും അഹ്റാർ കക്ഷിയുടെ നേതാവുമായിരുന്ന മൗലാനാ സഫറലീ ഖാൻ, ഹദ്റത് മുസ്ലിഹ് മൗഊദ്(റ)ന്റെ കാലഘട്ടത്തിൽ ഹുസൂറിനേയും ജമാഅത്തിനേയും നിരന്തരം ശല്യപ്പെടുത്തിക്കൊണ്ടിരുന്നു. സർക്കാറിനു മുന്നിൽ അഹ്മദിയ്യാ ഖലീഫക്കെതിരെ നിരവധി പരാതികൾ കൊടുത്തു കൊണ്ടിരുന്നു. മുസ്‌ലിം ജനസാമാന്യത്തെ അഹ്മദികൾക്കെതിരിൽ ഇളക്കിവിടുന്നതിൽ മൗലാനാ ഏറ്റവും മുന്നിലായിരുന്നു.

പക്ഷേ മൗലാനയുടെ അവസാനനാളുകൾ ആരും ശ്രദ്ധിക്കാനില്ലാതെ തികച്ചും നിരാലംബമായാണ് നീങ്ങിയത്. നിൽക്കാൻ ശേഷി നഷ്ടപ്പെട്ട മൗലാനയെ എല്ലാ ദിവസവും ഒരു പരിചാരകൻ ഒരു കസേരയിൽ കയറുകൊണ്ട് ബന്ധിച്ച് ഇരുത്തുമായിരുന്നു. രാവിലെ മുതൽ വൈകുന്നേരം വരെയുള്ള ഈ ഇരിപ്പിൽ തന്നെ മലമൂത്ര വിസർജനവും നടത്തിയിരുന്നു.

ഏറെ പരിതാപകരമായ ഈ അവസ്ഥ അറിഞ്ഞപ്പോൾ ഹദ്റത് മുസ്ലിഹ് മൗഊദ്(റ) തന്റെ മകൻ ഡോ. മിർസാ മുനവർ അഹ്മദ് സാഹിബ് (റഹ്) അടക്കമുള്ള അഹ്മദിയ്യാ ഡോക്ടർമാന്മാരുടെ സേവനം അദ്ദേഹത്തിന് വിട്ടുകൊടുത്തു.

സംസാരശേഷി നഷ്ടപ്പെട്ട മൗലാനയെ ശുശ്രൂഷിക്കാൻ ഹുസൂർ(റ) അയച്ച സംഘം മൗലാനയോട് പറഞ്ഞു: ഞങ്ങളെ, താങ്കളുടെ ചികിത്സക്കും ശുശ്രൂഷക്കും വേണ്ടി, ഹദ്റത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് സാഹിബ് അയച്ചതാണ്. ഇതുകേട്ട മൗലാനയുടെ കണ്ണുകൾ ഈറനണിയുന്ന കാഴ്ചയാണ് കണ്ടത്. മിരിയിൽ താമസിച്ച കാലത്ത് അദ്ദേഹത്തിന്റെ ചികിത്സാ ചിലവും ഹുസൂർ തന്നെയാണ് വഹിച്ചത്.

(മഹാറത്ത് വീക്ക്ലി 15-21/12/1995)


## ഒരാൾ മരിക്കും നായ്ക്കൾ അവശേഷിക്കും

1934 ൽ, അഹ്മദിയ്യാ ജമാഅത്തിനെ ഉന്മൂലനം ചെയ്യുമെന്ന് പറഞ്ഞ് രംഗത്ത് വന്ന അഹ്റാർ പാർട്ടിയുടെ നേതാവായിരുന്നു മൗലാനാ അത്വാഉല്ലാശാഹ് ബുഖാരി.

ഹദ്റത് മസീഹ് മൗഊദ് (അ)ന്റെ വിവാഹ പ്രവചനത്തിൽ ഉണ്ടായിരുന്ന ഒരു ഇൻഹാമീ വാചകം ഇങ്ങനെയാണ്. യമൂത്തു വ യബ്ഖാമിൻഹുൽ കുല്ലാബു മുതഅദ്ദിദ: (അനുബന്ധം: വിളംബരം 10.7.1888 അടിക്കുറിപ്പ്)

അതായത് ഒരാൾ മരിക്കുക, അതിൽ നിന്നുള്ള ഒരുപാട് നായ്ക്കൾ അവശേഷിക്കുക.

പ്രവചനത്തിന്റെ അടിസ്ഥാനത്തിൽ മുഹമ്മദീ ബേഗത്തിന്റെ പിതാവ് മിർസാ അഹ്മദ് ബേഗ് നിശ്ചിത സമയത്ത് മരണമടഞ്ഞു. അതോടെ ആ കുടുംബത്തിൽ അങ്കലാപ്പും പരിഭ്രമവും ഉണ്ടായി. ഏറെ താമസിയാതെ മുഹമ്മദീ ബേഗത്തിന്റെ മകൻ മിർസാ ഇസ്ഹാഖ് അഹ്മദ് അടക്കമുള്ളവർ അഹ്മദികളായി.



അഹ്റാർ പാർട്ടിയുടെ നേതാവായിരുന്ന മൗലാനാ അത്വാഉല്ലാശാഹ് ബുഖാരിയുടെ വാക്കുകൾ ശ്രദ്ധേയമാണ്. ഇംറോസ് പത്രത്തിന് ഇന്റർവ്യൂ അനുവദിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു: മോനേ, ഈ പട്ടി (നാവ്) കുരച്ചു കൊണ്ടിരുന്നപ്പോൾ ഇന്തോ പാക്ക് ഭൂഖണ്ഡം മുഴുവൻ അതിനെ ശ്ലാഘിക്കുന്നവരായിരുന്നു. എന്നാൽ അത് കുര നിർത്തിയപ്പോൾ അവരൊക്കെ എവിടെ പോയെന്ന് പോലും ആർക്കും അറിയില്ല.

(ഹായത്തെ അമീർ ശരീയത്ത്)

### മക്കൾ മൗദൂദിക്കെതിരെ!


## ബേഗം മൗദൂദിയുടെ വിലാപം!

രണ്ടാം ഖിലാഫത്ത് കാലത്ത് അഹ്മദിയ്യത്തിന്റെ എതിരാളികളിൽ ഏറെ മുൻപന്തിയിലായിരുന്നു മൗലാനാ മൗദൂദി. 1953 ലെ കലാപത്തിൽ മൗലാനയുടെ പങ്ക് ഏറെ വ്യക്തമായി തെളിഞ്ഞതുമാണ്. മക്കളുടെ കാര്യത്തിൽ ഏറെ വിഷണ്ണനായാണ് മൗദൂദി മരണമടഞ്ഞത്. ഭാര്യ പറയുന്നത്. ഒരു മകൻ പിതാവിനെതിരെ തോക്ക് ചൂണ്ടുക പോലുമുണ്ടായെന്നാണ്. ആ ദാരുണ കഥയിൽ നിന്നും:

ഞങ്ങൾ മൗലാനയുടെ മരണ സമയത്ത് നിശ്ചയിച്ചുറച്ച ഒരു തീരുമാനമനുസരിച്ച് ഞങ്ങളുടെ വീട് വഖ്ഫായി പ്രഖ്യാപിച്ച് ഇവിടെ ഒരു പള്ളിയും അതിനോടനുബന്ധിച്ച് ഒരു ഇസ്‌ലാമിക ഗവേഷണാലയവും സ്ഥാപിക്കാൻ ആഗ്രഹിച്ചിരുന്നു. എന്നാൽ ഹൈദർ ഫാറൂഖും ഹുസൈൻ ഫാറൂഖും, മുഹമ്മദ് ഫാറൂഖും ഈ തീരുമാനത്തിനൊത്തുള്ള പ്രവർത്തനമാർഗത്തിൽ തടസമായി നിൽക്കുകയാണ്......

അദ്ദേഹത്തിന്റെ ഭാര്യയുടെ കൈയൊപ്പോടുകൂടി പ്രസിദ്ധീകരണത്തിന് നൽകിയ പ്രസ്താവനയിൽ തുടർന്നു പറയുന്നു.

..... ഹൈദർ ഫാറൂഖ് ആ എതിർപ്പിന്റെ അടിസ്ഥാനത്തിൽ തന്നെ അന്ത്യഘട്ടത്തിൽ പോലും തന്റെ ബാപ്പയുടെ മുഖം നോക്കുവാൻ കൂട്ടാക്കിയില്ല! മാത്രമല്ല പിതാവിന്റെ ജനാസയിൽ



പങ്കെടുത്തതുമില്ല..... അവൻ പല തവണ വീട്ടിനകത്തു ചീത്തവിളിച്ചും തെമ്മാടിത്തം കാണിച്ചും പ്രകടനം നടത്തി.... കാമമോഹ വിഷയങ്ങളിൽ ഹുസൈൻ ഫാറൂഖ് മറ്റെല്ലാവരുടെയും മുൻപന്തിയിലാണ്. അവൻ തന്റെ ബാപ്പയോടു തന്നെ വഞ്ചനാത്മകമായി പെരുമാറി! മുഹമ്മദ് ഫാറൂഖിന്റെയും ഹൈദർ ഫാറൂഖിന്റെയും തെറിവാക്കുകളും ധിക്കാരങ്ങളും നാട്ടുകാരെല്ലാം നന്നായി പരിചയിച്ചതാണ്....

Blitz (ഉർദു) 25-4-1987 ബോംബെ,

*അതെ, ഇന്നശാനിയക്ക ഹുവൽ അബ്തർ*
*നിന്റെ ശത്രുതന്നെയാണ് സന്താനരഹിതൻ!*

## ഫാറൂഖിന്റെ പതനം

1936-ൽ ഈജിപ്തിലെ രാജാവായ ഫാറൂഖിന്റെ അധികാര ദുർവിനിയോഗവും വഴിവിട്ട ജീവിത ശൈലിയും ഈജിപ്തിന് പുറത്തും ചർച്ചാ വിഷയമായിരുന്നു. ഒരിക്കൽ സർ മുഹമ്മദ് സഫറുല്ലാഹ് ഖാൻ സാഹിബ് അദ്ദേഹത്തിന്റെ ജീവിതശൈലിയിൽ മാറ്റം വരുത്തണമെന്ന് ഉപദേശിച്ചത് അലോസരമാവുകയും സഫറുല്ലാഹ്ഖാൻ സാഹിബിനെതിരിൽ മുഫ്തിയെ കൊണ്ട് 1952 ജൂലൈ 22 ന് കുഫ്ർ ഫത്വ പ്രഖ്യാപിക്കുകയും ചെയ്തു. എന്നാൽ 1952 ജൂലൈ 23 ന് അബ്ദുന്നാസിർ നടത്തിയ വിപ്ലവത്തോടെ ഫാറൂഖ് ഇറ്റലിയിലേക്ക് അവഹേളിതനും ദുഃഖിതനുമായി നാടുകടത്തപ്പെട്ടു. അവസാനം റോമിലെ ഒരു ആശുപത്രിയിൽ വെച്ച് 18-3-1965 ന് ആരോരുമില്ലാതെ മരണമടയുകയാണുണ്ടായത്.



(താരീഖെ അഹ്മദിയ്യത്ത്, ഭാഗം : 14)




# പലസ്തീൻ



1940കളുടെ അവസാനത്തിൽ ഇസ്റായേൽ എന്ന ജൂതരാഷ്ട്രം സ്ഥാപിതമാകുമ്പോൾ എണ്ണപ്പണത്തിന്റെ ധാരാളിത്തത്തിൽ വിഹരിച്ചിരുന്ന മുസ്‌ലിം സമ്രാട്ടുകളെ സംബോധന ചെയ്തുകൊണ്ട് ക്രാന്തദർശിയായ ഖലീഫത്തുൽ മസീഹ് സാനി(റ) പറഞ്ഞ വാക്കുകൾ ഇന്നും ഏറെ പ്രസക്തമാണ്.


ആ മഹാത്മാവ് പറഞ്ഞു: **പ്രശ്നം പലസ്തീന്റേതല്ല; പ്രശ്നം മദീനയുടേതാണ്, പ്രശ്നം യരുശലേമിന്റേതല്ല; പ്രശ്നം പരിശുദ്ധ മക്കയുടേത് തന്നെയാണ്. പ്രശ്നം സയ്ദിന്റേയോ ബക്കറിന്റെതോ അല്ല; പ്രശ്നം മുഹമ്മദ് റസൂലുല്ലാഹ്(സ)ന്റെ അന്തസിന്റേതാണ്. ശത്രുക്കൾ പരസ്പരം എതിർപ്പുകൾ ഉണ്ടായിട്ടും ഇസ്‌ലാമിന്നെതിരിൽ ഒന്നിച്ചിരിക്കുന്നു. ഒന്നിക്കാനുള്ള ആയിരക്കണക്കിന് കാരണങ്ങൾ ഉണ്ടായിട്ടും ഈ സന്ദർഭത്തിൽ മുസ്‌ലിംകൾ ഒന്നിക്കുകയില്ലേ?** (അൽകുഫ്റു മില്ലത്തുൻ വാഹിദ:)

ഹദ്റത് ചൗധരി സർ മുഹമ്മദ് സഫറുല്ലാഹ് ഖാൻ സാഹിബ് അന്താരാഷ്ട്ര വേദികളിൽ ഹദ്റത് മുസ്‌ലിഹ് മൗഊദി(റ)ന്റെ ശബ്ദമായി മാറ്റൊലികൊണ്ടു.

# കമ്യൂണിസം പരാജയപ്പെടും !


**മുസ്‌ലിഹ് മൗഊദ് (റ)**

"കമ്യൂണിസം വിജയിച്ചിരിക്കുന്നുവെന്ന് ജനങ്ങൾ കരുതുന്നു. എന്നാൽ ഇപ്പോൾ കമ്യൂണിസത്തിനുള്ള വിജയം സാർ ചക്രവർത്തിയുടെ അക്രമങ്ങൾക്കെതിരിൽ ഉള്ളതാണ്. എന്നാൽ അമ്പത് അറുപത് വർഷക്കാലം കഴിഞ്ഞിട്ടും, അതിന്റെ അടയാളങ്ങൾ മങ്ങിയിട്ടും ഈ സംവിധാനം വിജയിക്കുന്നെങ്കിൽ നമുക്ക് മനസിലാക്കാം യഥാർഥത്തിൽ കമ്യൂണിസം മാതാവിന്റെ വാൽസല്യവും, പിതാവിന്റെ സ്നേഹവും, സഹോദരിയുടെ സഹതാപവും മറികടക്കുന്നതിൽ വിജയിച്ചുവെന്ന്. എന്നാൽ ലോകം ഓർത്തിരിക്കട്ടെ ഈ സ്നേഹങ്ങൾ ഒരിക്കലും ചവിട്ടിമെതിക്കാൻ സാധ്യമല്ല. ഒരു കാലം വരാനിരിക്കുന്നു. അന്ന് ഈ സ്നേഹങ്ങളെല്ലാം അതിന്റെ വർണം പ്രകടമാക്കും. അപ്പോൾ



മാതാവിന് മാതാവെന്ന അവകാശം നൽകപ്പെടും, അങ്ങിനെ ഈ നഷ്ടപ്പെട്ട സ്നേഹങ്ങൾ തിരിച്ച് വരുന്നതാണ്. എന്നാൽ ഇന്ന് കമ്യൂണിസം, മനുഷ്യനെ മനുഷ്യനായല്ല മറിച്ച് മെഷീനായാണ് കരുതുന്നത്. അത്, കുട്ടിയെപറ്റി മാതാവിനുള്ള വികാരത്തെ ഗൗനിക്കുന്നില്ല. അത്, പിതാവിന്റെ വികാരത്തേയും മനസ്സിലാക്കുന്നില്ല. അത് മനുഷ്യനെന്നല്ല, മറിച്ച് മെഷീന്റെ സ്ഥാനമാണ് നൽകുന്നത്. എന്നാൽ ഈ മെഷീൻ കൂടുതൽ കാലം ചലിക്കുന്നതല്ല. മനുഷ്യൻ ഈ മെഷീനുകളെ പൊട്ടിച്ചെറിയുന്ന കാലം വരുന്നു. തന്റെ കൗടംബിക വികാരങ്ങളെ പൂർണ പ്രതാപത്തോടെ നില നിർത്തുന്ന വ്യവസ്ഥ നിലനിൽക്കുന്നതാണ്. "

# സ്പെയിൻ



ഹ. മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു:

എന്ത്? സ്പെയ്നിൽ നിന്ന് പുറത്തുപോയ കാരണം നാം ആ രാജ്യത്തെ മറന്നുവെന്നാണോ? നാം ഒരിക്കലും അതിനെ മറന്നിട്ടില്ല. നാം ഒരിക്കൽ കൂടി വീണ്ടും സ്പെയ്നിനെ ഏറ്റെടുക്കുന്നതാണ്......അതേ സ്ഥലത്ത് നിന്ന് നമ്മു ടെ നാവുകളുടെ യുദ്ധം ആരംഭിക്കുന്നതാണ്. ഇസ്‌ലാമിന്റെ സുന്ദര അധ്യാപനം സമർപ്പിച്ചുകൊണ്ട് നാം, നമ്മുടെ സഹോദരങ്ങളെ നമ്മുടെ തന്നെ ഭാഗമാക്കുന്നതാണ്. (താരീഖെ അഹ്മദിയ്യത്ത് ഭാഗം: 12)

- 1936 - ൽ ഹ. മലിക് മുഹമ്മദ് ശരീഫ് സാഹിബിനെ സ്പെയ്നിലേക്ക് അയച്ചെങ്കിലും ആഭ്യന്തരയുദ്ധം കാരണം അദ്ദേഹത്തിന് അവിടെ നിൽക്കാൻ കഴിഞ്ഞില്ല.
- 1946 ജൂൺ 10 ന് മൗലാനാ കരം ഇലാഹി സാഹിബ് സഫർ അവിടെ നിയോഗിക്കപ്പെട്ടു.
- തുടർന്ന് അദ്ദേഹത്തിന്റെ അവിശ്രാന്ത പരിശ്രമവും ഹുസൂർ (റ)ന്റെ ദു:ആയും മുഖേന അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജമാഅത്ത് സ്ഥാപിക്കാനും തുടർന്ന് മാഡ്രിഡിൽ മസ്ജിദ് ബിശാറത് നിർമ്മിക്കാനും സൗഭാഗ്യം ലഭിച്ചു.

# ഒരു പ്രവചനവും ബ്രിട്ടന്റെ ആശ്ചര്യവും

രണ്ടാം ലോക മഹായുദ്ധത്തിൽ ബ്രിട്ടൻ പരാജയത്തി ന്റെ വക്കിലായിരുന്നു. ബ്രിട്ടീഷ് ഭരണാധികാരികൾ ഈ സന്ദർഭത്തെപറ്റി പറഞ്ഞത് Dunkirk (സംഘർഷത്തിന്റെയും പിൻവാങ്ങലിന്റെയും രംഗം) എന്നാണ്. ഈ സന്ദർഭത്തിലാണ് ഹദ്റത് മുസ്‌ലിഹ് മൗഊദ്(റ) ബ്രിട്ടന്റെ വിജയം പ്രവചിക്കുന്നത്. ഒരു സ്വപ്നദർശനം ഹുസൂർ കാണുകയുണ്ടായി: യുദ്ധത്തിനിടയിൽ ഇംഗ്ലണ്ടിന്റെ സംരക്ഷണ ഏർപ്പാടുകൾ തന്നിൽ അർപ്പിക്കപ്പെട്ടതായും അതിനുവേണ്ടി അമേരിക്കയിൽ നിന്ന് 2800 വിമാനങ്ങൾ വരുന്നതായും കാ ണുകയുണ്ടായി. മാത്രമല്ല, ഇത്രയും അതായത് 2800 വിമാനങ്ങൾ അയക്കുന്നതായി അമേരിക്കയിൽനിന്ന് കമ്പിസന്ദേശങ്ങൾ വന്നതായി അറിയിപ്പ് കിട്ടിയതായും സ്വപ്നത്തിൽ കണ്ടിരുന്നു.



ഈ പ്രവചനം 1940-ൽ അക്ഷരം പ്രതി പൂർത്തിയായി. ഹുസൂർ(റ)ന്റെ ഈ പ്രവചനത്തെക്കുറിച്ച് അറിഞ്ഞ ഇന്ത്യൻ വൈസ്രോയി അത്ഭുതപരതന്ത്രനായിപ്പോയി.

(തഹ്ദീസെ നിഅ്മത്ത് )

നുറുങ്ങുകൾ
എസ്.ഡി

## തിരുനബിയുടെ മാതൃക

1951-52 കാലത്ത് ഖലീഫ ശുജാഉദ്ദീൻ പഞ്ചാബ് അസംബ്ലിയിൽ സ്പീക്കർ സ്ഥാനത്തേക്ക് മത്സരിച്ചിരുന്നു. ഇതോടനുബന്ധിച്ച് അദ്ദേഹം റബ്‌വയിലും എത്തി. ഹ. മുസ്‌ലിഹ് മൗഊദ്(റ)ന്റെ ഏറ്റവും വലിയ സഹധർമിണി ഹദ്റത് സയ്യിദ ബേഗം സാഹിബ(റ)യുടെ കുടുംബക്കാരനുമായിരുന്നു. പണ്ടേ ജമാഅത്തിന്റെ കഠിന വിരോധിയും. അദ്ദേഹം നേരെ വന്ന് ഹ. സയ്യിദ സാഹിബയോട് ഹദ്റത് ഖലീഫത്തുൽ മസീഹിനെ കാണാൻ അവസരമൊരുക്കണമെന്ന് അഭ്യർഥിച്ചു.

സയ്യിദ സാഹിബ് പറഞ്ഞു:

നിങ്ങൾ എന്റെ ഭർത്താവിനെതിരെ ശകാരമുതിർക്കുന്ന ആളാണ്. ഇപ്പോൾ ആവശ്യം വന്നപ്പോൾ ശിപാർശക്ക് എത്തിയിരിക്കുന്നു. ഞാൻ നിങ്ങളുടെ ഒരു സന്ദേശവും ഹുസൂറിന് എത്തിക്കുന്നതല്ല. മാത്രമല്ല കാണാനുള്ള അവസരവും തരാൻ ആഗ്രഹമില്ല. ഖലീഫ ശുജാഉദ്ദീൻ നിരാശനായി പ്രൈവറ്റ് സെക്രട്ടറിയുടെ ഓഫീസിലെത്തി കൂടിക്കാഴ്ചക്ക് അവസരമൊരുക്കി.

കുറച്ചു സമയത്തിനുള്ളിൽ ഹുസൂർ(റ) വീട്ടിൽ വന്ന് സയ്യിദ സാഹിബയോട് പറഞ്ഞു:

അറിഞ്ഞോ, ശുജാഉദ്ദീൻ സാഹിബ് വന്നിരിക്കുന്നു. എന്നോടൊപ്പമാണ് ഭക്ഷണത്തിന് ഏർപ്പാട് ചെയ്തിരിക്കുന്നത്. അതിഥി സൽക്കാരമര്യാദ എന്ന നിലക്ക് ഒന്ന് രണ്ട് ഡിഷ് അധികം തയ്യാർ ചെയ്തേക്കാം. അവർ പറഞ്ഞു: അദ്ദേഹം വന്നതെനിക്കറിയാം. ഞാൻ മടക്കിവിട്ടതായിരുന്നു. ഹുസൂർ പറഞ്ഞു: നീ, നിന്റെ ധാർമികരോഷമാണ് കാണിക്കുന്നത്. പക്ഷേ അദ്ദേഹം എന്റെ അതിഥിയാണ്. അദ്ദേഹം ശകാരിച്ചുകൊണ്ട് തന്റെ സ്വഭാവം വെളിപ്പെടുത്തുന്നു. ഞാൻ നബി(സ)ന്റെ സുന്നത്തനുസരിച്ച് തന്റെ സ്വഭാവം വെളിപ്പെടുത്തുന്നതാണ്.

(അവ: മില്ലത്ത് കാഫിദായി പേജ് : 31,32)

# ശകാരമുതിർക്കരുത് പരുഷവാക്കുകൾ പറയരുത്

**ഹ. മുസ്‌ലിഹ് മൗഊദ്(റ)**

ഓർക്കുക, പരുഷമായ സംസാരം ആത്മാർത്ഥതയുടെ ലക്ഷണമല്ല. ഇതിന്റെ ഏറ്റവും സമീപസ്ഥമായ ഒരു ഉദാഹരണം നിങ്ങൾക്ക് മുന്നിലുണ്ട്. അതായത് മിയാൻ ഫഖ്റുദ്ദീൻ മുൽതാനിയുടെ കാലിടറാൻ നിമിത്തമായത് പരുഷമായ അവതരണമാണ്. അദ്ദേഹം എപ്പോഴും പൈഗാമികൾക്കെതിരിൽ (രണ്ടാം ഖിലാഫത്ത് കാലത്ത് ജമാഅത്ത് വിട്ടുപോയവർ) പരുഷമായ ലേഖനങ്ങൾ എഴുതിയിരുന്നു.

ഞാൻ അദ്ദേഹത്തെ ശാസിക്കുകയും, എന്റെ കഠിനവിരോധികൾക്കെതിരാണെങ്കിൽ പോലും ശകാരമുതിർക്കുന്നത് ഞാൻ ഇഷ്ടപ്പെടുന്നില്ലെന്ന് പറയുകയും ചെയ്തിരുന്നു. ഇത് അദ്ദേഹത്തിന് നീരസമുണ്ടാക്കി.താൻ അദ്ദേഹത്തിന് വേണ്ടി ത്യാഗങ്ങൾ സഹിക്കുകയും, എതിരാളികളെ നേരിടുകയും ചെയ്യുന്നു. പക്ഷേ അതൊന്നും അദ്ദേഹത്തിന് രസിക്കുന്നില്ല. എന്നാണ് ഫഖ്റുദ്ദീൻ മനസിലാക്കുന്നത്. വീണ്ടും അതേ രീതിയിൽ ലേഖനങ്ങൾ എഴുതി. ഞാൻ വീണ്ടും ശാസിക്കുകയും ചെയ്തു. അതും അദ്ദേഹത്തിന് നീരസമുണ്ടാക്കി. മൂന്ന് പ്രാവശ്യം ഇത് ആവർത്തിച്ചപ്പോൾ ഞാൻ പറഞ്ഞു, മേലിൽ ഇത്തരം ലേഖനങ്ങൾ എഴുതിയാൽ ഞാൻ ശിക്ഷിക്കുന്നതാണ്. അപ്പോൾ അദ്ദേഹം ചിന്തിച്ചത് ഇവിടെ സേവനങ്ങൾ ചെയ്യുന്നവർക്ക് യാതൊരു വിലയുമില്ലെന്നായിരുന്നു. അദ്ദേഹത്തിന്റെ വീക്ഷണത്തിൽ വിലയും നിലയും എന്നതുകൊണ്ടുള്ള വിവക്ഷ, അല്ലാഹുവിന്റെയും, റസൂലിന്റെയും, ഇസ്‌ലാമിന്റെയും ധാർമികതയേയും അവഗണിച്ചുകൊണ്ട് എന്നെ സഹായിക്കുന്നതിൽ ഞാൻ സന്തോഷിക്കണമെന്നാണ്. യഥാർഥത്തിൽ ദൈവാഭിഷ്ടമാണ് വേണ്ടത്. ഞാൻ അല്ലാഹുവിന്റെ മുന്നിൽ മറുപടി പറയാൻ ബാധ്യസ്ഥനാണ്.

ഞാൻ ശകാരിപ്പിക്കുകയും അവൻ കോപിക്കുകയും ചെയ്താൽ ഫഖ്റുദ്ദീന്റെ സഹായം കൊണ്ട് എനിക്കെന്ത് ചെയ്യാൻ കഴിയും? ഇത് അദ്ദേഹത്തിന്റെ കാലിടറാനും പരുഷമായ അവതരണം പരീക്ഷണത്തിനും നിമിത്തമായി. തെറ്റായ രീതിയിലുള്ള സഹായം എനിക്ക് ഇഷ്ടമേ ഇല്ല. ഇത്തരത്തിൽ എന്നെ സഹായിക്കുന്നത് എനിക്ക് സഹിക്കാനും സാധ്യമല്ല. അല്ലാഹു കോപിച്ചാൽ പിന്നെ മനുഷ്യന് എന്ത് സഹായമാണ് ചെയ്യാൻ കഴിയുക? യഥാർഥ മറുപടി അല്ലാഹുവിനാണ് നൽകാനുള്ളത്.

ഇസ്‌ലാം അഹ്മദിയ്യത്തും, ധാർമികതയും ഇല്ലാതായാൽ അത്തരം കോടിക്കണക്കിന് ലേഖനങ്ങൾക്ക് അത് എഴുതിയ കടലാസുകളുടെ വില പോലും ഗണിക്കാൻ സാധ്യമല്ല.

(അൽഫദ്ൽ 1.5.1940)



# ആർജ്ജവമുണ്ടോ?

**ഞങ്ങളിൽ നിന്ന് നിങ്ങളിൽ ചേർന്നവരുടെയും നിങ്ങളിൽ നിന്ന് ഞങ്ങളിലേക്ക് വന്നവരുടെയും എണ്ണമെടുക്കാൻ ഞാൻ കൂടെ കൂടെ വെല്ലുവിളിച്ചതാണ്. ആരാണ് വളരുന്നതെന്നും, തളരുന്നതെന്നും അപ്പോൾ സ്വയം മനസിലാക്കാവുന്നതാണ്. അതുപോലെതന്നെ നിങ്ങൾ മുഖേന അഹ്മദിയ്യത്തിൽ ചേരുന്നവരുടെ എണ്ണമെടുക്കാനും ഞാൻ വെല്ലുവിളിച്ചിരുന്നു. പക്ഷേ അതിനും തയ്യാറായില്ല, കാരണം ഇക്കാര്യത്തിൽ മത്സരിച്ചാൽ യാഥാർഥ്യം വെളിപ്പെടുമെന്ന് അവർക്കറിയാം. (അൽഫദ്ൽ 13.7.1941)**

# പാശ്ചാത്യരെ അനുകരിക്കരുത്

**സൂറ: റഹ്മാനിൽ വിവരിച്ചിട്ടുള്ള ശുദ്ധജലവും ഉപ്പുവെള്ളവുമുള്ള സമുദ്രങ്ങളാണ് ഇസ്‌ലാമും പാശ്ചാത്യരും എന്നു വിവരിച്ചുകൊണ്ട് ഹ. മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു:**

നിങ്ങൾക്ക് തീർച്ചയായും ഈ സമൂഹങ്ങളുമായി ചേർന്ന് ജീവിക്കേണ്ടിവരും. ദൈവിക യുക്തിക്ക് അനുസൃതമായി നിങ്ങളെ ക്രിസ്ത്യൻ ഭരണകൂടങ്ങൾക്ക് കീഴിൽ ആക്കുകയും ചെയ്യും. അത്തരം സന്ദർഭത്തിൽ നിങ്ങൾ ശുദ്ധജലമുള്ള സമുദ്രമാണെന്നും, അവർ ഉപ്പുവെള്ളമുള്ള സമുദ്രമാണെന്നും ഓർക്കേണ്ടതാണ്. നിങ്ങൾ ഒരിക്കലും പാശ്ചാത്യരെ അനുകരിക്കരുത്. അവരുമായി കൂടിച്ചേർന്നിരിക്കുമ്പോഴും പല കാര്യങ്ങളിലും നിങ്ങളും അവരും വെവ്വേറെയാണെന്നും പറയുക. നിങ്ങളുടെയും അവരുടെയും ഇടയിൽ ഒരു ബർസഖ് തീർച്ചയായും ഉണ്ടായിരിക്കും. അതിനുവേണ്ടിയാണ് ഞാൻ തഹ്രീക് ജദീദ് ആരംഭിച്ചിട്ടുള്ളത്. അതുമുഖേന ജമാഅത്തിലുള്ളവരെ ഉദ്ബോധിപ്പിക്കേണ്ടത്, നിങ്ങൾ പാശ്ചാത്യരുടെ പ്രഭാവങ്ങൾ സ്വാംശീകരിക്കരുതെന്നാണ്. ശുദ്ധ ജലത്തിലുള്ള അഹ്മദി തീർച്ചയായും അവരിൽ നിന്ന് വേറിട്ടു നിൽക്കുന്നതാണ്. ഉപ്പുവെള്ളവും ശുദ്ധജലവും കൂടിക്കലരുന്നതല്ല. ഹ. മസീഹ് മൗഊദ്(അ)നെ അംഗീകരിക്കാത്ത അനഹ്മദികളും പാശ്ചാത്യരെ അനുകരിക്കരുത്. കാരണം ഇത് മസീഹ് മൗഊദ്(അ)ന്റെ അധ്യാപനമല്ല. മറിച്ച് ഇത് നബിതിരുമേനി(സ)ന്റേയും തിരുനബിയെ അയച്ച അല്ലാഹുവിന്റേയും അധ്യാപനമാണ്. (സേറെ റൂഹാനി)

# അൽ മൗഊദ്



ഹദ്റത് ഖലീഫത്തുൽ മസീഹ് സാനി(റ) താനാണ് മുസ്ലിഹ് മൗഊദ് എന്ന് ദൈവിക നിർദ്ദേശപ്രകാരം പ്രഖ്യാപിച്ചുകൊണ്ട് വിവിധ സ്ഥലങ്ങളിൽ സമ്മേളനങ്ങൾ നടത്തിയിരുന്നു. 1944 ഡിസംബർ 28 ന് ജൽസാ സാലാന (ഖാദിയാൻ)യുടെ സമാപന പ്രഭാഷണത്തിൽ, ഹുസൂർ(റ) മുസ്ലിഹ് മൗഊദിനെ കുറിച്ചുള്ള പ്രവചനവും വിവരിക്കുകയുണ്ടായി.



ഈ പ്രഭാഷണത്തിനിടക്ക് വ്യത്യസ്ത നാടുകളിലെ 22 മുബല്ലിഗ്മാർ പ്രവചന പുലർച്ചയെ കുറിച്ച് ഹ്രസ്വ പ്രഭാഷണം നടത്തുകയുണ്ടായി. ഇതിൽ



ഹദ്റത് മൗലാനാ ഗുലാം ഫരീദ് സാഹിബ് എം.എ, മൗലാനാ സുഹൂർ ഹുസയ്ൻ സാഹിബ്, ഹ. ചൗധരി ഫത്ഹ് മുഹമ്മദ് സാഹിബ് സിയാൽ എം.എ (നാസിർ അഅ്ലാ ഖാദിയാൻ), ഹ. ഹാഫിസ് സൂഫി ഗുലാം മുഹമ്മദ് സാഹിബ് ബി.എ, ഹ. സയ്യിദ് സയ്നുൽ ആബിദീൻ വലിയുല്ലാഹ് ശാഹ് സാഹിബ്, ഹ. മൗലാനാ അബ്ദുർറഹീം സാഹിബ് ദർദ് എം.എ, ഹ. മൗലാനാ അബ്ദുൽ അത്വാ സാഹിബ് ജാലന്തരി എച്ച്. എ, ഹ. മാസ്റ്റർ അബ്ദുർ റഹ്മാൻ സാഹിബ് മെഹർ സിംഗ്, ഹ. മൗലവി എ.പി. ഇബ്റാഹീം സാഹിബ് മലബാരി (ശ്രീലങ്ക), ഹ. മൗലാനാ ബി.അബ്ദുല്ലാഹ് സാഹിബ് മലബാരി (കേരള), എന്നിവരും ഉൾപ്പെടുന്നു.

## തിരുനബിയെ സ്നേഹിക്കുന്നില്ലെന്നോ?

പരിശുദ്ധ കലിമയെ ജീവിതലക്ഷ്യമാക്കി മാറ്റിയ ഒരു സമൂഹത്തെപറ്റി, അവർ കലിമയെ മൻസൂഖ് അക്കിയെന്ന് ആരോപിക്കുന്നതിനേക്കാളും വലിയ കുറ്റുകെട്ടും കളവും ഇല്ലതന്നെ. ഞങ്ങളുടെ മക്കളെ ആരെങ്കിലും ശത്രുത കൊണ്ട് അരുംകൊല ചെയ്യുന്നതിലും വലിയ ശത്രുതയായിട്ടാണ് ഞങ്ങൾ മനസിലാക്കുന്നത്.

ഇത്തരം കളവ് പറയുന്ന ആ ഹൃദയത്തിൽ അല്ലാഹുവിനോടും റസൂൽ കരീം(സ)നോടും ഒരിക്കലും സ്നേഹമുണ്ടായിരിക്കില്ല.

അല്ലാഹുവിനേയും റസുലിനേയും സ്നേഹിക്കുന്നവർ ഇത്തരത്തിലുള്ള കളവ് പറയുന്നതല്ല. (അൽഫദ്ൽ 7.7.1944)

## ഐകമത്യം മഹാബലം

**മുസ്ലിഹ് മൗഊദ്(റ) പറയുന്നു:** ഞാൻ നിങ്ങളെ ഉപദേശിക്കുകയാണ്, നിങ്ങളെ മാത്രമല്ല, ഖിയാമത്ത് വരെയുള്ള അഹ്മദികളെയും ഉപദേശിക്കുകയാണ്, എപ്പോഴും ഫിത്നകളിൽ നിന്ന് രക്ഷപ്പെടുക. നിങ്ങൾ ഐക്യത്തിന്റെ ബന്ധുത്വത്തെ കൈയൊഴിയുന്നില്ലെങ്കിൽ വിജയവും അഭ്യുന്നതികളും നിങ്ങൾക്കൊപ്പം ഉണ്ടാകുന്നതാണ്. അല്ലെങ്കിൽ നാശമാണ് സംഭവിക്കുക. കാരണം ഫിത്നക്കും ഫസാദിനും ഒരു പരിഹാര ക്രിയയുമില്ല. അല്ലാഹു അവന്റെ ഔദാര്യം കൊണ്ട് നിങ്ങൾക്ക് ഒരു പ്രകാശമാനമായ ജാലകം തുറന്നിരിക്കുന്നു. ലോകത്ത് ആ പ്രകാശം പരത്തുവിൻ! അങ്ങിനെ ദൈവിക അനുഗ്രഹങ്ങളുടെ അവകാശികളാകുവിൻ! ഫിത്നയുടെയും ഫസാദിന്റെയും മാർഗങ്ങളെ സൂക്ഷിച്ചു കൊള്ളുക. കാരണം അത് നാശത്തിന്റെ വഴികളാകുന്നു. (അൽഫദ്ൽ 4-9-1917)



## ഫദ്ലെ ഉമർ

ഹദ്റത് മുസ്ലിഹ് മൗഊദ്(റ)നെകുറിച്ചുള്ള ഇൽഹാമിൽ അദ്ദേഹത്തിന് നൽകപ്പെട്ട ഒരു പേര് ഫദ്ലെ ഉമർ എന്നായിരുന്നു.

ഹദ്റത് ഉമർ(റ) നോട് പല കാര്യത്തിലും താദാത്മ്യം പുലർത്തിയ മുസ്ലിഹ് മൗഊദ് (റ) ന്റെ ജീവിതത്തിലേക്ക്.....

ഹുസൂർ പറയുകയാണ് : ഞാൻ ഖലീഫയായി തിരഞ്ഞെടുക്കപ്പെട്ട കാലത്ത് ഹസാറയിൽ നിന്ന് ഒരാൾ വരുകയുണ്ടായി. അദ്ദേഹം പറഞ്ഞു, ഞാൻ ഹദ്റത് ഉമറിന് ബയ്അത്ത് ചെയ്യുന്നതായി സ്വപ്നം കണ്ടിരുന്നു. ഇവിടെ വന്നപ്പോൾ അദ്ദേഹത്തിന്റെ രൂപഭാവം തന്നെയാണ് താങ്കളിലും കണ്ടത് മറ്റൊന്ന്, ഹദ്റത് ഉമറിന്റെ തലയിൽ ഇടതുഭാഗത്ത് ഒരു കലയുള്ളതായും ഞാൻ സ്വപ്നത്തിൽ കണ്ടിരുന്നു. ഞാൻ അത് കാണാൻ കാത്തു നിൽക്കുകയായിരുന്നു. താങ്കൾ തലചൊറിയുകയും തലപ്പാവ് മാറ്റുകയും ചെയ്തപ്പോൾ അതേ കല താങ്കളുടെ ശിരസിലും എനിക്ക് കാണാൻ കഴിഞ്ഞു. അതുകൊണ്ട് ഞാൻ ബയ്അത്ത് ചെയ്യുകയാണ്.

ഇതിനുശേഷം ഞാൻ ചരിത്രഗ്രന്ഥങ്ങൾ പരിശോധിച്ചപ്പോൾ ഹദ്റത് ഉമർ(റ)ന്റെ ശിരസിൽ ഇടതുഭാഗത്ത് കലയുള്ളതായി കാണുകയുണ്ടായി.

(ഖിലാഫത്തെ ഹഖ: ഇസ്ലാമിയ )

ഇതിനുപുറമേ ഹദ്റത് ഉമർ(റ) നെ പോലെ തന്നെ ഒട്ടേറെ പദ്ധതികൾ ആവിഷ്കരിച്ചത് ഹദ്റത് മുസ്ലിഹ് മൗഊദ്(റ) ആയിരുന്നു. ഉദാ: ജമാഅത്ത് വ്യവസ്ഥിതി, ദാറുൽ ഖദാ, ദാറുൽ ഉഫ്താ, വ്യവസ്ഥാപിതമായ ബയ്തുൽമാൽ സംവിധാനം, ഇസ്ലാമിക കലണ്ടർ (ഹിജ്രി ശംസി)....

ദഅ്‌വത്തെ ഇലല്ലാഹ്



# ഉള്ളതിൽ തൃപ്തിപ്പെടുക, അനുഗ്രഹങ്ങൾ സ്വായത്തമാക്കാം

ഹ. മുസ്‌ലിഹ് മൗഊദ്(റ) നൈജീരിയയിൽ മുബല്ലിഗ് ആയി നിയമിക്കപ്പെട്ട മൗലാനാ ശേഖ് ഫദ്‌ലുർ റഹ്മാൻ സാഹിബിന് യാത്രാവേളയിൽ നൽകിയ നിർദ്ദേശങ്ങൾ.

**1.** അവിടെയുള്ള ഭാഷ പഠിക്കാൻ ശ്രമിക്കുക, അത് കൂടാതെ ദഅ്‌വത്തെ ഇലല്ലാഹ് സാധ്യമാകുന്നതല്ല.

**2.** തബ്‌ലീഗ് ചെയ്യാൻ ഉദ്ദേശിക്കുന്ന ആളുകളോട് സ്നേഹത്തോടും യുക്തിയോടും കൂടി പെരുമാറുക. ഒരു സംവിധാനത്തിനുകീഴിൽ അവരെ ആക്കണം. വിവിധ ആളുകളെ മേൽനോട്ടക്കാരായി നിശ്ചയിക്കുക. നമസ്കാരം കൃത്യനിഷ്ഠമാക്കാനും ശ്രദ്ധിക്കേണ്ടതാണ്.



**3.** അവിടെയുള്ള ഗോത്രങ്ങൾ തങ്ങളുടെ നേതാക്കന്മാരെ ഏറെ ആദരിക്കുന്നവരാണ്. അതുകൊണ്ട് തന്നെ അവരുമായി ഇടപെടുമ്പോൾ അവർക്ക് അരോചകമാകുന്ന രീതിയിൽ സംസാരിക്കരുത്.

അവരെ ഉപദേശിക്കുമ്പോൾ ഒറ്റക്ക് ഉപദേശിക്കുക. അവർ അവമതിയായി അതിനെ ഗണിക്കാതിരിക്കാനാണ് ഇത്. തനിച്ച് ഉപദേശിക്കുമ്പോഴും മതപരമായി അവരുടെയും നേതാവ് നമ്മുടെ നേതാവ് തന്നെയായിരിക്കുമെന്നും അവരെ ബോധ്യപ്പെടുത്തണം.

**4.** അവിടെയുള്ള ആളുകളുടെ ബുദ്ധി, സൂക്ഷ്മമായ കാര്യങ്ങളെ മനസിലാക്കാൻ കഴിയുന്നവ ആയിരിക്കില്ല. ഉദാഹരണമായി, സ്വർഗത്തിൽ സമ്മാനങ്ങൾ കിട്ടുന്നതാണ്. നമസ്കാരങ്ങൾക്ക് അവിടെ സദൃശ്യമായ ഫലങ്ങൾ ലഭിക്കും, നരകം ദൈവത്തെ ധിക്കരിക്കുന്നവർക്കുള്ളതാണ്. അവിടെ വലിയ ശിക്ഷകൾ ഉണ്ടായിരിക്കും. സ്വർഗം അല്ലാഹുവും അവന്റെ റസൂലും നൽകിയ കൽപനകൾക്ക് അനുസരിച്ച് ജീവിക്കുന്നവർക്കുള്ളതാണ്. അവിടെ സുഖവും വിശ്രമവുമായിരിക്കും. എന്നിങ്ങനേയുള്ള കാര്യങ്ങൾ....

അതുകൊണ്ട് അവർക്ക് ഉന്നതമായ രീതിയിൽ ശിക്ഷണം നൽകേണ്ടതില്ല എന്നല്ല. മറിച്ച് പ്രാഥമിക വിഷയങ്ങൾ ബോധ്യപ്പെടുത്തിയതിനു ശേഷം പടിപടിയായി മറ്റ് കാര്യങ്ങളും മനസിലാക്കിക്കൊടുക്കുക.

**5.** ഒരിക്കലും അലസത അരുത്. എപ്പോഴും ഉന്മേഷവാനായിരിക്കണം. അതിന് വ്യായാമവും ചെയ്യണം. നടക്കുകയാണെങ്കിലും ശരി. ഉന്മേഷത്തിന് അതുമായി ബന്ധമുണ്ട്. പ്രവാചകന്മാർ ഒരിക്കലും അലസരായിരുന്നില്ല.

**6.** സ്വന്തം കാര്യങ്ങൾ ചെയ്യുമ്പോൾ, ജനങ്ങൾ തന്റെ കാര്യങ്ങൾ ചെയ്യുമെന്ന് ഒരിക്കലും കരുതരുത്. മറ്റൊരാളിലും കണ്ണും നട്ടിരിക്കരുത്. പുണ്യം കിട്ടുമെന്ന് കരുതി ആരെങ്കിലും സ്വയമോ ചെയ്യാൻ തുനിഞ്ഞാൽ അയാളെ പരിഗണിക്കേണ്ടതുമാണ്.

**7.** സ്വഭാവത്തെ പ്രത്യേകം ശ്രദ്ധിക്കണം. എത്രത്തോളം സാധ്യമാണോ അത്രയും സ്വഭാവത്തെ നന്നാക്കണം. ഭരണാധികാരികളോട് ഉചിതമായ രീതിയിലുള്ള അദവോടുകൂടി ഉടപെടേണ്ടതാണ്. നമ്മുടെ അധ്യാപനങ്ങളുടെ യാഥാർഥ്യം അവരേയും ബോധ്യപ്പെടുത്തികൊണ്ടിരിക്കേണ്ടതാണ്. അവരുടെ അധികാര പരിധിയിലും ചില തൊക്കെയുണ്ട്. അതുകൊണ്ട് തന്നെ അനാവശ്യമായി അവരെ ശുഢിപിടിപ്പിക്കരുത്.

**8.** നിങ്ങൾ തബ്‌ലീഗ് ചെയ്യേണ്ട ജനങ്ങൾക്കിടയിൽ വളരെ വൈകാരികമായി പരന്നുകൊണ്ടിരിക്കുന്ന ഒരു സംഗതി, ലോകം തങ്ങളെ നിന്ദ്യരായി കരുതുന്നുവെന്നും, വെറുക്കുന്നുവെന്നുമാണ് അതുകൊണ്ട് തന്നെ അവരോട് സ്നേഹപൂർവം പെരുമാറുക. ജനങ്ങൾ അവരെ വെറുക്കാനുള്ള കാരണം, ശരിയായ ഈമാന്റെ അഭാവമാണെന്ന്. അതുകൊണ്ട് ഗോത്രങ്ങളെ വെറുക്കരുതെന്നും അവരെ ബോധ്യപ്പെടുത്തണം. ആഫ്രിക്കയിൽ പോകുന്ന മുബല്ലിഗ്മാർ അവരുടെ മതങ്ങളെ മോശമായി ഗണിക്കരുത്.

ആഫ്രിക്കൻ ജനതക്കുള്ളിൽ തങ്ങൾ മോശമായി ഗണിക്കപ്പെടുന്നു എന്ന ചിന്താശക്തിയായി നിലനിൽക്കുകയും അതുകൊണ്ട് തന്നെ ലോകത്തെ മുഴുവൻ ഇല്ലാതാക്കി അവിടെയെല്ലാം തങ്ങളുടെ തലമുറകൾ സൃഷ്ടിക്കണമെന്നും ആഗ്രഹിക്കുന്നു. അവരുടെ ആവേശം കാണുമ്പോൾ ഞാൻ ചിന്തിക്കുന്നത് ആ ഹദീസിലേക്കാണ്. അതിൽ പറയുന്നത്, ഒരു നീഗ്രോ മക്കയെ ആക്രമിക്കുമെന്നതിന്റെ വിവക്ഷ ഇതായിരിക്കുമോ എന്നാണ്.

**9.** വസ്ത്രത്തിലും ഭക്ഷണത്തിലും ഉള്ളതിൽ തൃപ്തിപ്പെടുക, അത് മുഖേന നന്ദിപ്രകടിപ്പിക്കാനുള്ള സ്വഭാവം ഉണ്ടാകുന്നതാണ്. കൃതജ്ഞത കൊണ്ട് വലിയ വലിയ അനുഗ്രഹങ്ങൾ ലഭിക്കുന്നതുമാണ്. ഉള്ളതിൽ തൃപ്തിപ്പെടുന്ന സ്വഭാവമില്ലാത്തവർ എത്ര വലിയ അനുഗ്രഹംകിട്ടിയാലും കരുതുക, എനിക്ക് അവകാശപ്പെട്ടത് കിട്ടി എന്നായിരിക്കും. ഉള്ളതിൽ തൃപ്തിപ്പെടുന്ന ശീലമില്ലാത്തവർക്ക് അകതാരിൽ ഒരിക്കലും കൃതജ്ഞത ഉണ്ടാകുന്നതുമല്ല.

(അൽഫദ്ൽ 3.3.1924)

# തഹ്‌രീക് ജദീദ്

1934 -ൽ അഹ്‌റാറികൾ ഖാദിയാനിൽ ഒരു വലിയ സമ്മേളനം നടത്തുകയും അഹ്മദിയ്യാ ജമാഅത്തിനെ ഖാദിയാനിൽ തന്നെ കുഴിച്ചു മൂടുമെന്നും, മിനാരത്തുൽ മസീഹിന്റെ ഇഷ്ടികകൾ ബിയാസ് നദിയിൽ എറിയുമെന്നും വീരവാദം മുഴക്കുകയും ചെയ്തിരുന്നു.

ഈ സന്ദർഭത്തിലാണ് ക്രാന്തദർശിയായ മുസ്‌ലിഹ് മൗഊദ്(റ), ദൈവിക നിർദ്ദേശ പ്രകാരം പറഞ്ഞു, ഞാൻ അഹ്‌റാറിന്റെ കാലിൻ ചുവട്ടിൽ നിന്ന് ഭൂമി നീങ്ങിപ്പോവുന്നതായി കാണുന്നു. ഏതാനും ദിവസം കൊണ്ട് തന്നെ അഹ്‌റാർ പാർട്ടിയിൽ അന്തഃഛിദ്രം ഉടലെടുക്കുകയും വീരവാദങ്ങൾ വീൺവാക്കുകളാവുകയും ചെയ്തു.

അഹ്മദിയ്യാ ജമാഅത്തിനെആഗോളതലത്തിൽ പരത്തുന്നതിനുവേണ്ടി ഹദ്‌റത് ഖലീഫത്തുൽ മസീഹ് രണ്ടാമൻ (റ) ആരംഭിച്ച ആഗോള മിഷണറി വ്യവസ്ഥയാണ് തഹ്‌രീക് ജദീദ്. ഹുസൂർ(റ) ന്റെ കാലത്ത് തന്നെ 46 രാഷ്ട്രങ്ങളിൽ ജമാഅത്ത് സ്ഥാപിതമായിട്ടുണ്ടായിരുന്നു. ഇന്ന് 198 രാഷ്ട്രങ്ങളിൽ അഹ്മദിയ്യാ ജമാഅത്ത് പ്രവർത്തിച്ചുവരുന്നു.

തഹ്‌രീക് ജദീദ് ധനത്യാഗത്തിന് ഹുസൂർ ചില സാമ്പത്തിക ക്രമങ്ങൾ ഓരോ അഹ്മദിയ്യിൽ നിന്നും ആവശ്യപ്പെട്ടിരുന്നു. മുത്വാലിബാത്തെ തഹ്‌രീക് ജദീദ് എന്നാണ് ഇത് അറിയപ്പെടുന്നത്. ജീവിതചിലവുകളിൽ നിയന്ത്രണം ഏർപ്പെടുത്തി ഈ പദ്ധതിക്ക് ചന്ദഃ നൽകാനാണ് ഹുസൂർ ആവശ്യപ്പെട്ടത്.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ വകുപ്പിനു കീഴിൽ ലോകം മുഴുവൻ തബ്‌ലീഗ് പ്രവർത്തനങ്ങൾ ഊർജിതമാണ്. പുസ്തക പ്രസിദ്ധീകരണങ്ങൾ, റേഡിയോ സ്റ്റേഷനുകൾ എന്നിവയും പ്രവർത്തിക്കുന്നു.

# വഖ്ഫെ ജദീദ്

-ഹ. മുസ്‌ലിഹ് മൗഊദ്(റ)ന്റെ അവസാന സാമ്പത്തിക ആഹ്വാനം-

1958 ജനുവരി 7 ന് ഹദ്‌റത് മുസ്‌ലിഹ് മൗഊദ് ഇന്തോപാക്കിലെ ഗ്രാമീണ മേഖലകളിൽ തർബിയ്യത്ത് പ്രവർത്തനങ്ങൾ ഊർജിതമാക്കുന്നതിന് വേണ്ടി ആരംഭിച്ച പദ്ധതിയാണ് വഖ്ഫെ ജദീദ്. ഈ പ്രവർത്തനങ്ങൾ നടത്തുന്നതിന് വേണ്ടി പ്രത്യേകം ഫണ്ട് സ്വരൂപിക്കുന്നതിനും ഹുസൂർ ആഹ്വാനം ചെയ്തിരുന്നു. ഹുസൂർ (റ)ന്റെ ഏറ്റവും ഒടുവിലത്തെ സാമ്പത്തിക ആഹ്വാനമാണ് വഖ്ഫെ ജദീദ്.

പിന്നീട് ഹദ്‌റത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) ഈ സാമ്പത്തിക പദ്ധതിയെ ലോകം മുഴുവൻ വ്യാപിപ്പിക്കുകയുണ്ടായി.

ശതാബ്ദം 1932-ഫെബ്രുവരി എസ്.

## അഞ്ചുമൻ മുബല്ലിഗീൻ

ഹദ്റത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ)ന്റെ ആഹ്വാനമനുസരിച്ച് ഖാദിയാനിലെ കുറച്ച് ചെറുപ്പക്കാർ ചേർന്ന് അഞ്ചുമൻ മുബല്ലിഗീൻ സ്ഥാപിച്ചു. ഇതിന്റെ മറ്റൊരു പേര് യാദിഗാറെ അഹ്മദ് എന്നായിരുന്നു.

ഇസ്‌ലാമിനെ പിന്തുണച്ചുകൊണ്ടും, മറ്റ് മതങ്ങളുടെ നിരർഥക വശങ്ങളെ വിശദീകരിച്ചുകൊണ്ടും ചെറിയ ചെറിയ ലഘുലേഖകൾ തയ്യാറാക്കലായിരുന്നു ഈ സംഘടനയുടെ ഉദ്ദേശ്യം.

ആദ്യം ഇറക്കിയ പ്രസിദ്ധീകരണം കസറെ സ്വലിബ് എന്ന പേരിലായിരുന്നു. ഹദ്റത് മീർ മുഹമ്മദ് ഇസ്ഹാഖ് സാഹിബാണ് ഇത് തയ്യാറാക്കിയത്.

## ഹയാതെ നൂറുദ്ദീൻ



- ഹ. ഖലീഫത്തുൽ മസീഹ് അവ്വൽ(റ) ഇതേ മാസത്തിലാണ് തന്റെ ജീവചരിത്രം തയ്യാറാക്കിത്തുടങ്ങിയത്. അക്ബർഖാൻ നജീബാബാദിയാണ് ഇതെഴുതിയത്. പിന്നീടത്, മിർഖാത്തുൽ യഖീൻ ഫീ ഹയാത്തി നൂറുദ്ദീൻ എന്ന പേരിൽ പ്രസിദ്ധീകരിക്കുകയുണ്ടായി.
- ഖിലാഫത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ഹുസൂർ(റ) ചെയ്ത പ്രസംഗം അൽഹക്കം ഫെബ്രുവരി മാസത്തെ ലക്കത്തിൽ പ്രസിദ്ധീകരിച്ചു. ഹുസൂർ ഈ പ്രഭാഷണത്തിൽ ഖിലാഫത്ത് ദൈവികമാണെന്നും, ഖലീഫയായി തിരഞ്ഞെടുക്കപ്പെടുന്നത് ദൈവഹിത പ്രകാരമാണെന്നും വിശദീകരിക്കുകയുണ്ടായി.


# ഹിജ്‌രിശംസി കലണ്ടർ

**ഹദ്റത് റസൂൽ തിരുമേനി(സ) മക്കയിൽ നിന്ന് മദീനയിലേക്ക് ഹിജ്റത് പോയതിനെ അനുസ്മരിച്ചുകൊണ്ട് സൗര വർഷ പ്രകാരം ഹദ്റത് മുസ്‌ലിഹ് മൗഊദ്(റ) ആരംഭിച്ച ഇസ്‌ലാമിക കലണ്ടറാണ് ഹിജ്‌രി ശംസി കലണ്ടർ. ഈ കലണ്ടറിൽ ഓരോ മാസത്തിനും ഇസ്‌ലാമിക ചരിത്രത്തിലെ പ്രധാനപ്പെട്ട ഒരു സംഭവത്തെ അനുസ്മരിക്കുന്ന പേരാണ് നൽകിയിട്ടുള്ളത്.**

| ഇംഗ്ലീഷ് മാസം | ഹി.ശ. മാസം | പാശ്ചാത്തലം |
|---|---|---|
| 1 ജനുവരി | **സുൽഹ്** | ഹുദൈബിയാ സന്ധിയെ അനുസ്മരിച്ചുകൊണ്ട് |
| 2 ഫെബ്രുവരി | **തബ്‌ലീഗ്** | രാജാക്കന്മാർക്ക് തബ്‌ലീഗ് കത്തയച്ചത് ഈ മാസമാണ്. |
| 3 മാർച്ച് | **അമാൻ** | മനുഷ്യാവകാശങ്ങൾ അടങ്ങിയ ഹജ്ജത്തുൽ വിദാഅ് ഖുത്ബ നിർവഹിച്ചതിനെ ഓർമിച്ചുകൊണ്ട്. |
| 4 ഏപ്രിൽ | **ശഹാദത്ത്** | ഈ മാസമാണ് 77 ഹാഫിസുമാരെ ചതിയിലൂടെ ശത്രുക്കൾ ശഹീദാക്കിയത് |
| 5 മെയ് | **ഹിജ്റത്** | ഹിജ്റത് ഈ മാസത്തിൽ ആയിരുന്നു. |
| 6 ജൂൺ | **ഇഹ്സാൻ** | നബി(സ), ഹാത്വിം ത്വായിയുടെ ഗോത്രത്തെ ഔദാര്യപൂർവം വിട്ടയച്ചതിനെ അനുസ്മരിച്ചുകൊണ്ട്. |
| 7 ജൂലൈ | **വഫാ** | സ്വഹാബാക്കളുടെ സ്നേഹബന്ധത്തെ അനുസ്മരിച്ചു കൊണ്ട്. |
| 8 ആഗസ്റ്റ് | **ളുഹൂർ** | ഇസ്‌ലാം വെളിപ്പെട്ടത് അനുസ്മരിച്ചുകൊണ്ട് |
| 9 സെപ്തംബർ | **തബൂക്ക്** | ഈ മാസമാണ് തബൂക്ക് യുദ്ധം ഉണ്ടായത്. |
| 10 ഒക്ടോബർ | **ഇഖാഅ്** | മക്കാ നിവാസികളായ മുഹാജിരീംകളും മദീനക്കാരായ അൻസാറുകളും ഉണ്ടാക്കിയ സഹോദര്യത്തെ അനുസ്മരിച്ചുകൊണ്ട്. |
| 11 നവംബർ | **നുബുവ്വത്ത്** | ഈ മാസമാണ് നബി(സ) നുബുവ്വത്ത് വാദിച്ചത്. |
| 12 ഡിസംബർ | **ഫതഹ്** | മക്കാവിജയം ഉണ്ടായ മാസം. |

ചരിത്രം
ഇഷ്

# മൗലാനാ മുഹമ്മദ് അലി ജോഹറിന്റെ മരണത്തിൽ അനുശോചനം



1931 ജനുവരി 4ന് രാജ്യത്തിനും സമുദായത്തിനും ഏറെ ദുഃഖകരമായ വാർത്തയാണ് വന്നത്. വളരെ സുപ്രസിദ്ധനും ഏറെ ജനപ്രിയനുമായിരുന്ന രാഷ്ട്രീയ നേതാവ് മൗലാനാ മുഹമ്മദ് അലി ജോഹർ ലണ്ടനിൽ മരണപ്പെട്ടു.

മൗലാനാ വൈജ്ഞാനികവും രാഷ്ട്രീയവുമായ നിലയിൽ വളരെ ധൈര്യശാലിയായ സ്വാതന്ത്ര്യ സമര പോരാളിയായിരുന്നു.

മൗലാനയുടെ വിയോഗത്തിൽ നിസാറത്ത് ഉമൂർ ആമ, ഹദ്റത് ഖലീഫത്തുൽ മസീഹ് സാനി (റ)ന്റെ അനുശോചന സന്ദേശം അദ്ദേഹത്തിന്റെ സഹോദരൻ മൗലാനാ ശൗകത്ത് അലിയെ അറിയിക്കുകയുണ്ടായി.

മൗലാനാ മുഹമ്മദ് അലിയുടെ വിയോഗം ഒരു സാമുദായിക നഷ്ടമാണ്. ഇതിൽ ഹദ്റത് ഖലീഫത്തുൽ മസീഹിന് ഏറെ ദുഃഖമുണ്ട്. ഇന്നാലില്ലാഹി വഇന്നാ ഇലയ്ഹി റാജിഊൻ ദയവു ചെയ്ത് മുഴുവൻ കുടുംബത്തിനും ഹുസൂറിന്റെ ഹൃദയംഗമമായ അനുശോചനം അറിയിക്കുക.

മൗലാനയുടെ ഏറ്റവും മൂത്ത സഹോദരൻ ഹദ്റത് മൗലാനാ ദുൽഫിഖാർ അലി ജോഹർ (റ) ഹദ്റത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബിയായിരുന്നു.

(അവ: താരീഖെ അഹ്മദിയ്യത്ത് ഭാഗം : 5)

# മത മൈത്രിക്ക് നിയമ നിർമാണം

രങ്കീല റസൂലിന്റെ കർത്താവായ രാജ്പാലിനെതിരെ കേസ് ഫയൽ ചെയ്തെങ്കിലും 1927 മെയ് അവസാനം പഞ്ചാബ് ഹൈക്കോടതി ഒരു സാങ്കേതിക കാരണം പറഞ്ഞ് തള്ളുകയാണുണ്ടായത്. അതേ തുടർന്ന് പഞ്ചാബിൽ ഉടനീളം കുഴപ്പങ്ങൾ അരങ്ങേറി. 1929 ഏപ്രിൽ മാസം അലംദീൻ എന്ന് പേരുള്ള ഒരു മുസ്‌ലിം യുവാവ് രാജ്പാലിനെ പട്ടാപകൽ കൊലപ്പെടുത്തുകയുണ്ടായി.

ഇതിൽ ഹദ്റത് ഖലീഫത്തുൽ മസീഹ് സാനി (റ), മതഗുരുക്കന്മാരുടെ അന്തസും ആഭിജാത്യത്തിനും വേണ്ടി നിയമനിർമാണം ഉണ്ടാക്കേണ്ടിയിരിക്കുന്നെന്ന് സർക്കാറിനോട് ആവശ്യപ്പെടുകയും രാജ്പാലിന്റെ കൊലപാതകത്തിൽ അപലപിക്കുകയും അത് ഇസ്‌ലാമിന്റെ മാർഗമല്ലെന്ന് വ്യക്തമാക്കുകയും ചെയ്തു. കൂടാതെ രാജ്യം മുഴുവൻ മതാചാര്യർ സമ്മേളനം നടത്താൻ ആഹ്വാനം ചെയ്യുകയുണ്ടായി.

ഹുസൂറിന്റെ നിരന്തരമായ ആവശ്യത്തെ തുടർന്ന് സർക്കാർ മതാചാര്യന്മാരെ ആദരിക്കുന്നതിന് ഉപയുക്തമായ ബിൽ പാസാക്കുകയുണ്ടായി. അങ്ങിനെ ഭരണഘടനയുടെ 15ാം വകുപ്പിലെ 153a-ലെ അനുഛേദം തിരുത്താൻ സർക്കാർ നിർബന്ധിതരായി. (അൽഫദ്ൽ 30-8-1927)

# മൽക്കാനശുദ്ധി പ്രസ്ഥാനം

## അനുരഞ്ജനയോഗം മാറ്റിവെക്കുന്നു!

1923-ൽ ഉത്തർപ്രദേശിലെ മൽക്കാന എന്ന സ്ഥലത്തുള്ള ഭൂരിപക്ഷ മതവിശ്വാസികൾ ശുദ്ധിപ്രസ്ഥാനം ആരംഭിക്കുകയും മുസ്‌ലിംകളെ മതം മാറ്റുകയും ചെയ്തുകൊണ്ടിരുന്നു. ഈ വിവരമറിഞ്ഞ ഹദ്റത് മുസ്‌ലിഹ് മൗഊദ്(റ) ഉടൻ തന്നെ തനിക്ക് 150 പേരെ ആവശ്യമുണ്ടെന്നും അവർ ഏതു ജോലിക്കാരാണെങ്കിലും അവധിയെടുത്ത് മൽക്കാനയിൽ എത്തി പ്രചരണപ്രവർത്തനങ്ങളിൽ ഭാഗഭാക്കാകണമെന്നും ആവശ്യപ്പെട്ടു. ഓരോ ജമാഅത്തിൽ നിന്നും ചുരുങ്ങിയത് മൂന്ന് പേരെങ്കിലും വഖ്ഫ് ചെയ്യണമെന്നും സാമ്പത്തികമോ അല്ലാതെയുള്ളതോ ആയ ഒരു സഹായവും ജമാഅത്ത് ചെയ്തു തരികയില്ലെന്നും സ്വയം ഭക്ഷണം കണ്ടെത്തുകയും പാകം ചെയ്യുകയും വേണമെന്നും ഹുസൂർ ആഹ്വാനം ചെയ്തു. ആബാലവൃദ്ധം ജനങ്ങളും വളരെ ആവേശഭരിതരായാണ് പ്രതികരിച്ചത്.

ഒരു സാധു സ്ത്രീ എഴുതി: ഹുസൂർ എനിക്ക് അൽപം ഖുർആൻ ഓതാനറിയാം, അൽപ്പം ഉർദുവും. ഞാൻ എന്റെ മകനിൽ നിന്നും കേട്ടത് മുസ്‌ലിംകൾ മുർതദ്ദാവുന്നുവെന്നും ഹുസൂർ അവിടെ സേവനത്തിന് പോകാൻ കൽപിച്ചിരിക്കുന്നുവെന്നുമാണ്. ഹുസൂർ, അനുവാദമുണ്ടെങ്കിൽ ഞാനും പോകാൻ തയ്യാറാണ്. ഒട്ടും അമാന്തിക്കുകയില്ല. അല്ലാഹുവിനെ സാക്ഷി നിർത്തികൊണ്ട് പറയുന്നു: എല്ലാത്തരം ബുദ്ധിമുട്ടുകളും സഹിക്കാൻ ഞാൻ തയ്യാറാണ്.

ഹദ്റത് മുസ്‌ലിഹ് മൗഊദിന്റെ ആവേശഭരിതരായ സേവകരുടെ പ്രയത്നഫലമായി നിരവധിപേർ ഇസ്‌ലാമിലേക്ക് തിരിച്ചുവരാൻ ഇടയായി.

സംഗതി കൈവിടുന്നുവെന്ന് കണ്ട ശുദ്ധിപ്രസ്ഥാനക്കാർ മുസ്‌ലിംകളുമായി അനുരഞ്ജനത്തിനുള്ള പദ്ധതികൾ ആവിഷ്കരിച്ചു. പക്ഷേ അഹ്മദികളെ പങ്കെടുപ്പിക്കാതെ ഒത്തുകൂടിയ യോഗത്തിൽ അവർ പറഞ്ഞു, ഞങ്ങൾ അവിടെ കണ്ട മുസ്‌ലിംകൾ അഹ്മദികളെയാണ്. അങ്ങിനെ ആ യോഗം തീരുമാനമാകാതെ പിരിഞ്ഞു. തുടർന്ന് അഹ്മദികളോട് ക്ഷമായാചനം നടത്തി വീണ്ടും യോഗം സങ്കടിപ്പിക്കുകയാണുണ്ടായത്.


# ഹദ്റത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ ജാമാതാക്കൾ











1. **സാഹിബ് സാദാ മിർസാ മൻസൂർ അഹ്മദ് സാഹിബ്**
H/o സാഹിബ് സാദി നാസിറ ബേഗം സാഹിബ
2. **സാഹിബ് സാദാ മിർസാ മുസഫർ അഹ്മദ് സാഹിബ്**
H/o സാഹിബ് സാദി അമത്തുൽ ഖയ്യൂം സാഹിബ
3. **സാഹിബ് സാദാ മിർസാ ഹമീദ് അഹ്മദ് സാഹിബ്**
H/o സാഹിബ് സാദി അമത്തുൽ അസീസ് സാഹിബ
4. **മിയാൻ അബ്ദുർ റഹീം അഹ്മദ് സാഹിബ്**
H/o സാഹിബ് സാദി അമത്തുൽ ജമീൽ സാഹിബ
5. **ചൗധരി നാസിർ മുഹമ്മദ് സിയാൽ സാഹിബ്**
H/o സാഹിബ് സാദി അമത്തുൽ റശീദ് സാഹിബ
6. **സയ്യിദ് മീർ ദാവൂദ് അഹ്മദ് സാഹിബ്**
H/o സാഹിബ് സാദി അമത്തുൽ ബാസിത് സാഹിബ
7. **മീർ മുഈനുദ്ദീൻ സാഹിബ്**
H/o സാഹിബ് സാദി അമത്തുന്നസീർ ബേഗം സാഹിബ
8. **സയ്യിദ് ദാവൂദ് മുസഫർ ശാഹ് സാഹിബ്**
H/o സാഹിബ് സാദി അമത്തുൽ ഹക്കീം സാഹിബ
9. **സയ്യിദ് മീർ മഹ്മൂദ് അഹ്മദ് സാഹിബ് നാസിർ**
H/o സാഹിബ് സാദി അമത്തുൽമത്തീൻ സാഹിബ

# ജമാഅത്തിനു വേണ്ടി സമയം നീക്കിവെയ്ക്കുവിൻ അന്തസ്സും ആഭിജാത്യവും നിങ്ങളെ കാത്തിരിക്കുന്നു

ഹദ്റത് മുസ്‌ലിഹ് മൗഊദ്(റ)

നിങ്ങൾ ഇഷ്ടമുള്ളത് ചെയ്തുകൊള്ളുവിൻ, എന്നാൽ ഓർക്കുക, അഹ്മദിയ്യത്തിന്റെ സേവനങ്ങളിൽ ഭാഗഭാക്കാകുന്നവർ വലിയ വലിയ ബഹുമതികളും അന്തസ്സും കരസ്ഥമാക്കുന്ന ദിവസം എത്തിക്കൊണ്ടിരിക്കുന്നു. എന്നാൽ ഇന്ന് ജമാഅത്തിന്റെ പ്രവർത്തനങ്ങളിൽ താൽപര്യം കാണിക്കാത്ത ആളുകളുടെ മക്കൾ പിന്തള്ളപ്പെടുന്നതാണ്.

ഇംഗ്ലണ്ടും അമേരിക്കയും പോലുള്ള വലിയ വലിയ ഭരണകൂടങ്ങൾ അഭിപ്രായമാരായാൻ നമ്മുടെ അടുത്തേക്ക് പ്രതിനിധികളെ അയക്കുന്നതാണ്. അതവർ വലിയ അന്തസ്സായി ഗണിക്കുന്നതുമാണ്. അന്ന് ഇവർ തങ്ങളേയും അഭിപ്രായം പറയാൻ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെടും. പക്ഷേ, അന്ന് അവരോട് പറയപ്പെടും, നിങ്ങളുടെ പൂർവികന്മാർ തങ്ങളുടെ കാലത്ത് ഇത്തരം അഭിപ്രായങ്ങളെ തിരസ്കരിച്ചവരും, ജമാഅത്തീ സേവനങ്ങളെ മാനിക്കാത്തവരുമായിരുന്നു. അതുകൊണ്ട് തന്നെ നിങ്ങളെ അഭിപ്രായം പറയാൻ ഉൾപ്പെടുത്താൻ സാധ്യമല്ല.

ആയതിനാൽ അലംഭാവം ഉപേക്ഷിക്കുകയും, ജമാഅത്തിന്റെ മീറ്റിംഗിൽ പങ്കെടുക്കുന്നവർക്ക് മേൽ അനുഗ്രഹങ്ങൾ ചൊരിയപ്പെടും. അമേരിക്കൻ കൗൺസിലിലെ അംഗത്വം പോലും അതിനു മുൻപിൽ നിരർഥകമാണ്. നൂറുകൂട്ടം കാര്യങ്ങൾ ഒഴിവാക്കിയാണെങ്കിലും മീറ്റിംഗുകളിൽ പങ്കെടുക്കേണ്ടതാണ്.

അവർ മീറ്റിംഗിൽ പങ്കെടുക്കുന്നില്ലെങ്കിൽ, അവരുടെ അസാന്നിദ്ധ്യം ജമാഅത്തിന് ഒരു കോട്ടവും ഉണ്ടാക്കുന്നതല്ല. പക്ഷേ അയാൾ സ്വയം ദൈവികാനുഗ്രഹങ്ങളിൽ നിന്ന് പുറം തള്ളപ്പെടുന്നതാണ്. നേരത്തെ ശൂറ ഇല്ലായിരുന്നപ്പോഴും പ്രവർത്തനങ്ങൾ നടന്നിരുന്നു. ഇപ്പോൾ ശൂറ ഉള്ളപ്പോഴും പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. നിങ്ങൾ പങ്കെടുത്താലും ഇല്ലെങ്കിലും ജമാഅത്തിന്റെ പണികളെല്ലാം നടന്നുകൊണ്ടിരിക്കുന്നതാണ്. നിങ്ങൾ ഈ സമയത്ത് ജമാഅത്തീ ജോലികളിൽ ഭാഗഭാക്കാകാതിരിക്കുകയും, ജമാഅത്തീ പ്രവർത്തനങ്ങളെ അന്തസിനുള്ള നിമിത്തമായി ഗണിക്കാതിരിക്കുകയുമാണെങ്കിൽ നിങ്ങളുടെ മക്കൾ അനുഗ്രഹങ്ങളിൽ നിന്ന് ഒഴിവാക്കപ്പെടുന്നതാണ്. ജനങ്ങൾ തങ്ങളുടെ മക്കൾക്കുവേണ്ടി ഭാവിയിൽ ഉപകാരപ്പെടാൻ ആയിരക്കണക്കിന് രൂപയുടെ സ്വത്തുകൾ ഉണ്ടാക്കുന്നു. നിങ്ങൾ ജമാഅത്തീ പ്രവർത്തനങ്ങളിൽ ഭാഗഭാക്കാവുകയാണെങ്കിൽ അത് നിങ്ങളുടെ മക്കൾക്ക് ഒരു വലിയ സമ്പാദ്യമായിത്തീരുന്നതാണ്.

ഓർക്കുക, നിങ്ങളിൽ ആരെങ്കിലും ജമാഅത്തിന്റെ എന്തെങ്കിലും ജോലിക്ക് നിയോഗിച്ചാൽ അതിൽ നിന്ന് ഒളിച്ചോടുന്നത് വലിയ തെറ്റാണ്. നിങ്ങൾ ജമാഅത്തീ പ്രവർത്തനങ്ങളിൽ ഒരിക്കലും അലസത കാണിക്കരുത്. മറിച്ച് അതിനെ അന്തസിനുള്ള നിമിത്തമായി മനസിലാക്കുവിൻ. നിങ്ങൾ ജമാഅത്തീ പ്രവർത്തനങ്ങളെ ബഹുമതിയായി ഗണിച്ചാൽ അല്ലാഹുവും നിങ്ങൾക്ക് അന്തസ് നൽകുന്നുതാണ്.

ഇപ്പോൾ ജമാഅത്തിന്റെ പക്കൽ സ്വത്തില്ല. ലോകത്ത് ജമാഅത്തിന് പ്രാധാന്യവും കിട്ടുന്നില്ല. എന്നാൽ ചുരുങ്ങിയ കാലത്തിനുള്ളിൽ തന്നെ അഹ്മദിയ്യത്ത് ലോകത്ത് വിജയിക്കുന്നതാണ്. അതിന്റെ പ്രഭാവങ്ങൾ കണ്ടുതുടങ്ങിയിരിക്കുന്നു. വലിയ വലിയ ആളുകൾ അഹ്മദിയ്യത്തിലേക്ക് ശ്രദ്ധിച്ചുകൊണ്ടിരിക്കുന്നു. ഇത്തരം വലിയ ആളുകൾ ഏത് നാടുകളിൽ നിന്ന് വരുന്നവരായാലും അവർ അഹ്മദിയ്യത്തിനെ വളരെ ബഹുമതിക്കുന്നതാണ്. അഹ്മദിയ്യത്ത് കാരണമായി അവർക്കും അന്തസ് ലഭിക്കുകയും ചെയ്യും. എന്നാൽ അഹ്മദിയ്യത്തിന്റെ പ്രവർത്തനങ്ങളെ മോശമായും സമയനഷ്ടമായും ഗണിക്കുന്നവരുടെ നാടുകളിൽ അന്തസും താമസിച്ചേ കിട്ടുകയുള്ളൂ. അന്തസ് ലഭിക്കുമ്പോഴാകട്ടെ തങ്ങളുടെ കാലത്ത് ജമാഅത്തീ പ്രവർത്തനങ്ങളിൽ അലംഭാവം കാണിച്ചവരുടെ സന്തതികൾ ഈ അന്തസിൽ നിന്ന് പിന്തള്ളപ്പെട്ടവരായിരിക്കും. ആയതിനാൽ ഭാവിയിലേക്ക് വേണ്ടി മുൻകരുതലുകൾ ചെയ്യുക. എപ്പോഴും ജമാഅത്തീ പ്രവർത്തനങ്ങളെ അന്തസ്സായി ഗണിക്കുക. നിങ്ങളിൽ ആരെയെങ്കിലും ജമാഅത്തിന്റെ എന്തെങ്കിലും ജോലിക്ക് നിയോഗിച്ചാൽ അത് വലിയ ബഹുമതിയായും മനസിലാക്കുക

(റിപ്പോർട്ട് മജ്. മുശാവറത്ത് 1952, പേജ് : 24,25)



## എന്നെ എതിർക്കുന്നവർക്കും എന്റെ ഔദാര്യങ്ങളെ ആശ്രയിക്കേണ്ടിവരും

ഞാൻ മുഖേന പൂർണമായും വിശദീകരിക്കപ്പെടാത്ത ഏത് ഇസ്‌ലാമിക വിഷയമാണുള്ളത്. നുബുവ്വത്ത്, കുഫ്ർ, ഖിലാഫത്ത്, വിധി, വിശുദ്ധ ഖുർആനിലെ പ്രധാനവിഷയങ്ങളുടെ വെളിപ്പെടുത്തൽ, ഇസ്‌ലാമിക സാമ്പത്തികക്രമം, ഇസ്‌ലാമിക രാഷ്ട്ര മീമാംസ, ഇസ്‌ലാമിക ജീവിതം തുടങ്ങിയവയിൽ 1300 വർഷമായി വിശദമായ ഒരു ലേഖനവും ഇല്ലായിരുന്നു. അല്ലാഹു എനിക്കാണ് ഈ ദീനീസേവനത്തിനുള്ള അവസരം തന്നത്. അല്ലാഹു ഞാൻ മുഖേന തന്നെയാണ് ഈ വിഷയങ്ങളെക്കുറിച്ചുള്ള ഖുർആനിക വിജ്ഞാനം തുറന്നതും. അത് ഇന്ന് മിത്രങ്ങളും ശത്രുക്കളും ഒരുപോലെ പകർത്തുകയാണ്. എന്നെ ലക്ഷോപലക്ഷം തവണ ശകാരിച്ചാലും തെറി പറഞ്ഞാലും അവർ ഇസ്‌ലാമിക അധ്യാപനങ്ങൾ ലോകത്ത് പ്രചരിപ്പിക്കുമ്പോൾ തീർച്ചയായും എന്നിൽ നിന്ന് പ്രയോജനമെടുക്കേണ്ടതായിവരും. അവർക്കൊന്നും എന്റെ ഔദാര്യവൃത്തത്തിൽ നിന്ന് പുറത്തുപോവാൻ സാ ധ്യമല്ല. പൈഗാമികളാണെങ്കിലും മിസ്‌റികളാണെങ്കിലും അവരുടെ മക്കൾ ഇസ്‌ലാമിക സേവനം ചെയ്യാൻ ഉദ്ദേശിച്ചാൽ എന്റെ ഗ്രന്ഥങ്ങൾ വായിക്കാനും അതിൽ നിന്ന് പ്രയോജനമെടുക്കാനും നിർബന്ധിതരാവും. ഞാൻ യാതൊരു ഗർവുമില്ലാതെ പറയട്ടെ, ഇക്കാര്യത്തിൽ എല്ലാ ഖലീഫമാരേക്കാളും കൂടുതൽ കാര്യങ്ങൾ ഞാൻ മുഖേനയാണ് സ്വരൂപിക്കപ്പെട്ടതും സ്വരൂപിക്കപ്പെടുന്നതും.

എന്നെപ്പറ്റി എന്തു പറഞ്ഞാലും എത്ര തെറി പറഞ്ഞാലും എതിരാളികളുടെ മടിത്തട്ടിൽ ഖുർആനിക ജ്ഞാനം എത്തുമെങ്കിൽ അത് ഞാൻ മുഖേന ആയിരിക്കും... മാത്രമല്ല, ജനങ്ങൾ അവരോട് പറയും, ബുദ്ധിഹീനരേ, നിങ്ങളുടെ സഞ്ചിയിൽ എന്തെങ്കിലും നിറഞ്ഞിട്ടുണ്ടെങ്കിൽ അത് നിങ്ങൾ ഇയാളിൽ നിന്നാണ് നേടിയത്. പിന്നെ എന്ത് മുഖംകൊണ്ടാണ് നിങ്ങൾ ഇയാളെ എതിർക്കുന്നത്? (ഖിലാഫത്തെ റാശിദ)

തഹ്‌രീക് ജദീദ്: സുവർണമുദ്രകൾ

സമ്പാദക: എസ്. സുൽത്വാന

# ഇന്തോനേഷ്യ



1924-ൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് രണ്ടാമൻ (റ)യൂറോപ്പിലേക്ക് പോയപ്പോൾ ഇന്തോനേഷ്യയിലെ കുറച്ച് അഹ്മദികൾ ഹുസൂറിനോട് അവരുടെ രാജ്യത്തേക്ക് ഒരു പര്യടനം നടത്താൻ അഭ്യർത്ഥിച്ചു.
ഹുസൂർ പറഞ്ഞു അല്ലാഹു ഇച്ഛിക്കുകയാണെങ്കിൽ ഞാനോ എന്റെ ഒരു പ്രതിനിധിയോ നിങ്ങളുടെ രാജ്യം സന്ദർശിക്കും.
ഹുസൂർ, മൗലവി റഹ്മത്ത് അലി സാഹിബിനെ ഇന്തോനേഷ്യയിലേക്ക് അയച്ചു. 1925 സെപ്റ്റംബറിൽ അദ്ദേഹം അവിടെയെത്തുകയും വൈകാതെ അവിടെ ജമാഅത്ത് സ്ഥാപിക്കുകയും ചെയ്തു. ജാവയിൽ അഹ്മദിയ്യാ പ്രസ്ഥാനം ആരംഭിച്ചത് 1931 ഫെബ്രുവരി 3 നാണ്.
മൗലവി സാഹിബിന് ദൈവത്തിലും വാഗ്ദത്ത മസീഹിന്റെ സത്യത്തിലുമുള്ള വിശ്വാസം വളരെ ശക്തമായിരുന്നു. ഒരു ദിവസം പദംഗിൽ തീപിടുത്തമുണ്ടായി. അത് അദ്ദേഹത്തിന്റെ വീടിനടുത്തെത്തുകയും ചെയ്തു. അദ്ദേഹത്തോട് വീടുവിട്ടിറങ്ങാൻ ആവശ്യപ്പെട്ടെങ്കിലും അദ്ദേഹം വാഗ്ദത്ത മസീഹിന്റെ സേവകനാണ് താൻ എന്ന കാരണത്താൽ അതിന് വിസമ്മതിച്ചു. വാഗ്ദത്ത മസീഹിനുണ്ടായ ഒരു വെളിപാടിനെ കുറിച്ച് അദ്ദേഹം ഓർമിപ്പിച്ചു. തീ അവന്റെ (അല്ലാഹുവിന്റെ) സേവകനാണ്. അവന്റെ സേവകൻമാരുടെ സേവകനുമാണ്. പെട്ടെന്ന് മഴ പെയ്യുകയും അദ്ദേഹത്തിന്റെ വീടിനെ സ്പർശിക്കാതെ അത് അണയ്ക്കപ്പെടുകയും ചെയ്തു.
ഹദ്റത്ത് ഖലീഫത്തുൽ മസീഹ് നാലാമൻ (റഹ്) 2000 ജൂലൈ 4ന് ഈ വീട് സന്ദർശിക്കുകയും അവിടെ വെച്ച് പ്രാർത്ഥിക്കുകയും ചെയ്തു.
ആദ്യത്തെ അഹ്മദിയ്യാ പള്ളി മസ്ജിദ് അൽ ഹദായത്ത് സ്ഥാപിക്കപ്പെട്ടത് ബട്ടാവിയയിലാണ് 1937 ൽ.
1945 ഓഗസ്റ്റ് 17-ാം തിയ്യതി, ഡോക്ടർ സുകാർണോ ഇന്തോനേഷ്യയുടെ സ്വാതന്ത്ര്യം പ്രഖ്യാപിച്ചു. ഇന്തോനേഷ്യയയുടെ സ്വാതന്ത്ര്യ സമരത്തിൽ അഹ്മദിയ്യാ മിഷണറികൾ വളരെ ശക്തമായ ഒരു പങ്ക് വഹിച്ചിട്ടുണ്ട്.
1949-ൽ സുകാർണോയെ തലസ്ഥാന നഗരിയിലേക്ക് അധികാരം സ്വീകരിക്കുന്നതിന്നായി അനുഗമിച്ച പതിനാല് ശക്തരായ പ്രതിനിധികളിൽ അഹ്മദിയ്യാ മി ഷണറിയായ സയ്ദ് ഷാ മുഹമ്മദ് സാഹിബുമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ ഇന്തോനേഷ്യൻ സർക്കാർ അംഗീകരിച്ചതുമാണ്. ഇന്തോനേഷ്യൻ സ്വാതന്ത്ര്യ സമരത്തിലെ വീരനായ പോരാളി എന്നാണ് അദ്ദേഹം വിശേഷിപ്പിക്കപ്പെട്ടത്. സുകാർണോയുടെ പിൻഗാമി സുഹാർത്തോ അദ്ദേഹത്തിന് ഇന്തോനേഷ്യൻ പൗരത്വം നൽകി.
1953 ഓഗസ്റ്റ് 14-ാം തിയ്യതി, ഇന്തോനേഷ്യയിലെ ജമാഅത്ത് പ്രതിനിധികൾ പ്രസിഡണ്ടിനെ സന്ദർശിച്ച് അദ്ദേഹത്തിന് വിശുദ്ധ ഖുർആന്റെ ഡച്ച് പരിഭാഷ സമ്മാനിച്ചു.1955 ജൂൺ 6 ന് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് രണ്ടാമന്റെ വിശുദ്ധ ഖുർആൻ ഇംഗ്ലീഷ് പരിഭാഷയും സമ്മാനിച്ചു.



1954ൽ മൗലവി മുഹമ്മദ് സാദിഖ് സാഹിബ് സാമത്രി വിശുദ്ധ ഖുർആൻ മലയ് ഭാഷയിലേക്ക് പരിഭാഷപ്പെടുത്തി. ഇന്തോനേഷ്യയിലെ ജമാഅത്ത് വൈസ് പ്രസിഡണ്ട് റദാൻ ഹദായത്ത് സാഹിബ് 1955-ൽ മൂന്നു മാസത്തോളം റബ്‌വയിൽ പര്യടനം നടത്തി.
തിരിച്ചു പോകുന്നതിന്ന് മുമ്പ് അദ്ദേഹം ഹുസൂറിനെ സന്ദർശിച്ച് വാഗ്ദത്ത മസീഹിന്റെ എന്തെങ്കിലും തബ്‌റൂക്ക് ഇന്തോനേഷ്യ ജമാഅത്തിനായി നൽകാൻ അഭ്യർത്ഥിച്ചു. ഹുസൂർ അദ്ദേഹത്തിന് വാഗ്ദത്ത മസീഹിന്റെ കൈപടയിലുള്ള ഹഖീഖത്തുൽ വഹ്‌യിന്റെ എട്ടു പേജുകൾ നൽകിക്കൊണ്ട് പറഞ്ഞു, ജമാഅത്തിനോടുള്ള നിങ്ങളുടെ ജമാഅത്തിന്റെ സ്നേഹവും തീവ്രമായ അടുപ്പവും കാരണത്താൽ വാഗ്ദത്ത മസീഹിന്റെ സ്വത്താണ് ഞാൻ നിങ്ങൾക്ക് തന്നയക്കുന്നത്.




ഇന്തോനേഷ്യൻ ഭാഷയിലേക്കുള്ള വിശുദ്ധ ഖുർആൻ തർജ്ജമ 1958-ൽ മാലിക്ക് അസീസ് അഹ്മദ് ഖാൻ സാഹിബ് പൂർത്തിയാക്കി.
ഹദ്റത്ത് ഖലീഫത്തുൽ മസീഹ് നാലാമൻ (റഹ്)2000-ൽ ഇന്തോനേഷ്യ സന്ദർശിച്ചു. അതാദ്യമായിട്ടായിരുന്നു വാഗ്ദത്ത മസീഹിന്റെ പിൻഗാമി ആ രാജ്യം സന്ദർശിക്കുന്നത്.
2006 ഏപ്രിൽ 8 ന് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഖാമിസ് ഇന്തോനേഷ്യൻ ജമാഅത്തിന്റെ ഉദ്യോഗസ്ഥരുമായി സിംഗപ്പൂരിൽ നടത്തിയ ഒരു യോഗത്തിൽ, ഹുസൂർ പറഞ്ഞു. വളരെയധികം മുന്നേറ്റങ്ങൾ ഇന്തോനേഷ്യയിൽ ഉണ്ടാകും. ഇൻശാ അല്ലാഹ്. ഭാവി തലമുറയ്ക്ക് ശിക്ഷണം നൽകാനായി അഹ്മദീ അധ്യാപകരെ തയ്യാറാക്കുവിൻ.

An-NoorMosque



Nasir Mosque



ഇന്ന് ലോകത്തിന്റെ പർദയിൽ എനിക്കല്ലാതെ മറ്റാർക്കും തന്നെ അല്ലാഹുവിന്റെ ഭാഗത്ത് നിന്ന് ഖുർആനിക ജ്ഞാനം നൽകപ്പെട്ടിട്ടില്ല. അല്ലാഹു എനിക്ക് ഖുർആനികജ്ഞാനം നൽകിയിരിക്കുന്നു. മാത്രമല്ല, ഇക്കാലഘട്ടത്തിൽ ഖുർആൻ പഠിപ്പിക്കാൻ എന്നെ ലോകത്തിന്റെ അധ്യാപകനുമാക്കിയിരിക്കുന്നു.
അൽ മുസ്‌ലിഹ് മൗഊദ്(റ) (പ്രഭാഷണം ജൽസാ സാലാന 1944)

# ശ്രീലങ്ക



വാഗ്ദത്ത മസീഹിന്റെ കാലത്ത് തന്നെ ജമാഅത്തിന്റെ പ്രസിദ്ധീകരണങ്ങളിലൂടെ അഹ്മദിയ്യത്തിന്റെ സന്ദേശം ശ്രീലങ്കയിൽ എത്തി.

1910 ജനുവരിയിൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഒന്നാമൻ ജമാഅത്തിന്റെരസന്ദേശം വിദേശ രാജ്യങ്ങളിലേക്ക് പ്രചരിപ്പിക്കണമെന്ന് നിർദ്ദേശിക്കുകയും സിലോണിലേക്കും സിംഗപ്പൂരിലേക്കും ജമാഅത്ത് പ്രതിനിധികളെ അയക്കാനുള്ള അദ്ദേഹത്തിന്റെ താത്പര്യം പ്രകടിപ്പിക്കുകയും ചെയ്തു.



1915 മാർച്ച് 14 ന് സൂഫി ഗുലാം മുഹമ്മദ് സാഹിബ് മൗറീഷ്യസിൽ പോകുന്ന വഴി കൊളംബോയിൽ എത്തി. അദ്ദേഹം മൂന്നു മാസത്തോളം അവിടെ താമസിച്ചു.

അദ്ദേഹം മൗറീഷ്യസിലേക്ക് പോയപ്പോൾ മൗലവി ഇബ്രാഹീം സാഹിബ് മലബാറി അവിടെ മിഷണറിയായി നിയോഗിക്കപ്പെട്ടു. ശ്രീലങ്കയിൽ 1916-ൽ ജമാഅത്ത് ദ മെസേജ് എന്നു പേരുള്ള ആഴ്ചപ്പതിപ്പ് പ്രസിദ്ധീകരണം തുടങ്ങി. അതേവർഷം തന്നെ, ജമാഅത്ത് സ്വന്തമായി പ്രസ്സ് ഹൗസ് സ്ഥാപിക്കുകയും തമിഴിൽ ദൂതൻ എന്ന ഒരു മാസിക പ്രസിദ്ധീകരണം ആരംഭിക്കുകയും ചെയ്തു.

1927 ഒക്ടോബർ 10-ന് ഹദ്റത്ത് മുഫ്തി മുഹമ്മദ് സാദിഖ് സാഹിബ് സിലോണിൽ എത്തി. അദ്ദേഹം നിരവധി പ്രഭാഷണങ്ങൾ നടത്തുകയും അനേകം സംവാദങ്ങളിൽ പങ്കെടുക്കുകയും ചെയ്തു.


അവിടെ ജമാഅത്ത് സ്ഥാപിതമായി 16 വർഷങ്ങൾക്ക് ശേഷം 1931 സെപ്റ്റംബറിൽ കൊളംബോയിൽ അഹ്മദിയ്യാ പ്രസ്ഥാനം സ്ഥാപിച്ചു.


Baitul Hamd Mosque
Colombo, Sri Lanka

1951-ൽ ഹദ്റത്ത് മുസ്ലിഹ് മൗഊദ് അദ്ദേഹത്തിനുണ്ടായ ഒരു സ്വപ്നത്തെക്കുറിച്ച് ഇപ്രകാരം പറഞ്ഞു. ആ സ്വപ്നത്തിൽ എനിക്ക് കുറച്ച് ലിഖിതങ്ങൾ നൽകപ്പെട്ടതായി ഞാൻ കണ്ടു. ജമാഅത്തിന്റെ ചില സാഹിത്യങ്ങൾ സിംഹള ഭാഷയിൽ പ്രസിദ്ധീകരിക്കാൻ ആരംഭിച്ചതായും അത് വളരെ നല്ല ഫലം ഉണ്ടാക്കുന്നതായും അതിൽ എഴുതിയിരുന്നു. സിംഹള ഭാഷ എന്ന ഒരു കാര്യം മാത്രമേ ആ ദർശനത്തിൽ നിന്ന് എനിക്ക് ഓർക്കുവാൻ കഴിയുന്നുള്ളൂ. ഞാൻ അത്ഭുതപ്പെട്ടു എന്താണ് ഈ സിംഹള എന്ന്. എനിക്ക് തോന്നിയത് ഇത് ഒരു പക്ഷേ ഒരു മലയ ഭാഷയായിരിക്കും എന്നാണ്.

1957-ൽ The teachings of islam സിംഹളീസ് ഭാഷയിലേക്ക് പരിഭാഷപ്പെടുത്തുകയും അങ്ങനെ ആ സ്വപ്നം നിറവേറുകയും ചെയ്തു.

Fazl Mosque,
Negombo -Sri Lanka



# സിംഗപ്പൂർ




തഹ്‌രീകെ ജദീദ് പദ്ധതിയുടെ കീഴിൽ വിദേശത്തേക്ക് അയക്കപ്പെട്ട ആദ്യത്തെ മിഷണറിമാരിൽ ഒരാളായിരുന്നു മൗലവി ഗുലാം ഹുസൈൻ അയ്യാസ് സാഹിബ്.

1935 മേയ് 6-ന് അദ്ദേഹം സിംഗപ്പൂരിൽ എത്തി.

ജമാഅത്തിന്റെ എതിരാളികളിൽ നിന്ന് വളരെയധികം പീഢനങ്ങൾ അദ്ദേഹം ഏറ്റുവാങ്ങി. ഒരവസരത്തിൽ അദ്ദേഹം ബോധരഹിതനായി. അദ്ദേഹം നേരിട്ട ബുദ്ധിമുട്ടുകളെയും പീഡനാവസ്ഥയെയും കുറിച്ച് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് രണ്ടാമൻ ഇപ്രകാരം പറഞ്ഞു. ഒരിക്കൽ പരാജയപ്പെട്ട സ്ഥലങ്ങളിൽ ശക്തമായ എതിർപ്പുകൾ ഉണ്ടായിട്ടുപോലും അഹ്മദിയ്യത്തിന്റെ സന്ദേശം ഇപ്പോൾ പ്രചരിച്ചുകൊണ്ടിരിക്കുകയാണ്. ജനങ്ങൾ ഗുലാം ഹുസൈൻ അയ്യാസ് സാഹിബിനെ ശാരീരികമായും മാനസികമായും വളരെയധികം പീഡിപ്പിച്ച ഒരു സമയവുമുണ്ടായിരുന്നു. ഒരവസരത്തിൽ അദ്ദേഹം വീട്ടിൽ നിന്നു പുറത്താക്കപ്പെട്ട് തെരുവുപട്ടികളോടും ചെറുത്തുനിൽക്കേണ്ടിവന്നു. എന്നാൽ ധനികരായ കച്ചവടക്കാരും സമൂഹത്തിലെ ഉന്നതരായ ആളുകളും ജമാഅത്തിലേക്ക് ബൈഅത്ത് ചെയ്യപ്പെടുന്നു എന്നാണ് ഇപ്പോൾ മലയയിൽ നിന്ന് ലഭിക്കുന്ന വാർത്ത. അവരുടെ ജനസംഖ്യ ഇപ്പോൾ 70 നും 80നും ഇടയിലാണ്. അങ്ങനെ അവിടെ മുന്നേറ്റങ്ങൾ നടന്നുകൊണ്ടിരിക്കുന്നു.

അടുത്തിടയായി ഗുലാം ഹുസൈൻ അയ്യാസ് സാഹിബ് ഒരു പള്ളിയും മിഷൻ ഹൗസും സ്ഥാപിക്കുന്നതിനായി 19,137 സ്ക്വയർഫീറ്റ് ഭൂമി വാങ്ങി. ആ മണ്ണിൽ മരം ഉപയോഗിച്ച് ഒരു കെട്ടിടം ഉണ്ടാക്കുകയും 1983 വരെ അത് പള്ളിയായി ഉപയോഗിക്കുകയും ചെയ്തു.

രണ്ടാം ലോകമഹായുദ്ധകാലത്ത് ഗുലാം ഹുസൈൻ അയ്യാസ് സാഹിബ് മിന്നൽ പരിശോധനകളിൽ നിന്നും ശത്രുക്കളുടെ വെടിവെപ്പിൽ നിന്നും ജനങ്ങൾക്ക് ഈ വീട്ടിൽ അഭയം നൽകിയിരുന്നു.

സമീപപ്രദേശത്തെ എല്ലാ കെട്ടിടങ്ങളും നശിച്ചുപോയെങ്കിലും ഈ വീടു മാത്രം എല്ലാ ആക്രമണങ്ങളെയും അതിജീവിച്ച് ഭദ്രമായി നിലനിന്നു.



അങ്ങനെ വാഗ്ദത്ത മസീഹിന്റെ വെളിപാട് ഒരിക്കൽ കൂടി പൂർത്തിയായി. അതായത് തീ അവന്റെ (അല്ലാഹുവിന്റെ) സേവകനാണ്. അവന്റെ സേവകൻമാരുടെ സേവകനുമാണ്. മൗലാനാ അയ്യാസ് സാഹിബ് പതിനഞ്ച് വർഷത്തോളം സിംഗപ്പൂരിൽ സേവനമനുഷ്ഠിച്ചു. ബോർണിയോയിലേക്ക് അയക്കപ്പെടുന്നതിന് മുൻപായി അദ്ദേഹം കുറച്ച് കാലത്തേക്ക് വേണ്ടി പാക്കിസ്ഥാനിലേക്ക് മടങ്ങി. പിന്നീട് 1959 ഒക്ടോബർ 17-ന് ബോർണിയോയിൽ വെച്ച് അദ്ദേഹം വഫാത്തായി.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) 1983-ൽ അദ്ദേഹത്തിന്റെ സിംഗപ്പൂർ പര്യടനത്തിനിടെ താഹാ പള്ളിക്ക് തറക്കല്ലിട്ടു. പിന്നീട് രണ്ടു വർഷങ്ങൾക്ക് ശേഷം ആ പള്ളിയുടെ പണി പൂർത്തിയായി.

2006 ഏപ്രിൽ 7-ന് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഖാമിസ് ജമാഅത്ത് മിഷൻ ഹൗസിനായി തറക്കില്ലു. ഹുസൂർ ദേശീയ ആമിലയോടായി ഇപ്രകാരം പറഞ്ഞു. ഇവിടെ നിങ്ങൾക്കാവശ്യമായ വിഭവങ്ങൾ ഉണ്ടെന്ന് മാത്രമല്ല, ഭൂമിശാസ്ത്രപരമായി ഈ രാജ്യം ചെറുതുമാണ്. അതുകൊണ്ട് ജനങ്ങളുമായി ബന്ധപ്പെടാൻ ബുദ്ധിമുട്ടുണ്ടാവില്ല. നന്നായി കഠിനാധ്വാനം ചെയ്യൂ. അങ്ങനെ സമീപത്തെ മറ്റു ജമാഅത്തുകൾക്ക് ഒരു മാതൃകയായിരിക്കാൻ നിങ്ങൾക്ക് കഴിയട്ടെ.

വീക്ഷണവിശേഷം
ഒബ്സർവർ

# അരിയെത്ര പയറഞ്ഞാഴി

ഈസാനബി(അ) ജീവിച്ചിരിക്കുന്നുവെന്നും, അന്ത്യകാലത്ത് ഇറങ്ങിവരുമെന്നും, അതേ സമയം മുഹമ്മദ് നബി(സ) വഫാത്തായി എന്നും, മാത്രമല്ല ഒട്ടനവധി അത്ഭുതങ്ങൾ ഈസാനബി(അ) ചെയ്തുവെന്നും അതൊന്നും നബി(സ) ചെയ്തിട്ടില്ലെന്നും മുസ്‌ലിംകൾ വിശ്വസിക്കുമ്പോൾ ആരാണ് ശ്രേഷ്ടനെന്ന് പി. സി.എച്ച് ചങ്ങനാശേരിയുടെ ചോദ്യത്തിന് സത്യധാര (2012 ഫെബ്രുവരി-1-15) നിവാരണത്തിലൂടെ നൽകുന്ന മറുപടി മിതമായഭാഷയിൽ പറഞ്ഞാൽ ബഹുവിശേഷമായിരിക്കുന്നു!

അരിയെത്ര പയറഞ്ഞാഴി എന്നായി ചോദ്യോത്തരം!

വിശുദ്ധ ഖുർആൻ പറയുന്നത് : ജീവിച്ചിരിക്കുന്നവരും മരിച്ചവരും സമന്മാരല്ല എന്നും ജീവിച്ചിരിക്കുന്നവനാണ് ശ്രേഷ്ഠനെന്നുമാണ്.

സ്പഷ്ടമായ ഈ വാദഗതിയാണ് ചോദ്യകർത്താവ് ഉന്നയിച്ചത്. അതിന് മറുപടികൊടുക്കുന്നത് ബുദ്ധിയെ വെല്ലുവിളിച്ചുകൊണ്ടാണ്.

നിവാരണക്കാരൻ പറയുന്നു: മരിച്ചുപോയ മുഹമ്മദ് നബി(സ)യേക്കാൾ ജീവിച്ചിരിക്കുന്ന യേശു ഈ ഭൗതിക ലോകത്ത് പ്രത്യക്ഷമായോ പരോക്ഷമായോ ഇടപെടുന്നതിന് ഭൗതികമായ തെളിവുകളില്ല.

അല്ലഹേ! ഖുർആൻ പറയുന്നതൊന്നും നിവാരണക്കാരന് ബോധ്യം വരുന്നില്ലേ! ഖുർആൻ പറയുന്നത് ജീവിച്ചിരിക്കുന്നവരാണ് ശ്രേഷ്ഠനെന്നാണ്! അതാണ് ചോദ്യകർത്താവ് സൂചിപ്പിച്ചതും!

അതിന് മറുപടി കൊടുക്കുമ്പോൾ ഭൗതികമായ ഇടപെടലുകളെക്കുറിച്ച് പറഞ്ഞുകൊണ്ടാണ് നിവാരണക്കാരൻ കരണം മറിയുന്നത്.

പ്ലീസ്, മരിച്ചുപോയവരൊക്കെ ഈ ഭൗതികലോകത്ത് ഇടപെടുന്നുവെന്ന് ആരാണ് നിവാരണക്കാരന് പറഞ്ഞുകൊടുത്തതെന്നറിയാൻ അത്യാഗ്രഹിച്ചുപോകുന്നു.

വിശുദ്ധ ഖുർആൻ പറയുന്നത് മരിച്ചവർക്ക് ഒന്നും കേൾപ്പിക്കാൻ പോലും സാധ്യമല്ലെന്നാണ്. മാത്രമല്ല അവരെന്ന് പുനരുദ്ധാരണം ചെയ്യപ്പെടുമെന്ന് അവരറിയുന്നില്ല എന്നും അല്ലാഹു വ്യക്തമാകുന്നു!

രണ്ടാമത്തെ സംഗതി അത്ഭുതങ്ങളുടെ പരമ്പരയാണ്. വിശുദ്ധഖുർആന്റെ പ്രയോഗ ചാതുരിയെ ഉൾക്കൊള്ളാതെ യേശുവിൽ, അമാനുഷിക കഴിവുകൾ, എന്തിനധികം ക്രിസ്ത്യാനികളേക്കാളും ഉൽസാഹത്തോടെ അവതരിപ്പിക്കുന്നത് മുസ്‌ലിം മക്കൾ തന്നെയാണ്. നബി(സ)നോട് ആകാശത്ത് പോയി ഗ്രന്ഥം കൊണ്ടുവരാൻ ആവശ്യപ്പെട്ടപ്പോൾ അതിന് സാധ്യമല്ലെന്നാണ് നബി (സ) കൊടുത്ത മറുപടി എന്ന് വിശുദ്ധ ഖുർആൻ പറയുന്നു. പക്ഷേ ഈസാനബി ഇന്നും ആകാശത്ത് ജീവിച്ചിരിക്കുന്നുവെന്ന് മാത്രമല്ല ഭൂമിയിലുള്ളപ്പോൾ ദൈവികമായ പല കഴിവുകളും കാണിച്ചുവെന്നും എത്ര നിർലജ്ജമാണ് തട്ടിവിടുന്നത്.

ഖുർആൻ പറയുന്നത് അല്ലാഹുവാണ് സർവചരാചരത്തിന്റെയും സ്രഷ്ടാവെന്നും, അവനാണ് മരിച്ചവരെ ജീവിപ്പിക്കുന്നതെന്നും, രോഗശമനവും അവന്റെ കൈകളിലാണെന്നുമാണ്. അതൊക്കെ വിസ്മരിച്ചുകൊണ്ട് ഈസാനബിക്ക് ഈ സവിശേഷതകളൊക്കെ ചാർത്തികൊടുക്കാനുള്ള നിവാരണക്കാരന്റെയും സഹജീവികളുടെയും സാഹസികശ്രമം, വാസ്തവത്തിൽ തൗഹീദിനും, നബി (സ)ന്റെ ശ്രേഷ്ഠതക്കും എതിരാണ്. അതിനൊന്നും യാതൊരു കഴമ്പുമില്ല. വിശുദ്ധ ഖുർആന്റെ അലങ്കാരികഭാഷയെ മനസിലാക്കാത്തതിന്റെ പരിണിതിയാണത്.

നിവാരണക്കാരൻ, ദജ്ജാലും ഇങ്ങനെയൊക്കെ അമാനുഷികതകൾ കാണിക്കുമെന്നും അതിനാൽ ഈസാനബിക്ക് അതിൽ പ്രത്യേകതയൊന്നുമില്ലെന്നും എഴുതുന്നു.

നിവാരണക്കാരൻ ഉത്തരം പറയുമ്പോൾ മാരണക്കാരനായി മാറുന്ന കാഴ്ച രസാവഹമാണെങ്കിലും ദയനീയമാണ്.

ഈ നിവാരണക്കാരനടക്കമുള്ള പണ്ഡിത പുംഗവരെക്കുറിച്ച് സുന്നി അഫ്കാറി (2012 ഫെബ്രുവരി 1) ന്റെ ധീരമായ വാദഗതികൾ കൂടി വിലയിരുത്തേണ്ടിയിരിക്കുന്നു.

എൺപത്തിയഞ്ചാം ആണ്ടിലേക്ക് നീങ്ങുന്ന ബഹുമാനപ്പെട്ട സമസ്ത കേരള ജംഇയ്യത്തുൽ ഉലമയുടെ പ്രവർത്തനങ്ങളെ കുറിച്ച് അഫ്കാർ പറയുന്നു,

● "അന്ധവിശ്വാസങ്ങൾ, അരാജകത്വം, അധാർമികത, അനൈക്യം എന്നിവ തുടച്ചുനീക്കി മൊത്തത്തിൽ മുസ്‌ലിം സമുദായത്തിന്റെ ക്ഷേമത്തിനും ഉന്നമനത്തിനുമായി പ്രവർത്തിക്കുക."

ഇതിലെ അന്ധവിശ്വാസ വിപാടനമാണ് മേൽ വിവരിച്ചത്. കഴിഞ്ഞില്ല ബഹുമാനപ്പെട്ട സമസ്തയുടെ പ്രധാന നേട്ടങ്ങൾ കൂടി വായിക്കണം.

● "80 ലക്ഷം മുസ്‌ലിംകളിൽ ഒരു ലക്ഷം പണ്ഡിതന്മാർ അഥവാ എൺപതിലൊരാൾ മതപണ്ഡിതനായെന്ന ചരിത്ര നേട്ടം കൈവരിച്ചു."

● "പതിനായിരത്തോളം പള്ളികൾ,മദ്രസകൾ.........."

● "മലയാളി മുസ്‌ലിംകളിൽ 34,54,022 പേർക്ക് സമസ്ത കേരള ഇസ്‌ലാംമത വിദ്യാഭ്യാസ ബോർഡ് ഇതിനകം സനദ് നൽകി. (മദ്റസാ പൊതു പരീക്ഷാ വിജയികൾക്ക്) ഇത് കേരള മുസ്‌ലിംകളുടെ ഏകദേശം രണ്ട് ശതമാനമാണെന്നോർക്കുക."

എന്നിട്ടും വരട്ടുവാദവും അന്ധവിശ്വാസവും അസഹിഷ്ണുതയും നിർബാധം തുടരുന്നു. എന്തിനധികം നബി(സ)യുടെ യഥാർഥ സ്ഥാനം പോലും അംഗീകരിക്കുന്നില്ല. പിന്നെന്താണ് അഹ്‌ലുസുന്നത്തിവൽ ജമാഅത്തി!

നബി(സ)ന്റെ വിയോഗ വാർത്തയിൽ അന്ധനായ സഹാബി ഹസ്സാനുബ്നു സാബിത്ത് (റ) കണ്ണീർ വാർത്തുകൊണ്ട് പറഞ്ഞു:

*അങ്ങ് എന്റെ കണ്ണിന്റെ കൃഷ്ണമണിയായിരുന്നു. അത് ഇന്ന് അന്ധമായിരിക്കുന്നു. ഇനി ആരോ മരിച്ചോട്ടെ ഞാൻ അങ്ങ് മരിക്കുമോ എന്ന് മാത്രമാണ് ഭയപ്പെട്ടത്!* പക്ഷേ ഹുബ്ബുറസൂലിന്റെ ആധുനിക വക്താക്കൾ പറയുന്നത് **നബി(സ)തന്നെ മരിച്ചാലും ഈസാനബി മരിക്കരുതെന്നാണ്!**

## ഗുട്ടൻസ്

ഈസാനബി(അ)ക്ക് ജീവിച്ചിരിക്കുന്ന കാലമത്രയും നമസ്കാരവും സക്കാതും ഉണ്ടെന്നാണ് വിശുദ്ധ ഖുർആൻ പറയുന്നത് (സൂറ മർയം)
***സക്കാത്ത് ഏത് മഹല്ലിലേക്കാണാവോ തരപ്പെടുത്തുന്നത്!***

**ഹദ്റത്ത് മസീഹ് മൗഊദ് (അ) നെ അല്ലാഹു സുൽത്താനുൽ ഖലം (തൂലികാ ചക്രവർത്തി) ആണെന്ന് പ്രഖ്യാപിച്ചിരിക്കുന്നു. എനിക്കാകട്ടെ ഒരുപാട് പ്രഭാഷണത്തിന് അവസരം നൽകുകയും എന്നെ അവൻ സുൽത്താനുൽ ബയാൻ (പ്രഭാഷണ ചക്രവർത്തി) ആക്കുകയും ചെയ്തിരിക്കുന്നു.**
**- അൽ മുസ്‌ലിഹ് മൗഊദ് (റ) അൽ ഫദ്ൽ 09-05-1962**

എല്ലാ സ്നേഹവും ബുദ്ധിക്ക് വിധേയമായിരിക്കണം. ബുദ്ധിയുടെ നിയന്ത്രണം നഷ്ടപ്പെട്ടാൽ പിന്നെ സ്നേഹം വിഢ്ഡിത്തത്തെ സ്വീകരിക്കുന്നു. - ഹ. മുസ്‌ലിഹ് മൗഊദ്(റ)

# നവോൻമേഷം പകർന്ന ക്യൂ.ആർ.സി

പഴയങ്ങാടി : മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ഭാരതിന്റെ ആഭിമുഖ്യത്തിൽ കേരളത്തിലെ ഖാഇദ്മാർക്ക് സംഘടിപ്പിച്ച ക്യൂ.ആർ.സി (Qaideen Refresher Course) നവോൻമേഷത്തിനും പുത്തനുണർവിനും കാരണമായി.



ഫെബ്രുവരി 4 ന് കാലത്ത് 10 മണിക്ക് അഖിലേന്ത്യാ നാഇബ് സദ്ർ സി.ശമീം അഹ്മദ് സാഹിബിന്റെ അധ്യക്ഷതയിൽ കണ്ണൂർ മേഖല അമീർ യു.മൻസൂർ അഹ്മദ് സാഹിബ് QRC ഉദ്ഘാടനം ചെയ്തു. തിലാവത്തിനു ശേഷം ഖിലാഫത്ത് പ്രതിജ്ഞയും ഖുദ്ദാം പ്രതിജ്ഞയും ചൊല്ലികൊടുക്കുകയുണ്ടായി.



തുടർന്ന് സി.ശമീം സാഹിബ്, മുൻ സംസ്ഥാന ഖാഇദ് പി.എം. ബശീർ അഹ്മദ് സാഹിബ്, മുബല്ലിഗ് മൗലവി എച്ച്. ശംസുദ്ദീൻ സാഹിബ്, ഇ. ത്വാഹിർ അഹ്മദ് സാഹിബ് എന്നിവർ ക്ലാസെടുത്തു. സദ്ർ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ഭാരത് മൗലാനാ ഹാഫിസ് മഖ്ദൂം ശരീഫ് സാഹിബ് വീഡിയോ കോൺഫ്രൻസിലൂടെ QRC യെ അഭിസംബോധന ചെയ്തു. പ്രവർത്തനരംഗത്ത് ഊർജ്ജസ്വലമാകേണ്ട യുവത്വകാലം വിനഷ്ടമാക്കിയാൽ പിന്നീട് അതിന് കനത്ത വിലനൽകേണ്ടിവരുമെന്നും തലമുറകൾ അനുഗ്രഹങ്ങളിൽ നിന്ന് അകറ്റപ്പെടുമെന്നും ഹദ്റത് മുസ്‌ലിഹ് മൗഊദ്(റ)നെ ഉദ്ധരിച്ചുകൊണ്ട് സദ്ർ സാഹിബ് ഓർമിപ്പിച്ചു. ബി.എം.ശൗക്കത്തലി സാഹിബ്, വി.പി. ബശീർ അഹ്മദ് സാഹിബ്, എച്ച്. അഹ്മദ് ശാഫിസാഹിബ്, എസ്. ഹാരിസ് സാഹിബ്, ഉബയ്ദുർറഹ്മാൻ സാഹിബ് എന്നിവർ ലായെ അമലിലെ വ്യത്യസ്ത പ്രവർത്തനങ്ങളെക്കുറിച്ച് വിശദീകരിച്ചു.







രണ്ടാം ദിവസം കാലത്ത് തഹജ്ജുദ് നമസ്കാരത്തിന് മൗലവി മുഹമ്മദ് ഇസ്മാഈൽ സാഹിബ് നേതൃത്വം നൽകി. ഫജ്ർ നമസ്കാരാന്തരം ദർസും നൽകുകയുണ്ടായി.





സാമപനത്തോടനുബന്ധിച്ച് നാഇബ് സദ്ർ സാഹിബിന്റെ അധ്യക്ഷതയിൽ ചേർന്ന ചോദ്യോത്തര പരിപാടിയിൽ മൗലവി. എച്ച്. ശംസുദ്ദീൻ സാഹിബ് മറുപടി പറഞ്ഞു. മൗലവി മുഹമ്മദ് ഇസ്മാഈൽ സാഹിബിന്റെ നേതൃത്വത്തിൽ ഇജ്തിമാഅ് ദുഃആയോടെ QRC സമാപിച്ചു.



46 ഖാഇദുമാരും ഉത്തര,മധ്യ,ദക്ഷിണ മേഖലാ പ്രവർത്തക സമിതി അംഗങ്ങളും കോഴ്സിൽ പങ്കെടുത്തു.











# ഏകദിന തർബിയ്യത്ത് ക്യാമ്പ്

**കണ്ണൂർസിറ്റി**: ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ നടന്ന തർബിയ്യത്ത് ക്യാമ്പ് ജമാഅത്ത് അമീർ കെ .മുഹമ്മദ് സാലിഹ് സാഹിബിന്റെ അദ്ധ്യക്ഷതയിൽ ടി. നിയാസ് അഹ്മദ് ഖുർആൻ പാരായണം നിർവ്വഹിച്ചു. നവേദ്, ശാഹിൻ എന്നിവർ സംഘഗാനമാലപിച്ചു. ശേഷം യോഗാദ്ധ്യക്ഷൻ പ്രസ്തുത സംഗമത്തിന്റെ ലക്ഷ്യങ്ങളെക്കുറിച്ച് വിവരിച്ചു. മേഖലാ അമീർ യു.മൻസൂർ അഹ്മദ് സാഹിബ് ക്യാമ്പ് ഉൽഘാടനം ചെയ്തു. പ്രാദേശിക ഖാഇദ് ടി.റിയാസ് അഹ്മദ് സാഹിബ് ആശംസാ പ്രസംഗവും മൗലവി ടി.എം.മുഹമ്മദ് സാഹിബ് തർബിയ്യത്ത് ക്ലാസ്സും നടത്തി. ശേഷം എം.അബ്ദുറഹ്മാൻ സാഹിബ് അഹ്മദിയ്യത്ത് എന്ന വിഷയത്തെ ആസ്പദമാക്കി പ്രഭാഷണം നടത്തി. ഉച്ചക്ക് ശേഷം നടന്ന രണ്ടാം സെഷനിൽ അധ്യ: ജമീൽ സാഹിബ്,ശഫീ അഹ്മദ് സാഹിബ്, ടി.ശറഫുദ്ദീൻ സാഹിബ് എന്നിവർ സംസാരിച്ചു. ദുആയോടു കൂടി യോഗം അവസാനിച്ചു.



ഖുർആൻ ഓതിപ്പൂർത്തിയാക്കിയ തഫ്ഹീം അഹ്മദ് **പാലക്കാട് S/o** അബ്ദുർറഹീം സാഹിബ് & സോഫിയാ സാഹിബ

# ആമീൻ

**ഐരാപുരം**: മസ്ജിദ് ബൈത്തുൽ ഹുദായിൽ ആമീൻ പരിപാടി നടത്തുകയുണ്ടായി. എറണാകുളം മേഖലാ അമീർ ബി.ബി. അഹ്മദ് കബീർ സാഹിബിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന പരിപാടിയിൽ ഹാഫിസ് മിസ്ബാഹുദ്ദീൻ സാഹിബിന്റെ തിലാവത്തുൽ ഖുർആനും ജോയ് അഹ്മദ് സാഹിബിന്റെ പദ്യാലാപനത്തിനും ശേഷം ഐരാപുരം പ്രസിഡന്റ് പി.കെ. ശാഹുൽ ഹമീദ് സാഹിബ് ആമുഖഭാഷണം നടത്തി. തുടർന്ന് വിശുദ്ധഖുർആൻ ഓതിത്തീർത്ത 10 കുട്ടികളുടെ ആമീൻ മൗലവി എം.നാസിർ സാഹിബ് (സർക്കിൾ ഇൻചാർജ് എറണാകുളം മേഖല) നടത്തുകയും മേഖലാ അമീർ സാഹിബ് കുട്ടികൾക്ക് ഉപഹാരങ്ങൾ നൽകുകയും ചെയ്തു. മൗലവി എം.നാസിർ സാഹിബ് മുഖ്യപ്രഭാഷണം നടത്തി.

ഖുർആൻ ഓതിത്തീർത്തവർ മുബാറക്ക അഹ്മദ്, ശാബിൻ അഹ്മദ്, റോശൻ അഹ്മദ്, ഫുആദ് അഹ്മദ്, ഇഹ്സാൻ അഹ്മദ്, അമത്തുസ്സലാം, സാജിദ, ഫിദാ നൗറീൻ, അമത്തുൽ വക്കീൽ തബസ്സും, ഫർസാന



ഫിദാ നൗറീൻ



ഫർസാന



അമത്തുൽ വക്കീൽ തബസ്സും











# നബികീർത്തന സമ്മേളനം

**കരുളായി**: ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ നടന്ന നബികീർത്തന സമ്മേളനം മേഖലാ അമീർ പി.മുഹമ്മദലി മാസ്റ്ററുടെ അദ്ധ്യക്ഷതയിൽ അഫ്സൽ സാഹിബിന്റെ തിലാവത്തോടു കൂടി ആരംഭിച്ചു. മൗലവി പി.അബ്ദുന്നാസിർ സാഹിബ് സ്വാഗതം പറഞ്ഞു. മൗലവി മുഹമ്മദ് സലീം സാഹിബ്, ഫാദർ പോൾ ജേക്കബ് (മാർത്തോമ്മാ ചർച്ച് പാലാങ്കര)കരിമ്പിൽ രാധാകൃഷ്ണൻ (ഭാരതീയ വിചാര കേന്ദ്രം) ഡോ: ഫാദർ രാജു തോട്ടത്തിൽ (നിർമ്മൽ ഭവൻ മൂത്തേടം) എന്നിവർ സംസാരിച്ചു. വിവിധ വിഭാഗങ്ങളിൽ പെട്ട നിരവധി ആളുകൾ പരിപാടിയിൽ പങ്കെടുത്തു. ഒ.കെ സു ലൈമാൻ സാഹിബ് നന്ദി പറഞ്ഞു.





കമ്പളക്കാട് വഖാറെഅമൽ, കോഴിക്കോട് ജില്ല



# തർബീയ്യത്ത് യോഗം

**പാലക്കാട്**: മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ ആഭിമുഖ്യത്തിൽ രാവിലെ തഹജ്ജുദ് നമസ്ക്കാരത്തോടു കൂടിയാണ് ഏകദിന പ്രോഗ്രാമിന് തുടക്കം കുറിച്ചത്. ശേഷം നടന്ന വഖാറെ അമലിൽ ഖുദ്ദാം - അൻസാർ അംഗങ്ങൾ സജീവമായി പങ്കെടുക്കുകയും ശേഷം കല്ലേക്കാട് പുതുക്കോട് കേന്ദ്രീകരിച്ച് നടന്ന തബ്ലീഗിൽ ഖുദ്ദാം സഹോദരന്മാർ പങ്കെടുത്തു. വൈകുന്നേരം പാലക്കാട് മേഖലാ അമീർ എംകെ അബ്ദുൽ കരീം സാഹിബ് തർബിയ്യത്ത് ക്ലാസെടുത്തു.

**പഴയങ്ങാടി**: മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ ആഭിമുഖ്യത്തിൽ പഴയങ്ങാടി താഹിർ മസ്ജിദിൽ തർബിയ്യത്ത് യോഗം നടത്തി. ഖുർആന്റെ അനുഗ്രഹങ്ങൾ ജീവിതത്തിൽ എന്ന വിഷയത്തെ ആസ്പദമാക്കി മൗലവി ഇസ്മായിൽ സാഹിബ് മുഖ്യപ്രഭാഷണം നടത്തി. എൻ കുഞ്ഞഹ്മദ് മാസ്റ്റർ സാഹിബ് ഉദ്ഘാടന പ്രഭാഷണം നടത്തി. പ്രസ്തുത പരിപാടിയിൽ ഖുർആൻ പാരായണം പൂർത്തിയാക്കിയ നാല് അത്ഫാൽ കുട്ടികൾക്ക് മൗലവി. ഇസ്മായിൽ സാഹിബ് ആമീൻ ചൊല്ലിക്കൊടുക്കുകയും ചെയ്തു.

# വസ്ത്രവിതരണം

**പഴയങ്ങാടി**: ഖുദ്ദാമുൽ അഹ്മദിയ്യാ ആഭിമുഖ്യത്തിൽ കണ്ണൂർ ജില്ലയിലെ ഇരിട്ടി ആറളം ആദിവാസി മേഖല സന്ദർശിക്കുകയും വസ്ത്രങ്ങൾ വിതരണം ചെയ്യുകയും അവരോടൊത്ത് അൽപ സമയം ചെലവയിക്കുകയും ചെയ്തു. പ്രസ്തുത പരിപാടി കേരള ഫോക്ലോർ അക്കാദമി ചെയർമാൻ പ്രൊ ഫ. മഹ്മൂദ് അഹ്മദ് ഉദ്ഘാടനം ചെയ്തു. നോർത്ത് ഇ ലാക്ക ഖാഇദ് പി.പി. റഹീം അ ദ്ധ്യക്ഷനായ പ്രസ്തുത പരിപാടിയിൽ പ്രാദേശിക ഖാഇദ് സി.അബ്ദുസ്സമദ് സ്വാഗതം പറഞ്ഞു. റെയ്ഞ്ച് ഓഫീസർ എൻ. ഗോപാലൻ ഉപഹാരം വിതരണം ചെയ്യുകയും ആശംസാപ്രസംഗം നടത്തുകയും ചെയ്തു.



കരുളായി ഖുദ്ദാം അത്ഫാൽ നിർമ്മൽ ഭവൻ സന്ദർശനം



കോഴിക്കോട് മജ്ലിസ്, മൂന്നാർ സന്ദർശനത്തിൽ

# കേരള നാസിം അൻസാറുല്ലാഹ് നാസിമുദ്ദീൻ സാഹിബ് ചാർജെടുത്തു

**ഖാദിയാൻ** : പി.പി. നാസിമുദ്ദീൻ സാഹിബിനെ മജ്‌ലിസ് അൻസാറുല്ലാഹ് കേരള നാസിം ആയി അഖിലേന്ത്യാ സദ്ർ നിയമിച്ചു.

നേരത്തെ യു.എ.ഇയിൽ അമീറായി സേവനം ചെയ്തിട്ടുള്ള നാസിമുദ്ദീൻ സാഹിബ് ഇപ്പോൾ പഴയങ്ങാടി പ്രാദേശിക ജമാഅത്തിൽ ഭാരവാഹിയാണ്. മജ്. അൻസാറുല്ലാഹ് കണ്ണൂർ മേഖല നാസിമായി പ്രവർത്തിച്ചു വരുമ്പോഴാണ് പുതിയ നിയമനം.

അദ്ദേഹത്തോടൊപ്പം ആറ് മേഖലാ നാസിമുമാരും ചാർജെടുക്കുകയുണ്ടായി.

കണ്ണൂർ : മുസഫർ അഹ്മദ് സാഹിബ്, കണ്ണൂർ സിറ്റി, കോഴിക്കോട് : റഫീ അഹ്മദ് സാഹിബ്, കോഴിക്കോട്, മലപ്പുറം : സി.എച്ച്. സിദ്ദീഖ് സാഹിബ്, കരുളായി, പാലക്കാട് : എം. താജുദ്ദീൻ സാഹിബ്, പാലക്കാട്, എറണാകുളം : പി.കെ. ശാഹുൽ ഹമീദ് സാഹിബ്, ഐരാപുരം, തിരുവനന്തപുരം : അബ്ദുല്ലാ സാഹിബ്, കരുനാഗപ്പള്ളി




പി.പി. നാസിറുദ്ദീൻ സാഹിബിനെ പുതിയ അഖിലേന്ത്യാ മജ്‌ലിസ് ആമിലയിലും നാഇബ് സദ്ർ (ദക്ഷിണേന്ത്യൻ കാര്യങ്ങൾ) ആയി ഹുസൂർ തിരുമനസ് അംഗീകാരം നൽകിയിട്ടുണ്ട്.



# സാംസ്കാരിക നഗരിയിൽ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ പുസ്തക ശാല

തൃശ്ശൂർ : കേരള സാഹിത്യ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ തൃശ്ശൂരിലെ തേക്കിൻ കാട് മൈതാനിയിൽ വെച്ച് നടന്ന അന്താരാഷ്ട്ര പുസ്തകോത്സവത്തിൽ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തും പങ്കെടുത്തു. ചേലക്കര ജമാഅത്തിന്റെ നേതൃത്വത്തിലായിരുന്നു ബുക്ക്സ്റ്റാൾ സംഘടിപ്പിച്ചത്. ഏകദേശം 18000 രൂപയുടെ പുസ്തകങ്ങൾ ചിലവാകുകയും അറുന്നൂറോളം ആളുകൾക്ക് സന്ദേശമെത്തിക്കാനും ബുക്ക്സ്റ്റാളുകൊണ്ട് കഴിഞ്ഞു. ബുദ്ധിയെ അംഗീകരിക്കാത്ത മതസിദ്ധാന്തങ്ങൾ ദൈവദത്തമോ? എന്ന ബാനർ തന്നെ ആളുകളെ ആകർഷിക്കുന്നതായിരുന്നു. കൂടാതെ യേശുവിന്റെ കല്ലറ കശ്മീരിലാണെന്ന സത്യം വിളിച്ചോതുന്ന ബാനർ ആളുകളെ അത്ഭുതപ്പെടുത്തുകയും, യേശുമിശിഹാ ഇന്ത്യയിൽ യേശുക്രിസ്തു കാശ്മീരിൽ തുടങ്ങിയ പുസ്തകങ്ങൾ പരിചയപ്പെടുത്തുന്നതിന് സഹായകമാകുകയും ചെയ്തു.

മൗലവിമാരായ ഗുലാം അഹ്മദ് സാഹിബ്, മുഹമ്മദ് റാഫി സാഹിബ്, മൗലവി മുഹമ്മദ് സലീം സാഹിബ് എന്നിവരുടെ സാന്നിദ്ധ്യം അറിവിന്റെ അത്ഭുത വെളിച്ചം ജനങ്ങൾക്ക് പകർന്നു നൽകുന്നതിന് സഹായകമായി. ചേലക്കര ജമാഅത്ത് പ്രസിഡണ്ട് ജനാബ് സി. നാസിർ അഹ്മദ് സാഹിബ് പരിപാടിക്ക് നേതൃത്വം വഹിച്ചു. ഖുദ്ദാം അൻസാർ സഹോദരങ്ങളുടെ സാന്നിദ്ധ്യം ബുക്സ്റ്റാളിനെ വൻ വിജയമാക്കി. ജനുവരി 4 മുതൽ 13 വരെയാണ് പുസ്തകോൽസവം നടന്നത്.

# സ്വഭാവ ശുദ്ധി കൈവരിക്കുക

**– ശമീം അക്തർ ഗ്യാനി സാഹിബ**

**എറണാകുളം** : തബ്‌ലീഗ് വിജയപ്രദമായിത്തീരാൻ സ്വഭാവ ശുദ്ധി കൈവരിക്കേണ്ടത് അത്യാവശ്യമാണെന്ന് ലജ്നാ ഇമായില്ലാഹ് അഖിലേന്ത്യാ സദർ ശമീം അക്തർ ഗ്യാനി സാഹിബ് അഭിപ്രായപ്പെട്ടു. മസ്ജിദ് ഉമറിൽ വെച്ച് സംഘടിപ്പിച്ച മേഖലാ തബ്‌ലീഗ് ക്യാമ്പ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അവർ. സ്വർഗം മാതാക്കളുടെ കാല്പാദത്തിനടിയിലാണെന്ന നബിവചനം സ്ത്രീകളുടെ ഉത്തരവാദിത്വത്തെക്കുറിച്ച് ഗൗരവത്തോടെ ഓർമപ്പെടുത്തുന്നു. പെൺകുട്ടികൾക്ക് നല്ല രീതിയിൽ ശിക്ഷണം നല്കി വളർത്തുന്നവർക്ക് നബി(സ) സ്വർഗത്തെക്കുറിച്ച് സുവാർത്ത നല്കിയിരിക്കുന്നു. നബി(സ)യുടെ സ്വഭാവഗുണങ്ങൾ പകർത്താൻ ഓരോരുത്തരും പരിശ്രമിക്കണം. നമ്മുടെ പ്രവൃത്തി പരിശ്രമിച്ച്കൊണ്ടിരിക്കുക എന്നത് മാത്രമാണ്. പ്രവൃത്തിയിൽ അനുഗ്രഹം നല്കുന്നത് അല്ലാഹുവാണ്. നമ്മുടെ ഏതെങ്കിലും ഒരു ഗുണം ഉപകാരപ്പെടണമെങ്കിൽ അല്ലാഹുവിന്റെ ഫള്ൽ ലഭിക്കണം. ഹുസൂർ തിരുമനസ്സിന്റെ ഓരോ നിർദേശവും നടപ്പിൽ വരുത്താൻ സ്ത്രീകൾ പരിശ്രമിക്കണമെന്നും അവർ പറഞ്ഞു. ഒരു സത്യവിശ്വാസിദായിഇലല്ലാഹ് ആയിത്തീരാൻ തന്നിൽ പരിപൂർണ മാറ്റം വരുത്തണമെന്ന് യോഗത്തിൽ അദ്ധ്യക്ഷത വഹിച്ച കേരള സദർ സിദ്ദീഖാ സഊദ് സാഹിബ് ചൂണ്ടിക്കാട്ടി. ബൈഅത്തിൽ നിലനിൽക്കാൻ നാം പരിശ്രമിക്കണം. സന്ദേശം എത്തിച്ച് കൊണ്ടേയിരിക്കുകയും വാക്കും പ്രവർത്തിയും ഒന്നായി മാറുകയും വേണം. എല്ലാ തുറകളിലും നബി(സ) മാതൃകയായിരുന്നുവെന്നും സിദ്ദീഖാ സാഹിബ ഓർമപ്പെടുത്തി. ജാസ്മിൻ അബൂബക്കർ സാഹിബ വിശുദ്ധ ഖുർആൻ പാരായണം ചെയ്തു. മുംതാസ് സഫറുല്ല സാഹിബ സ്വാഗതപ്രഭാഷണം നടത്തി. ഹിദായത്തുന്നിസ, റംല തുടങ്ങിയവരും സംസാരിച്ചു. ക്യാമ്പിനോടനുബന്ധിച്ച് സെമിനാറും സംഘടിപ്പിച്ചിരുന്നു.

- ടി.കെ. സെമിയാ നജീബ്, എറണാകുളം.

# മതത്തെക്കുറിച്ച് ആഴത്തിൽ പഠിക്കുക

**എറണാകുളം**: മതത്തെ ദുരുപയോഗപ്പെടുത്തുന്ന ഈ കാലഘട്ടത്തിൽ അവനവന്റെ മതത്തെക്കുറിച്ച് ആഴത്തിൽ പഠിക്കുന്നതിലൂടെ മാത്രമെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സാധിക്കുകയുള്ളുവെന്ന് എറണാകുളം സോണൽ അമീർ ബി.ബി. അഹ്മദ് കബീർ സാഹിബ് പറഞ്ഞു. 'മനുഷ്യാവകാശ സംരക്ഷണവും മതങ്ങളും' എന്ന വിഷയത്തെക്കുറിച്ച് മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ സൗത്ത് കേരള സംഘടിപ്പിച്ച സെമിനാറിൽ അദ്ധ്യക്ഷപ്രഭാഷണം നിർവഹിക്കുകയായിരുന്നു അദ്ദേഹം. മനുഷ്യൻ തന്നെ നോക്കികാണുന്നതുപോലെ സമസൃഷ്ടികളെയും നോക്കികാണണമെന്ന് വിഷയാവതരണം നടത്തിയ സൗത്ത് ഇലാഖാ ഖാഇദ് ഇ. എച്ച് നജീബ് സാഹിബ് അഭിപ്രായപ്പെട്ടു.തീവ്രവാദം ഒരു മതമാണെന്നും അല്ലാതെ മതം തീവ്രവാദമല്ലെന്നും കൊച്ചി അന്താരാഷ്ട്ര പുസ്തകോത്സവ സമിതി സെക്രട്ടറി ശ്രീ.ഇ.എൻ. നന്ദകുമാർ അഭിപ്രായപ്പെട്ടു. എല്ലാവരുടേയും ഉള്ളിൽ നൻമയുണ്ടെന്നും അത് യഥാർത്ഥത്തിൽ പുറത്ത് കൊണ്ട് വരുമ്പോൾ അവകാശങ്ങൾ സംരക്ഷിക്കപ്പെടുമെന്നും കൾച്ചറൽ അക്കാഡമി ഫോർ പീസ് സെക്രട്ടറി ശ്രീമതി റോസി മാർട്ടിൻ അഭിപ്രായപ്പെട്ടു. യാസർ അറഫാത്ത് വിശുദ്ധഖുർആൻ പാരായണം ചെയ്തു. മൗലവി എം. നാസിർ അഹ്മദ് സാഹിബ്, സഫ്‌വാൻ സാഹിബ് എന്നിവർ പ്രസംഗിച്ചു.


**The Editor, AL HAQ**
**C/o Majlis Khuddamul Ahmadiyya**
**Karulai , Malappuram, Kerala**

**E.mail: alhaqeditor@gmail.com**

സ്മൃതിപഥം

# റാവിൽ ബുഖാറയേവ് കേരളത്തിൽ

*പ്രൊഫ. എം. മുഹമ്മദ് കണ്ണൂർ*



1991 ഡിസംബർ 26,27,28 തിയ്യതികളിൽ ഖാദിയാനിൽ നടന്ന ലോക അഹ്മദിയ്യാ സമ്മേളനത്തിൽ പങ്കെടുക്കാനായി റഷ്യയിൽ നിന്നുള്ള ഏകപ്രതിനിധിയായി റാവീൽ ബുഖാറയേവ് ഇന്ത്യയിൽ എത്തി. സമ്മേളനാന്തരം അദ്ദേഹം കേരളവും സന്ദർശിച്ചു.

1992 ജനുവരി 12ന് കോഴിക്കോട് ടൗൺഹാളിൽ ചേർന്ന സ്വീകരണയോഗത്തിലും പത്രസമ്മേളനത്തിലും അദ്ദേഹം പങ്കെടുത്ത് സംസാരിച്ചു. അഹ്മദിയ്യാ പ്രസ്ഥാനത്തിലേക്കുള്ള തന്റെ പ്രവേശനത്തെ ഒരത്ഭുതസംഭവമെന്നാണദ്ദേഹം വിശേഷിപ്പിച്ചത്. റാവീൽ ബുഖാറയേവ് ഒരു ബഹുഭാഷാ പണ്ഡിതനും ഗ്രന്ഥകർത്താവും കവിയുമായിരുന്നു. മോസ്ക്കോ യൂനിവേഴ്സിറ്റിയിൽ നിന്ന് ഗണിത ശാസ്ത്രത്തിലും ഭാഷാശാസ്ത്രത്തിലും ഉന്നതബിരുദങ്ങൾ നേടിയ അദ്ദേഹം സോവിയറ്റ് റൈറ്റേഴ്സ് യൂനിയനിലും ഹംഗേറിയൻ സാഹിത്യകാരന്മാരുടെ പ്രത്യേക സമിതിയിലും വിശിഷ്ടാംഗമായിരുന്നു. ഇസ്ലാം മതതത്ത്വജ്ഞാനമടക്കം ഇരുപതോളം അഹ്മദിയ്യാ സാഹിത്യങ്ങൾ 1992ൽ കേരളത്തിലെത്തുമ്പോൾ തന്നെ അദ്ദേഹം റഷ്യനിലേക്കു തർജുമ ചെയ്തിരുന്നു. തുടർന്നുകൊണ്ടദ്ദേഹം മറ്റനേകം കൃതികൾ റഷ്യനിലേക്ക് മൊഴിമാറ്റം ചെയ്യുകയുണ്ടായി. വാഗ്ദത്ത മസീഹിന്റെ പ്രവചനാനുസാരം റഷ്യയിൽ ഇസ്ലാമിന്റെ വമ്പിച്ചൊരു മുന്നേറ്റം തന്നെ ഉണ്ടാകുമെന്നത് അദ്ദേഹത്തിന്റെ വിശ്വാസപ്രമാണങ്ങളിൽ ഒന്നായിരുന്നു. ഈ ഉറച്ച വിശ്വാസമാണ് തന്റെ ശിഷ്ടജീവിതം ജമാഅത്തിന്നായി സമർപ്പിക്കാൻ അദ്ദേഹത്തെ സന്നദ്ധനാക്കിയതും.

താർത്താരിസ്ഥാൻ റിപബ്ലിക്കിൽ കാസാൻ എന്ന നഗരത്തിലെ ഒരു മുസ്ലിം കുടുംബത്തിലായിരുന്നു ബുഖാറയേവിന്റെ ജനനം. ഇസ്ലാമിക സാംസ്കാരിക പാരമ്പര്യം ജന്മം കൊണ്ടദ്ദേഹത്തിന് സിദ്ധിച്ചുവെങ്കിലും ഇസ്ലാമിന്റെ ആദ്ധ്യാത്മികചൈതന്യം അദ്ദേഹത്തിനുൾകൊള്ളാനായത് അഹ്മദിയ്യത്തിലൂടെയായി. പ്രാർത്ഥനയുടെ പൊരുളും അദ്ദേഹം മനസിലാക്കിയത് അഹ്മദി ആയതിനുശേഷമാണ്. ഇന്ത്യയിൽ നിന്ന് ഒരു പ്രകാശം പുറപ്പെടുമെന്നത് താർത്താരികളുടെ പരമ്പരാഗത വിശ്വാസമായിരുന്നു.അതിന്റെ സാക്ഷാത്കാരമായിട്ടാണ് അദ്ദേഹം അഹ്മദിയ്യാ പ്രസ്ഥാനത്തെ കണ്ടത്.

കണ്ണൂരിൽ അഹ്മദിയ്യാ ജമാഅത്ത് ഒരുക്കിയ സ്വീകരണ യോഗത്തിലും പത്രസമ്മേളനത്തിലും ബുഖാറയേവ് പ്രസംഗിക്കുകയുണ്ടായി. അഹ്മദിയ്യാ പ്രസ്ഥാനം പുരോഗതിയുടെ നൂറ് വർഷമെന്ന എൻ. അബ്ദുർറഹീം സാഹിബ് മർഹൂം രചിച്ച കൃതി പ്രമുഖ കഥാകൃത്ത് ടി. പത്മനാഭന് ഒരു പ്രതി നല്കികൊണ്ട് അദ്ദേഹം പ്രകാശനം ചെയ്തു. വൈകീട്ട് സ്റ്റേഡിയം കോർണറിൽ നടന്ന പൊതു യോഗത്തിലും അദ്ദേഹം പ്രസംഗിച്ചു.

മാതൃഭൂമിക്ക് നല്കിയ അഭിമുഖത്തിൽ സോവിയറ്റ് യൂനിയന്റെ പതനത്തെ സംബന്ധിച്ച തന്റെ പരാമർശങ്ങൾ ഒരനുഭവസ്ഥന്റെ സത്യവാങ്ങ് മൂലമായി കരുതേണമെന്ന അപേക്ഷയോടെയാണദ്ദേഹം സംസാരിച്ചുതുടങ്ങിയത്. കമ്യൂണിസ്റ്റ് പാർട്ടിയുടെ അയുക്തവും ധാർഷ്ട്യനിർഭരവും അപ്രായോഗികവുമായ നയപരിപാടികളാണ് ആത്യന്തികമായി സോവിയറ്റ് യൂനിയന്റെ പതനത്തിൽ കലാശിച്ചത്. തൊഴിലിനുള്ള പ്രചോദനവും പ്രോത്സാഹനവുമില്ലാതെ മേലാളർ പുറപ്പെടുവിക്കുന്ന ആജ്ഞയനുസരിച്ച് പണിയെടുക്കുന്ന അടിമകളായി തൊഴിലാളികളെ അവർ മാറ്റി. അവർ പടുത്തുയർത്തിയ ഈ സോഷ്യലിസ്റ്റ് വ്യവസ്ഥക്ക് അടിത്തറ തന്നെ ദുർബലമായി. ശാസ്ത്രബോധത്തിലധിഷ്ഠിതമായ കാഴ്ചപ്പാടോടെ സംസാരിച്ച ബുഖാറയേവ് ശ്രോതാക്കളിൽ വലിയ മതിപ്പാണ് സൃഷ്ടിച്ചത്. അദ്ധ്യാത്മികത ശാസ്ത്രത്തിന്നാവശ്യമാണെന്ന് അദ്ദേഹം വ്യക്തമാക്കി.

ആത്മാർത്ഥതയുടെയും ത്യാഗബോധത്തിന്റെയും അനശ്വരപാഠങ്ങൾ നമുക്ക് നല്കിക്കൊണ്ടാണദ്ദേഹം നമ്മെ വിട്ടുപിരിഞ്ഞിരിക്കുന്നത്. അല്ലാഹു തന്റെ ഈ ഉത്തമദാസനിൽ സംപ്രീതനാകുമാറാകട്ടെ. സ്വർഗത്തിൽ ഉന്നതസ്ഥാനം പ്രദാനം ചെയ്യുമാറാകട്ടെ. ആമീൻ.

## പിക്ക്നിക്ക്

**പാലക്കാട്:** മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ പാലക്കാടിന്റെ ആഭിമുഖ്യത്തിൽ എട്ട് ഇരുചക്രവാഹനങ്ങളിലായി പതിനെട്ട് ഖാദിംകൾ മലമ്പുഴ കവായിലേക്ക് പിക്ക്നിക്ക് നടത്തി. അവിടെ വെച്ച് തന്നെ സ്പോർട്ട്സും തർബിയ്യത്ത് യോഗവും സംഘടിപ്പിച്ചു. ഖാഇദ് നൗഷാദ് സാഹിബിന്റെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിൽ മൗലവി നസീം അഹ്മദ് സാഹിബ് ,മൗലവി ഫാഹിം അഹ്മദ് സാഹിബ്, അൻവർ സാഹിബ്,ഹസീബ് അഹ്മദ് സാഹിബ് എന്നിവർ ക്ലാസെടുത്തു.

## ഒന്നാം സ്ഥാനം കരസ്ഥമാക്കി

**എടവണ്ണ:** പാലിയേറ്റീവ് കെയർ അസോസിയേഷൻ പാലിയേറ്റീവ് ദിനത്തിൽ സംഘടിപ്പിച്ച പ്രസംഗ മത്സരത്തിൽ എൽ.പി വിഭാഗത്തിൽ പത്തപ്പിരിയം ജമാഅത്തിലെ ദിയ പി.പി A ഗ്രേഡോടെ ഒന്നാം സ്ഥാനം കരസ്ഥമാക്കി. മലപ്പുറം ജില്ലാ ഖാഇദ് പിപി മുസദ്ദീഖ് സാഹിബിൻെറയും റിസ്വാന സാഹിബയുടെയും മകളാണ്. എടവണ്ണ പ്രെയ്സ് വിൽ സ്ക്കൂളിൽ നാലാം ക്ലാസ് വിദ്യാർത്ഥിനിയാണ്.



കരുനാഗപള്ളി മജ്ലിസ്,
വയനാട് സന്ദർശനത്തിൽ

## ഏകദിന സ്പോർട്സ് മീറ്റ്

**കരുളായി:** മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ ആഭിമുഖ്യത്തിൽ കരുളായി ഫസ്ലെ ഉമർ പബ്ലിക്ക് സ്ക്കൂളിൽ വെച്ച് നടന്ന സ്പോർട്ട്സ് മീറ്റ് രാവിലെ 7 മണിക്ക് ആരംഭിച്ചു. ഖുദ്ദാം - അത്ഫാൽ അംഗങ്ങളുടെ മൂന്ന് വ്യത്യസ്ത ഗ്രൂപ്പുകളാക്കിയതിന് ശേഷമാണ് മത്സരയിനങ്ങൾ ആരംഭിച്ചത്. ഖുദ്ദാം- അത്ഫാലിനായി ഫുട്ബോൾ,വോളിബോൾ,ഷട്ടിൽ,ഓട്ട മത്സരങ്ങൾ,പഞ്ചഗുസ്തി,ലോംഗ്ജംപ് എന്നീ ഇനങ്ങളാണ് നടന്നത്. എല്ലാ മത്സരയിനങ്ങളിലും വളരെ ആവേശത്തോടെയാണ് ഖുദ്ദാം- അത്ഫാൽ അംഗങ്ങൾ പങ്കെടുത്തത്. വൈകുന്നേരം 3മണിയോട് കൂടി ഏകദിന സ്പോർട്ട്സ് മീറ്റ് സമാപിച്ചു.




ആന്ധ്രപ്രദേശ് ലീഗ് ക്രിക്കറ്റ് ടൂർണമെന്റ്,
ഹൈദരബാദ്

# 'മുസ്‌ലിഹ് മൗഊദ്' പ്രവചനങ്ങൾ



## യഹൂദികളുടെ ഹദീദ്ഗ്രന്ഥമായ ത്വാൽമൂദിലെ പ്രവചനം:

" It is also said that the (the Messiah) Shall die and his kingdom deseend to his son and grandson.

**അദ്ദേഹം (മസീഹ്) മരണപ്പെടുകയും അദ്ദേഹത്തിന്റെ (ആത്മീയ) രാജാധികാരം പുത്രനും, പൗത്രനും ലഭിക്കുന്നതുമാണ്..** "

*(ത്വാൻമൂദ്, അധ്യായം : 5, പേജ് :37, പ്രസാധനം :ലണ്ടൻ, 1978)*

### ഹ. സ്വരാസ്റ്റർ (അ)

അറേബ്യൻ ശരീഅത്തിന് ആയിരം വർഷം പിന്നിടുമ്പോൾ ദീൻ ഭിന്നിച്ച് ചിതറിയിട്ടുണ്ടാവും. അതിനെ ന്യായപ്രമാണ വാഹകനായ പ്രവാചകൻ(സ) മുന്നിൽ സമർപ്പിച്ചാൽ അദ്ദേഹത്തിനും തിരിച്ചറിയാൻ കഴിയില്ല.... അവർക്കുള്ളിൽ അന്തഃഛിദ്രവും, ഭിന്നതയും ഉടലെടുക്കും. ദിനംപ്രതി ഭിന്നതയും പരസ്പരം ശത്രുതയും വർദ്ധിക്കും... അങ്ങിനെ സംഭവിക്കുമ്പോൾ ഒരു ദിവസമാണ് ഈ കാലഘട്ടത്തിൽ ബാക്കിയുണ്ടാകുന്നതെങ്കിൽ പോലും നിന്നിൽ (ഫാർസി) നിന്നുള്ള ഒരാളെ എഴുന്നേൽപിക്കുകയും, അത് നിന്റെ നഷ്ടപ്പെട്ട അന്തസ്സും ആഭിജാത്യവും വീണ്ടെടുക്കുന്നതുമാണ്. ഈ പ്രവാചകത്വവും നേതൃത്വവും (നുബുവ്വത്തും ഖിലാഫത്തും) നിന്റെ തലമുറയിൽ നിന്ന് മാറ്റുന്നതല്ല. *(മൽഫൂസാത്ത് ഹ. സ്വരാസ്റ്റർ (അ), പ്രസാ:1280 ഹി. ഡൽഹി)*

### ശാഹ് നിഅ്മത്തുല്ലാഹ് വലി (560 ഹിജ്‌രി)

1200 വർഷം കഴിഞ്ഞാൽ സംഭവിക്കാനുള്ള വളരെ കൗതുകകരമായ പല കാര്യങ്ങളും എനിക്ക് കാണാൻ കഴിയുന്നു. അതായത് 13-ാം നൂറ്റാിന്റെ ആരംഭത്തിൽ ഒരു വിപ്ലവം ഉണ്ടാകും. തുടർന്ന് ഈ പദ്യത്തിൽ കാലഘട്ടത്തിന്റെ അടയാളങ്ങളെക്കുറിച്ച് അനുസ്മരിച്ചുകൊണ്ട് പറയുന്നു.

തഖ്‌വ ലോകത്ത് നിന്ന് ഇല്ലാതാവുകയും അക്രമം നിറയുകയും ചെയ്യുമ്പോൾ ദൈവനിയോഗിതനായ ആൾ ഭൂമിയിൽ വരുന്നതാണ്. അദ്ദേഹത്തിന്റെ പേര് അഹ്മദ് എന്നായിരിക്കും. തുടർന്നുള്ള കവിതാ ശകലത്തിന് ഹദ്റത് അഹ്മദ്(അ) നൽകുന്ന തർജുമയും വിശദീകരണവും ഇങ്ങനെയാണ്:

അല്ലാഹു അദ്ദേഹത്തിന് പവിത്രനായ ഒരു കുട്ടിയെ നൽകുകയും അവൻ അദ്ദേഹത്തിന്റെ മാതൃകയിലും നിറത്തിലും ഉള്ളവരുമായിരിക്കും. അവൻ അദ്ദേഹത്തിന് ശേഷം അദ്ദേഹത്തിന്റെ ഓർമയായി നിലനിൽക്കും. ഇത് വാസ്തവത്തിൽ ഞാൻ ഒരു സുതനെക്കുറിച്ച് നൽകിയ പ്രവചനപ്രകാരമുള്ളതാണ്. *(ആസ്മാനീ ഫൈസല പേജ് :13)*

### ഇമാം യഹ്‌യാബിൻ അഖബ്

**(ഹിജ്‌രി അഞ്ചാം നൂറ്റാണ്ടിലെ പ്രശസ്തനായ സൂഫീവര്യനായിരുന്നു ഇദ്ദേഹം)**

അദ്ദേഹത്തിന് ശേഷം മഹ്മൂദ് വെളിപ്പെടും. അദ്ദേഹം ശ്വാമിനെ യുദ്ധം കൂടാതെ തന്നെ ജയിച്ചടക്കും....

ഈ പദ്യശകലത്തെ വിശദീകരിച്ചുകൊണ്ട് ഹദ്റത് അഹ്മദ് (അ) പറയുന്നു: 'എന്റെ ജീവിച്ചിരിപ്പുള്ള മകന്റെ പേര് മഹ്മൂദ് എന്നാണ്. അവൻ ജനിക്കുന്നതിന് മുമ്പേതന്നെ അവന്റെ ജനനത്തെക്കുറിച്ച് എനിക്ക് ദിവ്യ ദർശനം മുഖേന അറിയിപ്പ് കിട്ടി. ഞാൻ പള്ളിയുടെ ചുമരിൽ അവന്റെ പേര് 'മഹ്മൂദ്' എന്ന് എഴുതിയതായി കണ്ടു.' *(തിറിയാഖുൽ ഖുലൂബ് പേജ് :40)*

### ഹദ്റത് സയ്യിദ് അബ്ദുൽഖാദിർ ജിലാനി (റഹ്)യുടെ ദർശനം

ഒരു ദിവസം ഹ. സയ്യിദ് അബ്ദുൽ ഖാദിർ ജീലാനി ഒരു വനത്തിൽ ധ്യാനനിമഗ്നനായി ഇരിക്കുകയായിരുന്നു. അപ്രതീക്ഷിതമായി ആകാശത്ത്നിന്ന് ഒരു പ്രകാശം വെളിപ്പെട്ടു. അതുമുഖേനമുഴുവൻ ലോകവും പ്രകാശപൂരിതമാവുകയും ചെയ്യുന്നു. അതിൽനിന്ന് ഉമ്മത്തിലെ ആദ്യകാലത്തേയും അവസാനകാലത്തേയും ഔലിയാക്കൾ പ്രകാശം കരസ്ഥമാക്കി.

അദ്ദേഹം വിശദീകരിച്ചത് ഈ ഉദാഹരണത്തിൽ, ഈ കശ്ഫിൽ ഒരു പ്രതാപവാനായ വ്യക്തിയെയാണ് കാണിച്ചത് എന്നാണ്. മാത്രമല്ല, ഈ പ്രകാശമുള്ള ആൾ, ഉമ്മത്തിലെ ആദ്യത്തേയും അവസാനത്തേയും ഔലിയാക്കളിൽ ശ്രേഷ്ടനായിരിക്കുമെന്നും, 500 വർഷങ്ങൾക്ക് ശേഷം നമ്മുടെ നബി(സ)ന്റെ ദീനിനെ പുനരുജ്ജീവിപ്പിക്കുമെന്നും അദ്ദേഹത്തിന്റെ സഹവാസം സിദ്ധിച്ചവർ അനുഗൃഹീതരായിരിക്കുമെന്നും, അദ്ദേഹത്തിന്റെ മകൻ, ദൈവിക പ്രാതിനിധ്യ സവിധത്തിലെ നേതൃപീഠത്തിലുള്ള ആളായിരിക്കുമെന്നും മനസ്സിലാക്കി കൊടുക്കുകയുണ്ടായി. *(ഹദീഖത്തുൽ മഹ്മൂദിയ്യ, തർജമ, റൗളഖൗമിയ്യ, പേജ് : 32)*

## അപദാനങ്ങൾ

### ശംസുൽ ഉലമാ ഖാജാ ഹസൻ നിസാമി




"(അദ്ദേഹം) അധികവും രോഗിയായി കഴിയുന്നു. പക്ഷേ രോഗങ്ങൾക്ക് അദ്ദേഹത്തിന്റെ ധിഷണാപരമായ ചുറുചുറുക്കിൽ ഒരു കുറവും വരുത്തുന്നില്ല. അദ്ദേഹം എതിർപ്പിന്റെ കൊടുങ്കാറ്റിലും സമാധാനത്തോടെ തന്റെ ജോലികൾ നിർവഹിച്ച് മുഗളന്മാരുടെ പൗരുഷമാണ് തെളിയിച്ചത്. മാത്രമല്ല മുഗളന്മാർ കാര്യനിർവഹണത്തിന് പ്രത്യേക കഴിവുള്ളവരാണെന്നും വ്യക്തമാക്കിയിരിക്കുന്നു. രാഷ്ട്രീയ കാര്യങ്ങളും അറിയാം, മതപരമായ ബുദ്ധിയും വിജ്ഞാനവും ഏറെ ശക്തവുമാണ്. യുദ്ധമുറകളും അറിയാം. അതായത് ധൈഷണികവും, തൂലികാപരവുമായ യുദ്ധത്തിലും നിപുണനാണ്."
*(ആദിൽ, ഡൽഹി 24 - 4 - 1933)*

### മൗലാനാ സഫറലീഖാൻ



"കാത് തുറന്ന് കേൾക്കുവിൻ, നിങ്ങൾക്കും, നിങ്ങളുടെ കൂട്ടാളികൾക്കും ഖിയാമത് വരെ മിർസാ മഹ്മൂദിനെ എതിരിടാൻ സാധ്യമല്ല. മിർസാ മഹ്മൂദിന്റെ കയ്യിൽ ഖുർആനാണ്. ഖുർആന്റെ വിജ്ഞാനമുണ്ട്. നിങ്ങളുടെ കയ്യിൽ എന്താണുള്ളത്? നിങ്ങൾ ഒരിക്കലും സ്വപ്നത്തിൽ പോലും ഖുർആൻ ഓതിയിട്ടില്ല..... നിങ്ങളുടെ മലക്കുകൾക്ക് പോലും മിർസാ മഹ്മൂദിനെ എതിരിടാൻ സാധ്യമല്ല."
(ഏശ് ഖൗഫ്നിക് സാസിഷ്, E മദ്ഹർ അലി അദ്ഹർ K: 196)

### അല്ലാമനിയാസ് ഫതഹ്പൂരി



"മഹാനുഭാവന്റെ തഫ്സീർ കബീർ 3-ാം വാള്യമാണ് ഇപ്പോൾ എന്റെ മുന്നിലുള്ളത്...... അദ്ദേഹം വിശുദ്ധ ഖുർആൻ പഠനത്തിന് പുതിയൊരു ചിന്താ മണ്ഡലം സൃഷ്ടിച്ചിരിക്കുന്നു എന്നതിൽ സംശയമില്ല. ഈ തഫ്സീർ അതിന്റെ പ്രത്യേകതകളെ കണക്കിലെടുക്കുമ്പോൾ ബുദ്ധിയും പ്രമാണവും വളരെ മനോഹരമായി സമ്മിളിതമാക്കിയ പ്രഥമ തഫ്സീർ ആണ്. അദ്ദേഹത്തിന്റെ സമുദ്രതുല്യമായ വിജ്ഞാനവും, വിശാലമായ കാഴ്ചപ്പാടും, അനിതരസാധാരണമായ ഉൾക്കാഴ്ച്ചയും, മനോഹരമായ തെളിവുകളും അതിന്റെ ഓരോ വാക്കിലും പ്രകടമാണ്."

### അല്ലാമ ഇഖ്ബാൽ



ഇത്തരം വിജ്ഞേയമായ പ്രഭാഷണം ഒരു നീണ്ട കാലത്തിന് ശേഷമാണ് ലാഹോറിൽ കേൾക്കാൻ കഴിഞ്ഞത്. പ്രത്യേകിച്ച് വിശുദ്ധഖുർആന്റെ ആയത്തുകളുടെ കാര്യത്തിൽ മിർസാ സാഹിബിന്റെ നിരീക്ഷണം പ്രശംസനീയമാണ്. ഞാൻ എന്റെ പ്രസംഗം നീട്ടുന്നില്ല. കാരണം (ഹുസൂർ(റ)ന്റെ) ഈ പ്രസംഗം മുഖേന കിട്ടിയിട്ടുള്ള ആനന്ദം നഷ്ടപ്പെടരുത്. ആയതിനാൽ ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുകയാണ്.
. (അൽഫദ്ൽ 15 - 3 - 1927)

# ഹദ്റത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ കുടുംബം



## ഭാര്യമാരും മക്കളും

### ഹദ്റത് സയ്യിദ മഹ്മൂദ ഖാത്തൂൻ ഉമ്മുനാസിർ സാഹിബ(റ)

D/o ഹദ്റത്.ഡോ.ഖലീഫ റശീദുദ്ദീൻ സാഹിബ് (റ)
നിക്കാഹ് 1902 ഒക്ടോബർ വഫാത്ത് 31.7.1956

1. ഹദ്റത് ഹാഫിസ് മിർസാ നാസിർ അഹ്മദ് സാഹിബ്(റഹ്) 16.11.1909
2. സാഹിബ് സാദി നാസിറ ബേഗം സാഹിബ – 1911
3. സാഹിബ് സാദാ മിർസാ മുബാറക് അഹ്മദ് സാഹിബ് – 9.5.1914
4. സാഹിബ് സാദാ ഡോ. മിർസാ മുനവ്വർ അഹ്മദ് സാഹിബ് – 1.2.1918
5. സാഹിബ് സാദി അമത്തുൽ അസീസ് സാഹിബ – 11.10.1920
6. സാഹിബ് സാദാ മിർസാ ഹഫീസ് അഹ്മദ് സാഹിബ് – 13.11.1925
7. സാഹിബ് സാദാ മിർസാ അൻവർ അഹ്മദ് സാഹിബ് – 3.10.1927
8. സാഹിബ് സാദാ മിർസാ അസ്ഹർ അഹ്മദ് സാഹിബ് – 14.9.1930
9. സാഹിബ് സാദാ മിർസാ റഫീഖ് അഹ്മദ് സാഹിബ് – 8.7.1935

### ഹദ്റത് സയ്യിദ അമത്തുൽ ഹയ് സാഹിബ(റ)

D/o. മൗലാനാ ഹകീം നൂറുദ്ദീൻ സാഹിബ് ഖലീഫത്തുൽ മസീഹ് അവ്വൽ(റ)
നിക്കാഹ് : 31.5.1914, വഫാത്ത് 10.12.1924

1. സാഹിബ് സാദി അമത്തുൽ ഖയ്യൂം സാഹിബ – 29.9.1916
2. സാഹിബ് സാദി അമത്തുൽ റശീദ് സാഹിബ – 6.11.1918
3. സാഹിബ് സാദാ മിർസാ ഖലീൽ അഹ്മദ് സാഹിബ് – 10.11.1924

### ഹദ്റത് സയ്യിദ മർയം ഉമ്മുത്വാഹിർ സാഹിബ(റ)

D/o ഹദ്റത്.ഡോ.അബ്ദുസ്സത്താർ ശാഹ് സാഹിബ്(റ)
നിക്കാഹ് : 7.2.1921, വഫാത്ത് : 15.3.1944

1. സാഹിബ് സാദി അമത്തുൽ ഹക്കീം സാഹിബ – 26.3.1926
2. സാഹിബ് സാദി അമത്തുൽ ബാസ്വിത് സാഹിബ – 13.5.1927
3. ഹദ്റത് മിർസാ ത്വാഹിർ അഹ്മദ് സാഹിബ്(റഹ്) 18.12.1928
4. സാഹിബ് സാദി അമത്തുൽ ജമീൽ സാഹിബ – 30.7.1937

### ഹദ്റത് സയ്യിദ സാറ ബേഗം സാഹിബ(റഹ്)

D/o ഹദ്റത്. പ്രൊഫ. അബ്ദുൽ മാജീദ് സാഹിബ് (റ)
നിക്കാഹ് 13.4.1924, വഫാത്ത് 13.5.1933

1. സാഹിബ് സാദാ മിർസാ റഫീഅ് അഹ്മദ് സാഹിബ് 5.3.1927
2. സാഹിബ് സാദി അമത്തുന്നസീർ ബേഗം സാഹിബ 13.4.1929
3. സാഹിബ് സാദാ മിർസാ ഹനീഫ് അഹ്മദ് സാഹിബ് 24.3.1932

### ഹദ്റത് സയ്യിദ അസീസബേഗം സാഹിബ(റഹ്)

D/o ഹദ്റത് സേഠ് അബൂബക്കർ സാഹിബ് ജിദ്ദ (റ)
നിക്കാഹ് 1.2.1926 , വഫാത്ത് 5.12.1963

1. സാഹിബ് സാദാ മിർസാ വസീം അഹ്മദ് സാഹിബ് 1.9.1927
2. സാഹിബ് സാദാ മിർസാ നഈം അഹ്മദ് സാഹിബ് 1933

### ഹദ്റത് സയ്യിദ മർയം സിദ്ദീഖ ഉമ്മൂമത്തീൻ സാഹിബ(റഹ്)

D/o ഹദ്റത്.ഡോ. മീർ മുഹമ്മദ് ഇസ്മാഈൽ സാഹിബ് (റ)
നിക്കാഹ് 30.9.1935, വഫാത്ത് 3.11.1999


1. സാഹിബ് സാദി അമത്തുൽമത്തീൻ സാഹിബ 31.12.1936

### ഹദ്റത് സയ്യിദ ബുശ്റ ബേഗം മെഹർ ആപാ സാഹിബ(റഹ്)

D/o ഹദ്റത് സയ്യിദ് അസീസുല്ലാഹ് ശാഹ് സാഹിബ് (റഹ്)
നിക്കാഹ് 24.2.1944, വഫാത്ത് 22.5.1997



ആരോഗ്യം





# ബലൂൺ ആൻജിയോപ്ലാസ്റ്റി



ഡോക്ടർ മുഹമ്മദ് മസ്ഊദുൽ ഹസൻ സാഹിബ് നൂരി


ഇത് ഹൃദയം തുറക്കാതെയുള്ള ശസ്ത്രക്രിയയാണ്. ഇതിൽ തുടയിലെ വലിയ രക്തനാളിയിലൂടെ ഹൃദയത്തിലെക്കെത്തുന്നു. പിന്നെ തടസമുള്ള ഇടത്തേക്ക് എത്തി, അവിടെ ഒരു Deflated ബലൂൺ കടത്തുകയും ചെയ്യുന്നു. തുടർന്ന് ബലൂൺ വീർപ്പിക്കും. അങ്ങിനെ തടസം മാറ്റുകയാണ് ചെയ്യുന്നത്. ഇങ്ങിനെ രക്തനാളികളിലെ 40% തടസവും ഇല്ലാതാക്കാൻ കഴിയും. ചില സമയത്ത് കൊളസ്ട്രോളും മറ്റും വീണ്ടും വന്നടിയാൻ ഇടവരാറുണ്ട്. ഇത്തരം സന്ദർഭത്തിൽ ഒരു പ്രത്യേകതരം Stent കടത്തി തുറക്കുകയാണ് ചെയ്യുന്നത്. രക്തനാളിയിൽ വീണ്ടും തടസമുണ്ടാകാനുള്ള സാധ്യത കുറവാണ്.










## ഹോമിയോപ്പതിയും ഹൃദ്രോഗവും

എനിക്ക് ഹോമിയോപ്പതിയിൽ വലിയ അവഗാഹമൊന്നുമില്ല. പക്ഷേ ഹോമിയോപ്പതിയിൽ ഹൃദ്രോഗ ചികിത്സ സാധ്യമാണ്. നമ്മുടെ നാടുകളിൽ അലോപ്പതിയിൽ നടന്നത്രയും ഗവേഷണം ഹോമിയോയിൽ നടക്കുന്നില്ല എന്നാണ് ഞാൻ കരുതുന്നത്. എങ്കിലും രക്ത നാളികളിലെ കൊഴുപ്പുകുറക്കാനും, എൻജയ്ന പോലുള്ള ബുദ്ധിമുട്ടുകൾക്കും ഹോമിയോപ്പതിയിൽ ചികിത്സ ലഭ്യമാണ്.










ഞാൻ ഹോമിയോപതിയെ പറ്റി പറയാനുള്ള ഒരു കാരണം ഒരിക്കൽ ലണ്ടനിൽ നിന്നു വന്ന ഡോക്ടർ ഹോമിയോപതിയെക്കുറിച്ച് ക്ലാസെടുത്തിരുന്നു. അദ്ദേഹം പറഞ്ഞു 1830ൽ ലാണ് ഹോമിയോ ആദ്യം തുടങ്ങിയത്. തുടർന്ന് യൂറോപ്പിലും അമേരിക്കയിലും അത് അതിവേഗം വ്യാപിച്ചു. ഹോമിയോ ഉദ്ഭവിച്ചത് ഹദ്റത് മസീഹ് മൗഊദ്(അ) ഭൂജാതരായ കാലത്താണ്. ഇതേക്കുറിച്ച് ഹ. ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്)യും പരാമർശിച്ചിട്ടുണ്ട്. അതിനും നൂറ് വർഷം മുമ്പ് ഹോമിയോ കണ്ടു പിടിക്കപ്പെടാമായിരുന്നുവല്ലോ. അലോപതിയും വളരെ പഴക്കമുള്ള വൈദ്യമാണെങ്കിലും ഇവിടെ പറഞ്ഞ യാദൃശ്ചികത യുക്തിഭദ്രമാണ്. എല്ലാ ഡോക്ടർമാർക്കും ജമാഅത്തിലെ മറ്റുള്ള ആളുകളും ഇതേ കുറിച്ച് ഒരു ഗവേഷണം നടത്തേണ്ടതാണ്. ഒരുപക്ഷേ ഇന്ന് നമുക്ക് സങ്കൽപിക്കാൻ പോലും കഴിയാത്ത വല്ല സംഗതിയും ഹൃദ്രോഗ ചികിത്സയിൽ കണ്ടെത്താൻ കഴിഞ്ഞേക്കും.




AL HAQ VOL :20, ISSUE:2 FEBRUARY 2012

പൊതുവിജ്ഞാനം


> 'വിജ്ഞാനം വിശ്വാസിയുടെ നഷ്ടപ്പെട്ട മുതലാകുന്നു.
> അത് എവിടെ നിന്ന് കിട്ടിയാലും സ്വായത്തമാക്കുക.'
>
> (നബിവചനം)

# നിങ്ങൾക്കറിയാമോ?





- നമ്മുടെ ജീവിതത്തിൽ ശരാശരി ഒരു വർഷത്തോളം കാലം നമ്മുടെ നഷ്ടപ്പെട്ട സാധനങ്ങൾ തെരയാനാണ് ചെലവഴിക്കുന്നത്.
- ഓരോ ബ്രിട്ടീഷ് പൗരനും ജീവിതത്തിൽ ശരാശരി 2 വർഷത്തോളം കാലം ബാത്ത്റൂമിലാണ് ചെലവഴിക്കുന്നത്.
- ഓരോ മനുഷ്യനും എല്ലാ ദിവസവും ചുരുങ്ങിയത് 10 മിനിറ്റെങ്കിലും ഒന്നും ചെയ്യാതെ തള്ളിനീക്കുന്നു.







- യുവത്വമെത്തിയ ജിറാഫിന്റെ നാവിന് 45 സെന്റീമീറ്ററോളം നീളമുണ്ടായിരിക്കും.
- ഒരു കോഴിക്ക് പറക്കാനുള്ള കഴിവ് 13 സെക്കന്റ് മാത്രമാണ്.
- ബ്രിട്ടനിൽ ഓരോ സെക്കന്റിലും 47000 ചോക്ലേറ്റ് ഭക്ഷിക്കപ്പെടുന്നു.
- അമേരിക്കയിൽ 94 വിനോദ കേന്ദ്രങ്ങളുടെ പേര് സ്വർഗം എന്നാണ്.









- ഒരു തുമ്മലിന്റെ വേഗത മണിക്കൂറിൽ 100 മൈലാണ്.
- ലോകത്ത് 6000 ഭാഷകൾ സംസാരിക്കപ്പെടുന്നു.
- മനുഷ്യന്റെ നഖം ഒരാഴ്ചയിൽ 1 മില്ലീമീറ്റർ വളരുന്നു.
- ലണ്ടനിലെ വിമാനത്താവളത്തിൽ ഒരു വർഷം 63 ലക്ഷം യാത്രക്കാർ കടന്നുപോകുന്നു.
- ഇവിടെ ഓരോ മിനിറ്റിലും 1 വിമാനം പറന്നുയരുന്നു.
- ബ്രിട്ടനിൽ ഓരോ മൂന്ന് മിനിറ്റിലും ഒരു വിവാഹമോചനം നടക്കുന്നു.
- ബ്രിട്ടനിലെ ഏറ്റവും ഭയാനകമായ രോഗമാണ് ആസ്ത്മ
- മനുഷ്യന്റെ കഴുത്തിൽ 7 അസ്തികളുണ്ട്.
- ബ്രിട്ടനിൽ 20% ആളുകളും തങ്ങൾക്ക് വേണ്ട പച്ചക്കറികൾ വീടുകളിൽ തന്നെ ഉണ്ടാക്കുന്നു.

Chairman Management & Editorial Board : C. Zameem

Printer & Publisher : T.K.Mushtaq Ahmad
Manager : B.M.Shoukath Ali
Layout : Quraish

Chief Editor : H.Shamsuddin
Editor : T.K.Mubashir Ahmad
Members : M.P.Abdul Latheef, N.Shafeeq Ahmad

Not for Sale, Circulation among members only

Views expressed in the publication are not nessessarily the belief of the Ahmadiyya Muslim Community

Printed & Published by T.K.Mushtaq Ahmad, for Majlis Khuddamul Ahmadiyya Kerala at Orange, Calicut